032.3NO2 : 11
F73

MUL

066815

MADRAS

# കേളീസൌധം.

(ചെറുകഥകൾ.)

മൂന്നാം ഭാഗം.

ഗ്രന്ഥകൎത്താ,

ഈ. വി. കൃഷ്ണപിള്ള ബി. എ., ബി. എൽ.

പ്രകാശകന്മാർ

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്

കൊല്ലം.

1102.

“വിദ്യാഭിവൎദ്ധിനി” അച്ചുക്കൂടം

കൊല്ലം.

ഒന്നാം പതിപ്പു് കാപ്പി—500.

# പ്രസ്താവന.

---

കേരളത്തിലെ സുപ്രസിദ്ധ കഥാകർത്താവായി കേൾവിക്കേട്ടിരിക്കുന്ന ശ്രീമാൻ ഈ. വി. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. അവർകൾ എഴുതിയിട്ടുള്ള അൻപതോളവും ചെറുകഥകൾ ആണു് ഞങ്ങൾ നാലു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുന്നതു്. മഹാകവി വള്ളത്തോൾ പ്രസ്താവിക്കുന്നതുപോലെ പതിനാറാമത്തെ വയസ്സിലല്ല അതിനും മുമ്പുതന്നെ മലയാളക്കരയിലെ പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലും ചെറുകഥകൾ എഴുതുവാൻ തുടങ്ങിയിരുന്ന ഈ യുവകാവ്യകാരൻ രചിച്ചിട്ടുള്ള ചില കഥകൾ അന്വേഷിച്ചിട്ടു കിട്ടാതെയും മററു ചില കഥകൾ അനന്തരകൃതികളോടു് ശരിയായ തുല്യത വഹിക്കാതെയും വന്നതിനാൽ ഇപ്പോൾ ഇത്രമാത്രമേ ക്രോഡീകരിക്കുന്നതിനു കഴിഞ്ഞിട്ടുള്ളു. സാമാന്യമായി ഇതരഭാഷാകവികൾ സാഹിത്യക്ഷേത്രത്തിൽ പ്രവേശിക്കുന്ന പ്രായത്തിൽ മാത്രം എത്തിയിട്ടുള്ള ഈ സരസകാഥികനിൽ നിന്നു് ഇനിയും ഒട്ടേറെ ചെറുകഥകൾ കൈരളിക്കു ലഭിക്കുമെന്നു് വിചാരിക്കാവുന്നതുകൊണ്ടു് ഈ കഥാസമുച്ചയത്തിൻെറ അനന്തരഭാഗങ്ങൾ യഥാകാലം പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു് ആശിക്കുന്നു. ഈ ക്രോഡീകരണത്തിനു മംഗളാശംസ ചെയ്തിട്ടുള്ള മഹാശയന്മാരോടു ഞങ്ങൾക്കു തോന്നുന്ന അപാരമായ കൃതജ്ഞതയെ സാദരം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഞങ്ങൾ ഒരു വർഷത്തിനുമുമ്പു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, കേരളത്തിലെ മാന്യപത്രങ്ങളുടെയും പത്ര

...ങ്ങളുടെയും പ്രൌഢസാഹിത്യ വിമൎശകന്മാരു...യും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിത്തീൎന്നിട്ടുള്ളതും ആയ ശ്രീമാൻ കൃഷ്ണപിള്ള അവൎകളുടെ "ബാഷ്പവൎഷം" എന്ന ആഖ്യായികയെപ്പോലെതന്നെ ഈ കഥാവലിയേയും മഹാജനങ്ങൾ വാത്സല്യസമേതം സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

പ്രകാശകന്മാർ.

# ആമുഖോപന്യാസം.

‘സ്തനന്ധയ’രായ ശിശുക്കൾ, ‘ഗ്രഹണധാരണാപട്ടു’ക്കളായ ബാലികാബാലന്മാർ, ജീവിതകാൎയ്യങ്ങളിൽ ക്ലേശിക്കുന്ന സ്ത്രീപുരുഷന്മാർ ഇവരെല്ലാം കഥകൾ വായിച്ചുംകേട്ടും രസിക്കുന്നതിൽ എത്രമാത്രം ഔൽസുക്യം പ്രദർശിപ്പിക്കുന്നു എന്നു നമുക്ക് അനുഭവമാണല്ലോ. സമുചിതങ്ങളായ കഥകളുടെ സഹായത്താൽ ശിഷ്യരിൽ സന്മാർഗ്ഗബോധത്തെ പോഷിപ്പിക്കയല്ലാതെ, സന്മാർഗ്ഗതത്വങ്ങളെ തന്മാത്രമായി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിപ്പിച്ച് അവരുടെ സ്വഭാവസംസ്കരണം സാധിക്കാൻ ശ്രമിക്കുന്നതു് വെറും സാഹസമാണെന്ന് ഇക്കാലത്തുള്ള വിദ്യാഭ്യാസവിദഗ്ദ്ധന്മാരും അഭിപ്രായപ്പെടുന്നു. വാല്മീകി, വ്യാസൻ മുതലായ ആദികവികൾ ധർമ്മോപദേശം ചെയ്യുന്നതിനായി സരസകഥകളെയാണ് തങ്ങളുടെ മഹാകാവ്യങ്ങൾക്കുവിഷയമാക്കിയതെന്നുള്ള വസ്തുതയും ആലോചിച്ചു നോക്കുക. ഇങ്ങനെയാണ് സൽകഥകളുടെ പ്രയോജനവും മാഹാത്മ്യവും

എന്നാൽ പ്രൌഢദീർഘങ്ങളും ജടിലബന്ധങ്ങളും അർത്ഥപുഷ്കലങ്ങളുമായ കഥകളെ വായിച്ച്, അവയുടെ സാരം ശരിയായി ഗ്രഹിക്കാൻ എല്ലാവർക്കും കഴിയുന്നതല്ല. അതിലേക്കു അവശ്യം വേണ്ടതായ ഗ്രഹണാപട്ടുത്വമോ പാണ്ഡിത്യമോ ബാലന്മാർക്കും സാമാന്യജനങ്ങൾക്കും വളരെ അപൂർവ്വമായിട്ടേ ഉണ്ടായിരിക്കുന്നുള്ളൂ. എന്നു മാത്രമല്ല, അന്നപ്രാശനം കഴിഞ്ഞാൽ അടുത്ത നേരംമു

ക്കുള്ള ആഹാരം സമ്പാദിക്കുന്നതിനായി ഓരോരുത്തനും അലഞ്ഞുതിരിയേണ്ടി വന്നിരിക്കുന്ന ദാരുണമായ ഇന്നത്തെ ലോകയാത്രയിൽ ഇപ്രകാരമുള്ള കാവ്യങ്ങളെ പാരായണംചെയ്യാൻ അവസരം ലഭിക്കുന്ന ധന്യന്മാർ എത്രയോ ചുരുക്കമാണെന്നും പറയേണ്ടിയിരിക്കുന്നു. ഇതിനും പുറമേ, സത്യം, ക്ഷമ, അനസൂയ മുതലായ സദ്ഗുണങ്ങളിൽ ഏതെങ്കിലും ഒന്നിനെമാത്രം സ്ഥായിയാക്കി, വികസിപ്പിച്ച് ഉദാഹരിക്കുന്നതിനു വൻകഥകളെക്കാൾ ചെറുകഥകൾ ഏററവും പ്രയോജകീഭവിക്കുന്നു. ഇത്യാദി കാരണങ്ങളാൽ ചെറുകഥകൾക്ക് ഇപ്പോൾ സാഹിത്യമണ്ഡലത്തിൽ ആദരണീയമായ ഒരു സ്ഥാനം ലഭിച്ചിട്ടുണ്ട്.

എങ്കിലും ചെറുകഥകളുടെ രാമണീയകവും പ്രയോജനവും നമ്മുടെ പൂർവികന്മാർ അറിഞ്ഞിരുന്നില്ലെന്ന് പറയാവുന്നതല്ല. തുള്ളപ്പാട്ടു, വള്ളപ്പാട്ടു, കുമ്മിപ്പാട്ടു, കുറത്തിപ്പാട്ടു, പത്തുവൃത്തം, പതിനാലുവൃത്തം ഇങ്ങനെ ഓരോ രൂപം ധരിച്ച്, വാല്മീകിയുടേയും വ്യാസന്റേയും മഹാ കാവ്യങ്ങളിൽ ഏറിയൊരു ഭാഗം എത്രയോ മുമ്പുതന്നെ മലയാള സാഹിത്യത്തിൽ സംക്രമിച്ചിട്ടുള്ളതു നോക്കുക! പ്രഖ്യാതങ്ങളായ ഇതിഹാസ കഥകൾക്കു പുകരം ഉൽപാദ്യവസ്തുക്കളെ അധികരിച്ചുള്ള ആഖ്യായികകളും മററും ഈയിടെ ഭാഷയിൽ ഉണ്ടായതിനാൽ അവയെ അനുകരിച്ചുള്ള ചെറുകഥകളും ഉണ്ടാകുന്നു എന്നു മാത്രമേ വിചാരിക്കാനുള്ളു.

ഇങ്ങനെയുള്ള കഥകൾ ചെറുതാണെങ്കിലും അവയെ എഴുതി ഫലിപ്പിക്കുന്നതിനു വേണ്ട മനോധർമ്മവും

നൈപുണ്യവും ഒന്നുതന്നെയാണ്. ഒരു കഥയുടെ അവയവങ്ങളെ പരസ്പരാനുരൂപമായ വിധത്തിൽ യോജിപ്പിച്ച്, സ്വാഭാവികതയുടെ സീമകളെ ലംഘിക്കാതെയും സുന്ദരമായ ബന്ധത്തോടുകൂടിയും വായനക്കാക്ക് എന്തെങ്കിലും ഒരു സന്മാർഗ്ഗതത്വത്തെ ഉപദേശിക്കാൻ തക്കവണ്ണവും ഒരു ചെറിയ ഗാത്രത്തിൽ നിബന്ധിക്കാൻ വിദഗ്ദ്ധനായ ഒരു സാഹിത്യശില്പിക്കല്ലാതെ സാധിക്കയില്ലെന്നു് ടാൾസ്റ്റോയി, ടാഗ്ഗർ മുതലായവരുടെ ചെറുകഥകൾ വായിച്ചിട്ടുള്ളവക്ക് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. സഹജമായ വാസനാവൈഭവമൊന്നും കൂടാതെ കവിയശഃകാംക്ഷകൊണ്ടും മററും ചിലർ എഴുതിക്കൂട്ടുന്ന ചെറുകഥകൾ ഏതുവിധം ഇരിക്കുമെന്നു് ഇക്കാലത്തെ അനേകം ഇംഗ്ലീഷുമാസികകളും ചില മലയാള മാസികകളും കാണിച്ചുതരുന്നു.

സരസങ്ങളായ അൻപതോളവും ചെറുകഥകൾ അടങ്ങിയ ഈ കേളീസൌധത്തെ ജനസമക്ഷം പ്രവേശിപ്പിക്കുന്നതിൽ എനിക്കു് അകൈതവമായ സന്തോഷമാണുള്ളതു്. ഇതിന്റെ കർത്താവായ ഈ. വി. കൃഷ്ണപിള്ള അവർകൾ മലയാള സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഗണ്യമായ ഒരു സ്ഥാനം സമ്പാദിച്ച്, കേരളീയൎക്കു സുപരിചിതനായിത്തീൎന്നിട്ടുള്ള യുവാവാണു്. മദ്രാസ് സർവകലാശാലയിൽനിന്നു കേരളവൎമ്മ കീൎത്തിമുദ്ര ലഭിച്ചിട്ടുള്ള ഒരു സാഹിത്യപണ്ഡിതനായ മിസ്റ്റർ കൃഷ്ണപിള്ള "വീരാരാധനം" (കാർലൈലിന്റെ അതിപ്രൌഢമായ ഒരു പ്രബന്ധത്തിന്റെ തൎജ്ജമ) "ഗുരുസമക്ഷം" എന്നിങ്ങനെ വിജ്ഞാനപ്രദങ്ങളായ ചില പ്രബന്ധങ്ങൾ എഴുതുകയും അവ തിരുവിതാംകൂറിലെ വിദ്യാല

യങ്ങളിൽ പാഠ്യപുസ്തകങ്ങളായി അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ വാസനയും ഉത്സാഹവും സാഹിത്യനൈപുണിയും യഥാൎത്ഥത്വത്തിൽ പ്രകാശിച്ചുകാണുന്നതു കഥാരചനയിലാണു്. “ബാഹ്യങ്ങളെ മുഴുവൻ വിസ്മരിച്ചു് ഏകാഗ്രമനസ്സനായിരിക്കാൻ എനിക്കു സാധിക്കുന്നതു് എന്തെങ്കിലും കഥയെഴുതുമ്പോൾ മാത്രമേ ഉള്ളു” എന്നു പ്രസംഗവശാൽ ഒരവസരത്തിൽ മി: കൃഷ്ണപിള്ളതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. ഇതു് ദൂരാധിരൂഢമായ ഭാവനാശക്തിയുടെ ലക്ഷണമാണെന്നു സമ്മതിക്കതന്നെവേണം. മററുള്ള വിദ്യാൎത്ഥികൾ കഥാപാരായണരസം അല്പാല്പം ആസ്വദിക്കുന്നതിനു തന്നെ പഠിച്ചുവരുന്ന പ്രായത്തിൽ, മി: കൃഷ്ണപിള്ള ഒരു രണ്ടാംഫാറം വിദ്യാൎത്ഥിയായിരുന്നപ്പോൾത്തന്നെ “ആത്മപോഷിണി” മുതലായ മാസികകളിൽ ചെറുകഥകൾ എഴുതി പ്രസിദ്ധപ്പെടുത്തി വന്നിരുന്നു എന്നുള്ളതു് പ്രസ്താവയോഗ്യമാണു്.

ആറാം ഫാറത്തിൽ പഠിക്കുന്നകാലത്തു് അദ്ദേഹം ‘ബാലകൃഷ്ണൻ’ എന്നൊരു ചെറിയ ആഖ്യായികയെഴുതി പ്രസിദ്ധപ്പെടുത്തി. ഇതു് മി: കൃഷ്ണപിള്ളയുടെ സാഹിത്യപരിശ്രമത്തിൽ സാരമായ ഒരു ഫലത്തെ അവതരിപ്പിച്ചു എന്നുതന്നെ പറയണം. എന്തെന്നാൽ, നമ്മുടെ സാഹിത്യവേദിയിൽ സ്ഥിരപ്രതിഷ്ഠയെ ലഭിച്ചു്, ആധുനിക കേരളകവികളിൽ അഗ്രഗണ്യനെന്നു സാഹിത്യമൎമ്മജ്ഞന്മാരാൽ ആദരിക്കപ്പെട്ടുപോരുന്ന പരേതനായ സി. വി. രാമൻപിള്ള അവർകളുമായി ഇദ്ദേഹത്തെ പരിചയപ്പെടുത്തിയതു്. ഈ “ബാലകൃഷ്ണൻ” ആയിരുന്നു. പിൽക്കാലത്തു്, അഭിവന്ദ്യനായ ആ “സാഹിത്യകുശ

ല്"ന്റെ ജാമാതാവായി തീൎന്നതിനു ശേഷം, അദ്ദേഹവുമായുള്ള നിത്യസഹവാസം മി: കൃഷ്ണപിള്ളയുടെ സാഹിത്യവാസനയെ പോഷിപ്പിക്കയും സംസ്കരിക്കയും ചെയ്തിരുന്നിരിക്കണം. ആ മഹാകവിയുടെ ഒടുവിലത്തെ പ്രൌഢകൃതിയായ "രാമരാജാ ബഹദൂർ" എഴുതുന്നകാലത്താണ് എനിക്കു മി: കൃഷ്ണപിള്ളയെ പരിചയപ്പെടുവാൻ ഇടയായതു്. അന്നന്നു തീരുന്ന ഭാഗങ്ങൾ കേൾക്കുന്നതിനു ഞാൻ മിക്കദിവസങ്ങളിലും അദ്ദേഹത്തിന്റെ വസതിയിൽ പോകാറുണ്ടായിരുന്നു. തന്മയത്വത്തോടുകൂടി മി: കൃഷ്ണപിള്ള അപ്പോഴൊക്കെ കൈയെഴുത്തു പ്രതി വായിച്ചു കേൾപ്പിച്ചിട്ടുള്ളതും, ഗ്രന്ഥരചനയിൽ ഈ യുവാവു് തന്നെ എന്തുമാത്രം സഹായിക്കുന്നുണ്ടെന്നു് ആ കവിശ്രേഷ്ഠൻ പറഞ്ഞിട്ടുള്ളതും ഞാൻ ഓൎമ്മിക്കുന്നു. ഇപ്രകാരം ഉണ്ടായ പരിചയം, ഏറെത്താമസിയാതെ മി: കൃഷ്ണപിള്ള തിരുവിതാംകൂർ ഗവൺമെന്റുവക തൎജ്ജമവകുപ്പിൽ എന്റെ സഹകാരിയായി നിയമിക്കപ്പെട്ടപ്പോൾ മുതൽ, ദിവസംപ്രതി പ്രവൃദ്ധമായ സൌഹാൎദ്ദത്തിൽ ദൃഢീഭവിക്കുകയാണു് ചെയ്തതു്.

മി: കൃഷ്ണപിള്ള എഴുതിയിട്ടുള്ളതും കഥാപാത്രങ്ങളുടെ മനോവൃത്തികളെ സവിശേഷം അപഗ്രഥനം ചെയ്തു വിവരിക്കുന്നതുമായ "ബാഷ്പവൎഷം" എന്ന ചെറിയ കഥാഗ്രന്ഥവും പ്രസിദ്ധീകരണത്തിനു മുമ്പിൽ തന്നെ എനിക്കു കാണുവാൻ ഇടയായിട്ടുണ്ടു്. ഇതു് ഇപ്പോൾ ചങ്ങനാശ്ശേരി കാളേജിൽ മലയാള പണ്ഡിതരായ സുപ്രസിദ്ധ വിമൎശകൻ മി: ശങ്കരപ്പിള്ളയുടെ കൂലംകഷമായ വിമൎശത്തിനു വിഷയീഭവിച്ചിരിക്കുന്ന വിവരം 'മലയാളി' വായനക്കാൎക്കു് അറി

വുള്ളതാണല്ലൊ. ഹാസ്യരസപ്രധാനങ്ങളായ പ്രഹസനങ്ങളും, പ്രൌഢചിന്താസംകലിതമായ ഗദ്യനാടകങ്ങളും എഴുതുന്നതിൽ മി: കൃഷ്ണപിള്ളയ്ക്കുള്ള പാടവം തിരുവനന്തപുരം നഗരവാസികൾക്കു് അനുഭവഗോചരമായിട്ടുള്ളതാണു്. നാഷണൽക്ലബ്ബ്, ശ്രീചിത്തിരതിരുനാൾ വായനശാല മുതലായ സ്ഥാപനങ്ങൾ അഭിനയിച്ചിട്ടുള്ള പ്രസ്തുത കൃതികൾ മി: കൃഷ്ണപിള്ള അചിരേണ പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. ഈയിടെ, തിരുവിതാംകൂറിലെ പല പ്രധാന സ്ഥലങ്ങളിലും അഭിനയിച്ചു് ജനതാഹൃദയത്തെ സഞ്ചലിപ്പിച്ചിട്ടുള്ള മി: കൃഷ്ണപിള്ളയുടെ "സീതാലക്ഷ്മി" എന്ന ചരിത്രനാടകത്തെപ്പറ്റിയുള്ള പ്രശംസകൾ പത്രമണ്ഡലത്തിൽ നിന്നു് ഇനിയും നിശ്ശേഷം മാഞ്ഞിട്ടില്ലല്ലോ.

ഈ "കേളീസൌധ"ത്തിൽ അടങ്ങിയിട്ടുള്ള കഥകൾ മി: കൃഷ്ണപിള്ള ഓരോ മാസികകളിലേക്കായി അപ്പോഴപ്പോൾ എഴുതിയിട്ടുള്ളവയാണു്. അദ്ദേഹത്തിന്റെ ഭാര്യയുടെ പ്രസാധികാത്വത്തിൽ കുന്നംകുളത്തു നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന കഥാകൌമുദിയിൽ തന്നെ പ്രസിദ്ധപ്പെടുത്തിയവയാണു മിക്കതും. സമുദായം, ചരിത്രം, കുറ്റംതെളിയിക്കൽ, ഉപഹാസം മുതലായ വിവിധകാര്യങ്ങൾ ഈ കഥകൾക്കു വിഷയീഭവിച്ചിട്ടുണ്ടു്. മനോഹരമായ വസ്തുയോജനയും ഗ്രഥനചാതുരതയും സാമാന്യേന ഈ കഥകൾക്കെല്ലാം ഉണ്ടെങ്കിലും, "ആ രാത്രിയിൽ", "കമലയോ വിമലയോ", "വിധിചാപല്യം" മുതലായ അനേകം കഥകളിൽ ഈ ഗുണങ്ങൾ സവിശേഷവൈചിത്ര്യത്തോടെ പ്രകാശിക്കുന്നുണ്ടു്. നാടകങ്ങൾക്കും നാവലുകൾക്കും പരിണാമഗുപ്തി ഒരു വിശിഷ്ട

ഗുണമാണു്. ചെറുകഥകൾക്കു് അതുതന്നെയാണു് ജീവ
നായിട്ടുള്ളതു്. പരിണാമഗുപ്തിനിമിത്തം നിർവ്വ
ഹണത്തിൽ വായനക്കാർ അനുഭവിക്കുന്ന അത്ഭുതരസ
മാണു് ഈ മാതിരി കഥകളുടെ പ്രധാനമായ ആസ്വാ
ദ്യത. ഈ വിഷയത്തിൽ "കേളീസൗധം" ഒട്ടും പിന്നോ
ക്കമല്ല. മുൻപറഞ്ഞ കഥകളിലും മററനേകം കഥക
ളിലും ഈ ഗുണം വിശിഷ്യ പരിപുഷ്ടമായിട്ടുണ്ടു്. വായ
നക്കാരുടെ മനസ്സു് ഇളകിമറിഞ്ഞു്, കഥാപരിണാമ
ത്തെക്കുറിച്ചു തീവ്രമായ ജിജ്ഞാസയാൽ സത്വരമായി
പ്രയാണം ചെയ്കയും ആ ഘട്ടത്തിൽ എത്തുന്നതുവരെ
പുസ്തകം അടച്ചുവയ്ക്കാൻ വായനക്കാർ അക്ഷമരായിത്തീ
രുകയും ചെയ്യുന്നതു നല്ല ചെറുകഥകളുടെ മറെറാരു
ലക്ഷണമായി ഗണിക്കാവുന്നതാണു്. ഇപ്രകാരം കഥ
കൾ രചിക്കാൻ മി: കൃഷ്ണപിള്ളയ്ക്കു് അനന്യാദൃശമായ
സാമർത്ഥ്യമുണ്ടെന്നു കേളീസൗധത്തിലെ ഒട്ടുമിക്ക കഥ
കളും നമ്മെ ഗ്രഹിപ്പിക്കുന്നു. "പരസ്പരവിജയ"ത്തിലെ
പ്രശാന്തരമണീയമായ ശോകവികാരവും കഥയുടെ ശുഭ
മായ പര്യവസാനവും കൊണ്ടുണ്ടാകുന്ന ആനന്ദം അനു
ഭവിച്ചുതന്നെ അറിയേണ്ടതാണു്. മി: കൃഷ്ണപിള്ള സമ
ദർശിയുടെ വിശേഷാൽ പ്രതിയായ "സാഹിത്യോപഹാ
ര"ത്തിൽ എഴുതിയതും മലയാളക്കരയിലെ പത്രങ്ങളിൽ
മിക്കതും പ്രഥമസ്ഥാനത്തിൽ കീർത്തിച്ചിട്ടുള്ളതുമായ
"എൻെറ ആദ്യയാത്ര" എന്ന കഥ ഭാഷാപോഷണ
ത്തിൽ കാരുണ്യപുരസ്സരം ചുമതല വഹിക്കുന്ന പരമോ
ന്നതസ്ഥാനങ്ങളിൽപ്പോലും അഭിനന്ദനം ഉളവാക്കിയി
ട്ടുള്ളതായി അറിയുന്നുണ്ടു്. ഈ കഥാസമുച്ചയത്തിലെ
ഓരോ കഥയ്ക്കും പ്രത്യേക വൈശിഷ്ട്യമുണ്ടെന്നുള്ളതു
കൊണ്ടു് ഇവിടെപ്പേർപറയുന്നവയെ മാത്രം ചൂണ്ടിക്കാ

ണിന്നു എന്നു ചിന്തിക്കേണ്ടതായ ആവശ്യമില്ല. അവിചാരിതങ്ങളായ സംഗതികളേയും അവസ്ഥകളേയും പല വഴികളിൽനിന്നു പുറപ്പെടുവിച്ച്, സ്വാഭാവികതക്കു ഹാനി തട്ടാത്തവിധത്തിൽ പരസ്പരം സംഘടിപ്പിച്ച്, കഥാവസ്തുവിന്റെ നിർവ്വഹണത്തിനായി അവയെ ഉപയോഗപ്പെടുത്തുന്നതിൽ ഈ ഗ്രന്ഥകർത്താവിനുള്ള ചാതുര്യം ശ്ലാഘ്യമായിരിക്കുന്നു,

ഫലിതപ്രയോഗത്തിൽ മി: കൃഷ്ണപിള്ളയുടെ വൈദഗ്ദ്ധ്യം അസാധാരണമാണെന്ന് അദ്ദേഹത്തെ ഒരുവിധം പരിചയമുള്ളവർക്കെല്ലാം അറിയാവുന്നതാണ്. "ഒരു സംഭാഷണവിദഗ്ദ്ധ"ന്റെ സംഭാഷണം ഫലിതകോലാഹലംതന്നെ. ഇതുകൂടാതെ, മററു കഥകളിൽ അവസരോചിതമായി ഒളിച്ചും തെളിച്ചും അവിടവിടെ പ്രയോഗിച്ചിട്ടുള്ള ഫലിതങ്ങൾ ഏററവും ഹൃദയംഗമങ്ങളായിരിക്കുന്നുണ്ട്.

കഥാപാത്രങ്ങളുടെ സംഭാഷണം അവരവരുടെ സ്ഥിതിക്കും സ്വഭാവത്തിനും യോജിച്ചവിധത്തിൽ രചിക്കുന്നതിനു ഗ്രന്ഥകർത്താവു പ്രത്യേകം മനസ്സു വെച്ചിട്ടുണ്ട്. ഇതിനാൽ പാത്രങ്ങൾക്കു തന്മയത്വവും കഥയ്ക്കു സ്വാഭാവികതയും വായനക്കാർക്ക് അനുഭവരസവും സിദ്ധിക്കുന്നു. മി: കൃഷ്ണപിള്ളയുടെ ശൈലി ഊർജ്ജസ്വലവും പ്രസന്നവുമാണ്. അനാവശ്യമായി വളച്ചുകെട്ടി ദീർഘിപ്പിച്ചുള്ള വാക്യങ്ങൾ "കേളീസൌധ"ത്തിൽ വളരെ ചുരുക്കംതന്നെ. അതിനാൽ അന്വയക്ലേശമോ അർത്ഥപ്രതീതിക്കു ഹാനിയോ കൂടാതെ കഥാഗതിയിൽ ഏകാഗ്രതയോടെ പുസ്തകം വായിച്ചുതീർക്കാൻ സൌകര്യം ലഭിക്കുന്നു. ശൈലിയുടെ വിഷയത്തിൽ ചെറുകഥകൾക്കു

ണ്ടായിരിക്കേണ്ട പ്രധാന ഗുണമത്രേ ഇതു്. സന്ദർഭാനുസാരേണ ഗൗരവവും, ലാളിത്യവും, ക്ഷോഭവും, ശാന്തതയും മററും ശൈലിയിൽ നിഷ്പ്രയാസമായി മാറിമാറി വരുന്നതുകണ്ടാൽ, യഥേച്ഛം വിനിയോഗിക്കാൻ തക്കവണ്ണം ഗ്രന്ഥകർത്താവിനു മലയാളഭാഷ എത്രത്തോളം വശഗമായിട്ടുണ്ടെന്നു മനസ്സിലാക്കാവുന്നതാണു്. ഈ ചെറുകഥകളുടെ വിവിധ ഗുണങ്ങൾ ആലോചിച്ചുനോക്കിയാൽ, പ്രൗഢങ്ങളായ ആഖ്യായികകളും മററും നിർമ്മിച്ചു ഭാഷാസാഹിത്യത്തെ പോഷിപ്പിക്കുന്നവരിൽ മി: കൃഷ്ണപിള്ള അചിരേണ ശക്തനായിത്തീരുമെന്നു് അധൈര്യംകൂടാതെ പ്രവചിക്കാവുന്നതാണു്.

"അതുസത്യമല്ല" അവൾ കോപവതിയായി മറുപടിപറഞ്ഞു. "അങ്ങിനെ പറയുവാൻ ആക്കും അവകാശമില്ല. ആ സങ്കട ഘട്ടത്തിൽപോലും ഞാൻ ഒപ്പിട്ടിട്ടില്ല." 'പരസ്പരവിജയ' ത്തിൽ കാണുന്ന ഈ വാക്യങ്ങൾ ഇംഗ്ലീഷ്‌രീതിയെ അനുകരിച്ചു് എഴുതീട്ടുള്ളതാണെന്നു തോന്നും. ഇതുപോലെ അപൂർവം മററുചില വാക്യങ്ങളും കാണുകയുണ്ടായി എന്നാൽ ഈ ഇംഗ്ലീഷ് രീതി നമ്മുടെ ഭാഷയ്ക്കു യോജിക്കുമെന്നു തോന്നുന്നില്ല. ഭാഷാശൈലിയിൽ അക്ലിഷ്ടമായി യോജിച്ചുപോകുമെന്നുള്ള ഇംഗ്ലീഷ്‌രീതികളെ മലയാളഗദ്യത്തിലും അനുകരിക്കുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല. അതു് മലയാളഗദ്യത്തിനു വൈചിത്ര്യസമ്പാദകമായിരിക്കയും ചെയ്യും. എങ്കിലും അങ്ങനെയല്ലാത്തുള്ളവയെ വർജ്ജിക്കയാണു് ഭേദമെന്നു തോന്നുന്നു. ചില സംസ്കൃതപദങ്ങളുടെ പ്രയോഗത്തിൽ കാണപ്പെടുന്ന സ്ഖലിതങ്ങളും ഒട്ടുവളരെ ആയി അച്ചടിയിൽ വന്നിട്ടുള്ള അക്ഷ

രവീഴ്ചകളും അടുത്ത പതിപ്പിൽ ശരിപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

“കേളീസൗധത്തിന്റെ” സാഫല്യസിദ്ധിയിൽ മി: കൃഷ്ണപിള്ളയെ ഞാൻ സമ്പൂർണ്ണസന്തോഷത്തോടെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമത്താൽ ഹൃദ്യങ്ങളും ഉത്തരോത്തരം ഉൽകൃഷ്ടങ്ങളുമായ അനേകം പ്രൗഢകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ടായിക്കാണുവാൻ നിർവ്യാജമായി ആഗ്രഹിക്കുകയും സർവ്വേശ്വരന്റെ കരുണയാൽ അദ്ദേഹത്തിനു ചിരായുരാരോഗ്യസൗഭാഗ്യങ്ങൾ സിദ്ധിക്കട്ടെ എന്നു ഹൃദയപൂർവ്വം ആശംസിക്കുകയും ചെയ്യുന്നു.

കെ. ആർ. കൃഷ്ണപിള്ള.

# അവതാരിക.

---

ശ്രീമാൻ ഈ. വി. കൃഷ്ണപിള്ള, ബി. ഏ. ബി. എൽ. "കേളീസൌധം" എന്ന പേരിൽ രചിച്ചു് പ്രസിദ്ധപ്പെടുത്തുന്ന ഈ ലഘുകഥാവലി ഞാൻ സശ്രദ്ധം ഒരാവൎത്തി വായിച്ചു. യുവാവായ ഈ ഗ്രന്ഥകാരന് ഭാഷാസാഹിത്യത്തോടുള്ള അഭിരുച്യവും കഥാനിൎമ്മിതിയിലുള്ള കുശലതയും ഇദ്ദേഹം തിരുവനന്തപുരത്തു് ഒരു വിദ്യാൎത്ഥിയായി താമസിക്കുന്നകാലത്തുതന്നെ എനിക്കു് അനുഭവപ്പെട്ടിട്ടുള്ളതാണു്. ജന്മസിദ്ധമായ വാസന കാലാന്തരത്തിൽ സുപ്രസിദ്ധ സാഹിത്യകേസരിയായിരുന്ന, അദ്ദേഹത്തിന്റെ ശ്വശുരൻ, ശ്രീമാൻ സി. വി. രാമൻപിള്ള ബി. ഏ. യുമായുള്ള, സാഹചൎയ്യംകൊണ്ടും അനവരതമായ അഭ്യാസംകൊണ്ടും പരിപുഷ്ടമായിത്തീൎന്നു് ഇപ്പോൾ അതിസ്വാദുക്കളായ കാവ്യഫലങ്ങളെ കേരളീയൎക്കു പ്രദാനംചെയ്യുവാൻ പൎയ്യാപ്തമായി പരിണമിച്ചിരിക്കുന്നു.

ബൃഹൽകഥകൾക്കെന്നപോലെയോ അതിലധികമായി പോലുമോ ലഘുകഥകൾക്കു സാഹിത്യവേദിയിൽ ഒരു സ്ഥാനത്തിനു് അവകാശമുണ്ടു്. ഗ്രേറ്റുബ്രിട്ടൻ, അമേരിക്കാ, ഫ്രാൻസ്, ജൎമ്മനി, മുതലായ പരിഷ്കൃത രാജ്യങ്ങളിൽ ഈ സാഹിത്യശാഖയ്ക്കുള്ള നിലയും വിലയും സൎവ്വസമ്മതമാണു്. ലഘുകഥകൾ മാത്രം നിൎമ്മിച്ചു യശസ്വികളായും, ധനവാന്മാരായും തീൎന്നിട്ടുള്ള ഗ്രന്ഥ

കാരന്മാർ ആ രാജ്യങ്ങളിൽ ധാരാളം ഉണ്ടു്. ബെങ്കാളി മുതലായ ഏതദ്ദേശീയഭാഷകളിലെ സാഹിത്യക്ഷേത്രങ്ങളിലും ലഘുകഥാപ്രസ്ഥാനം ഇപ്പോൾ രൂഢമൂലമായിട്ടുണ്ടു്. മലയാളഭാഷയിൽ, പരേതനായ ശ്രീമാൻ ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ മുതലായ സാഹിത്യനായകന്മാർ ഈ വിഷയത്തിൽ ചെയ്തിട്ടുള്ള വ്യവസായം കേരളീയർ എന്നും കൃതജ്ഞതയോടുകൂടി സ്മരിക്കേണ്ടതാണു്. രസികരഞ്ജിനിമാസിക ചരിച്ചുകൊണ്ടിരുന്ന കാലത്തു് അനവധി നല്ല ലഘുകഥകൾ അതിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അന്നും അതിനു മുൻപും ആ മാതിരി കഥകളെഴുതി പേരെടുത്ത സാഹിത്യകാരന്മാരിൽ പ്രഥമഗണനീയനാകുന്നു കഥാസൌധത്തിന്റേയും മററും പ്രണേതാവായ ശ്രീമാൻ അമ്പാടി നാരായണപ്പൊതുവാൾ. ശ്രീമാൻ സി. എസ്സ്. ഗോപാലപ്പണിക്കർ ബി. ഏ. മുതലായി വേറേയും പല ഭാഷാപ്രണയികളുടെയും ഏതാനും കലാകുശലകളായ സ്ത്രീരത്നങ്ങളുടെയും നാമധേയങ്ങളും ഈ അവസരത്തിൽ സ്മൃതിപഥത്തെ പ്രാപിക്കുന്നുണ്ടു്. ഈ നവീന ഭാഷാകാവ്യമണ്ഡപത്തിൽ മുന്നണിയിൽ ഒരു സ്ഥാനത്തിനു കേളീസൌധം അതിന്റെ നിർമ്മാതാവായ എന്റെ സ്നേഹിതൻ ഈ. വി.യെ അവകാശിയാക്കിയിരിക്കുന്നു

പലമാതിരിയിൽ പല രസങ്ങളെ അഭിവ്യഞ്ജിപ്പിക്കുന്ന കഥകൾ ഈ ഗ്രന്ഥത്തിൽ ഉണ്ടു്. അവയിൽ ഏതാനും കഥകൾ സ്വകപോലകല്പിതങ്ങളും മററുള്ളവ അനുകരണങ്ങളുമാണെന്നു തോന്നുന്നു. രണ്ടു മാർഗ്ഗങ്ങളിലും ഗ്രന്ഥകാരൻ ഒന്നുപോലെ തന്റെ രചനാചാതുര്യത്തെ സ്ഫുടീകരിക്കുന്നുണ്ടു്. ഉച്ചാവചങ്ങളായ വികാ

രങ്ങളെ ഉചിതങ്ങളായ വാക്യങ്ങളിൽ പ്രതിഫലിപ്പിക്കുന്നതിന് ഇദ്ദേഹത്തിനുള്ള പാടവം പ്രശംസനീയമായിരിക്കുന്നു. പ്രകൃതിനിരീക്ഷണം, പാത്രസൃഷ്ടി, ഭാവനാചിത്രണം, സംഭാഷണവിവൃതി, സന്മാർഗ്ഗോപദേശം മുതലായി ഒരു കാഥികന് ഏതെല്ലാം മാർഗ്ഗങ്ങളിൽ ശ്രദ്ധ പതിയണമോ അവയിലെല്ലാം ഈ. വി-യുടെ മനസ്സ് ചരിതാർത്ഥമാകത്തക്ക നിലയിൽ വ്യാപരിച്ചിട്ടുണ്ടെന്നുള്ളതിന് ഈ ഗ്രന്ഥത്തിൽ നിന്നും ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണ്. പ്രേമദാസ്യം, കുസുമസന്ദേശം ഈ രണ്ടുകഥകളും എനിക്കു വളരെ ബോധിച്ചു. മുത്തുക്കുറിച്ചി, സർവ്വാധികാര്യക്കാർ, നല്ലവാക്കിന്റെ വില, ഇവയും നല്ല പ്രബന്ധങ്ങൾതന്നെയെങ്കിലും മററു കഥകളുടെ മാതിരിയിലുള്ളവയല്ലായ്കയാൽ ഈ പുസ്തകത്തിൽ ചേർത്ത് പ്രസിദ്ധപ്പെടുത്തേണ്ടവയല്ലായിരുന്നു എന്നു തോന്നുന്നു. ആകെക്കൂടി നോക്കുമ്പോൾ കേളീസൌധം ഭാഷാകാമിനിക്കു പുതിയരീതിയിലുള്ള ഒരു കമനീയാഭരണമായി ശോഭിക്കുന്നുണ്ട് എന്നു നിസ്സംശയമായി ആർക്കും അഭിപ്രായപ്പെടാവുന്നതാണ്. ഈ ഗ്രന്ഥത്തിലെ ചില വാക്യങ്ങൾ യശശ്ശരീരനായ സീ. വിയുടെ കാവ്യാമൃതവർഷത്തെ തുടർന്നുള്ള ശീകരങ്ങൾ പോലെ എന്റെ ഹൃദയത്തെ ആനന്ദിപ്പിച്ചു. ആ മഹാകവിയുടെ അനുഗ്രഹ വിശേഷത്തിനു പാത്രീഭവിക്കുവാൻ രണ്ടുപ്രകാരത്തിൽ യോഗമുണ്ടായ എന്റെ സ്നേഹിതൻ അദ്ദേഹത്തിന്റെ ദിവ്യസ്മരണയെ ഹൃദയത്തിൽ ഉറപ്പിച്ചും കാലടിപ്പാടുകളെ പിന്തുടർന്നും നിസ്തന്ദ്രനായി കാഥികാധ്വാവിൽ സഞ്ചരിക്കുമെങ്കിൽ ഒരു കാലത്തു, തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ "സർവ്വത്ര ജയമിച്ഛേൽപുത്രാദിച്ഛേൽപരാഭവം" എന്നുള്ള ആപ്ത

വാക്യത്തിൻെറ സ്വാരസ്യത്തെ അനുഭവവേദ്യമാക്കി വിജയം നേടും എന്നുള്ളതിനു സന്ദേഹമില്ല. എൻെറ പ്രത്യേകമായ സ്നേഹത്തിനും വാത്സല്യത്തിനും പലവിധത്തിൽ ഭാജനമായി തീൎന്നിട്ടുള്ള യുവാവും ഉത്ഥാനശാലിയുമായ ഈ ഗ്രന്ഥകാരന് സൎവസിദ്ധികളേയും ഹാൎദ്ദമായി ആശംസിച്ചുകൊണ്ടു വിരമിക്കുന്നു

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

## കൊച്ചി ഒൻപതാംമുറ
## മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ
## തിരുമനസ്സിലെ അഭിപ്രായം.

---

"കേളീസൌധ"ത്തിലുള്ള പല കഥകളും കഥാകൗമുദിമുതലായ മാസികകൾ മുഖേന എനിക്ക് ഏറക്കുറെ പരിചിതങ്ങളാകുന്നു. എന്നിരിക്കിലും, ഈ കഥാരത്നങ്ങൾ സ്വരൂപിച്ച് കൈരളിയുടെ കണ്ഠാവയവങ്ങളിൽ പ്രകാശമാനങ്ങളായ കങ്കണാദ്യലങ്കാരങ്ങളിൽ യഥാക്രമം സംഘടിപ്പിച്ചുകാണുന്നതിൽ പ്രത്യേകമായ ഒരു സന്തോഷം എനിക്കു തോന്നുന്നുണ്ടു്. നിഷ്പ്രയത്നം കണ്ണുകൾക്കു സുഖാനുഭവത്തെ ഉണ്ടാക്കുന്ന എണ്ണച്ചായത്തിൽ എഴുതുന്ന ചിത്രപടങ്ങളേക്കാൾ, നിഴലും, വെളിച്ചവും ചേർക്കാതെ വരകളേക്കൊണ്ടും, കുറികളേക്കൊണ്ടും പ്രകൃതിയുടെ ഛായ വരുത്തി ഫലിപ്പിക്കുന്നതു് പതിന്മടങ്ങു ദുഷ്കരമായിട്ടുള്ളതാണെന്നു് കലാവിദഗ്ദ്ധന്മാർ സർവാത്മനാ സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണു്. അതുപോലെ വൻ കഥകളേക്കാൾ ചെറുകഥകൾ എഴുതിഫലിപ്പിക്കുന്നതു് അധികം ദുഷ്കരവും ദുസ്സാധ്യവുമാണെന്നാകുന്നു എൻെറ അനുഭവം. വലിച്ചുനീട്ടിപ്പറയുന്നതിനെക്കാൾ ചുരുക്കിപ്പറയുന്നതിനാണു് അധികം പ്രയാസം. അതുകൊണ്ടു മാംസളങ്ങളും മേദസ്വികളും ആയ ആഖ്യായികകളോടു് താരതമ്യപ്പെടുത്തുമ്പോൾ ശ്രീമാൻ കൃഷ്ണപിള്ള അവർകളുടെ ചെറുകഥകൾ സാഹിത്യരസപ്രദായകത്വത്തിൽ വളരെ ഉൽകൃഷ്ടങ്ങളായിക്കാണപ്പെടുന്നു.

ശ്രീമാൻ കൃഷ്ണപിള്ള അവർകളുടെ വാചകരീതി
കഥാകഥനത്തിന് യോജിച്ച വിധത്തിലുള്ള. വായ്മൊഴി
വാമൊഴികളുടെ വിധിപ്രകാരമുള്ള ഒരു സംയോഗമായ
ളതുകൊണ്ട് അർത്ഥബോധവും രസാനുഭവവും തടവുകൂടാ
തെ സരിക്കുന്നുണ്ട്.

ഔൽസുക്യജനകങ്ങളായ അനേക സംഭവങ്ങളെ
ക്കൊണ്ടു കഥാവസ്തു വളച്ചുകെട്ടി ഉൽക്കണ്ഠയേ കനക
ശലാകാപ്രായേണ നീട്ടിവലിച്ചുകൊണ്ടു പോകുവാൻ
ചെറുകഥകളിൽ സൌകര്യം മതിയാവുന്നതല്ലല്ലോ. അ
വയിൽ പരിണാമഗുപ്തി സമ്പാദിക്കുവാൻ കഥാമർമ്മത്തെ
ഗോപനം ചെയ്യുവാനുള്ള നയം എടുക്കുകയേ നിവൃ
ത്തിയുള്ളു. വായനക്കാർക്ക് വൃഥാ ക്ലേശവും, രസാല
സ്യവും കൂടാതെ ആ മർമ്മത്തെ ആവരണം ചെയ്യുവാൻ
കഥാനയകോവിദന്മാർക്കേ സാധിക്കുകയുള്ളു. ദുസ്സാധ
മായ ഈ കൃത്യം വിജയകരമാംവണ്ണം ശ്രീമാൻ കൃഷ്ണ
പിള്ള അവർകൾ നിർവ്വഹിച്ചിരിക്കുന്നു. ചില ഘട്ടങ്ങ
ളിൽ പദവിനിമയവും ആശയസമ്പ്രദായവും പാശ്ചാ
ത്യസംസർഗ്ഗകലുഷിതങ്ങളായി ഭാഷാരീതിക്ക് ഇണങ്ങാ
തെ വന്നിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അത്
സങ്കല്പസംരംഭത്തിൽ കൈരളീപക്ഷപാതം സ്മൃതിപഥ
ത്തിൽനിന്നു ചില അവസരങ്ങളിൽ മാഞ്ഞുപോയിട്ടാ
ണോ എന്നും ഞാൻ ശങ്കിക്കുന്നു. എന്നാൽ നിശാനാ
ഥനിൽ ശശമെന്നപോലെ കേളീസൌധത്തിന്റെ
ഗുണസന്നിപാതത്തിൽ വിമർശനരീത്യാ ചൂണ്ടിക്കാണി
ച്ചിട്ടുള്ള ഈ അസ്പഷ്ടമായ കളങ്കം നിമജ്ജിക്കുന്നതാ
കുന്നു.

പരേതനായ സാക്ഷാൽ സീ. വി. രാമൻപിള്ളയുടെ ജാമാതാവും, സൎവ്വകലാശാലവക പരീക്ഷകസംഘത്തിൽ ഞാൻ അദ്ധ്യക്ഷനായിരുന്ന കാലത്തു ബി. ഏ. പരീക്ഷാവിജയികളിൽ കേരളവൎമ്മ സ്വൎണ്ണമെഡലിന് അൎഹനും, ഭാഷാപ്രണയിയും, അനേക പാഠപുസ്തകങ്ങളുടെനിൎമ്മാതാവും, പ്രസിദ്ധ കഥാകാരനും, ഒരു യുവാവും ആയ പിള്ള അവർകളുടെ പേരിൽ കൈരളിക്കുണ്ടാകാവുന്ന സ്നേഹബന്ധവും ആശാപാരവശ്യവും എത്രത്തോളമായിരിക്കുമെന്നു ഞാൻ പറഞ്ഞറിയിക്കേണ്ടതില്ല. അത്രത്തോളം മാതൃഭക്തിയും ഉത്സാഹശക്തിയും പിള്ള അവർകളുടെ അന്തരാത്മാവിൽ രൂഢമൂലമായിക്കാണുവാനും ഭാഷാദേവിയുടെ അനുഗ്രഹം ഉന്നായമാനമായ ഈ സന്താനത്തിൽ ഉത്തരോത്തരം വൎദ്ധിച്ചുകാൺവാനും സൎവ്വേശ്വരൻ കടാക്ഷിക്കട്ടെ.

രാമവൎമ്മ (ഒപ്പ്.)

## മഹാകവി

## വള്ളത്തോളിന്റെ അഭിപ്രായം.

---

മലയാളത്തിലെ സർ. വാൾട്ടർ സ്കോട്ടെന്നു വിഖ്യാതനായ സാക്ഷാൽ സീ. വി. രാമൻപിള്ളയുടെ ജാമാതൃത്വത്തിനു തികച്ചും അർഹനാണു് ശ്രീമാൻ ഇ. വി കൃഷ്ണപിള്ള ബി. എ. ബി. എൽ എന്നു ഈ പുസ്തകത്തിലേ ചെറുകഥകൾ വായിക്കുന്ന ഏവനും തലകുലുക്കി കൊണ്ടാടാതിരിക്കില്ല. രമണീയാശയനായ രാമൻപിള്ള അവർകൾ തന്റെ പ്രിയപുത്രിയെ പ്രദാനംചെയ്തതോടുകൂടി താൻ പ്രകൃതിനിരീക്ഷണത്തിൽ സമ്പാദിച്ച നൈപുണിയേയും ഈ സഹൃദയയുവാവിനു് നല്കിയിരിക്കാമെന്നേ പറയേണ്ടൂ. അഥവാ, പതിനാറുവയസ്സിൽ തന്നെ, പ്രാഗ്ജന്മ സംസ്കാരത്തിന്റെ സന്താനമായ സാഹിതിയാൽ ഇദ്ദേഹം ഗൃഹസ്ഥാശ്രമിയായി കഴിഞ്ഞിരിക്കുന്നു.

പാത്രസൃഷ്ടി, പരിണാമഗുപ്തി, കല്പനാവൈഭവം, രസാവിഷ്കരണം മുതലായവയിൽ സാധാരണ കഥാകൃത്തുകളെ അതിശയിച്ചാണു്, ശ്രീമാൻ കൃഷ്ണപിള്ളയുടെ സ്ഥിതി. ഇതിലേ ഒഴുക്കും അഴകും തികഞ്ഞ വാക്യങ്ങൾ വായിച്ചു വായിച്ചു പോകുമ്പോൾ എനിക്കു തോന്നിയതു് സരസ്വതീ നദിയുടെ നേരിയ അലകളിൽ തത്തിക്കളിക്കുന്ന ഒരു പൊന്നുതോണിയിൽ ഇരിക്കയാണെന്നാണു്.

ഈ കഥകളുടെ കമനീയങ്ങളായ കരപല്ലവങ്ങൾ പ്രേമത്തിൻെറ തൃക്കാലുകളെ പലതരം പൂക്കൾകൊണ്ടു പൂജിക്കുന്നു. മരുമക്കത്തായത്തിൻെറ മാലിന്യത്തെ ചൂണ്ടിക്കാണിക്കുന്നു. ദൈന്യത്തിൻെറ കണ്ണുനീർത്തുള്ളികളെ തുടച്ചു നീക്കുന്നു. ദുരാഗ്രഹിയേ തീക്കുഴിയിൽ നിന്നു പിടിച്ചു കേററുന്നു. സർവ്വോപരി, ദേശാഭിമാനത്തെ വീശിക്കത്തിക്കുന്നു.

പണിത്തരത്തിനു പന്തികേടുതോന്നുന്നതോ, നല്ല കാററും വെളിച്ചവും കിട്ടാത്തതോ, സാഹിത്യത്തിൻെറ സൌരഭ്യം ഏറെക്കുറേ പ്രസരിക്കാത്തതോ ആയി ഒരിടവും ഈ കഥാസമുച്ചയത്തിൽ കാണപ്പെടുന്നില്ല. ഇതു് കൈരളീദേവിക്കു കൌതുകകരമായ ഒരു കേളീസൌധം തന്നെ. കൃഷ്ണപിള്ള അവർകളുടെ ശില്പചാതുര്യത്തിനു് നാം "ജയജയ" ഘോഷം മുഴക്കുക.

വള്ളത്തോൾ (ഒപ്പു്.)

# വിഷയാനുക്രമണിക.

---

## മൂന്നാംഭാഗം.


നാട്ടുകടത്തൽ.

ആരും കാണാത്തയാൾ.

ഡാക്ടർ കേ. പി. കുറുപ്പ്.

അരുണോദയം.

മാർഗ്ഗമദ്ധ്യേ.

വേലുത്തമ്പി.

ആ പഴയ ശത്രു.

പഴയബന്ധം.

ദാമ്പത്യാനന്ദം.

സൂപ്രണ്ടിന്റെ കയ്ക്കൂലി


—:*:—

# കേളീസൌധം.

## നാട്ടുകടത്തൽ.

### ഒന്നാംഭാഗം.

പത്മനാഭപുരം കൊട്ടാരത്തിൽനിന്നു് ഇരണിയിൽ കൊട്ടാരത്തിലേക്ക പോകുന്ന വഴിയിൽ കക്കറിച്ചിഗ്രാമത്തിൽ ഇടത്തുമാറി ഒരു പുരാതന ഭവനം ഇന്നും കാണ്മാനുണ്ടു്. ഈ പ്രദേശത്തിൽ ഇപ്പോഴും വളരെ അപൂർവമായി കാണുന്ന നായർഭവനങ്ങളിൽ ഒന്നായ ഈ ഗൃഹത്തിനു മൂന്നുഭാഗത്തിലും വിസ്താരത്തിൽ പരന്നുകിടക്കുന്ന മൈതാനങ്ങളിൽ അങ്ങിങ്ങായി പനകൾ മാത്രമെ കാണ്മാനുള്ളു. ഇതിന്റെ മുൻഭാഗത്തു ശുഭ്രജലപൂർണ്ണമായ ഒരു സരസ്സും അവിടം മുതൽ വളരെ ദൂരത്തിൽ മനോഹരങ്ങളായ കേദാരപംക്തികളും അങ്ങേ അററം വിശ്രുതമായ ഉദയഗിരിക്കോട്ടയുടെ പ്രാകാരങ്ങളും നേത്രങ്ങൾക്കു് ആനന്ദപ്രാചുര്യ്യം നൽകുന്നു. കക്കറിച്ചിതെക്കേവീടെന്നറിയുന്ന ഈ ഗൃഹം രാജാകേശവദാസന്റെ വകയും ആ മന്ത്രിവര്യ്യന്റെ താല്ക്കാലിക താമസങ്ങൾക്കുപയോഗിക്കപ്പെട്ടുവന്നിട്ടുള്ളതും ആണു്. പൂർവജന്മസുകൃതത്താൽ ഈ വീട്ടിൽ കുറേക്കാലം താമസിക്കുവാൻ ഇടയായിട്ടുള്ള എന്റെ ചിന്തകൾ അനുദിനം പ്രൌഢഗംഭീരവും ചേതോഹരവും ആയ പ്രാചീനകാലത്തിലേക്കു് ആകൃഷ്ടങ്ങളാവുക പതിവായിരുന്നു. ഞാൻ എന്റെ ആഫീസുമുറിയായി ഉപയോഗിച്ചുവന്നിരുന്നതായ ആ ചാവുക്കയിൽ തന്നെയായിരിക്കണം വഞ്ചിഖണ്ഡസംരക്ഷകനായ ആ മന്ത്രികുലഭാസ്കരൻ ഇരുന്നു് കേരളസംസ്ഥാനങ്ങളുടെ ഭാവി ചരിത്രഗ

തീൎച്ചപ്പെടുത്തിയിരിക്കാവുന്നതു്. അതിദിവ്യങ്ങളായ ദേവാലയങ്ങളുടെ പരിസരസ്ഥലങ്ങളെപ്പോലെ നിശ്ശബ്ദരമണീയമായിക്കിടക്കുന്ന ആ മുററങ്ങളിൽ എത്ര പടത്തലവന്മാർ, രാജപ്രണിധികൾ, സർവ്വാധികാൎയ്യക്കാരന്മാർ വന്നുനിന്നു് യഥാൎത്ഥ രാജ്യാധിപതിയായിരുന്ന ആ വീരാത്മാവിന്റെ ആജ്ഞകൾ കേൾക്കുവാൻ അക്ഷമരായി വൎത്തിച്ചിരുന്നിരിക്കണം! പൂർവ്വകാല ദേവാംഗനയുടെ കൈക്കണ്ണാടിപോലെ പ്രശോഭിക്കുന്ന ആ സരസ്സിൽനിന്നുയരുന്നതായ ദീർഘനിശ്വാസങ്ങൾ എത്ര വിശദമായ പശ്ചാത്താപഭാരത്തോടുമായിരിക്കണം സ്വന്തീതി പീഠത്തിൻ മുമ്പിൽ ഇപ്പോഴും സമർപ്പിക്കുന്നതു്! തിരുവിതാംകൂറിന്റെ ആധുനിക സ്ഥിതിയെ സഹാസം, സശോകം വീക്ഷണംചെയ്യുന്ന ആ പ്രാചീനകാല ശക്തിയുടെ സമഗ്രതയിൽ പെട്ടു് ഞാൻ അനേകം വാസരങ്ങൾ കഴിച്ചിട്ടുണ്ടെന്നു ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

വേലുത്തമ്പിദളവായുടെ നിൎയ്യാണശേഷം ആ കുടുംബത്തിൽപെട്ട പലരേയും നാടുകടത്തുകയും തൊറകേററുകയും ചെയ്തതായി നമുക്കറിയാമല്ലോ. പ്രായക്കുറവുകൊണ്ടും, ക്ഷീണാധിക്യത്താലും ആ വലുതായ രാജകോപത്തിൽ നിന്നു് ചില ജീവികൾ ബന്ധുജനങ്ങളുടെ സാഹായ്യത്താൽ രക്ഷപ്രാപിച്ചിരുന്നു. ആ കൂട്ടത്തിൽ ഒരു കന്യക തലക്കുളത്തുനിന്നു് ഏഴുനാഴിക അകലെയുള്ള പത്തറെ ഊതിരപ്പുവീട്ടിലെ തമ്പിമാരുടെ അന്തഃപുരങ്ങളിൽ വളൎന്നുവന്നു. ഈ കന്യകയുടെ യൌവ്വനാരംഭത്തോടുകൂടി ഊതിരപ്പുവീട്ടുകാരെ തലക്കുളത്തു കുടുംബം ദത്തെടുക്കുകയും ആ വിധത്തിൽ ഈ രണ്ടുകുടുംബങ്ങളും ഒന്നാവുകയും ചെയ്തു. പിന്നീടുണ്ടായ ഒരു ദത്തുവഴിയായി തിരുവനന്തപുരത്തു കല്ലമ്പള്ളിവീട്ടു് തലക്കുളത്തുകാരുടെ "പെരുംപൊലിമ"യ്ക്കു് അവകാശികളായിത്തീൎന്നെങ്കിലും ഊതിരപ്പുവീട്ടുകാർ ഇന്നും വേലുത്തമ്പിദളവായുടെ ശേഷക്കാർ തന്നെയായി ശേഷിക്കുന്നുണ്ടു്.

വേലുത്തമ്പിദളവായുടെ ഭാഗിനേയിയായ കൊച്ചുമ്മിണിത്തങ്കച്ചിയെ പത്താറ ഊതിരുപ്പുവീട്ടിൽ നിന്ന് കക്കറിച്ചിയിൽ തെക്കേവീടായ കേശവദാസൻെറ സോദരീഗേഹത്തിലെ കാരണവരും വലിയദിവാൻജിയുടെ രണ്ടാം തലമുറയിലെ അനന്തരവനുമായ കാളീശൻതമ്പി വിവാഹം ചെയ്തു. ഇങ്ങനെ ഭിന്നമതക്കാരും, ഭിന്നപ്രകൃതികളും, രണ്ടു വിധത്തിൽ അനർഘപുരുഷരത്നങ്ങളും, നേരേ എതിരായ മാർഗ്ഗങ്ങളിൽക്കൂടെ തിരുവിതാംകൂർരാജ്യത്തെ ഐശ്വര്യപഥത്തിൽ മുന്നോട്ടു നയിക്കുന്നതിന് മനമുറന്നു പ്രയത്നിച്ചിട്ടുള്ളവരും, ഇങ്ങനെയൊക്കെ വ്യത്യാസങ്ങൾ ഇരുന്നാലും ഒരേവിധത്തിൽത്തന്നെ പരമദാരുണമായ അവസാനവിധി അടഞ്ഞവരും ആയ രണ്ടു നായകഭാസ്കരന്മാരുടെ വംശങ്ങൾ ഒരു ദാമ്പത്യത്തിൽ ഏകീഭവിച്ചു. പക്ഷേ, കാലത്തിൻെറ വൈപരീത്യംകൊണ്ടും, ആധുനികപരിഷ്കാരത്തിൻെറ അരുണപ്രകാശം വരുത്തിക്കൂട്ടിയ ഭീമഭേദഗതികൾകൊണ്ടും ആ സംയോഗം രാജ്യത്തിനോ രാജകുടുംബത്തിനോ യാതൊരുവിധത്തിലും ഉള്ള ഫലങ്ങൾ ജനിപ്പിക്കാതെ വെറും ഒരു സാധാരണബന്ധമായി കഴിഞ്ഞു് ലോകദൃഷ്ടികളിൽ നിന്ന് ഒഴിഞ്ഞു്, അപ്രസിദ്ധമായ ഭദ്രഭൂമിയിൽ അവസാനിച്ചു. വേലുത്തമ്പിയുടെ വംശവല്ലിയായ കൊച്ചുമ്മിണിത്തങ്കച്ചിയും രാജാകേശവദാസൻെറ ഭാഗിനേയനായ കാളീശൻതമ്പിയും തമ്മിൽ ഉണ്ടായ ഭാര്യാഭർത്തൃബന്ധത്തിൽ നിന്ന് ഒരുപക്ഷേ പൂർവ്വികന്മാരേക്കാൾ മഹനീയതയും, ധൈര്യവും, ശൗര്യവും, വൈദഗ്ദ്ധ്യവും, ബുദ്ധിയും, ഭരണചാതുരിയും, ഔദാര്യവും, മഹാമനസ്കതയും, ക്ഷമാശക്തിയും, കൃത്യനിഷ്ഠയും, ദൃഢചിത്തതയും ഏറിയിട്ടുള്ള സന്താനങ്ങൾ വഞ്ചിഭൂരംഗത്തിൽ അവതരിച്ചിരുന്നിരിക്കാം. എന്നാൽ “ഘോരാക്കത്താന്തവിധം കഠോരമാം മാഴത്തിലങ്ങാഴിയിൽ ചൊല്ലേറുള്ളൊരു” രത്നജാലം എത്രയാണു മനുഷ്യസമുദായത്തിൻെറ തീരെ അപൂർണ്ണമായ ബുദ്ധിഗ്രഹണങ്ങൾക്ക്

അതീതമായി, സന്ദർഭസത്വത്താൽ ഉപേക്ഷിതമായി, ലോകത്തിന് ശാശ്വതമായി നഷ്ടപ്പെട്ടു പോകുന്നതു്!

എന്തൊക്കെയിരുന്നാലും കാളീശൻതമ്പിയുടേയും കൊച്ചമ്മിണിത്തങ്കച്ചിയുടേയും അവസാന പുത്രനായ പരമേശ്വരൻതമ്പി അതിപ്രശസ്തനും അതിപ്രൌഢനും, പരമസത്വവാനും ആയ ഒരു യുവാവായി ദക്ഷിണവഞ്ചി ഭൂമണ്ഡലത്തിൽ കീർത്തിപൊങ്ങിച്ചിരുന്നു. ൯൮൦-ാമാണ്ടോടടുത്ത നമ്മുടെ കഥാകാലത്തിൽ മുപ്പത്തഞ്ചു വയസ്സുമാത്രം പ്രായംവരുമായിരുന്ന ഈ വീരസന്താനം അനന്ദരായർ ദിവാൻപേഷ്കാരുടേതെന്നല്ല അക്കാലത്തെ അത്യുജ്ജ്വലനായ മന്ത്രിസത്തമന്റെപോലും ഉള്ളം കലങ്ങിയുള്ള "അങ്ങത്തേ" വിളികളാൽ സർവ്വഥാപൂജ്യനും തിരുമനസ്സിലെ വിശ്വസ്ഥപ്രജാരത്നവും ആയിക്കഴിഞ്ഞുവന്നു. പത്മനാഭപുരം നീലകണ്ഠസ്വാമിക്ഷേത്രത്തിലും, കുമാരകോവിൽ സുബ്രഹ്മണ്യക്ഷേത്രത്തിലും ഉണ്ടാകുന്ന ഉത്സവങ്ങളെയും മേലാംകോട്ടു യക്ഷിക്കോവിലിലെ കൊടയേയും, ഭംഗിയായും ക്ഷേമമായും നടത്തുന്നതിന് സർക്കാരുദ്യോഗസ്ഥന്മാർ തമ്പിഅങ്ങത്തേ ആശ്രയിക്കാതെ നിവൃത്തിയുമില്ലാതിരുന്നു. കൂടാതെ അക്കാലത്തുതന്നെ നടപ്പിൽ വന്നുതുടങ്ങിയ തിരുനൽവേലി—തിരുവനന്തപുരം തപാൽ വണ്ടികളിൽ ഉണ്ടായിക്കൊണ്ടിരുന്ന കൊള്ളകൾക്കും കൊലപാതകങ്ങൾക്കും കുറച്ചിത്തമ്പിയങ്ങുന്ന് വളരെ അമർച്ച വരുത്തിയിട്ടുണ്ടെന്നുള്ള സംഗതി രണ്ടുഗവർമ്മെന്റുകളും ഒന്നുപോലെ അഭിനന്ദിച്ചിരുന്നു.

ഇങ്ങനെ നാട്ടിനും വീട്ടിനും പൊതുവിലും പ്രത്യേകമായും രക്ഷകനായിരുന്ന പരമേശ്വരൻതമ്പി ൯൮൦-ാമാണ്ടു മേടമാസത്തിൽ ഒരുദിവസം രാവിലെ ഉറക്കമുണർന്നു് ചാവടിക്കതകു തുറന്നു് വെളിയിലേക്കു നോക്കിയപ്പോൾ കണ്ടതു് കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് അവിടുത്തേക്കും രാജ്യത്തിനും ഭാഗ്യംപെററതായ

ഒരു സുപ്രഭാതത്തിൽ തൃക്കൺപാർത്തുപോലുള്ള ഒരു കാഴ്ച യായിരുന്നു. തന്റെ വംശദിവാകരൻ അനുഗ്രഹിച്ചിരുന്ന സ്ഥാനം അതിവൃദ്ധനായ ഒരു വികൃതാംഗൻ അംഗീകരിച്ചി രിക്കുന്നു. കേശവപിള്ളയെപ്പോലെ നഗ്നനായിട്ടല്ലെങ്കിലും തലേദിവസം രാത്രിയിൽ തകർത്തുപെയ്തതായ മഴയുടേയും, വീശിഅടിച്ചതായ കാറ്റിന്റേയും, വെള്ളിമല തകർത്തതായ മേഘനിനാദത്തിന്റേയും കാഠിന്യത്തെ ലേശംപോലും വകവെ യ്ക്കാതെ സുഖനിദ്രപൂണ്ടുകഴിയുന്ന ഒരുവൃദ്ധൻ ആരായിരിക്കാ മെന്ന് തമ്പി കുനിഞ്ഞുനോക്കി.

ഉറങ്ങിക്കിടക്കുന്ന സിംഹത്തെപ്പോലെ വീരപ്രാഗത്ഭ്യം പ്രകാശിക്കുന്നതായ ആ മുഖത്തിൽ അനേകവർഷങ്ങളിലെ വിവിധാനുഭവങ്ങൾ നിഴലിട്ടിട്ടുണ്ട്. മീശയുടെ നീളവും പൌഷ്കല്യവും ജടാഭാരത്തിന്റെ ഭീകരവും കണ്ണിലെ രുദ്രാക്ഷ ക്കെട്ടുകളും കഴുത്തിൽനിന്ന് മാറിലേക്കിഴിഞ്ഞു കിടക്കുന്ന രുദ്രാക്ഷമാലകളും, കാഷായാംബരവും — ആകപ്പാടെ ഒരു യോഗീശ്വരന്റെ സാന്നിദ്ധ്യമാണ് താൻ അനുഭവിക്കുന്ന തെന്നു തമ്പിയെ മനസ്സിലാക്കി. ആ മനുഷ്യന്റെ ശയനീയ സ്ഥിതി അദ്ദേഹത്തെ അകാരണം വ്യഥിപ്പിച്ചു. തന്റെ ഹൃദയം പതിവിനു വിപരീതമായി ക്ഷോഭിക്കുന്നതായും, വസ്തുസ്ഥിതികളെ നിമേഷനേരത്തിനുള്ളിൽ ഗ്രഹിക്കുന്ന തിനു കുതിച്ചു ചാടിക്കൊണ്ടിരുന്ന ബുദ്ധി ഏതോ അന്ധകാര ഗഹനതയിലേക്കു താഴുന്നതായും അദ്ദേഹത്തിനു തോന്നി.

ഈ സ്ഥിതിയിൽ ഒരു നാഴികനേരത്തോളവും നിന്നിട്ട് പുറകോട്ടു തിരിഞ്ഞു നോക്കിയപ്പോൾ വെള്ളിക്കിണ്ടിയും ദന്ത ധാവനത്തിനുള്ള സാധനങ്ങളുമായി ഭൃത്യൻ പ്രവേശിച്ചു കഴിഞ്ഞു എന്നദ്ദേഹം ഗ്രഹിച്ചു. ഒറ്റനോട്ടത്താൽ അവനെ അവിടെനിന്ന് ഓടിച്ചിട്ട് അദ്ദേഹം കുനിഞ്ഞ് ആ നിദ്രാ ണനെ ഉണർത്തുവാൻ മുതിർന്നു. പിന്നേയും ആ കൃത്യത്തിൽ നിന്നു വിരമിച്ച് ഒന്നു ദീർഘമായി നിശ്വസിച്ചു. അനവധി

ചിന്തകളുടെ ബഹിഷ്പ്രവാഹമായ ഈ വായുസഞ്ചലനം ആ വൃദ്ധനെ ഉണൎത്തി. അദ്ദേഹം എഴുന്നേററിരുന്നു് നാലുപാടും നോക്കി "അപ്പൻ എന്തിനുനിന്നു ബുദ്ധിമുട്ടുന്നു?" എന്നു് ഹിന്ദുസ്ഥാനിയിൽ ചോദിച്ചു. ആ സ്വരം തന്റെ കണ്ണങ്ങൾവഴി സ്നായുസംഘസ്രങ്ങളിൽത്തട്ടി അതിഗംഭീരവും എന്നാൽ പരമമധുരവും ആയ സംഗീതധ്വനികളെ പുറപ്പെടുവിച്ചെന്നു് അദ്ദേഹത്തിനുതോന്നി. തന്റെ മുമ്പിൽ കൂസലുകൂടാതെ ഇരിക്കുന്ന വൃദ്ധൻ കാണുന്ന വിശ്വത്തിനും ഏകനായകനെന്നപോലെയും, താൻ ഏതോ യുവചാപല്യം നിമിത്തം കാണിച്ച ഒരു കുററത്തിനു് അദ്ദേഹത്തിന്റെ മുമ്പിൽ ശിക്ഷാഭീതിയാൽ വിറച്ചു നില്ക്കുന്ന ഒരു ചെറുഭാഗിനേയനെന്നപോലെയും തമ്പിക്കുതോന്നി. രണ്ടുപേരും പരസ്പരം സംസാരിക്കാതെ പിന്നീടും നാഴിക ഒന്നോ രണ്ടോ കഴിഞ്ഞു.

വർഷത്തിന്റെ ഭാവംമാറി കിഴക്കുദിക്കിൽ സൂൎയ്യൻ വിളങ്ങി. ഏതായാലും ഇങ്ങനെ നിന്നാൽ പന്തിയാവില്ലെന്നു കരുതി "അവിടുത്തേക്കു് ഇങ്ങു് അകത്തുകയറി ചവുക്കയിൽ വന്നു സുഖമായിരിക്കാമല്ലോ" എന്നു തമ്പി ഹിന്ദുസ്ഥാനിയിൽ ഉപചരിച്ചു. "ആകട്ടെ അതിനു വിരോധമില്ല. അപ്പൻ നടക്കു; നാം പുറകേവരാം." എന്നു പറഞ്ഞിട്ടു് വൃദ്ധൻ എഴുന്നേററു. തമ്പി ഒഴിഞ്ഞുനിന്നു അദ്ദേഹത്തെ മുന്നിലാക്കി കൈനീട്ടി വഴികാണിച്ചു ചവുക്കയിലേക്കു തിരിച്ചു. പല പുണ്യതീൎത്ഥങ്ങളും സന്ദർശിച്ചു പലമഹാഗിരികളും തരണം ചെയ്തിരിക്കാവുന്ന യോഗീശ്വരന്റെ കാലുകൾ അലിവ പോലെ വിറയ്ക്കുന്നതായി തമ്പികണ്ടു. തന്റെ മനസ്സിൽ അകാരണമായി ബഹുമാനാദരഭക്തികളെ നിറച്ച ഈ പുണ്യവാൻ ഏതോ അനിൎവാച്യനായ ഒരു പുണ്യാത്മാവു് ആയിരിക്കണമെന്നു പരമേശ്വരൻതമ്പി തീർച്ചപ്പെടുത്തി, അദ്ദേഹത്തെ തന്നാലാവുന്നവിധം സല്ക്കരിക്കുന്നതിനു തയ്യാറായി.

---

## രണ്ടാംഭാഗം.

കുന്നത്തൂർ താലൂക്കിൽചേന്ന മണ്ണടി എന്നസ്ഥലം ഇന്നു് ഒരു ഭഗവതി ക്ഷേത്രത്താലും ഒരു ബ്രാഹ്മണജന്മിയുടെ ഭവനത്താലും യശസ്സിൽത്തന്നെ കഴിയുന്നു. താരതമ്യേന ചെറുതെങ്കിലും ശുഭ്രജലപരിപൂൎണ്ണയായി ഒരു കാമനകുമാരിയെപ്പോലെ ഓജസ്സോടും ജീവസ്സോടും സ്വച്ഛന്ദപ്രവാഹം ചെയ്യുന്ന കല്ലടയാറു് മണ്ണടിദേശത്തിന്റെ അമൂല്യസമ്പത്താണു്. ഇക്കാലത്തും അനവധി ബ്രാഹ്മണർ ഈ നദിയിൽ കുളിച്ചു് വഞ്ചിപ്പുഴപ്പണ്ടാരത്തിലെ വകയായ അന്നദാനശാലയിലേക്കു പോകുന്നുണ്ടു്. ജന്മിയെക്കൂടാതെ ഇപ്പോൾ തിരുവിതാംകൂർ നായർസമുദായത്തിന്റെ ഒരു ഗണനീയസ്ഥാനമായി വിലസുന്ന ഒരു മഹാന്റെ കുടുംബക്കാരായ മാനമ്പള്ളിക്കാരും മംഗലത്തു പണിക്കരുമാരും ഈ ദേശത്തിൽ അക്കാലത്തു ജീവിച്ചിരുന്നു.

ഇപ്പോൾ കുന്നത്തൂർ താലൂക്കിന്റെ തലസ്ഥാനം അടൂർ ആണല്ലോ. അന്നു് കല്ലടയാറിന്റെ തീരത്തുള്ള [illegible] കുന്നത്തൂർ തന്നെയായിരുന്നു താലൂക്കിന്റെ പ്രധാനസ്ഥലം. പോലീസാമ്യന്മാരും, ശിപായിമാരും, കാര്യക്കാരന്മാരും, എല്ലാം ആ ദേശത്തിൽ താമസിച്ചിരുന്നു. ഇവിടെച്ചേൎന്നതായ കരിമ്പോലമ്പുഴയാണു് തീപ്പെട്ടുപോയ ഒരു സാമൂതിരിപ്പാട്ടിലെ ജനനം. ടിപ്പുസുൽത്താനെ പേടിച്ചു് തിരുവിതാംകൂറിലേക്കോടിയ കോഴിക്കോട്ടുരാജകുടുംബം കുറേക്കാലം ഇവിടെത്താമസിച്ചിരുന്നതിലേക്കു വേറെയും തെളിവുകൾ ഉണ്ടു്. ഇപ്പോൾ ഈ പ്രദേശം കേവലം അപ്രസിദ്ധമായി, ആണ്ടിൽ ഒരിക്കൽ ഉണ്ടാകുന്ന "മൃത്യുഞ്ജയഹോമ"ത്തിൽ പങ്കുകൊണ്ടു് വയറും മടിശ്ശീലയും നിറയ്ക്കുവാൻ എത്തുന്ന സാധുക്കളാൽമാത്രം അറിയപ്പെട്ടുശേഷിക്കുന്നു.

പണ്ടത്തെ സർക്കാർ ജീവനക്കാർ പലരും വളരെ അക്രമികളായിരുന്നു. വിദ്യാഭ്യാസവും പരിഷ്കാരവും പ്രചരിച്ചിട്ടില്ലാതിരിക്കുന്ന അക്കാലങ്ങളിൽ അവർ സ്വേച്ഛാലോലുപന്മാരും, ദുർമ്മോഹികളും, ജനദ്രോഹികളുംആയി രാജ്യസേവനത്തിനു പകരം രാജ്യപീഡനം യഥേഷ്ടം അനുവർത്തിച്ചുവന്നിരുന്നു. സ്വാതിതിരുനാൾതിരുമേനിയുടെ കാലശേഷം മാത്രമെ ഈ മഹാവിപത്തിന് വലുതായ ഭേദംവന്നുപോന്നുള്ളൂ. എന്നാലും പരിഷ്കാരം അങ്ങേ അററത്തെത്തിയ ഇക്കാലത്തിൽ പോലും പ്രത്യക്ഷപ്പെടുന്ന ഈവകപൈശാചികാനുഷ്ഠാനങ്ങളെപ്പററി ഓർക്കുമ്പോൾ ഉദ്യോഗഗർവ്വം ഒരിക്കലും നിലച്ചിട്ടില്ലെന്ന് ആർക്കും ഊഹിക്കാമല്ലോ. ഇക്കൂട്ടത്തിൽപ്പെട്ട ഒരു നിശാചരൻ ആയിരുന്നു അന്നത്തെ കുന്നത്തൂർതാലൂക്ക സാമ്രാട്ടായ കൊച്ചുകുഞ്ഞുപിള്ള. ഈ മനുഷ്യൻ ഒരുകാലത്തു കൊട്ടാരം രായസമായിരുന്ന കുഞ്ഞുനീലൻപിള്ളയുടെ പൌത്രനും വലിയമ്മാവൻ ചെയ്തിട്ടുള്ള ചില നീചവൃത്തികളുടെ ഫലമായി പല അധികാരസ്ഥാനങ്ങളുടെയും അനുഗ്രഹദായകത്വത്തിൽ പുഷ്ടിപ്പെടുന്ന ഒരു ഗൃദ്ധ്രം ആയിരുന്നു എന്നാണു ജനശ്രുതി.

ഇങ്ങനെയുള്ളവരുടെ ഭരണകാലത്തിൽ സാധുജനങ്ങൾക്കു രക്ഷയില്ലെന്നുള്ളതുകൊണ്ട് ഈ ഖലകേസരിയുടെ ദുർമ്മോഹജന്യമായ ദ്വേഷത്തിന് ലക്ഷ്യമായിത്തീർന്നതായ മണ്ണടി തൃത്താലിപ്പിള്ളി വീട്ടുകാരുടെ ഭാഗ്യദോഷം എത്രകണ്ടു വലുതായിരിക്കുമെന്നു പറയേണ്ടല്ലോ. കൂടാതെ, ഇ ഗൃഹത്തിൽ ഒരു അമ്മയും ഒരു മകളും പതിനെട്ടോടടുക്കുന്ന ഒരു പുരുഷനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വീട്ടുപണിയോ കൃഷിവേലയോ വേണ്ടെന്നല്ലാതെ ഇവരുടെ ധനസ്ഥിതി വളരെ താണിരുന്നു. കുറേക്കൊല്ലങ്ങൾക്കുമുമ്പു മരിച്ചുപോയ കുടുംബരക്ഷകനു ശേഷം ഇവർ ദാരിദ്ര്യക്കയത്തിലേക്ക് ഇറങ്ങാതിരിക്കുന്നതിന് വളരെ പ്രയാസപ്പെടുന്നുണ്ട്. അവരുടെ സ്ഥിതികൾ ഇത്ര പാവപ്പെട്ടതും, ആരുടെയും ശ്രദ്ധയെ അകർഷി

ക്കുന്നതിന് ഇത്ര ദൗർബ്ബല്യവും ആയിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. ഭാഗ്യദോഷത്താൽ ദേവനേത്രങ്ങൾക്കും അപൂർവ്വദർശനമായ ഒരു കോമളധാമം ഈ ചെറുവീട്ടിനെ പ്രശോഭിപ്പിക്കുന്നുണ്ടായിരുന്നു.

ഈ ശാരിക്കുട്ടിക്ക് വയസ്സ് പതിനാറു കഴിഞ്ഞു. അവളുടെ സൌന്ദര്യപ്രകർഷത്തെപ്പററിയുള്ള വിശ്രുതി നാടെങ്ങും നിറഞ്ഞിരുന്നു. അന്തസ്സിനെക്കരുതിയിട്ടല്ലായിരുന്നെങ്കിൽ ആ പ്രദേശത്തുള്ള ധനവാന്മാരിൽ ആരെങ്കിലും അവളെ വിവാഹം ചെയ്യുമായിരുന്നു എങ്കിലും, ഭഗവതീക്ഷേത്രത്തിൽ കുളിച്ചുതൊഴുവാനായും മററും അവൾ വരുന്ന അവസരങ്ങളിൽ പല സുന്ദരമധുപന്മാരും അങ്ങിങ്ങായിച്ചുററിക്കൂടി ആ പല്ലവാംഗിയെ നോക്കി ആനന്ദിക്കാറുണ്ടായിരുന്നു. ശക്തിമയിയായ ഭഗവതിയുടെ പ്രത്യേക കാരുണ്യം ആ കുടുംബത്തെ അനുഗ്രഹിക്കുന്നുണ്ടെന്ന് ഒരു കമ്പിയാൻ (ഭഗവതിയുടെ പ്രതിപുരുഷനും അനന്തശക്തനും, ദീർഘദർശിയുമായ വെളിച്ചപ്പാട്) തുള്ളിപ്പറഞ്ഞിരുന്നതുകൊണ്ട് ആ കുമാരിയുടെ തലനാരിഴയിൽ ഒന്നിനെങ്കിലും ഉപദ്രവം വരുത്തുവാൻ ആർക്കും ധൈര്യമുണ്ടായില്ല. ഈ ശാരിക്കുട്ടിയാകട്ടെ, താൻ വരുത്തിക്കൂട്ടുന്ന ഹൃദയക്ഷതങ്ങളെപ്പററി യാതൊന്നും അറിയാതെ അമ്മയോടും സോദരനോടും ഒരുമിച്ച് ആയുഷ്പദ്ധതിയിൽക്കൂടി മുന്നോട്ടു ഗമിച്ചുകൊണ്ടിരുന്നു.

ഈ അവസരത്തിലാണ് കൊച്ചുകുഞ്ഞുപിള്ള മണ്ണടി ദേശമുൾപ്പെട്ടതായ കുന്നത്തൂർ താലൂക്കിൽ കൊല്ലാനും കൊലയ്ക്കും അധികാരിയായി വന്നുചേർന്നത്. ആ നീചവിടന്റെ നേത്രങ്ങൾക്ക് ഈ ശാരിക്കുട്ടി വിഷയമായതോടുകൂടി തൃത്താലിപ്പിള്ളിക്കുടുംബത്തിന്റെ കഷ്ടകാലവും ആരംഭിച്ചു.

# മൂന്നാം ഭാഗം.

---

കക്കറിച്ചിത്തമ്പിയുടെ അതിഥിയായി താമസം തുടങ്ങിയ വൃദ്ധൻ സഞ്ചാരക്ഷീണങ്ങളിൽ നിന്നു വിമുക്തനായി അവിടത്തന്നെ താമസം ഉറപ്പിച്ചിരിക്കുന്നു. മററുള്ളവക്ക് അത്ഭുതം തോന്നത്തക്കവിധത്തിൽ അദ്ദേഹം കേരളഭാഷ പഠിച്ചുകഴിഞ്ഞു. പരമേശ്വരൻതമ്പിയെ കാണ്മാൻ വരുന്നവക്കെല്ലാം അദ്ദേഹം ഒരു ഗുരുഭൂതനായിത്തീൎന്നു. ഒരു പക്ഷേ ഭക്ഷണത്തിന്റെ തികവും ക്രമവും കൊണ്ടായിരിക്കാം അദ്ദേഹം പ്രായപദ്ധതിയിലൂടെ പിന്നോട്ടിറങ്ങിത്തുടങ്ങി. ഏകദേശം നിത്യമെന്നപോലെ നാട്ടിലെ ഗൃഹങ്ങളിലൊക്കെ ചുററിനടന്നു പല സാധുജനങ്ങളുമായി സംസാരിക്കുക അദ്ദേഹത്തിനൊരു പതിവായിത്തീൎന്നു. യോഗീശ്വരന്മാരുടെ പേരും വീടും നാടും അറിവാനുദ്യമിക്കുക പാപമാണെന്നുള്ള വിശ്വാസത്താൽ സന്ന്യാസിയോ വെറും ഉദരപ്രിയനോ ആയ ഇദ്ദേഹത്തെപ്പററി ആരും പ്രത്യക്ഷമായ യാതൊരു അന്വേഷണവും നടത്തിയില്ല.

൧൦൮൧-ാം വർഷത്തിലെ ആദ്യസൂൎയ്യൻ കേരളഖണ്ഡത്തെ കിരണകന്ദളങ്ങളാൽ അനുഗ്രഹിച്ചു. കർഷകന്മാരെല്ലാം ജോലികൾ മതിയാക്കി ഓണമഹോത്സവം കൊണ്ടാടുവാനായി വീടുകളിൽ ഒതുങ്ങി. ഇടത്തരക്കാരും താണയാളുകളും ഓണക്കാഴ്ചകൾ സംഭരിച്ചു തുടങ്ങി. പരമേശ്വരൻതമ്പി ഓണക്കോടി ഏല്പിക്കുന്നതിനായി കോട്ടാരേക്കു പോയി. കൊച്ചമ്മിണിത്തങ്കച്ചി വസ്ത്രവട്ടങ്ങൾ നന്നാക്കുന്നതിനുള്ള ആജ്ഞകൾ കൊടുക്കുവാനായി അടുക്കളത്തളത്തിലേക്കുള്ള വാർഷികസന്ദർശനത്തിനു തയ്യാറായി. ചാന്നാന്മാരും മററ് അടിയാന്മാരും തെക്കേവീട്ടിന്റെ പരിസരദേശങ്ങളിൽ മൺവെട്ടിയുമായി കൂടി "തിരുമുമ്പിൽവേല" തുടന്നു.

നമ്മുടെ വൃദ്ധൻ അന്നു രാവിലെ പോയിട്ടു ഇതുവരെയും വന്നില്ല. അദ്ദേഹത്തിനു കാച്ചിവച്ചിരുന്ന പാലും തയാറാക്കിയ മററു സാമഗ്രികളും തീരെ തണുത്തുതുടങ്ങി. നേരം വൈകാറായിട്ടും അദ്ദേഹത്തെ കാണ്മാനില്ല. തങ്കച്ചിയുടെ മനസ്സിൽ അല്പമായ ഉൽക്കണ്ഠയുണ്ടായി. രണ്ടു മൂന്നു ഭൃത്യന്മാരെ വിളിച്ചു തലക്കുളത്തും പത്തായും പോയി അന്വേഷിക്കുന്നതിനയച്ചു. നിരാശരായി ആ ഭൃത്യസംഘം നിശാമദ്ധ്യത്തോടെ തിരിച്ചെത്തി.

വൃദ്ധൻപോയതു തലക്കുളത്തുതന്നെയായിരുന്നു. അവിടെയെത്തി ഒരു പറമ്പിൽ കയറി അദ്ദേഹം നാലുപാടും നോക്കി, ഓരോകോണിലും ചെന്നു നിശ്ചേഷ്ടനായി നിന്നിട്ടു ഒടുവിൽ ഒരു വലിയ കുഴമരത്തിന്റെ ചുവട്ടിൽ ഉയർന്നുകാണപ്പെട്ട കല്ലിൽ ക്ഷീണപാരവശ്യത്തോടെ ഇരുന്നു. അവിടെനിന്നു എഴുന്നേററതു രാത്രിയുടെ അന്ത്യയാമം കഴിയാറായപ്പോൾ ആയിരുന്നു. ഈ അസാധാരണ പ്രവൃത്തിയിലോ നിശ്ചേതനതയിലോ അടങ്ങിയിരിക്കുന്ന അർത്ഥം എന്തെന്നു ആർക്കുതന്നെ അറിയാം! എഴുന്നേററു മുന്നോട്ടു പോകുവാൻ തുടങ്ങിയ അദ്ദേഹത്തിന്റെ പാദങ്ങൾ ഭൂമിയിൽ നിന്നു ലേശമെങ്കിലും ഇളകിയില്ല.

വൃദ്ധൻ ആകാശാഭിമുഖനായി നിന്നു. മന്ദസ്മേരവദനനായ ചന്ദ്രൻ ആ നിർഭാഗ്യവംശജാതന്റെ ഹതവിധിയെ ഭത്സിച്ചു. ഈ കൃത്യത്തിൽ കോപിഷ്ഠനായ വൃദ്ധൻ ത്രിപുരദഹനപ്രബന്ധത്തിലെ സംഹാരരുദ്രനോളം അഗ്നേയനേത്രങ്ങളെ ആ മുഗ്ദ്ധാംഗനായ ശുഭ്രാംശിയെ ദഹിപ്പിക്കുവാൻ എന്നവണ്ണം തുറന്നു. അനേകവർഷങ്ങൾ കൊണ്ടു ഒരേ നിലയിൽ നില്ക്കുന്നതിനാൽ പല കാഴ്ചകളും കണ്ടിരിക്കാവുന്ന ഉന്നതസാലങ്ങൾ അദ്ദേഹത്തിനു നേത്രഗോചരങ്ങളല്ലാത്ത അതിസ്ഥൂരങ്ങൾ നീട്ടുന്നതായിത്തോന്നി ആ ദുഷ്ടാത്മാവു അടങ്ങി. വിവിധ ശീതോഷ്ണങ്ങളിലും ആയുസ്സു നയിച്ചു

വന്ന താൻ ജീവിതവ്രതമായി കൈക്കൊണ്ടിരുന്ന ഈ വീരസുഖാനുഭൂതിയിൽ സാക്ഷ്യംവഹിക്കുന്നതിനായി വംശരത്നങ്ങളായിരുന്ന വല്ല ആത്മാക്കളും എത്തുന്നുവോ എന്നു് ആ ക്ഷീണഗാത്രൻ ചുററിലും നോക്കി.

വൃദ്ധന്റെകോപംകൊണ്ടെന്നപോലെ ചന്ദ്രൻ കാർമേഘപടലത്തിനടിയിൽ മറഞ്ഞു. പടിഞ്ഞാറുള്ള സമുദ്രക്കരയിൽനിന്നു ശീതളമായ കാററു് അവിടെയെങ്ങും ചുററിയടിച്ചു. പനയോലകളുടെ തടിച്ചു ഭാഗങ്ങൾ തമ്മിൽ ഉരഞ്ഞു് കർണ്ണാരുന്തുദവും ഭയാനകവുമായ ശബ്ദത്തെ പുറപ്പെടുവിച്ചു. വൃദ്ധൻ പിന്നീട്ടും ആ തമോരാശിയിലേക്കു നോക്കിക്കൊണ്ടിരുന്നു. ചിത്തവ്യാപാരങ്ങൾ എല്ലാം ഏകകേന്ദ്രത്തിൽ ഉറച്ചു. ശരീരം ശിലാപ്രതിമപോലെ നിശ്ചലമായി. കണ്ണും മസ്തിഷ്കവും പുകഞ്ഞുതിളച്ചു. ഇരുട്ടിലേക്കു തുറന്ന നേത്രങ്ങൾക്കു പിന്നേയും ചലനം ഉണ്ടായില്ല. മുന്നിലുള്ള ഇരുട്ടു് ഏകമൂർത്തിയായി കൂട്ടത്തേചേർന്നതുപോലെയുള്ള ഒരു സത്വം ആകാശംമുട്ടി തന്റെനേക്കു വരുന്നതായി അദ്ദേഹത്തിനു തോന്നി. സരൂക്ഷവും എന്നാൽ സശോകവും ആയ രണ്ടു് അത്യുജ്ജ്വല നേത്രങ്ങൾ തന്റെ ഹൃദയചലനത്തെ സൂക്ഷിച്ചു ദർശിക്കുന്നതായി ആ വയസ്സൻ വിചാരിച്ചു. "അമ്മേ! ഭഗവതീ! മേലാംകോട്ടമ്മേ!" എന്നുള്ള ആക്രോശത്തോടുകൂടി അദ്ദേഹം കമഴ്ന്നുവീണു.

---

## നാലാം ഭാഗം.

---

കൊച്ചുകുഞ്ഞുപിള്ള കാര്യക്കാരുടെ അന്തേവാസിയായിതീർന്ന ശേഷം മാത്തുക്കുറുപ്പു്, തൃത്താലപ്പിള്ളിവീട്ടിൽ ഊശാരിക്കുട്ടിയുടെ സഹോദരനായി കഴിഞ്ഞ ഒരു ഭാഗത്തിൽ പറഞ്ഞിട്ടുള്ള യുവാവുതന്നെ ആണു്. ചാരിത്ര്യധ്വംസകന്മാരായ

ഉദ്യോഗസ്ഥ ദുർമ്മദന്മാർ തങ്ങളുടെ ഗൃഹ്യനേത്രങ്ങൾക്കു വിഷ
യീഭവിക്കുന്ന കാമിനീമണികളുടെ ബന്ധുക്കളെ സൎക്കാർജീവ
നത്തിൽ പ്രവേശിപ്പിക്കുകയും, അന്യായമായ കയററം കൊടു
ക്കുകയും ചെയ്യുന്ന ഏൎപ്പാട്ട് അന്നും നടപ്പുണ്ടായിരുന്നു. കാ
ൎയ്യം ഒന്നും അറിയാതെ യജമാനൻെറ സാധുപാലനരീതിയേ
പുകഴ്ത്തിക്കൊണ്ട് സാധുവായ ഈ യുവാവ് അദ്ദേഹത്തിനാൽ
നല്കപ്പെട്ട അവകാശങ്ങളിൽ ഉയൎന്ന് വളരെവേഗംതന്നെ
കാൎയ്യക്കാരുടെ വിചാരിപ്പുകാരായിത്തീൎന്നു. അതോടുകൂടി
കുന്നത്തൂർകച്ചേരിസ്ഥലത്തു നിന്ന് പിന്നും മണ്ണടിയിൽപ്പോ
കുവാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ട്, തൻെറ ഈ ഭാ
സൌകൎയ്യം മനസ്സിലാക്കി യജമാനൻെറ ഉപദേശപ്രകാരം,
അമ്മയേയും സഹോദരിയേയും കുന്നത്തൂർ കൊണ്ടുവന്ന് ഒരു
വീട്ടിൽ താമസമാക്കി. ഇങ്ങനെ കാൎയ്യക്കാരുടെ ഇംഗിതാപ്തി
ക്കുള്ള സകലസൌകൎയ്യവും വെടിപ്പാക്കി. ദുഷ്ടബുദ്ധിയി
ല്ലാത്ത ലോകം ഈ സ്ഥിതിലയങ്ങളെപ്പററി ഒന്നുംതന്നെ
വ്യാഖ്യാനിക്കുവാനോ ഗുണദോഷവിവേചനം ചെയ്യാനോ
തുടങ്ങിയതേയില്ല.

ഒരു സായാഹ്നത്തിൽ കുളിയുംകഴിഞ്ഞ് ഈശ്വരിക്കുട്ടി
ഭവനത്തിലേക്കു മടങ്ങുകയായിരുന്നു. അമ്മയുടെ ശിക്ഷയാൽ
ലഭിച്ച ജ്ഞാനം അവളെ ഈശ്വരഭക്തിയും ആലോചനയും
ഉള്ള ഒരു ബാലികയാക്കിത്തീൎത്തിട്ടുണ്ട്. പിന്നും സന്ധ്യാകാല
ങ്ങളിൽ അവൾ പതിവായി എഴുത്തച്ഛൻെറ ഭാരതമോ രാമാ
യണമോ ഇരുപത്തിനാലുവൃത്തമോ വായിച്ചുവന്നു. ഗൃഹജോ
ലിയൊഴിഞ്ഞു ഒഴിവായിരിക്കുന്ന അവസരങ്ങളിൽ അവൾ
പുരാണത്തിലെ ഓരോ കഥകളേയും കഥാപാത്രങ്ങളേയുംപററി
ഓരോന്നു ചിന്തിച്ചുവന്നു. തൻെറവീട്ടിനുള്ളിൽ കാണുന്ന
വാസ്തവലോകത്തിനും തൻെറ ഭാവനയിൽ ഉദിക്കുന്ന കല്പിത
ലോകത്തിനും വെളിയിൽ അവൾ കടന്നിട്ടുണ്ടായിരുന്നില്ല.
ശ്രീകൃഷ്ണനും അൎജ്ജുനനും സുകുമാരന്മാരായ മററു പുരാണപുരു

ഷരത്നങ്ങളും അവളുടെ ആരാധനാപാത്രങ്ങളായിരുന്നു. സീത, രുഗ്മിണിമുതലായ വനിതകൾ അവളുടെ സന്തതസഹചാരിണികളായിരുന്നു. ഇങ്ങനെ ഇരിക്കുന്ന അവസരത്തിലാണ് അടുത്തൊരു വീട്ടിൽ നളചരിതം കഥകളി ഉണ്ടായത്. അമ്മയിൽനിന്നു നേരത്തേതന്നെ കഥ മുഴുവൻ അവൾ സുവ്യക്തമായി ഗ്രഹിച്ചിട്ട് അവരോടുകൂടി കഥകളി കാണുവാൻ അവൾ പോയി. നാലു ദിവസവും ഉറങ്ങാതെതന്നെ അവൾ ആട്ടം കണ്ടു. ഇത് അവളുടെ ഹൃദയത്തിൽ അസ്പഷ്ടങ്ങളായ ചില വികാരങ്ങൾ ഉളവാക്കി.

മാതുക്കുറുപ്പിനെ ബുദ്ധിമുട്ടിച്ചതിന്റെ ഫലമായി ആ യുവാവ് എവിടെനിന്നോ ഒരു നളചരിതം കിളിപ്പാട്ട് അവൾക്കു കൊണ്ടുകൊടുത്തു. ഈശ്വരിക്കുട്ടി അത് അതിശ്രദ്ധയോടുകൂടി പല ഉരു വായിച്ചു. കാമാർത്തിയിൽ ദഹിക്കുന്ന നളദമയന്തിമാരേയും, അവരുടെ പരസ്പരാനുരാഗത്തിന്റെ ആരംഭവൈശിഷ്ട്യത്തേയും, അവർക്കു വന്ന ഖേദോദന്തങ്ങളിലും അവരിൽ സ്ഥായിയായി ഉത്തരോത്തരം പ്രവൃദ്ധമായി വന്ന പ്രണയസമ്പത്തിനേയും പററി അവൾ തനിയേ ആലോചിച്ചുതുടങ്ങി. ആവിധമുള്ള ചിന്തകൾ അവളിൽ പ്രണയത്തിന്റെ അമൂല്യതയേയും, ആനന്ദപ്രദായകതയേയും പററി പരിപൂർണ്ണബോധം ഉളവാക്കി. കിടക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴും എന്നുവേണ്ട സകല സമയവും അവളിൽ ഈ ചിന്ത ഗാഢമായി വളർന്നുവന്നു. ഇതുകൊണ്ട് തന്റെ രക്തത്തിന് മുന്നേക്കാൾ ജീവസ്സും പുഷ്ടിയും ഉണ്ടായിട്ടുള്ളതായി അവൾക്കു തോന്നി.

ഇങ്ങനെയുള്ള ഒരു ഘട്ടമാണ് അവൾ കളി കഴിഞ്ഞു വീട്ടിലേക്കു മടങ്ങിയ ആ പ്രത്യേകദിവസം. വീട്ടിന്റെ പടി കടന്ന് അകത്തോട്ടു പ്രവേശിച്ചപ്പോൾ അവൾ കണ്ടത് ഒരു യുവാവിനെയാണ്. സാധാരണമായി പരപുരുഷദർശനത്തിൽ കൂസൽ സംഭവിക്കാത്ത അവൾ പെട്ടെന്നൊന്നു ഞെട്ടി

പുറകോട്ടുമാറി. അപ്രതിഹതമായ ഏതോ ഒരു വികാരം അവളുടെഅന്തർമ്മണ്ഡലങ്ങളെ സഞ്ചലിപ്പിക്കുന്നതായിത്തോന്നി. അവൾ നമ്രമുഖിയായി ഒരു വശം ഒഴിഞ്ഞു് ഭവനത്തിനുള്ളിൽകടന്നു. ആ യുവാവാകട്ടെ, മുററത്തേക്കുചെന്നു് "അമ്മ എവിടെപ്പോയിരിക്കുന്നു" എന്നു ചോദിച്ചു. അവളുടെ കർണ്ണങ്ങളിൽ ആ സ്വരം ദിവ്യസംഗീതംപോലെ പീയൂഷവർഷം ചെയ്തു. അമ്മ ആ വീട്ടിൽ ഇല്ലാതിരുന്ന സന്ദർഭത്തിൽ ഏതോ അവശ്യംപ്രമാണിച്ചു വന്നിരിക്കുന്ന ആളിനെ ഉപചരിക്കേണ്ടതു തൻെറ കടമയാണെന്നുള്ള കൃത്യബോധം എങ്ങനെ തന്നെ കൈവിട്ടുപോയി എന്നു് അവൾ അത്ഭുതപ്പെട്ടു. "ഞാൻ കുളിക്കുവാൻ പോകുമ്പോൾ ഇവിടെ ഉണ്ടായിരുന്നു. വേറെ എങ്ങും പോയിരിക്കില്ല. ഇപ്പോൾ വരും. ഇങ്ങു കയറി ഇരിക്കാമല്ലോ" എന്നു് തന്നാൽ ആവുന്നവിധം ഉപചരിച്ചിട്ടു് അവൾ മുണ്ടുമാറുവാൻ നാലുകെട്ടിലേക്കു പോയി.

മുണ്ടുമാറി ഭസ്മവുംതൊട്ടു് അവൾ പൂമുഖത്തേക്കു കടന്നിട്ടു് പിന്നീടും മുററത്തുതന്നെ നിൽക്കുന്ന ആഗതനോടു വീണ്ടും ഇരിക്കുവാൻ ഉപചരിച്ചു. അദ്ദേഹം അതു സ്വീകരിച്ചു് പൂമുഖപ്പടിയിൽ ഇട്ടിരുന്ന വെളുത്ത മെത്തപ്പായിൽ ഇരുന്നു.

യുവാ—"വരുവാൻ താമസിക്കുമെങ്കിൽ ഞാൻ കാലത്തേവരാം. അത്ര വലിയ അത്യാവശ്യകാര്യമല്ല. ഒരു പക്ഷേ, ഞാൻ വന്നിരുന്നെന്നു കൂട്ടി പറഞ്ഞേച്ചാലുംമതി. കാര്യം അവക്കു മനസ്സിലാകും"

ഈശ്വ—"അങ്ങനേയും വേണമെങ്കിൽ ആകാം. ആരു വന്നെന്നു പറയണം?"

യുവാ—"പൂച്ചിറയ്ക്കൽനിന്നു് ഒരാൾ വന്നുവെന്നു"

ഈശ്വ—"ആ വീട്ടുപേരു് ഞാൻ പലതവണയും കേട്ടിട്ടുണ്ടു്. ഇവിടെ അടുത്തെവിടെയോ ആണല്ലോ? അമ്മയും

ഉടപ്പിറന്നവനും പലപ്പോഴും പൂച്ചിറയ്ക്കൽ പരമുപിള്ള എന്നൊരാളെപ്പററി പറയാറുണ്ടു്. അവിടുത്തേപ്പേരു്—"

യുവാ—"അതേ, എൻെറ പേർ അതുതന്നെ. എന്നാൽ ഞാൻ പോകുന്നു. സന്ധ്യയാകാറായസ്ഥിതിക്കു് കുട്ടി തന്നെ ഇവിടെയിരിക്കുമോ?"

ഈശ്വരിക്കുട്ടിക്കു് ആ കമനീയാംഗൻ പെട്ടെന്നുപോകുന്നതിൽ തീരെ സമ്മതം ഇല്ലായിരുന്നു. പൂച്ചിറയ്ക്കൽ പരമുപിള്ളയെക്കുറിച്ചു് ഏതോ വളരെ നല്ലകാര്യങ്ങൾ ആണു് താൻ കേട്ടിട്ടുള്ളതു്. തൻെറ കുടുംബത്തിനു് ഇദ്ദേഹമോ ഇദ്ദേഹത്തിൻെറ വല്ലവരുമോ ഏതോ സഹായം ചെയ്തതായി കേട്ടിട്ടുണ്ടെന്നും ഒരോർമ്മയുണ്ടു്. എന്തായാലും വല്ല കാരണവശാലും ഇദ്ദേഹം കുറേക്കൂടെ അവിടെ ഇരുന്നാൽ കൊള്ളാമെന്നു് അവൾ ആഗ്രഹിച്ചു.

"എനിക്കു തനിച്ചിരിക്കുന്നതിനു ഭയം ഇല്ല. ഇപ്പോൾ വിളക്കുകത്തിക്കാറായല്ലോ. ഞാൻ നാമം ജപിച്ചുകൊണ്ടിരിക്കും. പക്ഷേ അമ്മ ഇനി തീരെത്താമസിക്കുകയില്ലെന്നു തീർച്ചതന്നെ. അങ്ങനെയാണെങ്കിൽ കണ്ടിട്ടുപോവുകയല്ലേ നന്നു്."

പര:—"ശരിതന്നെ. എന്നാൽപോയി വിളക്കു കത്തിച്ചു നാമജപം തുടങ്ങിക്കൊള്ളൂ. ഞാൻ ഈ മുററത്തു് അല്പം ഒന്നു നടക്കട്ടെ."

അദ്ദേഹം വെളിയിലേക്കിറങ്ങി. ഈശ്വരിക്കുട്ടി വിളക്കു കത്തിക്കുവാൻ അകത്തേക്കുംപോയി. അപ്പോഴേക്കു അവളുടെ അമ്മയും വന്നുചേർന്നു. പരമുപിള്ളയെക്കണ്ടു് സന്തോഷപാരവശ്യത്തോടുകൂടി ആ സ്ത്രീ അദ്ദേഹത്തെ ഉപചരിക്കുവാൻ തുടങ്ങി.

"വേണ്ടാ, വേണ്ടാ, മകൾ കുട്ടി എനിക്കു പായിട്ടുതന്നു് വേണ്ട ഉപചാരവാക്കുകൾ ഒക്കെപ്പറഞ്ഞു. അമ്മയ്ക്കു് വലിയ ധൃതിയില്ലെങ്കിൽ നമുക്കിവിടെനിന്നു സംസാരിക്കാം"

അമ്മ— അതു് ഈശ്വരിയോ? ശരിയായി! വാലും തലയും തിരിയാത്ത പെണ്ണു്. അവൾ വല്ല അധികപ്രസംഗവും കാണിച്ചിരിക്കും."

പര:—"ഒന്നുമില്ല. വളരെ മര്യാദയോടും അന്തസ്സായും പെരുമാറി."

അവർ തമ്മിൽ ഏതോ രഹസ്യസംഗതികളെപ്പററി വളരെനേരം സംസാരിച്ചുകൊണ്ടുനിന്നു.

---

## അഞ്ചാംഭാഗം.

—:*:—

"മരമണ്ടാ! അങ്ങിനെയാണോ ആ മുണ്ടുമടക്കിവെയ്ക്കേണ്ടതു്? അതു് എൻെറ വിചാരിപ്പുകാരൻ വഷളാക്കി. വില എത്രയെന്നു നിശ്ചയമുണ്ടോ? ആറുകലിപ്പണം ആ അക്രമിച്ചെട്ടി എന്നോടു വാങ്ങിച്ചതാണു്. പക്ഷേ ഇഴയും കസവിൻെറഗുണവും അത്രയ്ക്കില്ലെന്നു സമ്മതിക്കാം. ഏതായാലും ഇനി അതു് ഒന്നലക്കിയേ എനിക്കുപയോഗിക്കാവൂ. നീ മടക്കിവെച്ചതും, തിരിയെ മടക്കിയതും അത്രവിശേഷത്തിൽ. കൊണ്ടുപോ, എനിക്കുവേണ്ടാ. നീ തന്നെ തോളിൽപ്പോട്ടി വല്ല പെൺകൊച്ചുങ്ങളുടെയും നെഞ്ചത്ത ഭംഗിയാക്കിക്കോ" എന്നു കാര്യക്കാർ തൻെറ വാത്സല്യഭാജനമായ മാതുക്കുറുപ്പിനെ ശാസിക്കുകയാണു്. കാര്യം അറിയാത്ത ആ യുവാവു് അദ്ദേഹത്തിൻെറ മുഖത്തു തുറിച്ചുനോക്കി, "എടുത്തുകൊള്ളാനല്ലേ പറഞ്ഞതു്? അതിനും ഇനി ചീട്ടെഴുതി ഒപ്പിട്ടുതരണമെന്നോ?"

"യജമാനനേ! ഞാൻ ഇതു നന്നായി വെളുത്തേടൻ മടക്കിയതുപോലെ മടക്കിവെച്ചിരിക്കുകയാണു്. ഒന്നു നോക്കിയാൽ അറിയാം" എന്നു പറഞ്ഞു് അയാൾ അതു് കാര്യക്കാരുടെ മുമ്പിലേക്കു കൊണ്ടുചെന്നു. അദ്ദേഹം അതു വാങ്ങി തൻെറ മെത്തപ്പുറത്തേക്കെറിഞ്ഞു.

"എടുത്തുകൊണ്ടു കടക്കാനാണു പറഞ്ഞതു്. ദേഷ്യപ്പെട്ടല്ല. അതു നിനക്കു നാം സമ്മാനമായിത്തന്നിരിക്കുന്നു. വളരെ സന്തോഷിച്ചു്" എന്നു മന്ദസ്മേരവദനനായി മഹാവിഷ്ണുവിനെപ്പോലെ കാരുണ്യസമ്പൂൎണ്ണനായിപ്പറഞ്ഞു.

മാതു:— "എനിക്കിതെന്തിനു്? ഇതിൻെറ വിലഞങ്ങൾക്കു് ആറുമാസം കഞ്ഞികുടിക്കുവാൻ ഉണ്ടു്. പിന്നെ വല്ലവരും ആക്ഷേപിക്കുന്നതു് കേൾക്കുവാൻ—"

കാൎയ്യ:—"ആ രസികകുഞ്ജരാ! ഇതിടുവാൻ തക്ക ആളും നിൻെറ വീട്ടിൽഇല്ലേ? ഒരു പെൺകുട്ടിയുണ്ടെന്നു നീ പറഞ്ഞല്ലോ. അതിനെത്ര വയസ്സായെന്നു് അന്നു ചോദിക്കുവാൻ മറന്നുപോയി. അതുപൊടിയാണെങ്കിൽ നിൻെറ അമ്മയ്ക്കു് ഇതുകൊണ്ടുപയോഗം ഇല്ലേ?"

മാതു:—"പെണ്ണു പ്രായം വന്നവൾ ആണു്. പക്ഷേ അവൾക്കും അമ്മയ്ക്കും ഇതുകൊണ്ടെന്നെപ്പോലെതന്നെ ഉപയോഗം തീരെയില്ല."

കാൎയ്യ:—"അഹാ! പ്രായം വന്നവളാണെങ്കിൽ വല്ല കീറപ്പഴന്തുണിയും ഉടുത്തുനടത്തിയാൽ ആരും ആണുങ്ങൾ വരില്ലെന്നേയുള്ളൂ. അതാണു പറഞ്ഞതു്, നീ ഇതെടുത്തു കൊണ്ടുപോയി ആ കൊച്ചിനു കൊടുക്കു്."

മാതു:—"രണ്ടുകൊണ്ടു നോക്കിയാലും ഞങ്ങൾക്കീമുണ്ടു് ആവശ്യമില്ല. ഒന്നാമതു് ഇതു് ഞങ്ങൾക്കു ചേരുന്നതല്ല. പിന്നെ യജമാനൻ ദയവുകൊണ്ടു തന്നാലും, വേറൊരാൾ ഇട്ടമുണ്ടു് ഞങ്ങൾക്കുകൊള്ളൂല്ല."

കാൎയ്യക്കാരുടെ മുഖം ചുവന്നു. താൻ ഉപയോഗിച്ച സാധനം, തൻെറ ഭക്ഷ്യശിഷ്ടംപോലും, വേണ്ടെന്നുപറയുവാൻ തക്കധൈൎയ്യം ആ താലൂക്കിൽ വല്ലവൎക്കും ഉണ്ടെന്നുപോലും അദ്ദേഹത്തിനു വിശ്വാസം ഇല്ലായിരുന്നു. പക്ഷെ, കാൎയ്യസാദ്ധ്യത്തിനുവേണ്ടി അദ്ദേഹം നയവാദിയായി.

"ശരി, ശരി, വെളുത്തേടൻ അലക്കുന്ന വസ്ത്രമല്ലാ കോവിലിൽച്ചെണ്ടും ഉടയാട ചാൎത്താറു്? നീ എന്തുവിഡ്ഢി! ദേവന്മാരേക്കാൾ വലിപ്പമാണു് നിനക്കും നിന്റെ വീട്ടിൽ ഉള്ളവൎക്കും. നീ മററുള്ള കാൎയ്യങ്ങളിൽ സമൎത്ഥൻ. എങ്കിലും നിന്റെ സംഗതിയിൽ മോശം, പരമമോശം. കൊണ്ടുപോവാൻ മനസ്സുണ്ടെങ്കിൽ അങ്ങനെ ചെയ്യു്; അല്ലെങ്കിൽ, വളരെ സന്തോഷം അതങ്ങു പെട്ടിയിൽ വച്ചേയ്ക്കു്. മുറയ്ക്കുള്ള ശമ്പളമേ നിനക്കാവശ്യമുള്ളെങ്കിൽ ഞാൻ അതു ഇനിമേൽ കരുതിക്കൊള്ളാം."

ഒടുവിലത്തെ ഭീഷണിപ്രയോഗത്തിനെങ്കിലും അല്പം ഫലം കാണുമെന്നു് ആ ഉദ്യോഗസ്ഥൻ ആശിച്ചു. എന്നാൽ മാത്തുക്കുട്ടി ഒന്നും ഉരിയാടാതെ ആ മുണ്ടു് ഭദ്രമായി കാൎയ്യക്കാരുടെ പെട്ടിയിൽവച്ചു പൂട്ടി താക്കോൽ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവയ്ക്കുകയാണു ചെയ്തതു്.

"ആഹാ! ഇനി, കെട്ടുംപൂട്ടുമൊക്കെ താഴ്ത്തുവയ്ക്കാനാണു് ഭാവം, ഇല്ലേ? ശരി, ശരി, അതു നാംകൂടി സമ്മതിക്കേണ്ട കാൎയ്യമാണല്ലോ."

മാത്തു:— "അതല്ല. യജമാനന്റെ കൃപകൊണ്ടു് എനിയ്ക്കു് എന്നും യജമാനനേ സേവിക്കണമെന്നുതന്നെയാണു് ആഗ്രഹം" എന്നു് അതിവിനീതനായിപ്പറഞ്ഞു.

കാൎയ്യ:— "അതിങ്ങറിയാതെയില്ല. എന്നുവിചാരിച്ചു് നീ വ്യസനിക്കയുംവേണ്ട. പോകട്ടെ; നിന്റെ അമ്മയും ഇളയപെണ്ണും ഇത്ര ദൂരെത്താമസിച്ചാൽ ഒന്നുകിൽ അവൎക്കു് അല്ലെങ്കിൽ നമുക്കു് നിന്നെ സൌകൎയ്യത്തിനു കാണാത്തതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകില്ലേ? ആ സാധുക്കൾ അങ്ങു് മണ്ണടിയിൽത്തന്നെ താമസിക്കുകയായിരുന്നില്ലേ ഇതിൽ നന്നു്? അതു പാടില്ല. നമ്മെ സേവിക്കുന്ന ഒരു പയ്യന്റെ ആളുകൾ അങ്ങനെ ബുദ്ധിമുട്ടിക്കൂടാ. നമുക്കു നീ ഒരു നിമിഷ

മെങ്കിലും ഇല്ലാതെ ഒരു കാൎയ്യനടപ്പും ഇല്ല. അതുകൊണ്ടു ന്നു വിചാരിക്കുന്നു. ഇതാ ആ ഏഴുപന്തൽ പടിഞ്ഞാറേപ്പുറയിടത്തിൽ ഒരു നല്ല കെട്ടിടം ഇല്ലേ? അതു് മഠക്കാരുടെ വകയാണു്. അവരോടു നാം ഇന്നുതന്നെ ഏൎപ്പാടു ചെയ്തുകളയാം. അവിടെ നിങ്ങൾക്കു് സുഖമായിത്താമസിക്കാമല്ലോ.”

മാതു:— “അമ്മയ്ക്കു് അററിക്കരെ വരുന്നതു സമ്മതമല്ല. വല്ല അത്യാവശ്യത്തിനും വീട്ടിലേക്കു് പോകേണ്ടിവന്നാൽ ഇപ്പഴത്തെ താമസം അതിനു സൌകൎയ്യവുമാണു്.”

കാൎയ്യ:— “ശരി, അമ്മയുടേയും അച്ഛന്റെയും സൌകൎയ്യം ഒക്കെ നോക്കിയിട്ടാണു് നാം ശേവുകക്കാൎക്കു ജോലികൊടുക്കേണ്ടതു്?”

മാതു:— “അതിനെന്തെജമാനനേ! ഞാൻ മാത്രമേ ഇവിടെ ശേവുകമുള്ളുവല്ലോ. ഞാൻ യജമാനന്റെ സൌകൎയ്യംനോക്കി നില്ക്കേണ്ടവനുമാണു്. അതെനിക്കു നല്ലതുപോലറിയാം.”

കാൎയ്യ:—(ഉത്തരം മുട്ടിയതിൽ കോപാന്ധനായി) “എന്തു്! ഇക്കുത്തരം കൊണ്ടു പത്മനാഭന്റെ ചോറുണ്ടുകളയാമെന്നാണോടാ പോക്കിരീ! നീ നോക്കുന്നതു്? ഭ്രം! നീയുമായിരുന്നോ, നാം നിന്നെ കളിപ്പിക്കുന്നെന്നുവച്ചു് ഏണിചാരി തലയിൽക്കയറുവാൻ നോക്കുന്നോ തെമ്മാടീ! കാലിൽ ചങ്ങലവീഴുമെന്നോൎത്തോ. മൎയ്യാദയ്ക്കു്, നിനക്കു രക്ഷവേണമെന്നുണ്ടെങ്കിൽ അവരെ ഇവിടെ അടുത്തെങ്ങാനും കൊണ്ടു പാൎപ്പിച്ചുകള.”

ചതുരപാദങ്ങളിൽ മറവുള്ളതുരണ്ടും നോക്കിനിട്ടു് ഭണ്ഡാത്തിലേക്കു കടക്കുന്ന ഭേദത്തിൽ ഇപ്പോൾ കാൎയ്യക്കാർ പ്രവേശിച്ചിരിക്കയാണു്. അദ്ദേഹം പലനാൾകൊണ്ടു

ആദ്യത്തെ രണ്ടുവിധങ്ങളും നോക്കി ഫലമില്ലെന്നു കണ്ടിരിക്കുന്നു.

മാതുക്കുറുപ്പു് ദരിദ്രനെങ്കിലും വംശമാഹാത്മ്യത്തിൽ ഈ വിടപ്രഭുവിനേക്കാൾ എത്രയോ ഉൽകൃഷ്ടനിലയിൽ ഉള്ളവനായിരുന്നു. ആ ഭവനത്തിൻെറ ഒരു പൂർവ്വികൻ ആണു് വേലുത്തമ്പിദളവാ ഒളിച്ചുനടന്ന കാലങ്ങളിൽ അദ്ദേഹത്തെ തൻെറ ജീവാവസാനംവരെ രക്ഷിച്ചതു്. വള്ളിക്കോട്ടു നേത്രപ്പിള്ളിവീട്ടുകാരുടെ ഒരു ശാഖയാണു് മണ്ണടി തൃത്താലിപ്പിള്ളിഭവനം. വേലുത്തമ്പി കിളിമാനൂർ നിന്നു് കുന്നറവഴി വള്ളിക്കോട്ടെത്തിയ കാലത്തു് നേത്രപ്പിള്ളിവീട്ടുകാർ ഐശ്വര്യവാന്മാരായിരുന്നു. കാരണവർ ധൈര്യത്തോടു കൂടിത്തന്നെ ആ മന്ത്രിവീരനു് അഭയംനൽകി, ഒടുവിൽ അദ്ദേഹത്തിൻെറ ആവശ്യപ്രകാരം മണ്ണടിയിൽ കൊണ്ടുചെന്നാക്കി. വേലുത്തമ്പി വള്ളിക്കോട്ടുള്ള കാടുകളിൽ ഒളിച്ചു നടക്കുന്നെന്നറിഞ്ഞു് റസിഡണ്ടു് മക്കാളിയുടെ ഭടന്മാർ അവിടെയെത്തി. നേത്രപ്പിള്ളിവീട്ടിൽ പ്രവേശിച്ചു് ദളവാ എവിടെയെന്നു കാരണവരോടു ചോദിച്ചു. അസത്യവിമുഖനായ ആ സൽശ്രീമാൻ മൌനം അവലംബിച്ചതുകണ്ടു് കോപാന്ധനായ പടത്തലവൻ പൂമുഖത്തുകയറി വീണ്ടും ചോദ്യംതുടർന്നു. എന്നിട്ടും പൂമുഖത്തൂണിൽ ചാരിയിരുന്ന കാരണവർ ഒന്നും പറഞ്ഞില്ല. മൂന്നാമത്തെച്ചോദ്യത്തിനു് "ഇറങ്ങെടാ വെളിയിൽ പോകട്ടെന്നു വിചാരിച്ചു് അടങ്ങിയിരുന്നാലും കാര്യമെട്ടപ്പു് വിരുത്തിയില്ലെന്നോ? ആരെടാ അവിടെ; അലുകൊച്ചിരവിയെ ഇങ്ങുപിടിച്ചു് ഈ പിണങ്ങളെ ഒട്ടുക്കു് തലവെട്ടി കഴിക്കക്കൊട്ടത്തിൽ പുതയ്ക്കാൻപറ" എന്നു് അലറുകയാണു് ചെയ്തതു്. വാൾ ഊരി കാരണവരുടെ കണ്ഠത്തിനുനേരെ ചുഴററിക്കൊണ്ടു് ആ സൈന്യനേതാവു് വീണ്ടും അതേ ചോദ്യം ചോദിച്ചു. ആയുധാഭ്യാസത്തിൽ ലേശംപോലും പരിജ്ഞാനമില്ലാതിരുന്ന വലിയകുറുപ്പു് എഴുന്നേററു് ചാരിനിൽനിന്നു് വടി വലിച്ചെടുത്തപ്പോഴേക്കു് അദ്ദേഹത്തിൻെറ കണ്ഠത്തിൽനിന്നു

ശിരസ്സു വേർപെട്ടു താഴെ വീണു. കൈയ്യൂക്കിൽ വാൾ അത്തൂണിൽത്തന്നെ പതിച്ചു തറച്ചിരുന്ന വെട്ടു് ഇന്നും ഇവിടെ കാണ്മാനുണ്ടു്.

"തെമ്മാടി" "പോക്കിരി" എന്നുള്ള നീചഭത്സനങ്ങൾ മാത്തുക്കുറുപ്പിന്റെ സൌശീല്യാബ്ധിയിൽ അടിക്കെവിടയോ ഉറച്ചുകിടന്നിരുന്ന വംശസ്വത്തായ അഭിമാനരത്നങ്ങളെ മുകൾപ്പരപ്പിലേക്കു പൊന്തിച്ചു. ആ യുവാവു് രക്തവദനനായി ഇങ്ങനെ മറുപടി പറഞ്ഞു:—

"താൻ ഓർമ്മിച്ചു സംസാരിക്കണം. ആരോടു പറയുന്നെന്നാണെടോ വിചാരിച്ചുപോയതു്? നേത്രപ്പിള്ളിക്കുടുംബക്കാരിൽ വേറെ വല്ലവരും ആയിരുന്നെങ്കിൽ തന്റെ പല്ലു് ഒന്നും അണ്ണായിൽ കാണില്ലായിരുന്നു. തന്റെ ശേവുകം ഇനി പട്ടിക്കു വേണം. ആണും പെണ്ണും തിരിച്ചറിയുവാൻ വഹിയാത്ത ഏരപ്പാ!"

അശിച്ചിരിക്കാതെ കേട്ട ഈ വാക്കുകൾ കാര്യക്കാരുടെ പ്രജ്ഞാശക്തിയെ പെട്ടെന്നു മന്ദീഭവിപ്പിച്ചു. അതിനിടയിൽ മാത്തുക്കുറുപ്പു് അവിടെനിന്നും അപ്രത്യക്ഷനായി.

---

## ആറാം ഭാഗം.

---

പരമുപിള്ള വാദത്തിൽ തോററുപോയെന്നു തോന്നുന്നു. അദ്ദേഹം അമ്മയുടെ സഹായം അപേക്ഷിച്ചു് അവരുടെ മുഖത്തേക്കു നോക്കി. ആ സ്ത്രീ ഒരു മന്ദഹാസത്തോടുകൂടി മകനെ ശാസിച്ചു:—

"ഞാൻ പറഞ്ഞതല്ലേ? ഇവൾ താന്തോന്നിപ്പെണ്ണാണെന്നു്, എന്നാൽ ബുദ്ധിയോ ആലോചനയോ ഉണ്ടെങ്കിൽ വേണ്ടില്ലായിരുന്നു. ഭാവം അതൊന്നും അല്ലതാനും-"

ഈശ്വരിക്കുട്ടി:—"അമ്മാ! അദ്ദേഹം പറയുന്നതു കേൾക്കണം. ശീലവും പ്രവൃത്തിയും ഒന്നും നോക്കേണ്ട. ബ്രാഹ്മണരെന്നുപറഞ്ഞാൽ മതി കാൽകഴുകി തീൎത്ഥം കുടിക്കണം പോലും. അങ്ങിനെ അവൎക്കു ബഹുമാനം വേണമെങ്കിൽ പണ്ടു നമ്മുടെ ഗ്രന്ഥങ്ങളിൽ പറയുന്നതുപോലെ അവർ കള്ളക്കച്ചവടം ചെയ്തു പണം ഉണ്ടാക്കാനും, നമ്മുടെ വസ്തുക്കൾ അന്യായവിലയ്ക്കു വാങ്ങി നമ്മെ ദ്രോഹിക്കാനും കള്ളസ്സാക്ഷി എഴുതി പകരം വീട്ടാനും, വസ്തുക്കൾക്കു് പാട്ടം കൂട്ടി സാധുക്കളെ വലയ്ക്കാനും വരരുതു്. അങ്ങിനെ ഏതു ബ്രാഹ്മണൻ തുടങ്ങുന്നുവോ അവൻ മററുള്ളവനൊപ്പം എന്നല്ലാതെ."

അമ്മ:—"നമുക്കു യാതൊരു കാൎയ്യവുമില്ലാത്ത ഓരോന്നു പറഞ്ഞെന്തിനു സമയം കളയുന്നു? പരമുപിള്ളേ! മാതുവിന്റെ സേവുകം വേണ്ടെന്നുവയ്ക്കുവാൻ പോവുകയാണു്. രാപ്പകൽ അവൻ കാൎയ്യക്കാരങ്ങത്തെ വീട്ടിൽത്തന്നെ. വല്ലതും കഞ്ഞിയോ വെള്ളമോ നേരത്തിനും കാലത്തിനും അവനു കൊടുക്കാൻ അവിടെ ആരിരിക്കുന്നു?"

പരമുപിള്ള:—"അതു കള്ളമല്ല. പക്ഷെ, അങ്ങത്തേക്കു് കുറുപ്പിനെ വളരെക്കാൎയ്യമാണെന്നാണു് കേട്ടതു്. മണ്ടവത്തുംവാതുക്കൽ ഒട്ടുക്കു് കുറുപ്പിനെക്കാൾ വിശ്വസ്തനായ ഒരു ആൾ അങ്ങത്തേക്കില്ലപോലും. അങ്ങിനെയിരിക്കുമ്പോൾ വേണ്ട സൌകൎയ്യം അവിടെയുണ്ടായിരിക്കണമല്ലോ."

ഈശ്വ;—"അതുമല്ലാ. ഉടപ്പിറന്നവന്റെ ദേഹം നന്നായിരിക്കുന്നു. നല്ലതുപോലെയാണു് ഉടപ്പിറന്നവൻ അവിടെ കഴിയുന്നതും."

അമ്മ:—"അതുള്ളതായിരിക്കാം. എന്റെ കുഞ്ഞിന്റെ സ്വഭാവം കണ്ടാൽ ആരും അവനെ 'ശരിപ്പോ,'ന്നു പറയുകയില്ല. എന്നാലും കണ്ടവന്റെ പുറകേ നടക്കുകയാണോ.

ഞങ്ങൾക്കു എന്താ, ഇവളെ വല്ലവരുടെയും തലയിൽ കെട്ടി ഏല്പിക്കണമെന്നല്ലാതെ വല്ല ഭാരവും ഉണ്ടോ?"

പത്മപിള്ളയും ഈശ്വരിക്കുട്ടിയും പരസ്പരം അറിയാതെ നോക്കിക്കണ്ടപ്പോഴും തലകുനിച്ചുകളഞ്ഞു. എന്നിട്ടും ആ യുവാക്കളുടെ നേത്രങ്ങൾ സാക്ഷാൽ പ്രേമാമൃതം തന്നെ ഇരുവരിലും അനർഗ്ഗളമായി ചൊരിയുന്നുണ്ടായിരുന്നു. ഈ ചേഷ്ടകണ്ടു ആ അമ്മയ്ക്കു പരമമായ ചാരിതാർത്ഥ്യം ഉണ്ടായി. അവർ കിഴക്കോട്ടുനോക്കി ഭഗവതിയെ മനസ്സിൽധ്യാനിച്ചു "അംബേ ഈ കുഞ്ഞുങ്ങളെ നോക്കിക്കൊള്ളേണമെ" എന്നു മനസാ പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനാസുഷുപ്തിയിൽ നിന്നു ഉണർന്നതു മാതുക്കുറുപ്പിന്റെ വരവു കൊണ്ടായിരുന്നു.

ആ യുവാവിന്റെ കോപം അയാളുടെ ആരാധനാവിഗ്രഹം ആയ മാതാവിന്റെ സാന്നിദ്ധ്യത്തിൽ ദ്രവിച്ചുപോയി. പതിവുപോലെ അമ്മയിൽ പരമാദരവോടെ ആ യുവാവു മാറിനിന്നു "അമ്മേ! നമുക്കീടിക്കിൽ താമസിക്കേണ്ടാ. ഉടനേ തന്നെ ഇവിടെനിന്നു പോകണം" എന്നുപറഞ്ഞു. രണ്ടു വിധം വിചാരങ്ങളിൽ നിശ്ചേതനരായിരുന്ന അവർ മൂവരും ഒരുമിച്ചു ഉൽക്കണ്ഠാദ്യോതകമായ അക്ഷികളേ ആ യുവാവിൽ പതിപ്പിച്ചു. അയാൾ കാര്യം ഏതാണ്ടൊക്കെ പറഞ്ഞു തന്റെ നിശ്ചയത്തേ വീണ്ടും ബലമായി വാദിച്ചു.

ഈ വിഷമപ്രശ്നത്തിനു മറുപടി പറയുവാൻ എന്നപോലെ വേറൊരാളും പടികടന്നു ആ സാധുക്കളോടടുത്തു. അതു കുറിച്ചിത്തമ്പിയുടെ അതിഥിശ്രേഷ്ഠനായ വൃദ്ധൻ തന്നെയായിരുന്നു "രാമരാമജയശങ്കർ" വിളിയോടുകൂടി അവിടെക്കണ്ട യോഗീശ്വരനോ എല്ലാവരും എഴുന്നേറ്റുവണങ്ങി ഉപചരിച്ചു. അദ്ദേഹം പൂമുഖപ്പടിയിൽക്കയറിയപ്പോഴേക്കു ഈശ്വരിക്കുട്ടി പരിശുദ്ധവും നിർമ്മലവും ആയ ഒരു "ആവണിപ്പലക" അവിടെക്കൊണ്ടുചെന്നുവച്ചുകൊടുത്തു. കാഴ്ചയിൽത്തന്നെ മഹിമാവാൻ എന്നുതോന്നുന്ന ആ സമ്പൊ

രിയുടെ ഇംഗിതം അറിയുവാൻ അവർ എല്ലാം നിശ്ശബ്ദരായിനിലകൊണ്ടു. വൃദ്ധൻ എല്ലാവരേയും ഒന്നു നോക്കിയിട്ട് ഗൃഹനായികയോട് താൻ ദിവ്യക്ഷേത്രങ്ങൾ ദർശിക്കുവാനായി കേരളത്തിൽ കടന്നിട്ടുള്ളതാണെന്നും, ശാസ്താംകോട്ടയിൽ നിന്ന് വരികയാണെന്നും, മണ്ണടിവഴി വടക്കോട്ടേയ്ക്കു കടക്കുവാൻ ഉദ്ദേശിക്കുന്നെന്നും പറഞ്ഞു. ദാഹശാന്തിക്കു പാലോ വിശപ്പുണ്ടെങ്കിൽ ഭക്ഷണത്തിനു വല്ലസാധനമോ ആവശ്യമുണ്ടോ എന്ന് ആ സ്ത്രീ ആരാഞ്ഞു. തല്ക്കാലം യാതൊന്നും വേണ്ടെന്ന് അദ്ദേഹം മറുപടിപറഞ്ഞു. അവരുടെ മുഖങ്ങൾ ഒരു സന്താപച്ഛായ വഹിക്കുന്നതെന്തെന്ന് സന്യാസി കാരുണ്യപൂർവ്വംചോദിച്ചു. മകന്റെ ദേഹസുഖം സംബന്ധിച്ചുള്ള ഒരു വല്ലായ്മയാണെന്നു സ്ത്രീ ഉത്തരം പറഞ്ഞു. വഴിയേപോകുന്ന തനിക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധം ഒന്നുമില്ലെന്നു വൃദ്ധൻ അടങ്ങി. ആ സദസ്സ് നാലുകെട്ടിലേക്ക് വൃദ്ധന്റെ അനുമതിപ്രകാരം മാറി ഓരോ ആലോചന തുടങ്ങി.

യോഗീശ്വരനു തനിയെ ഇരിക്കുവാൻ സംഗതിവന്നില്ല. അടുത്തു താമസക്കാരനായ ഒരുകിഴവൻ വീട്ടിൽകടന്ന് അദ്ദേഹത്തിന്റെ അടുത്തെത്തി. യാതൊരുകാര്യത്തിനുമായല്ലാതെ ഇങ്ങനെ "അങ്ങത്തിലിങ്ങേൽ" കയറുന്ന പതിവു നാട്ടിടകളിൽ നടപ്പുണ്ട്. ആ മാതിരി നിരുദ്ദേശനായി വന്നുചേർന്ന കിഴവൻ ഒരു സന്യാസിയുടെ സാന്നിധ്യംകണ്ടു് അദ്ദേഹത്തെ വണങ്ങി അവിടെ നില്പായി. ഇരിക്കുവാനുള്ള അംഗുലിവിക്ഷേപണങ്ങൾ വൃദ്ധനിൽനിന്ന് പലതവണയും ഉണ്ടായെങ്കിലും ആ ഭക്തൻ ചാരിയുംപിടിച്ച് അവിടെ നിന്നതേയുള്ളു. ക്രമേണ അന്നാട്ടിന്റെ സ്ഥിതികളെപ്പററിയുള്ള ഓരോ സംഭാഷണത്തിൽ ഇരുവരും ഏർപ്പെട്ടു. ബുദ്ധിമാനായ ദേശസഞ്ചാരി അല്പനേരത്തിനുള്ളിൽ കാര്യക്കാരുടെ കുടുംബഭരണരീതി, തൃത്താലിപ്പിള്ളി ഭവനക്കാരുടെ പൂർവ്വികം, മണ്ണടിക്ഷേത്രത്തിന്റെ മാഹാത്മ്യം മുതലായ സംഗതികളെപ്പററി

സവിസ്തരംഗ്രഹിച്ചു. അദ്ദേഹത്തിൻെറ മനസ്സിൽ നവങ്ങളായ ഓരോ ചിന്തകൾ ഉദിച്ചു. ഓരോ കാര്യങ്ങൾ ഓൎത്തു് അദ്ദേഹം പരിതസ്ഥിതിയിൽനിന്നുണൎന്നു നോക്കിയപ്പോൾ രണ്ടു ശിപായിമാർ ഒരു തടിവിലങ്ങുമായി ആ ഭവനത്തിൽ വന്നിരിക്കുന്നതുകണ്ടു.

ഘോരമുഖന്മാരായ നീതിരക്ഷകന്മാർ "ഇവിടത്തെ കള്ളക്കാരുപ്പെവിടെ!" എന്നു വിളിച്ചുചോദിച്ചു. വാരിയം പിടിച്ചുനിന്ന കിഴവൻെറ പൊടിപോലും അവിടെയെങ്ങും കണ്ടില്ല. ശിപായിമാർ പൂമുഖത്തുനിന്നു നാലുകെട്ടിനകത്തേക്കുകടന്നു് മാത്തുക്കാരുപ്പിനെയുംകൊണ്ടു് വെളിയിലേക്കിറങ്ങി. ആ യുവാവിനെത്തുടൎന്നു് മററുള്ളവരും ഭയാകുലരായി പൂമുഖത്തിലേക്കു കടന്നു. ഉത്തരക്ഷണത്തിൽ മാത്തുക്കാരുപ്പു് ബന്ധനസ്ഥനായി. കാര്യക്കാരങ്ങത്തേ വീട്ടിൽനിന്നു് ഒരു സ്വൎണ്ണക്കച്ചപ്പുറവും, രണ്ടു പൂത്താലിയും മോഷ്ടിച്ചെന്നുള്ള കുററം അയാളുടെമേൽ ചുമലുകയുംചെയ്തു.

സ്ത്രീകൾരണ്ടും വാവിട്ടു നിലവിളിച്ചു. പരമുപിള്ള ഈ അക്രമപ്രവൃത്തിയെ തന്നാൽ ആവുന്നവിധം ശാസിച്ചു. മേലാവിൽ പരാതിപറയുന്നതാണെന്നും, സാധുക്കൾക്കു് കിടന്നുപൊറുക്കാൻ വഹിയാതായിരിക്കുന്നെന്നുംമററും അദ്ദേഹം പലതും പരുഷംപറഞ്ഞു. രാജഭടന്മാർ ഭത്സനവഷാകൊണ്ടു് ആ യുവാവിൻെറ നാക്കടക്കി. യോഗീശ്വരനും മററുള്ളവരും കണ്ടിരിക്കെത്തന്നെ ബന്ധനസ്ഥനേയുംകൊണ്ടു് ശിപായിമാർ അവിടെനിന്നു മറഞ്ഞു.

---

## ഏഴാം ഭാഗം.

---

രാവിലെ വീട്ടിൽനിന്നും പോയ വൃദ്ധനെക്കാണാഞ്ഞു് കൊച്ചുമ്മിണിത്തങ്കച്ചി കഠിനമായി ഖേദിച്ചുതുടങ്ങി. അഌ്

രാത്രിയിൽത്തന്നെ ഭൃത്യന്മാരെ പലസ്ഥലത്തും വീണ്ടും അയച്ചു. അപ്പോഴേക്കു് കോട്ടാറുനിന്നു പല വണ്ടിയിൽ സാമാനങ്ങളും ആയി പരമേശ്വരൻതമ്പി എത്തി. തന്റെ അതിഥി മറഞ്ഞിരിക്കുന്നതും, വീട്ടിൽ അന്നേദിവസം ആരും ഒന്നും കഴിക്കാതിരിക്കുന്നതുംകണ്ടു് അദ്ദേഹം അത്ഭുതപ്പെട്ടു. അമ്മയുടെ അടുത്തുചെന്നു് ഈ "ഏഴവിനു" കാരണമെന്തെന്നു ചോദിച്ചു.

"എടാ, ആ വന്നയാൾ എങ്ങോട്ടുപോയെന്നു് അന്വേഷിച്ചു് അദ്ദേഹത്തെ ഇവിടെക്കൊണ്ടുവാ. അല്ലെങ്കിൽ ഈ വീടു് നന്നാവില്ല" എന്നു് അമ്മ പറഞ്ഞു.

തമ്പി:—"അദ്ദേഹം വന്നപോലെപോയിരിക്കാം. മഹാദിവ്യനാണ് ആൾ അല്ലേ? അതിനമ്മ ഇങ്ങനെ ഉണ്ണാതിരിക്കുന്നതു്—"

തങ്ക:—"വന്നവഴിപോവാൻ ഇവിടെ ആരും വേണ്ടത്തക്കവരില്ലല്ലോ! പരമേശ്വരാ! നീ കുഞ്ഞു്. നിനക്കു് ഒന്നും അറിയാൻ വയ്യാ. അതു് വേറെ ആരും അല്ല. ഇനി ഇവിടെ തീകത്തിക്കണമെങ്കിൽ അവൻ വരണം"

തമ്പിയുടെ ഹൃദയത്തിൽ ഈ വാക്കുകൾ നന്നായിത്തറച്ചു. അദ്ദേഹം ചവുക്കയിലേക്കു തിരിച്ചുവന്നു് തലയുംതാങ്ങിയിരിപ്പായി. പല വിചാരങ്ങളും അദ്ദേഹത്തിന്റെ തലയിൽക്കൂടി കടന്നുപോയി. ഒന്നിലും ഒരു പിടികിട്ടാത്ത അദ്ദേഹം വീണ്ടും അമ്മയുടെ അടുത്തുചെന്നു. തങ്കച്ചി കിടന്നകിടപ്പിൽത്തന്നെ കിടക്കുന്നുണ്ടു്. വാല്യക്കാർ ആരും അടുത്തുചെല്ലുവാൻ സമ്മതിക്കുന്നില്ല. പരമേശ്വരൻതമ്പിയുടെ ഭാര്യയും സഹോദരികളും അവരുടെ കുഞ്ഞുങ്ങൾക്കുപോലും ആ ദേവിയുടെ അടുത്തണയുവാൻ അനുവാദം ഉണ്ടാകാതിരുന്നതിനാൽ തമ്പി അത്ഭുതകര അവസരമെന്നു കരുതി അമ്മയുടെ കാൽക്കൽച്ചെന്നിരുന്നു. വൃദ്ധ മകനെ ഒന്നു രൂക്ഷമായി നോക്കിയിട്ടു് തല തിരിച്ചുകളഞ്ഞു. തമ്പി അമ്മയുടെ കാൽ

തരോടി കാരുണ്യപ്രാർത്ഥകനായി ശിരോദേശത്തേക്കു വീണ്ടു വീണ്ടും നോക്കി. അമ്മയും മകനും ഇങ്ങനെ വളരെനേരം കഴിച്ചു. ഒടുവിൽ ഭയത്തോടുകൂടിയെങ്കിലും, ജിജ്ഞാസ താങ്ങുവാൻ ശക്തിയില്ലാതെ തമ്പി "അമ്മേ! അമ്മേ!" എന്നുവിളിച്ചു. തങ്കച്ചി മുഖം തിരിക്കാതെ "പരമേശ്വര! പറയുന്നതുകേൾക്ക്. അവൻപോയ വഴിതേടി ഉടനേ കൊണ്ടുവന്ന് ആ കാൽകഴുകി നിന്റെതലയിൽത്തളിച്ചാലേ പാപംതീരൂ"

തമ്പി:—"അമ്മേ! ഞാൻ ഇക്ഷണത്തിൽ അദ്ദേഹത്തിനെ ഇവിടെ കൊണ്ടുവരാം. അതാരാണെന്ന് എന്റെഅമ്മ ഒന്നു പറയുകയില്ലേ! എനിക്ക് അല്ലെങ്കിൽ ഭ്രാന്തുപിടിച്ചുപോകും"

വൃദ്ധ എഴുന്നേറ്റ് മകന്റെ തലയിൽ കൈവച്ചു അദ്ദേഹത്തിന്റെ കർണ്ണങ്ങളിൽ ഏതോ രഹസ്യംപറഞ്ഞു. തമ്പിയുടെ ദേഹം തരിച്ചു. അതിധീരനായ ആ മഹാരഥൻപോലും അശ്രുപ്രവർഷകനായി മാതാവിന്റെ വക്ഷസ്സോടു ചേർന്നു. വൃദ്ധ തന്റെ പുത്രനെ കാരുണ്യാതിരേകത്തോടെ തഴുകി ആശ്വസിപ്പിച്ചു. ഒടുവിൽ "പരമേശ്വരാ!" എന്നു വിളിച്ചു തമ്പിയോടെഴുന്നേല്ക്കാൻ പറഞ്ഞു. അദ്ദേഹം അമ്മയിൽനിന്നു വേർപെട്ട് അവരുടെ മുഖത്തേക്കു നോക്കി. ആ മുഖം — ആ തേജസ്സും, വീരശൗര്യവും പ്രകാശിക്കുന്ന ഒരു മുഖം — അദ്ദേഹം ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. മധ്യാഹ്നസൂര്യനെപ്പോലെ തീക്ഷ്ണകാന്തി പ്രചുരിമയോടുകൂടി വിളങ്ങുന്ന മാതൃവദനഅതിൽ നിന്നുവീശിക്കൊണ്ടിരിക്കുന്ന അനുഗ്രഹകിരണങ്ങളിൽ താൻ ദഹിച്ചുപോകുമെന്നു തോന്നി. ആ പ്രൗഢപുരുഷൻ പഞ്ചവയസ്സനായ ഒരു ശിശുവിനെപ്പോലെ നമ്രമുഖനായി ശിരസ്സും ചാരി എവിടെയോ നോക്കിനിന്നുപോയി. അല്പംകഴിഞ്ഞ് "അങ്ങനെയാണെങ്കിൽ അതും അറിയാതെയാണല്ലോ അന്വേഷിക്കേണ്ടതു" എന്ന് അദ്ദേഹം ഇടറി. "എന്തിനൊളിക്കുവാൻപോകുന്നു! അറിയുമെങ്കിൽത്തന്നെ

അമ്മാവന്മാർ പോയവഴിയേ പോകുവാൻ ഇങ്ങു് സന്തോഷമേ യുള്ളൂ. ആത്മാവിനു പുണ്യമെങ്കിലും കിട്ടും. ഞാൻ മുട്ടുകിഴവി യായി. ഇങ്ങനെ ആക്കും വേണ്ടാതെ കിടന്നതു് ഈ ഭാഗ്യത്തി നാണെന്നു് ഇപ്പോഴല്ലേ മനസ്സിലായതു്! എടാ സാക്ഷാൽ സർവേശ്വരൻ അറിഞ്ഞു പിറന്നവകക്കാക്കു് ഒരിക്കലും ചുളു ങ്ങേണ്ടി വരില്ല."

തമ്പി:—"അമ്മേ! കാലം അങ്ങനൊള്ളതല്ലല്ലോ?"

അമ്മ:—"കാലമോ! ഈ കുടുംബത്തെ കാലം അനുസ രിക്കും. അല്ലാതെ കാലത്തെ നാം അനുസരിക്കയോ. ഉണ്ണീ! അവതാരമെന്നു നീ കേട്ടിട്ടില്ലേ? ഭഗവാൻ സിംഹമായിട്ടും അവതരിച്ചിട്ടില്ലേ?"

തമ്പി:—"അപ്പോൾ ഞാനെന്തുചെയ്യണമെന്നാണു പറയുന്നതു്?"

അമ്മ:—"എവിടെയുണ്ടെന്നറിയണം- അല്ലാതെ ഒന്നും ചെയ്യണ്ട. ഞാൻ അറിഞ്ഞിട്ടില്ലെന്നായിരുന്നു അവൻ വിചാരി ച്ചതു്. പാവം! എവിടെയെല്ലാം നടന്നു കഷ്ടപ്പെട്ടു! എങ്ങി നെ ഇവിടെയെത്തി?"

തമ്പി:—"അതട്ടെ, അമ്മ സുഖമായി മനം കലങ്ങാതിരി ക്കണം. ഞാൻ അദ്ദേഹത്തെ കണ്ടിട്ടേ ഇനി ഇവിടെ കയറു കയുള്ളൂ."

അമ്മ:—"ആപത്തുണ്ടെങ്കിൽ നീയാണു ചാവേണ്ടതു്. അല്ലാതെ തറവാട്ടിൽ കാരണവരല്ലെന്നു് വെടിപ്പായി ഓർത്തു കൊള്ളണം. പോയിവാ, മേലാംകോട്ടമ്മ രക്ഷിക്കും."

---

## എട്ടാംഭാഗം.

---

മാത്തുക്കറുപ്പു് ഠാണാവിൽ അന്നു അന്നുരാത്രി ചന്ദ്രൻ അസ്ത മിച്ചു. അന്നു ഏട്ടുനാഴികക്കുമാത്രമേ നിലാവുണ്ടായിരുന്നുള്ളൂ.

പൂച്ചിറയ്ക്കൽ പരമുപിള്ള കുറുപ്പിന്റെ നിരപരാധിത്വം തെളി
യിക്കുവാനുള്ള ശ്രമത്തിൽ എവിടെയോ ഒക്കെ ആരേയോ
ഒക്കെ കാണുവാൻപോയി. വൃദ്ധൻ അമ്മയേയും മകളേയും
ഓരോ കാൎയ്യങ്ങൾ പറഞ്ഞു കേൾപ്പിച്ചു സമാധാനപ്പെടുത്തി.
തീൎച്ചയായും ആ കുടുംബത്തിനു യാതൊരാപത്തും വരുകയില്ലെ
ന്നു തന്റെ ജ്യോത്സ്യത്തിൽ തോന്നുന്നതായി അദ്ദേഹം അവരെ
വിശ്വസിപ്പിച്ചു. ഇത്രയും കഴിഞ്ഞിട്ടു് വൃദ്ധൻ പൂമുഖത്തിനു
തെക്കുള്ള താഴ്ന്ന തിണ്ണയിൽ പടിഞ്ഞാറുമാറി ഒരുമൂലയിലും
അമ്മയും മകളും നാലുകെട്ടിലും ഉറങ്ങുവാൻപോയി. പക്ഷേ,
ആ സ്ത്രീകൾക്കു അന്നുണ്ടോ ഉറക്കംവരുവാൻപോകുന്നു!

നിശ്ശബ്ദമായ രാത്രിയിൽ ആരോ ഒരാൾ പൂമുഖംകടന്നു
നാലുകെട്ടിന്റെ മുൻവാതലിലേക്കു ചെല്ലുന്നതായി വൃദ്ധൻ
കണ്ടു. ആഗതൻ കതകിനുതട്ടി തുറക്കുവാൻ അപേക്ഷിച്ചു.
"ആരതു്?" എന്നു് ഉടൻതന്നെ അകത്തുനിന്നുണ്ടായ ചോദ്യ
ത്തിനു് "അറിയാത്ത ആൾതന്നെ. കതകുതുറക്കണം, ഒരുകാൎയ്യം
പറയുവാൻ ഉണ്ടു്" എന്നുമറുപടിയുണ്ടായി. കതകുതുറന്നു്
ഒരു വിളക്കോടുകൂടി ആ സ്ത്രീ മുൻതളത്തിൽ പ്രവേശിച്ചു.
അശ്രുപ്രവാഹംകൊണ്ടു ക്ഷീണിച്ചിരിക്കുന്ന നേത്രങ്ങൾക്കു്
ആഗതൻ ആരെന്നു തിരിച്ചറിവാൻ ശക്തിയുണ്ടായില്ല. എങ്കി
ലുംകണ്ണുതിരുമ്മിത്തെളിച്ചു നോക്കിയപ്പോൾ വിളക്കു താഴ
ത്തേക്കു വീഴുമെന്നവിധം ആ സ്ത്രീയുടെ കൈകൾ വിറച്ചു.
അവർ വേഗം വിളക്കു പൂമുഖപ്പടിയിൽ വച്ചിട്ടു് വിനയാദര
ങ്ങളോടെ മാറിനിന്നു.

ആഗതൻ:— "അത്രഭയപ്പെടണ്ടാ. നാം നിങ്ങളുടെ
സ്വന്തം ആൾ ആണു്. ഒരു അത്യാവശ്യകാൎയ്യം അറിയുന്ന
തിനായാണു് ഇങ്ങോട്ടു് തനിയെ ഈ പാതിരാത്രിയിൽ ഇറ
ങ്ങിത്തിരിച്ചതു്"

സ്ത്രീ:— "എന്താണങ്ങത്തേക്കറിയേണ്ടതു്? എന്റെ മകൻ
ഒരിക്കലും മോഷ്ടിക്കയില്ല. ഇവിടെ വല്ലതും ഇരിപ്പുണ്ടോ

എന്നു നോക്കുവാനാണ് വന്നതെങ്കിൽ ഇതാ നോക്കാമല്ലോ

അശതൻ—"ഹേയ്! ഇങ്ങനെ അററിനക്കരെ കേൾക്കത്തക്കവണ്ണം കൂപ്പിടുന്നതിന് ഇവിടെ വല്ലവരും വല്ലതും പറഞ്ഞോ? മാതുവിനെ കഴുകുമരത്തിൽ അയയ്ക്കാനും, ഏഴാം മാളികമുകളിൽ വയ്ക്കുവാനും നാം ശക്തനല്ലെന്നു വിചാരിക്കുന്നോ?"

സ്ത്രീ—"അവൻ ഒരുകഴുകുമരത്തിലും കേറേണ്ടവനല്ല."

അശതനായകാര്യക്കാർ:— "എന്നു തീർച്ചപ്പെടുത്തേണ്ടത് ഈ ഞാൻ അല്ലേ? അതിരിക്കട്ടെ. ഈശ്വരിക്കുട്ടി ഉറങ്ങിയോ? നല്ലൊരു പെൺകുട്ടി. അവൾക്കിടുവാനായി ഇന്നു പകൽ ഞാൻ ഒരു ഒന്നാംതരംകസവുതട്ടം വരുത്തിയിരിക്കുന്നു. എനിക്ക് അവളുടെ പേരിൽ വളരെ തൃപ്തിയാണ്. മറയൻ മാതുവിന് ഉണ്ടോ രസികത്വമുള്ളൂ. എന്നാൽ അതിവിടെ വന്നു പറയണമെന്നു പറഞ്ഞാൽ അവന്റെ മണ്ടയിൽ അതു കേറുകയുമില്ല. സാധുപ്പയ്യൻ! ഇപ്പോൾ വ്യസനിക്കില്ല. വീട്ടിൽ നിന്നുതന്നേ ചോറുകൊടുക്കുവാൻ പറഞ്ഞിട്ടുണ്ട്. ആരും അവന്റെ ദേഹത്തു തൊടുകയുമില്ല. അപ്പോൾ ഈശ്വരിക്കുട്ടി ഉറങ്ങിയോ? എന്തിന് ഈ വെളിസ്ഥലത്തുനിന്നു ബുദ്ധിമുട്ടുന്നു? നമുക്ക് അങ്ങു് അകത്തേക്കു കടക്കാം"

സ്ത്രീ: "എന്തിന്? പുരുഷന്മാരില്ലാത്തവീട്ടിൽ രാത്രിയിൽ അങ്ങത്തേക്കു കാര്യമെന്തു്?"

കാര്യ:—"മകനേപ്പോലെ ഒരുകാര്യവിവരവുംഅമ്മയ്ക്കും ഇല്ലെന്നോ? അവൾക്ക് ഒരു ഭർത്താവു വേണ്ടേ?"

സ്ത്രീ:—"അവളെ ഒരാൾ സംബന്ധം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു."

കാര്യ:—"ശരി, ശരി. ആ ക്ഷയംപിടിച്ച പരമുവാണെന്നു കേട്ടു. പാവം! അവനിപ്പോൾ റാണായിലെ മുട്ടുകടി

കൊള്ളുകയാണ്. കാലത്തേ ശവം വലിച്ച് ആററിൽ എറിയേണ്ടിവരും"

ആ സ്ത്രീയുടെ മുഖഭാവം മാറി അവർ വാവിട്ടു കരഞ്ഞു തുടങ്ങി—"അയ്യോ! പൊന്നങ്ങുന്നേ! അങ്ങത്തേക്കും മക്കളും ഭാൎയ്യയും വേണ്ടപ്പെട്ടവർ എല്ലാം ഇല്ലേ? ഞങ്ങളേ കഷ്ടപ്പെടുത്തരുതേ. ഞങ്ങൾ പരമസാധുക്കൾ. അന്നന്നേടംകൊണ്ടു പിഴച്ചു കിടക്കുന്നവർ. അങ്ങത്തേ ഭഗവതി അനുഗ്രഹിക്കും."

കാൎയ്യക്കാർ:—(ശൃംഗാരഭാവത്തോടുകൂടി) "അതേ, ആ ഭഗവതി അനുഗ്രഹിച്ചാൽ മതി. വാസ്തവം തുറന്നുപറയാമല്ലൊ. നമുക്ക് ഒരു സംബന്ധം വേണമെന്നുണ്ടു്. വീട്ടിൽ ഉള്ളവൎക്കു തീരെ സുഖമില്ല. അതുകൊണ്ടു് ഈശ്വരിക്കുട്ടിയെപ്പോലുള്ള ഒന്നിനേക്കിട്ടിയാൽ വീട്ടുകാൎയ്യങ്ങളെല്ലാം ഭംഗിയായി നടക്കും അതുമാത്രമെ അഗ്രഹം ഉള്ളു. എന്താ ഇതു ന്യായമല്ലെന്നുണ്ടോ?"

സ്ത്രീ:—"അയ്യൊ! അങ്ങുന്നേ ആ പരമുപിള്ള അവൾ വളരെ സാധുവാണ്. അങ്ങുന്നടന്നേതന്നെ—"

കാൎയ്യ;—"ഏയ്! നേരംപോക്കു പറഞ്ഞതന്നേയുള്ളു. അവനേയും ഉപദ്രവിക്കാതിരിക്കുവാൻ ശട്ടംകെട്ടിയിട്ടുണ്ടു്. പത്മനാഭനാണെയുണ്ട്. എന്താ വിശ്വാസമായില്ലേ? അല്ലോൾ ഇക്കാൎയ്യത്തിന്?"

സ്ത്രീ:—"അങ്ങത്തേപ്പോലുള്ള ഒരു ഭൎത്താവിനെ അവൾക്കുകിട്ടുവാൻ ഞങ്ങൾക്കു തീരെ കൊതിയില്ല."

കാൎയ്യ:—"അതു് അവൾകൂടി അറിയേണ്ടതല്ലേ? അതല്ലെ പറഞ്ഞതു്. മാറു അകത്തുകടന്നു് അവളോടുതന്നെ ചോദിക്കാം. അവളുടെ നിഷേധം മൂലം രണ്ടുപേർ മരിക്കുവാൻ അവൾ അനുവദിക്കുമെന്നു് എനിക്കു തോന്നുന്നില്ല."

സ്ത്രീ:—"ഓഹോ! ഇങ്ങനെ വന്നിരിക്കുകയാണ്, അല്ലേ?"

കാൎയ്യ:—"എങ്ങനെ? പരമുവിൻെറ സംബന്ധം തന്നെ നടക്കണമെന്നുണ്ടെങ്കിലും നമുക്കു വിരോധമില്ല. നാംതന്നെ

ബഹുമോടിയായി അതു നടത്തിച്ചുകൊടുക്കാം അതും ഈശ്വരാ രിക്കുട്ടി അറിയേണ്ടതല്ലേ? മാറു."

കാര്യക്കാർ തുടർന്നു;—"കാര്യം മനസ്സിലായില്ലെങ്കിൽ പറയാം. പരമുപിള്ള തന്നെ സംബന്ധം ചെയ്തുകൊള്ളട്ടെ. അവർക്ക് അവൻ ഭേദം. നാം അതു കേമമായി നടത്തിച്ചു തരാം. പക്ഷെ അ നന്ദി ഇരിക്കണമെന്ന് ഒരു കാര്യംമാത്രം."

സ്ത്രീ:—"ഇതു പറയുവാനാണോ അങ്ങുന്ന് ഇത്ര രാത്രിയിൽ ബുദ്ധിമുട്ടിയതു്? ഏതായാലും അങ്ങത്തെ പ്രസാദം ഇവിടെ അവശ്യമില്ല."

കാര്യ:—"എന്തു് തേവിടിശ്ശീ! നമ്മേ അക്ഷേപിക്കുന്നോ? മര്യാദപറഞ്ഞാൽ കേൾക്കാത്ത പ്രേതമെ? ആരെടാ, ഇവിടെ ഇവളുടെ വായടച്ചുകള"

ഒരു ഭീമൻ ഇരുട്ടിൽനിന്ന് ദീപപരിധിക്കുള്ളിൽ പ്രവേശിച്ചു് അസ്ത്രീയുടെ മുഖം അടക്കിപ്പൊത്തി അവരുടെ കൈകൾ കെട്ടിത്തുടങ്ങി. കാര്യക്കാർ അകത്തേക്കു കാൽവയ്ക്കുവാൻ മുതിർന്നപ്പോഴേക്കു് ഏതോ ഒരു സാധനം അദ്ദേഹത്തിന്റെ തലയിൽപ്രഹരം ആരംഭിച്ചു. പക്ഷെ മുററം തൂക്കുന്ന ചൂലിന്റെ കാഠിന്യവും ഒരു പെൺകുട്ടിയുടെ ബലവും ഇത്രയ്ക്കേ ഉള്ളു എന്നു നശ്ചയം വരുത്തുവാൻ അ ഭരണധുരന്ധരന് അധികസമയം വേണ്ടിവന്നില്ല. തന്നിൽ പുഷ്പാഞ്ജലി അർച്ചിക്കുന്ന അ മാർജ്ജനീബിംബം ഏകകരത്തിൽ അമർത്തി അദ്ദേഹം മുററത്തുള്ള ഇരുട്ടിലേക്കെറിഞ്ഞു. ഇന്നങ്ങിയല്ലെങ്കിൽ പിന്നങ്ങിയെന്നുള്ള മട്ടിൽ അ നായ്ജ്ഞൻ വീണ്ടുംകാൽ മുന്നോട്ടുവച്ചതുംരണ്ടുമൂന്നുമുസലങ്ങൾ ഒരുമിച്ചു് അദ്ദേഹത്തെ പിടിച്ചമർത്തി പുറകിൽ എവിടെയോ കൊണ്ടുപോയതും ഒരുമിച്ചുകഴിഞ്ഞു.

---

## ഒൻപതാംഭാഗം.

---

രണ്ടുമൂന്നു ശേവുകക്കാരുടെ സഹായത്തോടുകൂടി ഒരു വിധത്തിൽ രാത്രിയുടെ അന്ത്യയാമത്തിൽ കാൎയ്യക്കാർ ആററുകടവിൽ എത്തി. ദാഹം പിന്നീടും പെരുത്തു് ആ ഉദ്യോഗസ്ഥൻ പരിപാവനവും പ്രകൃതിദത്തവും ആയ നദീജലം തന്നെ ഒട്ടധികം കുടിച്ചു. കണ്ണുകൾ പുകയുന്നതായും, എല്ലുകൾ എവിടെയോ ഒടിഞ്ഞുകയറുന്നതായും, ചങ്കുകലങ്ങി വെള്ളമായി ദേഹത്തിൽ ആസകലം നിറയുന്നതായും, ആ കാമാരാധകനു തോന്നി. തന്റെ സഹായത്തിനെത്തിയ ശേവുകക്കാരിൽ ഏററവും കുറഞ്ഞു ദേഹബന്ധം പററിയ ആളിന്റെ സകലസ്ഥിതികളും തന്റെ മഹോന്നതപദവിക്കു പകരമായി സ്വീകരിച്ചുകൊള്ളാമായിരുന്നു, എന്നു തോന്നി. എങ്ങിനെയെങ്കിലും "മരത്തിത്തുരുത്തി" കോയിക്കൽക്കടവു കഴിഞ്ഞു വീട്ടിൽ എത്തിയപ്പോഴേക്കു് നേരവും പ്രഭാതമായി. കാൎയ്യക്കാരുടെ ക്ഷീണത്തിനു് അല്പം ശമനം വന്നു.

ഉടൻ തന്നെ എക്സ്ത്രാപോലീസിനെ വരുത്തുവാൻ ആജ്ഞ കൊടുത്തു. മാത്തുക്കുറുപ്പിനേയും പരമുപിള്ളയേയും, പിറേറദിവസം മരിക്കത്തക്കതുപോലെ ബന്ധിച്ചു് തടവിൽനിന്നു വിട്ടുവാനും, അവരെക്കൊന്നെന്നുള്ള കുററത്തിനു് തന്റെ അന്തകനായിത്തീർന്ന അസാധാരണ വൃദ്ധനെ തൂക്കിലിടുവിക്കുവാനും ആ നിയമപണ്ഡിതൻ തീരുമാനിച്ചു് പോലീസുദ്യോഗസ്ഥന്റെ വരവും കാത്തിരുന്നു.

ഏതാനും ഭടന്മാരോടുകൂടി അതാ ഒരാൾ വരുന്നതു കണ്ടു് ശേവുകക്കാരെയെല്ലാം അകററി കാൎയ്യക്കാർ ആഗതനാകുന്ന ഉദ്യോഗസ്ഥനുമായി രഹസ്യസംഭാഷണത്തിനു തയ്യാർ ആയിരുന്നു. എന്നാൽ പാവടികടന്നു വന്ന ആൾ മുഖമാസകലം മീശക്കാടും, പൈശാചികനേത്രങ്ങളും

മററും ഉള്ള രാജനീതിപാലകൻ അല്ലായിരുന്നു. കാൎയ്യക്കാർ പരമാദരപൂൎവ്വം വളരെ പണിപ്പെട്ടെഴുന്നേററു ചാപട്ടയുംമെത്തയും എല്ലാം താനേ വെടിപ്പാക്കാൻ ശ്രമിച്ചു സാധിക്കാതെ ശേവുകക്കാരേ തുരുതുരെന്നു വിളിച്ചുതുടങ്ങി. ആഗതനായ പരമേശ്വരൻതമ്പി പ്രഭുയോഗ്യമായ മന്ദസ്മേരത്തോടും, എന്നാൽ അന്തൎബ്ബദ്ധമായ അമൎഷപ്രകൎഷത്തോടുംകൂടി മുറിയ്ക്കുള്ളിൽ പ്രവേശിച്ചു് കാൎയ്യക്കാരേ പ്രത്യഭിവാദ്യംചെയ്തു. തന്റെ ജീവിതകാലത്തു് സംഭവിക്കുമെന്നു് ആശിച്ചിട്ടില്ലാത്തതായ ഈ സന്ദൎശനത്തിനു കാരണമെന്തായിരിക്കാമെന്നു് കാൎയ്യക്കാർ അമ്പരന്നുനിന്നു. തമ്പി അഗ്രാസനത്തിൽ സ്ഥിതിചെയ്തിട്ടു് "അവിടെ ഇരിക്കു കൊച്ചുകുഞ്ഞുപിള്ളേ! നിങ്ങൾക്കു ഏതോ സുഖക്കേടാണെന്നു തോന്നുന്നല്ലോ" എന്നു പറഞ്ഞു.

മാൎജ്ജാരസന്നിധിയിൽ അണഞ്ഞ മൂഷികനെപ്പോലെ വിറച്ചുംകൊണ്ടു കാൎയ്യക്കാർ ഇടറി:—"ഒന്നുമില്ല. അങ്ങേട മുമ്പിൽ ഇരിക്കുവാൻ ഞാൻ അത്ര അഹംകാരിയല്ല. അങ്ങനെ വല്ലതും തെററി മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അതു് എന്റെയും എന്റെ ആളുകളുടേയും കാലപ്പിഴ"

തമ്പി:—"ഏയി! നിങ്ങൾ എന്തൊക്കെയോ വിചാരിച്ചു കുഴങ്ങുന്നു. ആകട്ടെ, എനിക്കു് നന്നാവിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുണ്ടു്. ഞാൻ ഇന്നലെ രാത്രി ലേശം ഉറങ്ങിയിട്ടില്ല."

കാൎയ്യ:—"അതിനു വേണ്ടതെല്ലാം ഇവിടെത്തയ്യാർ ഉണ്ടു്. പല്ലുതേപ്പും ഒക്കെകഴിയാത്തതാമസമേയുള്ളു. ഇപ്പോൾ ഇങ്ങോട്ടേയ്ക്കു വരുവാൻ—"

തമ്പി:—"വിശേഷിച്ചൊന്നുമില്ല. ഇതാ ആ നില്ക്കുന്ന പയ്യനില്ലേ?" കാൎയ്യക്കാർ മുററത്തേക്കു നോക്കിയപ്പോൾ തമ്പിയുടെ ഭൃത്യന്മാരുടെ കൂട്ടത്തിൽക്കണ്ടതു് പൂച്ചിറയ്ക്കൽ പരമുപ

ള്ളയെ ആയിരുന്നു. അയാളുടെ ദേഹി വരണ്ടുതുടങ്ങി. തമ്പി തുടൎന്നു:—"അയാളിൽ നിന്നു മനസ്സിലാക്കി ഞാൻ കാണണമെന്നു് ആഗ്രഹിച്ചിരുന്ന ഒരാൾ ഇവിടെ ഉണ്ടെന്നു്."

കാൎയ്യ:—"ഇവിടെയോ? ആരോ?"

തമ്പി:—"ഇവിടെ എന്നുവെച്ചാൽ ഇതിനടുത്തു്. ഒരു യോഗിയാണു്. ഞാൻ അദ്ദേഹത്തിന്റെ ഒരു ആശ്രിതനും ശിഷ്യനും ആണു്."

കാൎയ്യക്കാർ നരകത്തീയ്യിൽ അകപ്പെട്ടതുപോലെ നീറിത്തുടങ്ങി. അയാളുടെ മുഖം ചാമ്പൽപോലെ വിളറി. ഈ ഭാവഭേദങ്ങളുടെ കാരണം ഏതാണെന്നു് അങ്ങിങ്ങായി ഒത്ത വിധത്തിൽ തമ്പി ഊഹിച്ചു. അതുകൊണ്ടു് മുഴുവൻ പെട്ടെന്നു പറഞ്ഞു തീൎത്തേക്കാമെന്നു നിശ്ചയിച്ചു.

"അതുകൊണ്ടു് ഈ വഴിക്കുതിരിച്ചുവേയുള്ളു. അപ്പോൾ നിങ്ങൾ ഇവിടെ താമസിക്കുന്നെന്നുകേട്ടു. കണ്ടുകളയാം. പഴയ പരിചയക്കാരുമാണെല്ലോ."

"പഴയ പരിചയക്കാർ" എന്നുള്ള വാക്കുകൾ ഉച്ചരിച്ചപ്പോഴേക്കു് ആ പ്രൌഢമനസ്സന്റെ നേത്രങ്ങളിൽ നിന്നു് ഒരു അഗ്നിശലാക പുറപ്പെട്ടു കാൎയ്യക്കാരുടെ ഹൃദയാന്തൎന്നാളങ്ങളെ ദഹിപ്പിക്കുവാൻ തുടങ്ങി.

"പണ്ടുള്ളവർ ചെയ്ത കാൎയ്യത്തിനു് ഈ അശുക്കളെ അങ്ങുന്നെന്തിനു വെറുക്കുന്നു? അങ്ങപ്പുറകേ ചെല്ലവും എടുത്തു നടക്കുവാൻ ശക്തിയില്ലാത്തവർ ആണെന്നു് അറിഞ്ഞിരുന്നിട്ടും—"

തമ്പി:—"എന്തിനു നിങ്ങൾ അബദ്ധം വിചാരിക്കുവാൻ പോകുന്നു? അങ്ങനെ ഇങ്ങുവിചാരമുണ്ടായിരുന്നെങ്കിൽ ആ വംശം ഇപ്പോൾ ഇവിടെ ശേഷിക്കുമെന്നു സ്വപ്നത്തിലെങ്കിലും വിചാരിക്കുന്നുണ്ടോ? ഞങ്ങൾക്കു വന്നതു ദൈവ

വിധി. പൊന്നുതിരുമേനിയുടെ തിരുവുള്ളവും അങ്ങിനെയായിരുന്നു. അതുമറുത്തു ചെയ്വാൻ ഞങ്ങളും ഞങ്ങളുടെ കാരണവന്മാരും ഒരിക്കലും തുനിഞ്ഞിട്ടില്ല. ഇനി ഒരു കാലത്തും തുനികയുമില്ല പക്ഷെ ഇനിമേൽ സക്കാർ ജീവനം ഞങ്ങൾക്കു കൊള്ളുന്നതല്ലെന്നുമാത്രം നിശ്ചയിച്ചന്നേയുള്ളു. അതിന്നൊക്കെ നിങ്ങളെപ്പോലെയുള്ളവക്കേ സാധിക്കുകയുള്ളു."

കാര്യ്യ.—"അവരവരുടെ വയററിപ്പാട്ടു നോക്കണ്ടേ അങ്ങുന്നേ! ഹന്ന് 'ച്ഛീ, ഇതു നിനക്കുവേണ്ടാടാ കൊച്ചുകുഞ്ഞേ വാ' എന്നു വിളിച്ചാൽകൂടെ ഇറങ്ങി ഞാൻ വരുകയില്ലയോ എന്ന് അങ്ങുന്നൊന്നുപരീക്ഷിക്കണം."

തമ്പി—"എയ്! അതൊക്കെ നമ്മാൽ സാദ്ധ്യമോ? ഏടാ! കൊച്ചപ്പാ! നിങ്ങൾ എല്ലാം ആററിൽ ഇറങ്ങിയിട്ടു വരിൻ. അവിടെനില്ക്കണ്ടാ"

അ സ്ഥലമെങ്ങും നിശ്ശബ്ദമായി. ഇതിനിടയിൽ പൂച്ചിറയ്ക്കൽ പരമുപിള്ളയിൽനിന്നു കാര്യംഗ്രഹിച്ച പോലീസുദ്യോഗസ്ഥൻ വേഗംതന്നെ ചെന്നു മാത്തുക്കുറുപ്പിനേ തുറന്നുവിട്ടു, ഉപചാരവാക്കുകൾകൊണ്ടു സന്തോഷിപ്പിച്ചു, കാര്യക്കാരുടെ വസതിയിൽ വന്നിരിക്കുന്ന പ്രഭു ചോദിച്ചാൽ താൻ വളരെ ന്യായസ്ഥനാണെന്നു പറയണമെന്നു പ്രത്യേകം അപേക്ഷിച്ചിട്ടു, കഞ്ഞിയും കുടിക്കാതെ തന്റെ കുതിരയിൽക്കയറി എവിടേക്കോ സക്കീട്ടുപുറപ്പെട്ടുകഴിഞ്ഞു.

സന്ദർഭവശാൽ ഉണ്ടായ ചോദ്യങ്ങൾകേട്ടു ഭ്രമിച്ചു കാര്യക്കാർ സകലകുററവും ഏററു. "പത്മനാഭനെ ഓർത്തു രക്ഷിക്കണേ പൊന്നുടയതേ! ഈ ശേവുകംപോയാൽ വീട്ടിൽ കഞ്ഞികുടിക്കുവാൻ വകയില്ലേ. ഇനി കൊച്ചുകുഞ്ഞു ഒരു സങ്കടത്തിനും ഇടയാകാതെ മര്യാദയ്ക്കു നടന്നുകൊള്ളാമേ" എന്നു പലതവണ പ്രാർത്ഥിച്ചു അ ഉദ്യോഗസ്ഥൻ തമ്പിയുടെ

പാദത്തിൽവീണു വിലപിച്ചു. ആൎദ്രമാനസ്സനായ ഭിക്ഷു അയാളെ എഴുന്നേല്പിച്ച് തന്റെ പെട്ടിയിൽനിന്നു ചില സിദ്ധൌഷധങ്ങൾ കൊടുത്തു ഉലഞ്ഞുകിടന്നിരുന്ന അയാളുടെ സ്നായുബന്ധത്തെ ശരിയാക്കി. യോഗീശ്വരനെക്കണ്ടതിന്മേൽ സകലകാൎയ്യവും എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തെ ഇങ്ങുവരുത്താമെന്ന് കാൎയ്യക്കാർ ഏററു.

“ഇങ്ങുവരുത്തുകയൊ? ഞാൻ അവിടെച്ചെന്ന് ആ പാദം കഴുകിക്കുടിക്കട്ടെ. മഹാദിവ്യൻ അദ്ദേഹത്തെ ഇങ്ങു വരുത്തുകയോ?”

---

## പത്താംഭാഗം.

—*—

ക്രിസ്താബ്ദം ൧൮൫൫-ാംവർഷത്തിൽ ബ്രിട്ടനിൽനിന്നു ഇൻഡ്യയിലേക്കു പുറപ്പെട്ട “ലാർഡ് ബ്രൂഹാം” എന്ന കപ്പലിനെ ലക്ഷദ്വീപിലുള്ള ആളുകൾ തീവച്ച് കവർച്ചചെയ്തു * (ഫ) അതിൽനിന്നു കിട്ടിയ ധനാർത്ഥസാധനങ്ങൾ വില്ക്കുവാനായി കുറെ കടൽക്കള്ളന്മാർ മലബാറിലേക്കു തിരിച്ചു. അവരുടെ കൂട്ടത്തിൽപ്പെട്ടയാളാണ് നമ്മുടെ വൃദ്ധൻ.

---

* (ഫ) ൧൦൩൦-ാമാണ്ടത്തെ തിരുവിതാംകൂർ ഗവർമ്മെണ്ടു ഗസററിലിങ്ങനെ കാണുന്നു:—“പരസ്യം എന്തെന്നാൽ ലക്ഷദ്വീപിൽ പാർക്കുന്ന ആളുകൾ ലാർട്ട്ബ്രൂവാം (LordBrowgham) എന്ന കപ്പലിൽ ഉണ്ടായിരുന്ന സാമാനങ്ങളെ കവർച്ചചെയ്കയും കപ്പലിനു തീവെക്കയും ചെയ്തിരിക്കുന്നതായി ബൊംബായിബന്തർമാസ്തരുടെ റിപ്പോർട്ടു ചെന്നതിനെപ്പററി ബഹുമാനപ്പെട്ട മദ്രാസ് ഗവർമെണ്ടിൽനിന്നും ഉണ്ടായിട്ടുള്ള ഉത്തരവിന്റെ പെർപ്പോടുകൂടി ആ കപ്പലിൽ ഉൾപ്പെട്ട മുതലുകൾ ഈ സംസ്ഥാനത്തുചേർന്ന പ്രദേശങ്ങളിൽ ആരെങ്കിലും കൊണ്ടുവരുന്നതായിരുന്നാൽ പിടിച്ചേല്പിപ്പാൻ ചട്ടംകെട്ടേണ്ടതിനെക്കുറിച്ചു മഹാരാജശ്രീ റസിഡണ്ടസായ്പവർകൾ എഴുതിയ ലട്ടറുവന്നിരിക്കുന്നതാകകൊണ്ടും—”

വേലുത്തമ്പിദളവായുടെ അനന്തിരവരിൽ ചിലരെ ലക്ഷദ്വീപിലേക്കു നാടുകടത്തിയിട്ടുണ്ടല്ലൊ. അതിൽപ്പെട്ട ഒരു സ്ത്രീയും * (വ) അവരെ പിരിയാതെ നാടുകടന്ന ഭർത്താവും വളരെനാൾ അദ്വീപിൽ താമസിച്ചു. അവരുടെ മകനാണ് നമ്മുടെ യോഗീശ്വരൻ. കൊച്ചമ്മിണിത്തങ്കച്ചിക്ക് ആ മനുഷ്യൻ തന്റെ കുടുംബത്തിൽപ്പെട്ടയാൾ ആണെന്ന് എങ്ങനെയോ തോന്നിയിരുന്നു. അന്നുപോയതായി കേട്ട തന്റെ മാതൃസഹോദരിയും ചിററപ്പനും എവിടെയോ ഒക്കെ അലഞ്ഞുതിരിഞ്ഞ് ഒടുവിൽ ഈ സന്താനത്തെ വളർത്തിയിട്ട് പരലോകം ചേർന്നിരിക്കാമെന്ന് അവർ ഏകദേശം ശരിയായി ഊഹിച്ചു. ഇക്കഥയറിയാത്ത ആ ധീരസന്താനം തന്റെ അമ്മാവന്മാരുടെയും അമ്മയമ്മമാരുടെയും തറവാട്ടുതറ കാണുവാൻ ഉള്ള മോഹത്താൽ ദക്ഷിണതിരുവിതാംകൂറിൽ എത്തി. പലരിൽനിന്നുംകൂടി ഗ്രഹിച്ചതിന്റെ ഫലമായി കക്കുറുച്ചിയിൽ തന്റെ വംശ്യർ താമസം ഉണ്ടെന്നു നിശ്ചയിച്ച് അവിടേക്കുചെന്നു. മാതാപിതാക്കന്മാർമുഖേന ലഭിച്ചിരുന്ന മലയാളാഭ്യസനം അല്പനാളത്തെ പരിചയംകൊണ്ടു സാമാന്യം നല്ലസ്ഥിതിയിൽ ആയി. തലക്കുളത്തുവച്ചുണ്ടായ അത്ഭുതോദയത്താൽ പ്രചോദിതനായിവല്യമ്മാവൻ ജീവനാശം അടഞ്ഞ മണ്ണടിക്ഷേത്രത്തിൽപ്പോയി തനിക്കും ദിവംഗതനാകാമെന്ന് അദ്ദേഹം നിശ്ചയിച്ച് അങ്ങോട്ടേക്കു തിരിച്ചു. അദ്ദേഹത്തെത്തേടിപ്പുറപ്പെട്ട പരമേശ്വരൻതമ്പി തിരുനൽവേലിക്കു തിരിക്കണമെന്നുദ്ദേശിച്ചെങ്കിലും, നല്ലതുപോലെ ആലോചിച്ചതിൽ "വൃദ്ധനു തങ്ങളെ വിടുവാൻ തോന്നിയ കാരണം വെറും ദേശാടനഭ്രമം അല്ലെന്നു തീർച്ചയാക്കി, മണ്ണടിയിൽപ്പോയിരിക്കാമെന്നു ബലമായി ഊഹിച്ച് അന്വേഷിച്ചു. അതിന്റെ ഫലമായാണ് അദ്ദേഹം കുന്നത്തൂർ ചെല്ലുവാൻ

* (വ) സ്ത്രീകളെ നാടുകടത്താതിരിക്കുന്ന പതിവ് വേലുത്തമ്പിയുടെ വംശത്തിന്റെ കാര്യത്തിൽ അനുവർത്തിതമായില്ലെന്നറിയുന്നു.

ഇടയായതു്. കറുപ്പിനെ സഹായിക്കുന്നതിന്നായി മന്ത്രസ്ഥാനങ്ങൾ നോക്കി അലഞ്ഞുതിരിയുന്ന പരമുപിള്ളയെ യാദൃച്ഛികമായി വഴിയിൽവെച്ചുകണ്ടു് വൃദ്ധന്റെ താമസസ്ഥലത്തെപ്പററി തമ്പി ഗ്രഹിച്ചു.

---

## ആരും കാണാത്തയാൾ

കേശവൻനായർ ബൎമ്മായിൽ ഒരു ഡാക്ടർ ആണു്. ഡാക്ടർ എന്നു വച്ചാൽ ആശുപത്രിയിലെ ഒരു ജോലിക്കാരൻ എന്നല്ലാതെ വല്ല പരീക്ഷകളും ജയിച്ചിട്ടുണ്ടെന്നോ, വല്യ ശമ്പളമുണ്ടെന്നോ പറയുവാൻ അത്ര ധൈൎയ്യം പോരാ. ഏതായാലും ആറേഴു വർഷത്തെ ഉദ്യോഗജീവിതം കഴിഞ്ഞിട്ടിപ്പോൾ സ്വന്തരാജ്യത്തു വല്ല പണിയും ലഭിക്കുമോ എന്നു ഒന്നു പരീക്ഷിക്കുവാനായി അദ്ദേഹം അധികനാളത്തെ ഒഴിവും വാങ്ങി തിരുവനന്തപുരത്തു വന്നു താമസിക്കുകയാണു്. പരിചയക്കാരായ കുറെ കാളേജ്‌വിദ്യാൎത്ഥികളൊരുമിച്ചാണു് പാർപ്പുറപ്പിച്ചിരിക്കുന്നതു്.

ഈ വീട്ടിൽ വിദ്യാൎത്ഥികളെ കൂടാതെ, ചേൎന്നുള്ള ഒരു കെട്ടിടത്തിൽ, എന്നാൽ ഒരു ഭിത്തികൊണ്ടും മറവും വേർപെട്ടു്, ആ ഭവനത്തിന്റെ ഉടമസ്ഥയായ ഒരുവൃദ്ധയും അവരുടെ ഒരു മകളും താമസം ഉണ്ടു്. ഈ പെൺകുട്ടി യൌവ്വനത്തിൽ നാൾതോറും മൂത്തിന്നു ഭൎത്തൃലബ്ധിയെപ്പററി സദാ സ്വപ്നം കണ്ടുവരുന്ന കാലമാണു്. ഹെഡ്‌ആപ്പീസുകളിലെ മുട്ടക്കസേരകളെ അലംകരിക്കുകയോ, ആ പദവിയിൽ എത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്ന വല്ല സർവ്വകലാശാലാസന്താനത്തേയും മരുമകനായി കിട്ടി, വീട്ടിൽനിന്നു വാടകക്കാരെ മാററി, നിത്യജീവിതം അന്തസ്സിൽ കഴിക്കണമെ

ന്നുള്ള അരശ അത വൃദ്ധയെ ക്രമേണ ഉപേക്ഷിക്കാൻ തുടങ്ങിയപ്പോൾ അതു പരീക്ഷയിലില്ലെങ്കിലും പണംവരവിൽ അത്ര കുറവില്ലാത്ത ഒരു ഇൻഷ്വറൻസ് കമ്പിനി ഏൎപ്പെട്ട ആ യുവതിയിൽ ഭ്രമിച്ചു ഭ്രമാവസ്ഥ അനുകരിച്ചതു്. തനിയെ വന്നുചേൎന്ന വിവാഹപ്രാൎത്ഥനയെ പുച്ഛത്തോടെ നിരസിക്കാതെയും എന്നാൽ വയസ്സുകാലത്തു് അടുത്തുവരും, അതിനുമുമ്പു പ്രതാപവും ലഭിക്കുന്ന ഒരുത്തനെ കിട്ടുന്നതിനു വീണ്ടും പണിപ്പെട്ടും, ഈ യത്നത്തിൽ ഔദാൎയ്യബുദ്ധികളായ വാടകത്താമസക്കാരെ ഉപദ്രവിച്ചും കാലം കഴിച്ചുകൂട്ടുന്ന ഘട്ടത്തിൽ ബൎമ്മായിൽനിന്നു യമധൎമ്മനെ കപ്പൽ കയറ്റി നാട്ടു കടത്തിയെന്നുള്ള അഭിമാനഭാവത്തെ വഹിച്ചുകൊണ്ടു് സുമുഖനും, സംഭാഷണപടുവും ആയ കേശവൻനായർ പിന്നെ വീട്ടിൽ പടി കടന്നു.

ഡാക്ടർ കേശവൻനായരെ അനന്തശയനത്തിലേക്കു നയിച്ചതു ആ പാലാഴി തരംഗങ്ങൾ ഉദ്ഗമിക്കുന്നതായ കനകവൃന്ദങ്ങൾ കരസ്ഥമാക്കണമെന്നുള്ള വെറും ലൌകികമായ മോഹം മാത്രമായിരുന്നില്ല. വൈകുണ്ഠവാസിനികളായ രൂപലക്ഷ്മികളിൽ ഒന്നിനോടുള്ള ബന്ധംകൊണ്ടു സ്വാത്മകാൎയ്യത്തിനു പീയൂഷതൎപ്പണം ചെയ്യുന്നതിനും ഈ താമസംതന്നെ ഉപയോഗപ്പെടുത്തണമെന്നു താൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം പിന്നേം വീട്ടിൽ താമസിക്കുന്ന വിദ്യാൎത്ഥികളിൽ ഒന്നു രണ്ടു പേരോടു് ഒരു ദിവസം ശ്രദ്ധമായി പറഞ്ഞു. ഈ സംഗതി ക്രമേണ ആ യുവസദസ്സിൽ ഒരു വാദവിഷയമായിത്തീരുകയും, അവിടത്തെ വൃദ്ധ അറിയെപ്പുകാരൻ മുഖേന പലപ്പോഴും സമൎപ്പിച്ചിട്ടുള്ള നിവേദനങ്ങൾക്കും, ഫലാഹാരരൂപത്തിൽ നൽകിയിട്ടുള്ള സമ്മാനങ്ങൾക്കും വേണ്ടവിധത്തിൽ പ്രത്യുപകാരം ചെയ്തു അവരുടെ സങ്കടനിവൃത്തി വരുത്തുന്നതിനു ഇതു നല്ല അവസരമാണെന്നു അവർ ചെറുക്കന്മാരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. നിശ്ചയത്തിന്റെ ഒരു പകൎപ്പു് ഡാക്ടരുടെ ശ്രദ്ധയ്ക്കു വിഷയ

മാക്കി. അളിനെ ഒന്നു കാണണമെന്നു് ആ കാമുകകോരകം അവശ്യപ്പെട്ടു. കാൎയ്യം അറിഞ്ഞതായ വൃദ്ധ പരമാനന്ദത്തള്ളലോടുകൂടി അടുത്ത വീട്ടിൽത്താമസിക്കുന്ന റോസു ചട്ടക്കാരിയോടു കുറെ രൂപാ കടം വാങ്ങി ചാലയിൽ അളയച്ചു പട്ടും പട്ടുജാക്കറ്റും വരുത്തി മകളെ മോടിപിടിപ്പിച്ചു ഡാക്ടരുടെ മനം കവരുവാൻ അന്തിരംഗത്തിലേക്കു തള്ളിവിട്ടു.

കേശവൻനായർ പരമസന്തുഷ്ടനായി ഉദ്യോഗലാഭത്തിലുള്ള ഉത്സാഹം കുറച്ചു് ആ "ഓമന"യുമായി സാദരചൎയ്യസല്ലാപങ്ങളിൽസ്ഥൂലിച്ചുതുടങ്ങി. ഇൻഷുറൻസ് ഏജന്റ് കൊച്ചുണ്ണിക്കുറുപ്പിന്റെ മനസ്സിൽ ആധി വളൎത്തിവന്ന ഈ യുവാക്കളുടെ വേഴ്ച വിവാഹം എന്ന സാമുദായികാചാരാനുഷ്ഠാനത്തിലേക്കു വികസിക്കുവാൻ അധികതാമസം ഉണ്ടാകില്ലുടെന്നു് ഇരുകൂട്ടരും തീൎച്ചപ്പെടുത്തി. ഒന്നോ രണ്ടോ അവസരത്തിൽ കുറുപ്പ് പൂൎവ്വകഥാപ്രസംഗംകൊണ്ടു ഭവാനിക്കുട്ടിയെ മുഷിപ്പിച്ചില്ലെന്നില്ല. ഒടുവിൽ നിരാശയോടെ തിരിച്ചെത്തി അത്മസ്നേഹിതനായ കുട്ടപ്പൻനായരുടെ സമാശ്വാസവചസ്സുകളിൽ മനം തണുപ്പിച്ചു.

കുട്ടപ്പൻനായരെ സ്നേഹിതന്മാരായ ഞങ്ങളെല്ലാവരും വിളിക്കാറുള്ളതു വെറും 'കുട്ടപ്പൻ' എന്നാണ്. അതുകൊണ്ടു് ഈ സംഭവവിവരണത്തിൽ പല്ല ഭാഗത്തും 'നായർ' എന്നുള്ള ബഹുമാനശബ്ദം കാണാതെ വന്നാൽ അതിൽ ആ "കുസൃതിക്കാരൻ" പരിഭവം ഉണ്ടാകാത്തതുപോലെ മാന്യവായനക്കാൎക്ക് വല്ലായ്മയും അരുതെന്നു് അപേക്ഷ. അൎമ്മാദാ മിടുക്കനാണ്. സ്നേഹപീഠത്തിൽ ജീവൻ ബലി കഴിക്കുവാൻ ഇത്ര സന്തോഷമോ നിർബ്ബന്ധം തന്നെയോ ഉള്ളതായി അധികം ആരെയും കാണാവതല്ല. സാധുവായ കൊച്ചുണ്ണിക്കുറുപ്പിനു കിട്ടിയിട്ടുള്ള മഹാഭാഗ്യങ്ങളിൽ ഒന്നാണ് ഈ യുവാവുമായുള്ള മൈത്രി എന്നു് ഇന്നും കുറുപ്പ് അശ്രുവൎഷത്തോടെ പറയും.

അല്പം അശ്രദ്ധനാണെങ്കിലും കുറുപ്പിനു ഡാക്ടരോടു കണക്കററ കോപം ഉണ്ടായിരുന്നു. ഒരുദിവസം അയാളോടു നേരിട്ടു രണ്ടു വാക്കു ചോദിക്കണമെന്നു തന്നെ ഉറച്ചു് ആ മഹാശയൻ പിന്നേം വീട്ടിൽ കയറിച്ചെന്നു. ഭാഗ്യവശാൽ, അവിടെ വിദ്യാർത്ഥികളാരുംതന്നെ ഉണ്ടായിരുന്നില്ല. കുറുപ്പിനെ സല്ക്കരിച്ചതു ഡാക്ടരും ഭോനിയും തമ്മിൽ പ്രണയ പാരവശ്യത്തോടെ ആലിംഗനംചെയ്യുന്ന കാഴ്ചയായിരുന്നു. അന്യപുരുഷന്റെ ദർശനത്തിൽ ഒട്ടും ലജ്ജിച്ചു പിൻമാറാതെ നിൽക്കുന്ന ഡാക്ടരുടെ പിടിയിൽനിന്നുബലംപ്രയോഗിച്ചു വേർപെട്ട കന്യക മുറിക്കുള്ളിൽ കയറി മറഞ്ഞു. ഈ കൃത്യത്തിൽ രോഷാകുലനായിത്തീർന്ന ഡാക്ടർ "അനവസര"ക്കാരനായ കുറുപ്പിനെ ദഹിപ്പിക്കുവാൻ എന്നവണ്ണം നോക്കി. ഇതു "മോങ്ങാനിരിക്കുന്ന നായുടെ തലയിൽ ഒരു തേങ്ങ"യായിത്തീർന്നു.

കുറുപ്പ്:—"എന്തു മര്യാദയാണു ഹേ! വല്ല പെൺകുട്ടികളേയും മടിയിൽകയററി തേവിടിശ്ശിയാടിക്കുന്നതു്? തനിക്കു് അമ്മയും ഉടപ്പിറന്നവളും ഒന്നും ഇല്ലെന്നോ?"

ഡാക്ടർ:—"താനാരാണെടോ, കാര്യമെടുക്കുവാൻ. ഒരാൾ അയാളുടെ ഭാര്യയുമായിരിക്കുമ്പോൾ കയറിവന്ന—"

കുറുപ്പ്:—"തന്റെ ഭാര്യയോ ഭോനിക്കുട്ടി! എന്നാണു സംബന്ധം കഴിഞ്ഞതു്?"

ഈ അവസരത്തിൽ ആ പടി കടന്നു കയറിവന്ന വിദ്യാർത്ഥികളെ കാണാത്ത ഭാവത്തിൽ കുറുപ്പു തുടർന്നു:—"നന്നായി ഓർമ്മിച്ചോളു ഈശ്വരൻ എന്നൊരാളുണ്ടെങ്കിൽ താൻ ഈ പെണ്ണിന്റെ ഭർത്താവാവുകയില്ല. അതിനു മുമ്പു തന്റെ തല തെറിക്കും. അത്ര നീചനും ദ്രോഹിയും മഹാപാപിയുമാണു താൻ."

ഡാക്ടർ പൊട്ടിച്ചിരിച്ചുകളഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോൾ എന്നുള്ളമട്ടിൽ അദ്ദേഹം ആഗതന്മാരുടെ മുഖത്തേക്കു നോക്കി. അവർ കുറുപ്പിന്റെ ഈ മര്യാദകേട് കഠിനമായി വെറുക്കുന്നെന്നു മുഖഭാവംകൊണ്ടു പ്രത്യക്ഷപ്പെടുത്തി. അവരേവരും തന്നോടു നീരസം ഭാവിക്കുന്നെന്നു കണ്ട്, അപ്പോഴേക്ക് പശ്ചാത്തപിച്ചും സ്വയം ശപിച്ചും തുടങ്ങിയ കുറുപ്പ് ഒന്നും സംസാരിക്കാതെ അവിടെനിന്നു പൊയ്ക്കളഞ്ഞു.

(൭)

മുൻഭാഗത്തിൽപ്പറഞ്ഞ സംഭവങ്ങൾക്കു ഒരാഴ്ചവട്ടത്തെപ്പഴക്കമേ സിദ്ധിച്ചിട്ടുള്ളുവെങ്കിലും നമ്മുടെ പരിചയക്കാരായ കഥാപാത്രങ്ങളുടെ സ്ഥിതി രാപകൽ എന്നപോലെ മാറിപ്പോയി. ഭവാനിക്കുട്ടിയുടെ പ്രണയാഗാരമായ ഡാക്ടർ കേശവൻനായരെ കൊലപ്പെടുത്തിയെന്നുള്ള കേസിൽ പ്രതിയായി പിടിക്കപ്പെട്ട കുറുപ്പു പോലീസുബന്തവസ്സിൽ ഇരിക്കുന്നു. കൊലപാതകം നടന്ന രാത്രിയിൽ ഡാക്ടർ വരുവാൻ വളരെത്താമസിച്ചെന്നും, ഇരുട്ടത്തു പടിക്കൽ വന്ന് കതകു തുറക്കുവാൻ തന്നോടു വിളിച്ചുപറഞ്ഞുവെന്നും ഉറക്കത്തിൽനിന്നു പിടച്ചുണന്നെഴുന്നേററുചെന്നു താൻ കതകു തുറന്നുകൊടുത്തെന്നും അരിവെപ്പുകാരൻ മൊഴികൊടുത്തു. ഡാക്ടരുടെ അകാലജീവനാശം ആശംസിച്ചുള്ള കുറുപ്പിന്റെ വാക്കുകൾ കേട്ടുവെന്നും അന്നുരാത്രി വെളുക്കാറായപ്പോൾ തന്റെ ഡാക്ടരുടെ കബന്ധം വരാന്തയിൽ രക്തത്തിൽ മുഴുകിക്കിടക്കുന്നതു കണ്ടതെന്നും, ഡാക്ടർ ഉറങ്ങുവാൻ കിടക്കുമ്പോൾ സാധാരണ ധരിക്കാറുള്ള ഷർട്ടും മുണ്ടും അദ്ദേഹത്തിൽ ഉണ്ടായിരുന്നതുകൊണ്ടും കൂടുതലായി ദേഹപ്രകൃതികൊണ്ടും തലയില്ലെങ്കിലും അതു് അ ബന്ധുളദ്യോഗസ്ഥന്റെ ശവമാണെന്ന് അറിയുവാൻ പ്രയാസമില്ലെന്നും വിദ്യാർത്ഥികൾ "സാക്ഷിപറഞ്ഞു." താൻ വെളുപ്പിനുണന്നപ്പോൾ അപ്പോ മുറിയുടെ കതകു ബലമായിത്തുറന്നു പടിക്കലേക്കു ഓടുന്നതായിക്കേ

ട്ടെന്നു വൃദ്ധ ബോധിപ്പിച്ചു. കുറുപ്പിനെ അന്നുരാത്രി കൃത്യസ്ഥലത്തിനടുത്തുവെച്ചു കണ്ടതായി "റോസുചട്ട"യുടെ മത്സ്യഖജാൻജി പറഞ്ഞു. ഉദ്ദേശം രാത്രി പന്ത്രണ്ടുമണിക്കു് ഒരാൾ പിന്നേം വീട്ടിൽ പടികയറുന്നതും വേറൊരാൾ അയാളെ പിന്തുടർന്നു വേഗം അകത്തു കടക്കുന്നതും കണ്ടതായി ആരോ ഒരുത്തൻ ഏറ്റു. ഈ തെളിവുഭാരങ്ങളെല്ലാം കുറുപ്പിന്റെ ശിരസ്സിനെ ഇനി ഉയരാത്തവിധത്തിൽ താഴ്ത്തി. എന്നിട്ടും "ഞാൻ ഇതൊന്നും അറിഞ്ഞതല്ലേ പത്മനാഭ!" എന്നു് ആ യുവാവു് ഉരുവിട്ടുകൊണ്ടിരുന്നു.

കേസു വിചാരണ കഴിഞ്ഞു് സെഷ്യൻകോടതിയിൽനിന്നു ഒരു മരണശിക്ഷാവിധിയുമുണ്ടായി. കുറുപ്പിന്റെ നിർബന്ധത്താൽ, നിയമവിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിനു് തീരെ വിപരീതമായിട്ടാണെങ്കിലും ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. പക്ഷെ അവിടെയും "തഥൈവ" വിധിയുടെ മുൻസൂചനകൾതന്നെ അചിരേണ പ്രത്യക്ഷപ്പെട്ടുവാൻ തുടങ്ങി.

(൩)

സ്വകാമുകന്റെ ദുഃകാലനിർമ്മാണത്തിൽ വാടിവരണ്ട ആ ഓമനത്തളിരിനു നീരോട്ടം നൽകുവാൻ ആരുവിചാരിച്ചാൽ കഴിയും? മഹാഘാതകനായ കുറുപ്പിന്റെ പാപഫലങ്ങൾക്കു ഭക്ഷ്യമായിത്തീർന്ന ആ അവസാനനിമേഷത്തിൽ അദ്ദേഹത്തിന്റെ വിചാരം എന്തായിരിക്കുമോ പത്മനാഭാ! എന്നു് ഭവാനിക്കുട്ടി ചിലപ്പോഴെല്ലാം ഒന്നു് ആലോചിക്കാറുണ്ടു്. ആ ചിന്ത അവളുടെ ദമശക്തിയെ പ്രതിരോധിച്ചു് ആ ശരീരവല്ലിയെ ഭൂമുഖത്തിൽ പതിപ്പിച്ചുകളയുകയാണു് പതിവു്. സ്വാധ്വിയായ വൃദ്ധ തന്റെ ദുർവ്വിധിയെപ്പറ്റി ഓർത്തു രാമനാമജപം മുറുക്കത്തിലാക്കിയിരിക്കുന്നു. "രാമ രാമ രാമ രാമ, സ്വാമീ എടാ അന്തകൻ കുറുപ്പേ! രാമ രാമ നിന്റെ തലയിൽ ഇടിവീണുപോണേ ഭഗവാനേ! നല്ലൊരു

കഞ്ഞു്" എന്നിങ്ങനെ ദുശ്ശഖലവീഥിയിൽ അവർ പ്രാൎത്ഥനാശാപങ്ങളെ നാലുദിക്കിലേക്കും പ്രക്ഷേപിക്കാറുണ്ടു്.

കൊലപാതകം കഴിഞ്ഞ ദിവസം. പുലൎന്നപ്പോഴേക്കു തന്നെ വാടകക്കാർ പുസ്തകങ്ങളുംപേറി മററിടം തേടിക്കഴിഞ്ഞിരുന്നു.

ഇങ്ങനെയെല്ലാമിരിക്കുന്ന അവസരത്തിൽ വൈകുന്നേരം ഉദ്ദേശം നാലരമണി സമയത്തു രണ്ടു യുവാക്കന്മാർകൂടി പിന്നേം വീട്ടിന്റെ അല്പംഅകലെവച്ചു കണ്ടുമുട്ടി. ഒരാൾ ഇപ്രകാരം ചോദിച്ചു:—

"സാർ; ഈടിക്ക് ഏതാണു്?"

രണ്ടാമൻ:—"നിങ്ങൾ ഏതെന്നു വിചാരിച്ചാണു് വന്നതു്?"

ഒന്നാമൻ:—"അങ്ങനെ ചോദിക്കല്ലെ. ഇതു തിരുവനന്തപുരമെന്നു അറിയാൻ വയ്യാത്തവർ ഉണ്ടോ?"

രണ്ടാ:—"പിന്നെ എന്താണു നിങ്ങൾക്കു അറിയേണ്ടതു്?"

ഒന്നാ:—"ഇതു അതിന്റെ ഏതുഭാഗമാണെന്നാണു്?"

രണ്ടാ:—"ശരി...........എന്ന സ്ഥലമാണു്"

ഒന്നാ:—"അതാ അക്കാണുന്നവീട്ടിൽ ആരു താമസിക്കുന്നു?"

രണ്ടാ:—"ഇപ്പോൾ ആ വീട്ടുകാർതന്നെ. മുമ്പെ കുറെ പഠിത്തക്കാർ. അവർ അവിടെ ഒരുകൊലപാതകം നടന്നതുകൊണ്ടു പൊയ്ക്കളഞ്ഞു."

ഒന്നാമന്റെ മുഖത്തു അല്പംപ്രസാദം പരന്നതു രണ്ടാമൻ സൂക്ഷിക്കാതിരുന്നില്ല. കൊലപാതകം എന്നു കേട്ടാൽ

സംതൃപ്തിയടയുന്നയാൾ സാധാരണനല്ലല്ലോ എന്നു് അയാൾ ചിന്തിച്ചു. അപ്പോൾ:—

ഒന്നാ:—"എന്നാൽ ഞാൻ പോകട്ടെ നിങ്ങളുടെ വീട്ടു്?"

രണ്ടാ:—"നിങ്ങൾക്കു് ആരെ കാണണമെന്നു പറഞ്ഞില്ലല്ലോ"

ഒന്നാ:—"എനിക്കു് ഇഞ്ചിനീയരാപ്പീസിൽ ജോലിയുള്ള ഒരാളിനെക്കാണണം."

രണ്ടാ:—"ഇപ്പോൾ മണി ഒന്നായില്ലേ? അയാളെ അഫീസിൽ ചെന്നു കാണാമായിരുന്നല്ലോ. പിന്നെ വൃഥാ അലഞ്ഞുതിരിഞ്ഞതു്—"

ഒന്നാ;—"ശരിതന്നെ ഞാൻ എന്തൊരു മഠയൻ! വളരെ വന്ദനം. അപ്പോൾ ആ കൊലപാതകക്കാരൻ ആരു്? അയാളെ ശിക്ഷിച്ചോ, അതോ കേസുപോയോ? നോക്കണേ, ലായും ചട്ടവും നീതിയും മുറയും ഒക്കെയുണ്ടെങ്കിലും കൊള്ളയും കൊലയും കുറവില്ല. ആരയാൾ ജാതിയിൽ?"

രണ്ടാ:—"കാഹോ! ആയാൾ തൂക്കുമരത്തിൽ ഇന്നലെ കയറി ഇറങ്ങിക്കഴിഞ്ഞു."

ഒന്നാ:—"ആഹാ!" എന്നുപറഞ്ഞതിലും സന്ദർഭോചിതമല്ലാത്ത ഒരുവികാരം നിഴലിട്ടതായി മറേറയാൾക്കുതോന്നി. രണ്ടുപേരും പിരിയുകയും ചെയ്തു.

(൩)

തിരുവനന്തപുരം നിവാസികളുടെ ഇടയിൽ ഇപ്പോഴും സംഭാഷണം നിലച്ചിട്ടില്ലാത്തതായ ഈ സംഗതി പുനരാധികം വർണ്ണിക്കണോ! നിരപരാധിയെങ്കിലും നീതിപ്രകാരം കുററക്കാരനായ കൊച്ചുണ്ണിക്കുറുപ്പു് "കൊല്ലിനും കൊലയ്ക്കും" അധികാരമുള്ള ന്യായാധിപകേസരികളുടെ മുമ്പിൽ വിധിതി

വസം പ്രവേശിപ്പിക്കപ്പെട്ടു. അന്നേദിവസം ആ യുവാവു ചെയ്ത പ്രസംഗം പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും അതു ഒരുപക്ഷെ വായിച്ചിട്ടില്ലാത്ത മാന്യവായനക്കാരുടെ മുമ്പിൽ ഒരു രത്നച്ചുരുക്കം സമർപ്പിച്ചുകൊള്ളുന്നു. പൂർണ്ണരൂപത്തിൽ ധരിച്ചിട്ടുള്ളവർ ഇതു നോക്കണമെന്നു നിർബന്ധവും ഇല്ല.

"—ഞാൻ വാസ്തവത്തിൽ നിരപരാധിയാണു്. മരിച്ചുപോയ ആളിനോടു് എനിക്കു വലുതായ ദ്വേഷ്യം ഉണ്ടായിരുന്നെന്നു് ഇപ്പോഴും ഞാൻ സമ്മതിക്കുന്നു. അയാൾ ജീവിച്ചിരുന്ന കാലത്തു അയാൾ മരിക്കണമെന്നു് എനിക്കു ആഗ്രഹം ഉണ്ടായിരുന്നെന്നാണു് ഇപ്പോൾ തോന്നുന്നതു്. എന്നാൽ ആ പാവത്തിനു് ഈമാതിരി ഒരു നിര്യാണം സംഭവിച്ചതിൽ ഞാൻ അയാളെ ഏററവും ഉററു സ്നേഹിക്കുന്നവരെപ്പോലെ തന്നെ കഠിനമായി വ്യസനിക്കുന്നു. അയാളുടെ പക്കൽ വലുതായ യാതൊരു തെററും ഇല്ലായിരുന്നു. ഒരുപക്ഷെ, തന്റെ ഇംഗിതം എന്നോടു അദ്യമേതന്നെ പറയുകയും, അതു ഹൃദയാന്തർഭാഗത്തിൽനിന്നു വരുന്ന പരമാർത്ഥവാക്കുകൾ ആണെന്നു തോന്നുകയും ചെയ്തിരുന്നെങ്കിൽ അതിന്റെ നിവൃത്തിക്കു മനം വെന്തിട്ടായാലും ഞാൻ അയാളെ സഹായിക്കുമായിരുന്നു. ഞാൻ ബഹുജനങ്ങളോടു പരിചയപ്പെട്ടിട്ടു് നാലഞ്ചു വർഷമായിട്ടുണ്ടു്. വല്ല കുററവും ചെയ്യുമെന്നു് അവരിൽ ആരെങ്കിലും പറയുന്നുണ്ടെങ്കിൽ സസന്തോഷം മരണശിക്ഷ അനുഭവിക്കുവാൻ ഞാൻ മടിക്കില്ല. പക്ഷെ, ഇതിൽ ന്യായപരിപാലകന്മാരായ നിങ്ങൾക്കു എന്നെ ശിക്ഷിക്കാതിരിക്കുവാൻ നിവൃത്തിയില്ലാത്തവിധം തെളിവുകൾ ബലപ്പെട്ടിട്ടുണ്ടു്. ആരും എന്റെപേരിൽ മനഃപ്പൂർവ്വം കള്ളസ്സാക്ഷി പറഞ്ഞിരിക്കയുമില്ല. എന്തായാലും എന്റെ ജീവശ്വാസത്തെ മനുഷ്യസമുദായത്തിന്റെ അപൂർണ്ണബോധത്തിനു ഞാൻ ബലികഴിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ ഞാൻ

ഒന്നപേക്ഷിച്ചുകൊള്ളട്ടയോ? ഈ കോടതിയിൽ കേസു വന്നപ്പോൾമുതൽ എനിക്കു ഒരു വല്യതായ സന്താപം നേരിട്ടിട്ടുണ്ടു്. എന്നെയും ഞാനും പ്രാണനെപ്പോലെ സ്നേഹിക്കുന്ന ഒരു മഹാശയനായ സർവ്വോത്തമൻ, പുരുഷരത്നം, ലോകത്തിന്റെ രത്നാഭരണം, അദ്ദേഹം എന്നെക്കാണുവാൻ വരാതെയായിരിക്കുന്നു. ഞാൻ കുററക്കാരൻ അല്ലെന്നു വല്ലവക്കും ഓൎക്കു നിശ്ചയം ഉണ്ടെങ്കിൽ അതു അദ്ദേഹത്തിനാണു്. ഇങ്ങിനെയിരിക്കെ എന്റെ അവസാനദിവസങ്ങളിൽ ആ രക്ഷകൻ എന്നെ ഉപേക്ഷിച്ചതു് എങ്കിൽ പോലീസധികാരികളുടെ വിഘ്നകരണമായ ആജ്ഞ കൊണ്ടായിരിക്കണം, അല്ലെങ്കിൽ എന്റെ മുഖം കാണുവാൻതക്ക മനഃക്കരുത്തു് അദ്ദേഹത്തിനില്ലാഞ്ഞിട്ടായിരിക്കണം. ഏതായാലും മാന്യമഹാമനസ്സന്മാരായ നിങ്ങൾ ഇക്കാൎയ്യം—ഈ അവസാനത്തിലെ കൃതജ്ഞത അദ്ദേഹത്തെ ഉചിതമായ വിധത്തിൽ ധരിപ്പിക്കണേ. ഞാൻ ഉദ്ദേശിക്കുന്നതു്—”

“എന്നെത്തന്നെ; മഹാസുകൃതിയായ അവിട്ടത്തെ കുട്ടപ്പനെത്തന്നെയല്ലേ?” എന്നു കൂട്ടത്തിൽനിന്നു് ഒരു ശബ്ദം പൊങ്ങി. എല്ലാവരും ആ വശത്തേക്കു നോക്കിയപ്പോൾ, വേറൊന്നുമല്ല, മരിച്ചുപോയ ഡാക്ടർ ബന്ധനസ്ഥനായി, രാജഭടന്മാരുടെ ഇടയിൽ മുമ്പിലും, ഒരു പോലീസ് ഇൻസ്പെക്ടരും കുട്ടപ്പനും പുറകിലും ആയി മുന്നോട്ടു വരുന്നു.

(൩)

കേസിന്റെ ഗതി എന്തിനു പറയുന്നു? ഊഹിക്കരുതേ? എങ്ങിനെയാണു് ഇതു സംഭവിച്ചതെന്നു ചുരുക്കി പറഞ്ഞേക്കാം. കുറുപ്പു് ഡാക്ടരെ ചീത്തപറഞ്ഞ അന്നു രാത്രി ...യുടെ ഷാപ്പിൽ കയറി ഉത്സാഹജന്യമായ വീരാമൃതം ഉള്ളിലാക്കിയിട്ടു താമസസ്ഥലത്തേക്കു മടങ്ങുന്ന ഡാക്ടർ കണ്ടതു ബൊമ്മായിൽ തന്റെ സ്നേഹിതനായിത്താമസിച്ചിരുന്ന ഒരു

വടക്കൻമേനവനെയാണ്. ഈ മനുഷ്യൻ ഒരു കൺട്രാക്ടരായി നല്ലതുപോലെ സമ്പാദിച്ചിരുന്നു. ഡാക്ടർ ബർമ്മാ വിട്ടു കുറേ കഴിഞ്ഞപ്പോൾ ഇദ്ദേഹവും മലയാളത്തിലേക്കു തിരിച്ചു. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം കൂടാതെ ഏകദേശം അയ്യായിരം ഉറുപ്പികയുടെ നോട്ടോടുകൂടി ഈ സാധു തിരുവനന്തപുരത്തിറങ്ങി. പരിചയമില്ലാത്ത അനവധി മുഖങ്ങൾ കണ്ടു നടക്കുമ്പോൾ അന്നു് ഡാക്ടർ അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചതു. തിരുവനന്തപുരത്തു് ഒരു വർത്തമാനപ്പത്രം തുടങ്ങണമെന്നുദ്ദേശിച്ചു പുറപ്പെട്ടതാണു് മേനവൻ. അതു ശരിയായിരിക്കാം. ഏതായാലും ഈ ധനവാന്റെ വിശിഷ്ടസ്ഥിതി സുഗമമാക്കുന്ന ഘാതകപദ്ധതി ഒററ നോട്ടത്തിൽ ഗ്രഹിച്ച ഡാക്ടർ അദ്ദേഹത്തേയുംകൊണ്ടു പലവഴി നടന്നു നേരം പാതിരാവായപ്പോൾ പിന്നേംവീട്ടിൽ പടിക്കൽ എത്തി. അതിനിടയിൽ എങ്ങനെയെല്ലാമാണു കാര്യങ്ങൾ നടത്തേണ്ടതെന്നു് അയാൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഉറക്കം തൂങ്ങുന്ന അരിവയ്പുകാരനു ഡാക്ടരുടെ കൂട്ടുകാരനെ കാണുവാൻ കഴിഞ്ഞില്ല. അകത്തു കടന്നു സ്നേഹിതനു ശയനവസ്ത്രമായി തന്റെ കുപ്പായവും മുണ്ടും നേര്യതും ഏതു വിധത്തിലോ കൊടുത്തു. ചുരുക്കത്തിൽ അയ്യായിരം രൂപാ ആ പാവത്തിനെ കൊന്നു. മുൻനിശ്ചയപ്രകാരം തല എവിടെയോ കളഞ്ഞു. ഭവാനിയെപ്പററി ചിന്തിച്ചിരുന്നോ എന്തോ! ഡാക്ടർ വെളുപ്പിനുള്ള തീവണ്ടിയിൽ പാണ്ഡ്യദേശത്തേക്കു തിരിച്ചു.

കേസിന്റെ ഗതി അയാൾ അന്വേഷിച്ചു മനസ്സിലാക്കിവന്നു. ഒടുവിൽ ഹൈക്കോടതിയിൽ തീർച്ചയാകാറായി എന്നു് അറിഞ്ഞു സമർത്ഥനായ തന്റെ വാല്യക്കാരനെ തിരുവനന്തപുരത്തേക്കയച്ചു. തൂക്കിക്കഴിഞ്ഞാൽ ഉടൻതന്നെ ഭവാനിക്കായി താൻ കൊടുത്തിരുന്ന എഴുത്തു് അവളെ കാണിച്ചു്

66815

ആ യുവതിയും ആയി ഒളിച്ചോടിപ്പോരേനക്കണമെന്നു ശട്ടം കെട്ടിയിരുന്നു. മഹാകുടിലനായ അയാൾക്കു കുറേക്കൂടി ക്ഷമിക്കുവാൻ ബുദ്ധിതോന്നാഞ്ഞതു ലോകത്തിന്റെ ഭാഗ്യംകൊണ്ടു തന്നെ എന്നു സമാധാനപ്പെടുവാനേ നിർവ്വാഹം ഉള്ളൂ.

ഈ വാര്യക്കാരൻ കുട്ടപ്പനുമായി കണ്ടു സംസാരിച്ചതു നാം അറിഞ്ഞല്ലൊ. സംശയം തോന്നിയ കുട്ടപ്പൻ അന്നു രാത്രി പിന്നേം വീടിനെ ചുററുന്ന ഇടവഴികളിലും റോഡിലും ഒളിച്ചുനടന്നു. പാവപ്പെട്ട പെൺകുട്ടി എഴുത്തു കണ്ടു യാതൊന്നും വിശ്വസിക്കാതെ മുറിയിൽ കയറി കതകടച്ചു കരഞ്ഞുതുടങ്ങി. നിരാശനായിത്തീൎന്ന ഭൃത്യൻ വിവരം സ്വാമിയെ അറിയിക്കുവാൻ ആയി വണ്ടികയറി. പുറകെ കുട്ടപ്പനും ഉണ്ടായിരുന്നു. തൃത്തപ്പടിക്കടുത്തുള്ള ഒരു തീവണ്ടിയാപ്പീസിൽച്ചെന്നു ഭൃത്യനെത്തുടൎന്നു കുട്ടപ്പനും ഇറങ്ങി. ഡാക്ടർ വെറും പട്ടരായി രണ്ടു ഗജം നീളമുള്ള ഒരു ചുരുട്ടുമായി പിൻവശത്തു ലാത്തുന്നതു കണ്ടു. പിന്നെ പുള്ളിയെ പിടിക്കുവാൻ പ്രയാസവും ഇല്ലായിരുന്നല്ലോ.

## ഡാക്ടർ. കെ. പി. കുറുപ്പ്.

ഈ പേരു് ഇപ്പോൾ ലോകപ്രസിദ്ധമായിത്തീൎന്നിട്ടുണ്ടെന്നു ഞാൻ തന്നെ പറയുക ആത്മപ്രശംസയായിത്തോന്നിയേക്കാം. എന്നെ കണ്ടിട്ടുള്ളവരും എന്റെ പേരു കേട്ടിട്ടില്ലാത്തവരും വളരെ ചുരുക്കമാണു്. എന്നാൽ അങ്ങുമിങ്ങും ചില ദുഷ്ടബുദ്ധികളായ പത്രങ്ങൾ ഞാൻ ഏതു വൈദ്യകലാശാലയിലാണു് ബിരുദം നേടിയതെന്നു ചോദിക്കുകയും ആ വിഷയം അടിസ്ഥാനമാക്കി എന്നെ ആക്ഷേപിക്കുകയും ചെയ്യുന്നുണ്ടു്. അതു ഞാൻ അറിയാതിരിക്കുന്നില്ല. പക്ഷേ

എൻെറ ക്ഷമയ്ക്കു് ഒരു അതിരും ഈ രാജ്യത്തിൽ അപകീൎത്തിയ്ക്കു് ഒരു നിയമവും ഉള്ളതായി അവർ ഇനിയെങ്കിലും ധരിച്ചാൽ കൊള്ളാം.

ഞാൻ വാസ്തവത്തിൽ ഒരു വൈദ്യപരീക്ഷയും ജയിച്ചിട്ടില്ല. സർവ്വകലാശാലകളിലെ പരീക്ഷകളോടു എനിക്കു വെറുപ്പും അത്രയ്ക്കുണ്ടു. പരമാൎത്ഥം പറകയാണെങ്കിൽ സുമാർ ഏഴു വർഷത്തെ നിരന്തരശ്രമം കൊണ്ടു് എൻെറ ട്യൂട്ടർമാരും അച്ഛൻെറ പണവും എന്നെ "മെട്റിക്കുലേഷൻ" ക്ലാസിൽ എത്തിച്ചെങ്കിലും അവിടം കടത്തിവിടുവാൻ അവൎക്കാൎക്കും സാധിച്ചില്ല. ഞാൻ അത്രയ്ക്കു് തൻേറടത്തോടുകൂടി നിന്നുകൊണ്ടു. ഒടുവിൽ ഒരു ദിവസം അച്ഛനും വാദ്ധ്യാന്മാരും കൂടി കൂന്താര ഒരു മൂകമനസ്സിൽ വച്ചു തീർച്ചപ്പെടുത്തിയ പ്രകാരം ഞാൻ വിദ്യാലയത്തോടു അവസാനയാത്ര പറഞ്ഞു പിരിഞ്ഞു.

എന്നാൽ ഒരു കാലത്തു് ഞാൻ ലോകപ്രസിദ്ധിയിൽ ലോയിഡ് ജോർജിനോടൊ, ഷേക്സ്പീയറോടൊ മല്ലുപിടിക്കുമെന്നു ആ സാധുക്കൾ അന്നു് ചിന്തിച്ചതേയില്ല. എൻെറ ചികിത്സ ഒരു അതിഭയങ്കരമായ രോഗത്തെ സംബന്ധിച്ചു മാത്രം ആണു്. ആ രോഗത്തിൻെറ പരിഹരണത്തിൽ ഞാൻ അദ്വിതീയനായി നില്ക്കുന്നു. വ്യാജകഥനം അഥവാ പുളുവടി എന്ന മഹാരോഗം ഇപ്പോൾ ലോകസമുദായത്തെ കടുകിട്ടുപ്പിക്കുന്നുണ്ടു്. ഇപ്പഴത്തെ യുവാക്കന്മാരിൽ ഈ കഠിനരോഗത്തിൻെറ ബീജങ്ങൾ സാന്ദ്രമായി സങ്കലിച്ചിട്ടുണ്ടു്. ഇതു് പലവിധത്തിൽ ആണു്. പക്ഷെ ആ വക സാങ്കേതിക സംജ്ഞകൾകൊണ്ടു് വായനക്കാരെ വിഷമിപ്പിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഏകദേശം ഇരുനൂററിരണ്ടു വിധത്തിൽ ഈ രോഗം മനുഷ്യസമുദായത്തെ ബാധിച്ചിട്ടുണ്ടു്. ഞാൻ ഇടപെട്ടിട്ടുള്ള രോഗികൾ എല്ലാം മോചിതരായിട്ടാണു് കണ്ടുവരുന്നതു്. പല സംഘങ്ങളും എനിയ്ക്കു് അനവധി ബഹുമതി മുദ്രകൾ തന്നിട്ടും ഉണ്ടു്.

എന്നാൽ ഒരു രോഗിമാത്രം എൻെറ സാമൎത്ഥ്യത്തെ കടന്നുപോയി. ആ വാസ്തവത്തെ ഞാൻ എന്തിനു മറെച്ചുവയ്ക്കുന്നു? കൂടാതെ അയാളും ഞാനും തമ്മിൽ അനന്തരകാലത്തിൽ ഉണ്ടായി ഇപ്പോൾ സ്ഥിരപ്പെട്ടുകഴിഞ്ഞിട്ടുള്ള ബന്ധത്തെക്കുറിച്ച് മിക്കവൎക്കും അറിവുള്ളതാണ്. ഈ സംഗതിയെപ്പറ്റിയുള്ള മുഴുവൻ കഥകളും കേൾക്കണമെന്ന് പല പത്രക്കാരും പൊതുജനകാൎയ്യപ്രസക്തന്മാരും എനിയ്ക്ക് ദിനംപ്രതി കത്തുകൾ അയച്ചുകൊണ്ടിരിക്കുന്നു. അവരുടെ ജിജ്ഞാസയെ ശമിപ്പിക്കുന്നതിനും എൻെറ സ്നേഹിതനും പ്രധാന സഹകാരിയും ആയിത്തീൎന്ന ആ രോഗിയുടെ വൈദഗ്ദ്ധ്യത്തെ തെളിയിക്കുന്നതിനും ആയി ഞാൻ ആ സംഭവത്തെ അതുപോലെ വിവരിക്കാം.

ഒരു ദിവസം ഞാൻ എൻെറ ആഫീസ് മുറിയിൽ ഇരിക്കുമ്പോൾ വെളിയിൽ ഒരാൾ കാണ്മാൻ വന്നു നില്ക്കുന്നു എന്ന് എൻെറ ഒരു ശിപായി എന്നെ അറിയിച്ചു. "അവിടെ നില്ക്കട്ടെ, മുൻകൂട്ടി എഴുതി അറിയിക്കാതെ വരുന്നവൎക്കൊക്കെ ഞാൻ നൽകുന്ന ശിക്ഷ അതാണ്" എന്ന് ഞാൻ മറുപടി പറഞ്ഞു. "അതുപോരാ, അദ്ദേഹത്തിന് ഉടനേ കാണണം. വലിയ ആപൽക്കരമായ ഒരു രോഗമാണ് എന്നു പറയുന്നു" എന്ന് അവൻ ബോധിപ്പിച്ചു. "ആകട്ടെ എന്നാൽ വരാൻ പറയൂ" എന്ന് ഞാൻ ഉത്തരവായി.

അദ്ദേഹം സമാഗതനായി. ആൾ മദ്ധ്യവയസ്സുകടന്നിട്ടുള്ള ഒരു മാന്യനാണ്. മുഖം വിവൎണ്ണമായിരിക്കുന്നു. വന്ന ഉടനേതന്നെ:—"യജമാനനേ! എൻെറ മകൻ അത്യാപൽക്കരമായ ദശയിൽ എത്തിയിരിക്കുന്നു. അവൻ പ്രകൃത്യാ ശാന്തശീലനും കള്ളം പറയാത്തവനും ആണ്. ഒന്നരമാസത്തിനു മുൻപിൽ ആണ് അവന് ഈ സുഖക്കേട് ഉണ്ടെന്നു വെളിപ്പെട്ടത്. എന്നാൽ ഈ ഒന്നരമാസത്തിനകം അതു് നമുക്കൊക്കത്താത്ത നിലയിൽ ആയിത്തീൎന്നിരിക്കുന്നു. എന്താണു ചെയ്യേ

ണ്ടതെന്നൊരു രൂപവുമില്ല. യജമാനനേ! എനിക്കൊരു മകനേയുള്ളൂ."

"അതട്ടെ, 'നമുക്കെ'ത്താമോ വഹിയായോ എന്നു് പിന്നെ ആലോചിക്കാം! 'നമുക്ക്' എന്നുള്ള വാക്ക് സൂക്ഷിച്ചല്ലേ ഉപയോഗിക്കേണ്ടതു്? സുഖക്കേടിന്റെ ലക്ഷണം കേൾക്കട്ടെ."

"ഒന്നാമതായി അവൻ പല ചട്ടമ്പികളുമായി വഴക്കു കൂടി അവരെയൊക്കെ തോല്പിച്ചു എന്നു് പറഞ്ഞുതുടങ്ങി. ഓച്ചിറക്കളിക്കും കൊടുങ്ങല്ലൂർ ഭരണിക്കും ഒക്കെപ്പോയി അവിടെ വച്ചു് നാല്പതും അൻപതും ആളുകളെ ഓരോ അടിയ്ക്കു് വീഴ്ത്തിയിട്ടുപോന്നു എന്നും അക്കാര്യങ്ങൾ ഒക്കെ ഭാഗവതകഥകൾ പോലെ അവിടങ്ങളിലെ ജനങ്ങൾക്കൊരു നിത്യശ്രവണ വിഷയമായിത്തീരുന്നുണ്ടെന്നും പറഞ്ഞു. പിന്നീട്ടു് അവൻ ഒററയായിട്ടു് എതിരിട്ടവരുടെ സംഖ്യ കൂട്ടിത്തുടങ്ങി. ഇപ്പോൾ അവൻ ഒരു ഭീമസേനൻ ആണെങ്കിൽത്തന്നെ വിശ്വസിക്കുവാൻ വഹിയാത്ത കാര്യങ്ങൾ ആണു് പറഞ്ഞുകൂട്ടുക. ഞങ്ങൾ, ബന്ധുക്കൾ, എല്ലാവരും ഇതുകേട്ടു് കണ്ണുനീർ പൊഴിക്കുകയാണു്. പലരും ഈ സുഖക്കേടു് അന്വേഷിച്ചു വരുന്നുണ്ടു്. ഒടുവിൽ കാര്യം ഇവിടെ വന്നറിയിക്കാതെ നിവൃത്തിയില്ലെന്നുള്ള നിലയിലായി. ദയചെയ്തു് ഈ രോഗം ഒന്നു് ഭേദപ്പെടുത്തിത്തരണം. ഞാൻ എത്ര പണം വേണമെങ്കിലും—"

"എന്തു്! അകട്ടെ ഈ സുഖക്കേടുവരുമ്പോൾ മുഖത്തെ ഭാവം?"

"ഒരു മാററവും ഇല്ല. സൂര്യൻ ഉദിച്ചു അസ്തമിച്ചു എന്നു പറയുന്നതുപോലെ അത്ര പാരമാർത്ഥികത്വം തോന്നും."

"ഓഹോ രോഗം കുറെ കടന്ന നിലയിലാണു്. പേടിക്കേണ്ട. ഞാൻ നാളെ അവിടെ വരാം. തല്ക്കാലം ആലോചനാ ഫീസ് അക്കൌണ്ടന്റിനെ ഏല്പിച്ചു രസീതു വാങ്ങിപ്പോവുക."

വൃദ്ധൻ പല പ്രാർത്ഥനകളോടുകൂടി പിരിഞ്ഞു.

ഞാൻ പിറ്റേദിവസം ചിറയിൻകീഴിൽ അയാളുടെ ഗൃഹത്തിൽ എത്തി രോഗിയെ കാണണമെന്നാവശ്യപ്പെട്ടു. ഞാൻ ഡാക്ടർ ആണെന്ന് അയാളെ അറിയിക്കരുതെന്നു മുൻകൂട്ടി ശട്ടം കെട്ടീട്ടുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും തനിയേ ആ വീട്ടിന്റെ ഒരു മുറിയിൽ ആയി. ഈശ്വരാധീനത്താൽ അപ്പോൾ ആ യുവാവിനു സുഖക്കേടും തുടങ്ങി അയാൾ എന്നോടു പറഞ്ഞുതുടങ്ങി:—

"ഏയ്! നിങ്ങൾ ഒക്കെ തിരുവനന്തപുരത്തു കിടക്കുന്നു. കാര്യവും വല്ലതും അറിയുന്നോ? മുന്നാളിൽ ആറാട്ടുണ്ടായിരുന്നില്ലേ? ഞാനും എന്റെ വാല്യക്കാരൻ ഒരു കൊച്ചുനുമായി ഉത്സവം കാണുവാൻ ഇവിടെ നിന്നു തിരിച്ചു. ചാക്കയിൽ ഇറങ്ങി ക്ഷേത്രത്തിലേക്കു നടന്നു. എഴുന്നെള്ളി സമുദ്രസ്നാനവും കഴിഞ്ഞു. നേരം സന്ധ്യയായി. ഞങ്ങൾ വെറുതേ ഒരു സ്ഥലത്തു നില്ക്കുകയായിരുന്നു. പകലേ തന്നെ എന്നെ പലരും ഉററുനോക്കിയതായി എനിക്കറിയാമായിരുന്നു. ഞാനു ണ്ടോ കൂട്ടാക്കുന്നു? സന്ധ്യകഴിഞ്ഞ് ആൾ പിരിഞ്ഞുതുടങ്ങി. ഞങ്ങൾ നിന്നിരുന്ന സ്ഥലത്തിനു ചുററും ഒരു അഞ്ചുറു പേർവരും. നോക്കണം, അതൊക്കെ കടവൂർ ഉത്സവത്തിന് 'ഞാൻഊട്ടുപാട്ടു ചതച്ചു' വിട്ടകോന്ത്രപ്പള്ളി കിട്ടുക്കുറുപ്പിന്റെ ആളുകൾ ആണ്. എന്നെ ഒററയ്ക്കു തിരുവനന്തപുരത്തുവച്ച് അടിക്കണം എന്നു മുൻകൂട്ടി ഏപ്പാടു ചെയ്തിരുന്നു. ഇക്കഥയൊക്കെ പാവം ഞാനുണ്ടോ അറിയുന്നു!

"അല്പംകഴിഞ്ഞ്, ആരോ എന്റെ ദേഹത്ത് ഊക്കോടെ വന്നു വീണതായിത്തോന്നി. ഞാൻ ഒന്നുമാറിനിന്നു. എന്തിനു വെറുതേ വഴക്കുണ്ടാക്കുവാൻ പോകുന്നു; അല്ലേ? പിന്നെയും ആരോ ദേഹത്തുതള്ളി. 'ഏ സാധുക്കൾ അന്യദേശത്തുകാർ ഉപദ്രവിക്കരുതേ' എന്നു ഞാൻ മര്യാദപറഞ്ഞു. 'അന്യദേശ

ക്കാരന് രാത്രിയിൽ കടപ്പുറത്തു് എത്തുക ശ്ശമെടാ' എന്നു ഒരു ചോദ്യം. അതു് കോന്ത്രപ്പിള്ളിയുടേതാണെന്നു് ഉടൻ മനസ്സിലാക്കി. ഓഹോ! അവൻ പക വീട്ടുവാൻ വന്നിരിക്കുകയാണു്. ശരി ഈ ജീവൻപോയാൽ ച്ഛേ!—പൗരുഷം അല്ലേ നോക്കേണ്ടതു്?

“ആരെടാ അത പറഞ്ഞതു്?” എന്നു ചോദിച്ചു. “ഞാൻ തന്നെ. നിന്നെ അടിച്ചേട്ടത്തു് കടലിൽ ഇടാൻ വന്നിരിക്കുന്നു” എന്നുത്തരം. “എന്നാൽ വാടാ ചുണയുണ്ടെങ്കിൽ” എന്നു് മറുപടി. വാസ്തവത്തിൽ അത നിന്നവർ എല്ലാം അവന്റെ ഭാഗക്കാർ ആണെന്നു എനിക്കു് മനസ്സിലായില്ല. അടിയും വീണു. പത്മനാഭനാണെ, ഇതാ ഈ സന്ധ്യയാണെ, എന്റെ കൊച്ചനെ ഒരു കക്ഷത്തിനടിയിൽ നിറുത്തിയിട്ടു് മറേറക്കയ്യിൽ മുച്ചാൺ എടുത്തു് തുടങ്ങി പ്രയോഗം. ഏകദേശം അർദ്ധരാത്രിവരെ അത നിലയിൽ നിന്നടിച്ചു. അതിനിടയിൽ കാണാത്ത പക്ഷം ഒരു പന്ത്രണ്ടെണ്ണം കടലിൽ ചാടിക്കാണും. ശേഷം നടനടാ കടപ്പുറത്തു വീണു. കോന്ത്രപ്പിള്ളിക്കു് കൊടുത്ത തൊഴി, ഇതാ ഇപ്പഴും കാൽ അനക്കുവാൻ വയ്യാ. മണി ഒന്നടിച്ചപ്പോൾ ഒരു ഒററമനുഷ്യന്റെ തല പോലും നിവന്നു കണ്ടില്ല. ഞാൻ കൊച്ചനേയും പിടിച്ചു കൊണ്ടു തിരിച്ചു. തീവണ്ടി അപ്പീസിൽ വന്നപ്പോഴേക്കു് ക്ഷീണം സഹിക്കുവാൻ വഹിയാ. ഞാൻ കുഴഞ്ഞുവീണു പോയി. വാസ്തവം പറയണമല്ലൊ. ആ മഹമ്മദന്മാർ ആരോ പാലോ പഴമോ ഒക്കെ കൊണ്ടുവന്നുതന്നു. പിന്നീടാണു് തലപൊക്കിയതു്. വണ്ടികയറി ഇങ്ങുപോരുകയും ചെയ്തു.”

ഒടുവിൽവരെ സുഖക്കേടു അത്രവളരെ കൂടുതൽ ആണെന്നു ഞാൻ ധരിച്ചില്ല. തീവണ്ടിയാപ്പീസിൽ കുഴഞ്ഞു വീണതുകേട്ടപ്പോൾ ഞാൻ അമ്പരന്നു.

"ആകട്ടെ, അന്നേത്ര പേരെ വീഴ്ത്തിക്കാണും?"

"അയ്യോ! ഞാൻ ഉണ്ടോ കണക്കുനോക്കുന്നു? ജീവനെ രക്ഷിക്കുവാൻ ചെയ്യുപാട്. അതും രാത്രി. എങ്കിലും അവൻ പറയുന്നതു് കുറഞ്ഞപക്ഷം ഒരു അറുനൂറുപേർ കടലിലും കരയുമായി വീണെന്നാണു്. അത്രയും അല്ലെന്നാണെനിക്കു തോന്നുന്നതു്."

ഞാൻ എഴുന്നേററു യുവാവിന്റെ അച്ഛനെകണ്ടു് സുഖക്കേടു വല്ലരെ കൂടുതൽ ആണെങ്കിലും ഞാൻ ഒന്നു പണിഞ്ഞു നോക്കാം എന്നും പറഞ്ഞിട്ടുമടങ്ങിപ്പോരുകയും ചെയ്തു.

പിറേറ ആഴ്ച ഞാൻ രോഗിയെ എന്റെ ആശുപത്രിയിൽ അയച്ചു. അതു തിരുവനന്തപുരത്തുനിന്നു കുറെ ദൂരെ ആയി അധികം ആൾ പാപ്പില്ലാത്ത ഒരു ഗ്രാമത്തിൽ ആണു്. അവിടെ എന്റെ അസിസ്ററന്റു് ഒരു ആളും അദ്ദേഹത്തിന്റെ സഹകാരികളായി കുറഞ്ഞപക്ഷം നാലു പേരും എപ്പോഴും ഉണ്ടായിരിക്കുന്നതാണു്. എന്റെ അസിസ്ററണ്ടു് മിസ്ററർ ഗോപുനായർ ഒരു വക്കീൽ ആണെന്നാണു് എല്ലാപേർക്കും അറിവുള്ളതു്. അതേ, നിയമപരീക്ഷയിൽ ജയിച്ചു് ബോർഡു വൃത്തിയോടെയെഴുതി ശുപ്പുപിള്ളയുടെ "വൃത്തിയായി കാപ്പിപലഹാരം കൊടുക്കപ്പെടും. ഊണിനു ചക്രം ൬" കടയുടെ മുകളിൽ ആപ്പീസും ഇട്ടു് വളരെ നാൾ തപസ്സു ചെയ്തിട്ടും ലക്ഷ്മീദേവി പ്രത്യക്ഷയാകാതെ കുഴങ്ങി തന്റെ ലൈബ്രെറിമുറിയുടെ സാരമായ ഒരു ഭാഗം ശുപ്പുപിള്ളയുടെ ചിരട്ട സൂക്ഷിക്കുന്നതിനു വാടകയ്ക്കു കൊടുത്തു് കാപ്പികടയിലെ കടവും, വാടകക്കാരന്റെ പിടിത്തവും കൊണ്ടു വിഷമിച്ചു് ഒരു ദിവസം രാത്രി കമ്പിനീട്ടി പിന്നെ ഒരു ഇൻഷ്വറൻസ് ഏജന്റും വക്കീലും ആയി പറവൂരിൽ കീർത്തിപൊങ്ങിച്ച മിസ്ററർ നായരെ ഞാൻ ഒരു നല്ല ശമ്പളത്തിൽ എന്റെ അസിസ്ററണ്ടായെടുത്തിരിക്കു

ണ്. മുഖംനോക്കാതെ ഇത്രവലിയ കള്ളങ്ങൾ പറയുവാൻ അദ്ദേഹത്തെപ്പോലെ മിടുക്കനായി അക്കാലത്തു് ആരെയും ഞാൻ അറികയില്ലായിരുന്നു. എനിക്കുതന്നെ ചികിത്സിച്ചുഭേദപ്പെടുത്താൻ വഹിയാതിരുന്ന പല കേസുകളും അദ്ദേഹം ശരിയാക്കിയിട്ടുണ്ടു്. ഈ ആശുപത്രിയിലേക്കാണു് ഞാൻ എന്റെ രോഗിയെ അയച്ചതു്. എന്നാൽ ഭാഗ്യദോഷത്താൽ മിസ്റ്റർ നായർ അക്കാലത്തു് കുറേ മാസത്തെ അവധിയിൽ സ്വദേശത്തേക്കു പോയിരുന്നതുകൊണ്ടു് ചികിത്സയേററതു് അദ്ദേഹത്തിന്റെ അസിസ്റ്ററണ്ടും നിപുണഭിഷഗ്വരനും ആയ ഒരു യുവാവായിരുന്നു. ഒരു പക്ഷത്തോളവും രോഗി അവിടെ താമസിച്ചു. അതിനിടയ്ക്കു് സുഖക്കേടു തീരെ വിട്ടുമാറി. ആ സ്ഥലത്തു ചെന്നതുമുതൽ തിരിച്ചു വീട്ടിൽ എത്തുന്നതുവരെ അയാൾ സത്യമായി ഒന്നും കേട്ടിട്ടില്ല. അങ്ങിനെയാണു് എന്റെ ചികിത്സാക്രമം. സാധാരണകാര്യങ്ങളായ ഉണ്ണുക, കളിക്കുക, മുതലായവയെപ്പററിപ്പോലും ഒരു നേരെങ്കിലും അവിടെ കേൾക്കുവാൻ നിവൃത്തിയില്ല. ഇങ്ങനെ "ഉഷ്ണമുഷ്ണേനശാമ്യതി" എന്നമട്ടിൽ കള്ളം കള്ളത്തെക്കൊണ്ടുതന്നെ ഭേദമാക്കി രോഗികളെ നന്നാക്കി വിടുന്ന ആശുപത്രിയാണതു്. പ്രസ്തുത രോഗി പൂർണ്ണാരോഗ്യത്തോടുകൂടി സ്വദേശത്തേക്കുമടങ്ങി. അയാളുടെ അച്ഛൻ എനിക്കു വിലയേറിയ സമ്മാനങ്ങൾ തരികയും ചെയ്തു. അദ്ദേഹം അതു സംബന്ധിച്ചയച്ചതായ എഴുത്തിൽ "ഈയിടെ അവൻ അടിപിടിയുടെ സംഗതിയെപ്പററി ഒന്നും തന്നെ പറയുന്നില്ല. കള്ളം പറയുന്നതു കേട്ടു കൊണ്ടിരിക്കുവാൻ തന്നെ അവനു കഴികയില്ല" എന്നു പറഞ്ഞിരുന്നു.

ഒന്നരമാസം കഴിഞ്ഞു. ഒരു ദിവസം ഞാൻ ഏതോ ഒരു വൈദ്യമാസികയും വായിച്ചിരിക്കുകയായിരുന്നു. പെട്ടെന്നൊരു 'കാർ' ഗേററിൽ വന്നു നിന്നു. നമ്മുടെ പഴയ വൃദ്ധൻ ചാടിയിറങ്ങി എന്നെക്കണ്ടു് വിങ്ങിവിങ്ങിക്കരഞ്ഞു

MUL
066815

കൊണ്ടു് "അയ്യോ, പെട്ടെന്നു ...; കാരണം ഒന്നും ഇല്ല; ഉടനേ പുറപ്പെടണം; അത്യാപൽ സന്ധിയിൽ ആണു്" എന്നുപറഞ്ഞു. ഞാൻ ഉടൻ തന്നെ ചില മഹച്ചരിത്രങ്ങളും, പത്രാധിപ പ്രസംഗഫയലുകളും, നോക്കി വേണ്ട മരുന്നുകൾ കരസ്ഥമാക്കി അവിടെച്ചെന്നു. രോഗം പിടികിട്ടാത്ത സ്ഥിതിയിൽ ആയിരിക്കുന്നു. ഈശ്വരാധീനത്താൽ മിസ്റ്റർ നായർ അപ്പോൾ പട്ടണത്തിൽ ഉണ്ടായിരുന്നു. ഞാൻ രോഗിയേയും കൊണ്ടു് മിസ്റ്റർ നായരുടെ പാർപ്പിടത്തിലേക്കുപോയി. വിവരം മുഴുവൻ പറഞ്ഞിട്ടു് രണ്ടുദിവസത്തിനകം രോഗിയെ പൂർണ്ണസുഖവാൻ ആക്കണമെന്നു് ഏല്പ്പാടു ചെയ്തു് തനിയേ വീട്ടിലേക്കു തിരിച്ചു.

രണ്ടുദിവസം കഴിഞ്ഞു ഞാൻ നായരുടെ വീട്ടിൽ എത്തി. വെളിയിൽ ആരെയും കണ്ടില്ല. നേരേ മുറിയിൽ കയറിയപ്പോൾ രോഗിയുടെ ഒരു പടം അലംകൃതമായി ഒരു മേശമേൽ ഇരിക്കുന്നതും അതിനു താഴെ ഒരു സോഫയിൽ കോരു നായർ സാഷ്ടാംഗപ്രണാമവാനായി കിടക്കുന്നതും കണ്ടു.

"എന്തുഹേ? രോഗി എവിടെ?" എന്നുള്ള എന്റെ ശബ്ദം കേട്ടു കിടന്ന കിടപ്പിൽ തന്നെ പിന്തിരിഞ്ഞു തല ഉയർത്തി നോക്കിയിട്ടു്:-"ഒ ഡാക്ടർ! ആ ചെരിപ്പു ദൂരെക്കളയുക. ഈ പരിപാവന സന്നിധിയെ മലിനമാക്കാതിരിക്കുക. ഈ കാണുന്ന ആൾ ഒരു മഹാദിവ്യനാണു്. ഇതാ എന്റെ രാജിയും സ്വീകരിച്ചു കൊള്ളുക."

കാര്യം ഇങ്ങനെയായിരുന്നു. മിസ്റ്റർ നായർ രോഗിയുമായി മുറിയിൽ കയറി ഓരോ കഥകൾ പറഞ്ഞു തുടങ്ങി. താൻ അടിച്ചിട്ടുള്ള ആളുകളുടെ സംഖ്യയും കടന്നു പോന്നിട്ടുള്ള അത്യാപത്തുകളും മററും നായർ വിസ്തരിച്ചു ഒടുവിൽ അദ്ദേഹം ഏകദേശം ആയിരത്തോളം ആളുകളെ ഒരു ശീലക്കുടകൊണ്ടു് എതിർത്തതായി പറഞ്ഞു. രോഗി ഒരു നിസ്സാര

സ്മിതത്തോടെ:—“കൊള്ളാം, ഇതാ പറഞ്ഞതും അല്ല. ഇക്കഴിഞ്ഞാഴ്ച. ‘പട്ടവർദ്ധൻ സർക്കസ്’ തിരുവനന്തപുരത്തു വന്നിട്ടുണ്ടെന്നു കേട്ടു. ഒന്നു കണ്ടുകളയാം. ദൂരെ മാറി ആ കൂടാരത്തിന്റെ നടുത്തുനിന്നടുത്ത് ഒരു സ്ഥലം പിടിച്ചു. നല്ലവിളക്കുകൾ. കളിയും ആരംഭിച്ചു. അടുത്ത് രണ്ടു സ്ത്രീകൾ ഇരിക്കുന്നു. ഒരു അഭാസച്ചെറുക്കൻ ബീഡികുടിച്ച് അങ്ങോട്ടൊരെറി. അവർ ഭയപ്പെട്ടെഴുന്നേറ്റു. ചെറുക്കൻ കടകടാച്ചിരി. എനിക്കല്പം ദേഷ്യംവന്ന് ‘ഇറിയടാ അവിടെ’ എന്നുപറഞ്ഞു. അവൻ തിരിഞ്ഞു് അലറിത്തില്ലാ, ‘നീയാരെടാ?’ എന്ന്. കൊടുത്തു ഒരടി. ചെറുക്കൻ തെറിച്ചുപോയി വീണതു് കളിസ്ഥലത്തിന്റെ നടുക്ക്. തുടങ്ങി ലഹള. അതിനിടയ്ക്കു് ആരോ ഒരു വിദ്വാൻ, വിഡ്ഢികൾ എവിടെയും കാണില്ല, വിളക്കണ്ടു നിറുത്തി. പടപട പടപട അടി ‘അയ്യോ’, വിളി തെരുതെരെ. എങ്ങിനെയെന്നറിഞ്ഞില്ല. ആ തൂൺ വലിച്ചിങ്ങോട്ടെടുത്ത് ഇറങ്ങി ഞാൻ അങ്ങോട്ട്—”

“ഏയ്, നിറുത്തുക, മതി മതി” എന്നുപറഞ്ഞു “അവിടുത്തെ ഒരു പടം തരാമോ” എന്നു നായർ ചോദിച്ചു.

ഞാൻ അന്നുതന്നെ യോഗിയുടെ അച്ഛനെക്കണ്ടു. ആ മഹാഭാഗ്യവാന്റെ അനുഗൃഹീത പുത്രനെ എന്റെ അസിസ്റ്റന്റായി നിയമിക്കുന്നതിൽ വിരോധം ഉണ്ടോ എന്നു ചോദിച്ചു. ഒടുവിൽ, മാസം അഞ്ചുറുപ്പാ ശമ്പളം കൊടുത്ത് മുപ്പതു വർഷത്തേക്കുള്ള സമ്മതപത്രം എഴുതിക്കൊള്ളാമെന്നുള്ള കരാറിന്മേൽ ഞങ്ങൾ വ്യവസ്ഥ ഉറപ്പിച്ചു. ഇപ്പോൾ എന്റെ ആശുപത്രി സംബന്ധിച്ചുള്ള സകലജോലികളും വഹിക്കുന്നതു് ഈ അത്ഭുത പുരുഷനാണ്.

---

# അരുണോദയം.

## ഒരു പ്രഹസനം.

(ഇതു് "മേഡേൺ റിവ്യൂ"വിൽ കണ്ട ഒരു ഇംഗ്ലീഷു് പ്രബന്ധത്തിന്റെ പരിഭാഷയാണു്. ആധുനികലോകത്തിന്റെ ആരാധനാവിഗ്രഹമായിരിക്കുന്ന പരിഷ്കാരസത്വത്തിന്റെ ഭയാനകത്വത്തെപ്പററി അത്യന്തചമൽക്കാരമായി, ചുരുക്കം ചില കഥാപാത്രങ്ങളോടുകൂടി, പ്രകോപജനകങ്ങളായ സന്ദർഭവിശേഷങ്ങളുടെ കോലാഹലമൊന്നും ഇല്ലാതെ എഴുതപ്പെട്ടിട്ടുള്ള സാരസമ്പൂർണ്ണവും ഹൃദയാവർജ്ജകവും ആയ ഈ പ്രഹസനം അതിന്റെ ഉദ്ദേശം സർവ്വഥാ സാധിച്ചിട്ടുണ്ടു്. പ്രജാപ്രഭുത്വമെന്നും സർവ്വസ്വാതന്ത്ര്യമെന്നും മററും വ്യവഹരിക്കപ്പെടുന്ന പാശ്ചാത്യഭരണരീതി നാരകീയമായ മഹാനൈകൃഷ്ട്യത്തിലാണു് സ്ഥിതിചെയ്യുന്നതെന്നും, ധനപ്രമത്തരും മഹാലോഭികളുമായ കുബേരരാക്ഷസന്മാരുടെ തന്ത്രപ്രയോഗങ്ങളിൽ അമൎന്നു് അവരുടെ പാദദാസ്യം വഹിക്കുന്ന ഭരണാധികൃതന്മാരുടെ "ഉത്തരവാദിത്വബോധ"ത്തിന്റെ കൂടുതൽകൊണ്ടു സാധുജനങ്ങൾ ലക്ഷക്കണക്കിനു് അകാലമൃത്യുവിലും ദാരിദ്ര്യവഹ്നിയിലും നശിക്കുന്നെന്നും, പരിഷ്കാരശംഖന്മാരായി, അപരിഷ്കൃതലോകസംരക്ഷകരായി പ്രകാശപ്രവാഹകരായി സ്വയം അഭിമാനിക്കുന്ന പാശ്ചാത്യസമുദായാംശങ്ങൾ കൊലപാതകവും ശോഷണവും വഞ്ചനയും ചതിയും ക്രൗര്യവുംകൊണ്ടാണു് നവംനവങ്ങളായ അധിനിവേശസ്ഥാനങ്ങൾ കൈവശപ്പെടുത്തി, ലോകസമാധാനപതാകയെ സ്ഥാപിക്കുന്നതെന്നും എന്നാൽ ഈ മഹാവ്യാജപ്രസാദനികരത്തെ പാടേതകൎത്തു യഥാർത്ഥമായ പരിപാവനപ്രശാന്തതയെ പുനസ്ഥാപിക്കുവാൻ ഏതോ അതിവിനീതവും അദൃശ്യവും അപ്രസിദ്ധവുമായ സ്ഥലത്തുനിന്നു് അപ്രതിഹതവും അത്യന്തരൂക്ഷവും എന്നാൽ സമാധാനപരവും ആയ ഒരു ദിവ്യശക്തി പ്രവാഹം പുറപ്പെടുന്നുണ്ടെന്നും ആണു് ഈ ചെറുപ്രഹസനം കാണിയ്ക്കുന്നതു്.)

### പാത്രങ്ങൾ.

മിസ്സസ്സ് സെൽഡൺ—ഒരു വിധവ.

ജോർജ്ജ്—അവരുടെ പത്തൊമ്പതുവയസ്സുള്ള പുത്രൻ.

എഡ്ന—ടി ഒമ്പതു വയസ്സുള്ള പുത്രി.

സർഹേറസ്സ് ബ്ലൻകിൻസ്—ഒരു ധനവാൻ.

തോമസ്സ് സ്ഖിംഗ്സ്ഖി—ഒരു കമ്പനി പ്രവൎത്തകൻ.

റവറൻറ് മീലോപ്പ്—ഒരു പുരോഹിതൻ.

ഒരു അപരിചിതൻ.

ഒരു പത്രവില്പനക്കാരൻ—ഒരു പരിചാരകൻ.

ഒന്നാംരംഗം.

(മിസ്സസ്സ് സെൽഡൻെറ കുടിൽ. വിലകുറഞ്ഞ സാമാനങ്ങളും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. മുൻവശത്തേ വരാന്തയിൽ ഒരു ചെറിയ കസാലയിൽ മിസ്സസ്സ് സെൽഡൻ തുന്നൽപണി ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ പുത്രി വേറൊരു കസാലയിൽ ഇരുന്ന് ഒരു പുസ്തകം വായിക്കുന്നു. കുറച്ചുനേരം നിശ്ശബ്ദരായി കഴിഞ്ഞുകൂടിയ ശേഷമാണ് അവർ സംഭാഷണമാരംഭിക്കുന്നത്.)

ഐഡാ—അമ്മാ ചേട്ടന് ആ ജോലി കിട്ടുമോ?

അമ്മ—കുഞ്ഞേ! എനിക്കറിഞ്ഞുകൂടാ. നിനക്കറിഞ്ഞിട്ടെന്താവശ്യം?

ഐഡാ—ചേട്ടനു ജോലികിട്ടിയാൽ ക്രിസ്തുമസ്സിനു എനിക്കൊരൊന്നാന്തരം ഉടുപ്പു തുന്നിത്തരാമെന്നു പറഞ്ഞിട്ടുണ്ട്.

അമ്മ—ഉവ്വോ? എന്നാൽ നിൻെറ ഭാഗ്യംപോലെയിരിക്കും.

ഐഡാ—ചേട്ടന് പണികിട്ടിയാൽ ഒരുപാടു പണം കിട്ടും ഇല്ലേ?

അമ്മ—അത്ര്യം അധികമൊന്നും കിട്ടാനിടയില്ല.

ഐഡാ—അമിമോറിസിൻേറ അച്ഛനു ധാരാളം പണം കിട്ടുന്നുണ്ടോ?

അമ്മ—ഉവ്വ്.

ഐഡാ—ചിലക്ക് ധാരാളവും മററു ചിലക്ക് കുറച്ചും പണം കിട്ടുന്നതു് എന്തുകൊണ്ടാണമ്മാ?

അമ്മ—എന്തോ ആക്കറിയാം? ചിലക്ക് മററുള്ളവരേക്കാൾ പ്രാധാന്യവും ചുമതലയും ഏറിയ ജോലികൾ കിട്ടുന്നതുകൊണ്ടായിരിക്കാം.

ഐഡാ—ചേട്ടനും അങ്ങനേയുള്ള ജോലിചെയ്തുകൂടെ?

അമ്മ—അവൻ മിടുക്കനാണു്. ഏതു ജോലികിട്ടിയാലും അവൻ വളരെ ഭംഗിയായി അതു നോക്കിക്കൊള്ളും. പക്ഷേ അങ്ങനെ കിട്ടണ്ടേ?

ഐഡാ—ചേട്ടനു് എന്താ ഒന്നും കിട്ടാത്തതമ്മോ?

അമ്മ—ഒരു ജോലി ഒഴിവു വന്നാൽ അതിനു് എത്ര അപേക്ഷകന്മാർ കാണും? അവക്കുവേണ്ടി പലരും ശുപാർശ ചെയ്യുവാനും ഉണ്ടാകും.

ഐഡാ—അമ്മാ! ലോകത്തിൽ മിടുക്കന്മാർ കുറഞ്ഞിരുന്നെങ്കിൽ—

അമ്മ—കൂട്ടുതലേയുള്ളു, കുഞ്ഞേ. ഇനി ഒരു കാലത്തും കുറയുമെന്നും തോന്നുന്നില്ല.

ഐഡാ—ദൈവം എല്ലാവക്കും ജോലി കൊടുക്കുമെന്നു ഞങ്ങളേ വേദം പഠിപ്പിക്കുന്ന സാർ പറഞ്ഞല്ലോ.

അമ്മ—അതു ശരിയാണു്.

ഐഡാ—അപ്പോൾ ദൈവം ചേട്ടനും ഒരു ജോലിയുണ്ടാക്കി വച്ചിരിക്കണമെല്ലോ.

അമ്മ—തീർച്ചയായും! പക്ഷേലോകത്തിൻേറ അവസ്ഥ എത്ര ശോചനീയമാണെന്നു കുഞ്ഞിനറിഞ്ഞുകൂടാ.

(ദയനീയമായ മുഖഭാവത്തോടെ ജാഇജ്ജ് പ്രവേശിക്കുന്നു. അയാളുടെ നോട്ടം നിരാശയേയും ലോകജീവിതത്തോടുള്ള വെറുപ്പിനേയും പ്രത്യക്ഷപ്പെടുത്തുന്നു.)

ഐഡാ—ചേട്ടാ ജോലി കിട്ടിയോ? (ജാഇജ്ജ് നിശ്ശബ്ദനായി നില്ക്കുന്നു)

ഐഡാ—ചേട്ടാ!

ജാഇജ്ജ്—നൂറും ആയിരവും പേർ ഒരു ജോലിയ്ക്കപേക്ഷിച്ചാൽ സാധുവായ എന്നേപ്പോലെയുള്ളവൎക്ക് എന്താഗതി!

അമ്മ—മകനേ അതാൎക്കു കിട്ടി?

ജാഇജ്ജ്—എനിക്കറിഞ്ഞുകൂടാ. ഏററവും ഭാഗ്യവാനായിരിക്കണം—ഒരധികപ്രസംഗി അവിടെ ഇരുന്നുകൊണ്ടു്, ഏററവും കുറഞ്ഞ കൂലിപറയാൻ ഓരോരുത്തരോടും ആവശ്യപ്പെട്ടു. ക്രൌൎയ്യത്തിൻേറയും നിഷ്ഠൂരതയുടേയും തള്ളൽകൊണ്ടു ബീഭത്സമായ ആ മുഖം ആരേയും ഒന്നു ഭയപ്പെടുത്താതെയിരിക്കയില്ലാ. ദൈവമേ! അയാളേ കണ്ടപ്പോൾതന്നെ ഒരു പിശാചാണോ എന്നു ഞാൻ ശങ്കിച്ചുപോയി.

അമ്മ—മകനേ ദുഃഖിക്കേണ്ട. കഴിയുന്നതു ശ്രമിച്ചല്ലോ. ഉള്ളതുകൊണ്ടു കഴിവുള്ളടത്തോളം സംതൃപ്തരായി നമുക്കു കഴിച്ചുകൂട്ടാം. ഇന്നല്ലെങ്കിൽ നാളേ ദൈവം ഒരുപോംവഴി കാട്ടിത്തരാതിരിക്കയില്ല.

ജാഇജ്ജ്—അമ്മാ കഴിഞ്ഞ പതിനെട്ടു മാസംകൊണ്ടു നാം ഇങ്ങിനേ സമാധാനപ്പെട്ടില്ലേ?

അമ്മ—ഉവ്വ് എന്തുചെയ്യാം! ദൈവേഷ്ടത്തെ തടുക്കുവാൻ ആൎക്കു കഴിയും?

ജോൎജ്ജ് — എത്ര ദാരുണമായ അവസ്ഥ! മനുഷ്യനു സഹിക്കാവുന്നതാണെങ്കിൽ വേണ്ടില്ലായിരുന്നു. ഇതാരുപൊറുക്കം! ശവങ്ങളോടു പെരുമാറുന്നതിനേക്കാൾ നികൃഷ്ടമായല്ലേ നമ്മോടു പെരുമാറുന്നതു്? നാം മനുഷ്യരാണെന്നുകൂടി കരുതുന്നില്ലാ. എന്റെ സ്ഥിതിതന്നേ നോക്കണം. ഉദയം മുതൽ അസ്തമനംവരേ അലഞ്ഞാൽ വല്ലതും കിട്ടുമെന്നു വിചാരിച്ചുകൊണ്ടു് പട്ടണം മുഴുവൻ ഞാൻ ചുററിനടക്കുന്നു. അമ്മേ നമ്മുടെ സ്ഥിതി അപരിഷ്കൃതരുടേതിനേക്കാൾ ദയനീയമല്ലേ? ഈ പരിഷ്കാരമെല്ലാം വെറും പിത്തിലാട്ടം. പരിഷ്കാരസ്രഷ്ടാക്കൾക്കു് ഒരു തൊഴിലെങ്കിലും എനിക്കു തരുവാൻ സാധിച്ചോ! മററുള്ളവരുടെ പ്രയത്നഫലമായി ഉണ്ടാകുന്ന അപ്പവും മത്സ്യവും വൃന്നോവും ശരിക്കു കഴിച്ചുകൊണ്ടു് ജോലിതിരക്കി നടക്കുക — പണമുണ്ടോ? മനസ്സമാധാനമുണ്ടോ? രണ്ടുമില്ലാ. ഭാവിയേപ്പററിയുള്ള ഭയംകൊണ്ടു് എന്റെ മനസ്സ് വെന്തുരുകുന്നു. ലോകജീവിതത്തിൽ എനിക്കു കഠിനമായ വെറുപ്പും ഉണ്ടായിക്കഴിഞ്ഞു. വല്ല കാട്ടിലും പോയി ജീവിതം തുലച്ചെങ്കിൽ വേണ്ടില്ലാ. അതേ.....അതു ഞാൻ നിശ്ചയിച്ചിട്ടുണ്ടു്.

അമ്മ — മകനേ എന്താ പറയുന്നതു്!

ജോൎജ്ജ് — (കുറച്ചുനേരം മിണ്ടാതെയിരുന്നിട്ടു്) ഞാൻ സൈന്യത്തിൽ ചേൎന്നു.

അമ്മ — എന്തു്! പട്ടാളത്തിലോ (മറുപടിയില്ല) ദൈവമേ! ഞങ്ങളേ രക്ഷിക്കണേ. സൎവ്വശക്താ (കരയുന്നു) ജോൎജ്ജ് നീ എന്തുപാപം ചെയ്തു? — വേണ്ടകുഞ്ഞേ — നിനക്കു് ആ ജോലിവേണ്ട.

ജോൎജ്ജ് — ഇയ്യിടെ ഞാൻ ഇതിനെപ്പററി നല്ലപോലെ ആലോചിക്കയുണ്ടായമ്മേ.

അമ്മ—(ബോധംവിട്ടു്) എന്തു്! കുഞ്ഞു പട്ടാളത്തിൽ ചേരുന്നോ! എന്റെ മകനേ! തങ്കക്കുടമേ! നീ പട്ടാളക്കാരനായിത്തീരുകയോ?

ജോർജ്ജ്—ആ ഉദ്യോഗത്തിനു് എനിക്കു ലവലേശം അനുഗ്രഹമില്ലെന്നു് അമ്മയ്ക്കറിയാമല്ലോ ഞാനെന്താ വേണ്ടതു്! ഇനിയും എന്റെ ഉപജീവനത്തിനു് അമ്മയെ ബുദ്ധിമുട്ടിക്കുവാൻ ഞാൻ നിശ്ചയിച്ചിട്ടില്ല.

അമ്മ—നീ എന്നെ ഒന്നിനും ബുദ്ധിമുട്ടിക്കുന്നില്ലല്ലോ. ഉണ്ടെങ്കിൽ തന്നെ എനിക്കുള്ള സർവ്വസ്വവും നിന്റേതല്ലേ?

ജോർജ്ജ്—അതുകൊണ്ടു ചിലവിനു തികയുന്നില്ല. ചില ദിവസങ്ങളിൽ കൂലിവേലപോലും കിട്ടുന്നുമില്ല.

അമ്മ—നിനക്കതുകൊണ്ടു് ഇതേവരെ ബുദ്ധിമുട്ടു് വല്ലതും ഉണ്ടാകയോ ഞാൻ വല്ല പരാതിയും പറയുകയോ ചെയ്തിട്ടില്ലല്ലോ.

ജോർജ്ജ്—അതു ശരിതന്നെ. എന്നാൽ അതുതന്നെയാണു് എനിക്കുമുള്ള വിഷമം. എന്നേയും ഐഡായേയും പുലർത്തുവാൻ അമ്മ പെടുന്നപാടു കണ്ടിട്ടാണു് എനിക്കു് സഹിക്കവയ്യാത്ത സങ്കടമുണ്ടാകുന്നതു്. ഈ പല കൊല്ലം ബുദ്ധിമുട്ടി എന്നെ തടിപോലെ വളർത്തിയിട്ടു് അമ്മയ്ക്കു് എന്തു ഗുണം എന്നിൽനിന്നു ലഭിച്ചിട്ടുണ്ടു്! ഇനി ഇങ്ങനെ കഴിഞ്ഞുകൂടുക വിഷമം. എങ്കിലും എന്റെ സ്ഥിതി ഈ വിധമായിതീർന്നതെന്തെന്നു് എനിക്കു തീരെ മനസ്സിലാകുന്നില്ല. എനിക്കു ബലമുണ്ടു്. ജോലി ചെയ്യാൻ ശേഷിയുണ്ടു്. ജോലി ചെയ്യണമെന്നു് അതിയായ അഭിലാഷവുമുണ്ടു്. എന്നാൽ എനിക്കൊരു അവസരം ലഭിക്കുന്നില്ലാ. അതെങ്കിലും അതിനൊരു മാറ്റമുണ്ടാക്കിത്തരുന്നുമില്ല. ഇതേ സമയത്തുതന്നെ നമ്മുടെ ചുററും നോക്കുന്നപക്ഷം അനേകകാര്യങ്ങൾ ചെയ്യാനുണ്ടെന്നു് പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയും. ഈ ദുരവസ്ഥയ്ക്കു് കാരണഭൂതരാരു്? ഗവമ്മേന്റോ? അങ്ങനെയാണെങ്കിൽ

ആ ഗവൎമ്മേൻറിനേ നശിപ്പിക്കേണ്ടകാലം വൈകിയിരിക്കുന്നു എന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

അമ്മ—നീ സൈന്യത്തിൽ ചേൎന്നതുകൊണ്ടു ഈ സംഗതികൾ ശരിപ്പെടുമോ? ഗവൎമ്മെൻറു അപരാധിയെങ്കിൽ ആ ഗവൎമ്മേൻറിനേയോ സേവിക്കുവാൻ പോകുന്നതു്?

ജോൎജ്ജ്—എനിക്കറിഞ്ഞുകൂടാ. എനിക്കു ചിത്തഭ്രമമായിരിക്കാം. സൈന്യത്തിൽ ചേൎന്നാലെങ്കിലും പ്രയോജനകരമായ വല്ലതും ചെയ്യുന്നു സമാധാനിക്കാനും, രാജ്യങ്ങൾ കാണുവാനും കഴിയുമല്ലോ. ഇവിടുത്തെ സ്ഥിതിയെന്താ—ദാരിദ്ര്യം മനഃക്ലേശം—നിരാശ. ഇങ്ങിനെ ഇവിടെ ജീവിക്കുക പ്രയാസം.

അമ്മ—ജോൎജ്ജ ഒരു ഭടൻെറ കടമയെന്താണെന്നു നിനക്കറിയാമോ?

ജോൎജ്ജ്—ഞാൻ ആ കാൎയ്യം ചിന്തിക്കാതിരുന്നിട്ടില്ല. ഞാൻ ഒരു മനുഷ്യജീവിയേയും വധിക്കുകയില്ല. നിശ്ചയം, അമ്മ വ്യസനിക്കേണ്ട.

അമ്മ—മരിച്ചുപോയ നിൻെറ അച്ഛനു ഈ സംഗതികൾ അറിവാൻ കഴിയുമെങ്കിൽ അദ്ദേഹം എത്ര വ്യസനിക്കുമെന്നു ആലോചിച്ചു നോക്കു. അദ്ദേഹത്തിൻെറ അന്ത്യവചനങ്ങളെ—ഫ്രാൻസിൽ നിന്നു ഒടുവിൽ കിട്ടിയ കത്തിലേ സംഗതികളെ-നീ ഇത്രവേഗം വിസ്മരിച്ചുകളഞ്ഞോ? ഓമനേ ശാഠ്യം പിടിക്കാതെ. നീ ഒരിക്കലും സൈന്യത്തിൽ ചേൎന്നുകൂടാ.

ജോൎജ്ജ്—ഞാൻഅന്നു ഒരു വെറും കുട്ടിയായിരുന്നില്ലേ! എന്തിനാണു അച്ഛൻ ഭടവൃത്തി സ്വീകരിച്ചതു്?

അമ്മ—എൻെറ കുഞ്ഞേ! ഗവമ്മെൻറു അദ്ദേഹത്തെ നിൎബന്ധിച്ചു സൈന്യത്തിൽ ചേൎക്കയാണു ചെയ്തതു്. നി-

നമ ലംഘനം ചെയ്തില്ലല്ലോ. എന്നു ഒടുവിൽ വ്യസനിക്കുന്നതിന്നും അദ്ദേഹത്തിന്ന് ഇടയായി. യുദ്ധമെന്തെന്നും അതിൻെറ ഉദ്ദേശമെന്തെന്നും മനസ്സിലായതോടുകൂടി തൻെറ കുഞ്ഞുങ്ങളിലാരും ഭടവൃത്തി സ്വീകരിച്ചു മഹാപാതകാനുഷ്ഠാനം ചെയ്വാൻ ഇടവരുത്തുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്തു. അവസാനമായി ഇവിടെ നിന്നു പോയപ്പോൾ കുഞ്ഞേ, നിന്നെ അദ്ദേഹം എടുത്തു ചുംബിച്ചു കൊണ്ടു—"യുദ്ധവും ഇവനുമായി യാതൊരു ബന്ധവുമുണ്ടാകുവാൻ ഇടവരാതെ സൂക്ഷിച്ചുകൊള്ളണേ" എന്നാണ് എന്നോടാജ്ഞാപിച്ചതു്. പിന്നീടു യുദ്ധരംഗത്തിൽ നിന്ന് അയച്ച ഓരോ കത്തിലും ഈ സംഗതി പ്രത്യേകം എഴുതുകയും ചെയ്തിരുന്നു. ജോർജ്ജു, നിനക്കിതൊന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. നീ അദ്ദേഹത്തിൻെറ ആജ്ഞയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നപക്ഷം ഞാൻ അപരാധിയായിത്തീരും. നമുക്കു പൊതുവെ അവമാനം മാത്രം ശേഷിക്കും.

ജോർജ്ജു—ഈ അനുബന്ധമൊന്നും പറയേണ്ട. കാര്യങ്ങൾ മുഴുവൻ അച്ഛനറിയുവാൻ കഴിയുമെങ്കിൽ അദ്ദേഹം നമ്മെ പഴിക്കയില്ല. എന്നെ ഈ അപൽഗർത്തത്തിൽ തള്ളിവിട്ടവരെമാത്രമേ അദ്ദേഹം അപരാധികളായി ഗണിക്കയുള്ളൂ. പിന്നെ അവമാനത്തിൻെറ കാര്യമല്ലേ. ഇപ്പോൾ തന്നെ ഞാൻ വേണ്ടതിലധികം സഹിക്കുന്നുണ്ടല്ലോ. തൊഴിലില്ലാതെ തെരുവിൽ അലഞ്ഞു തിരിയുന്ന ഞാൻ എൻെറ മനുഷ്യത്വത്തെ തന്നെ അവമാനിക്കയല്ലേ ചെയ്യുന്നതു്?

അമ്മ—അല്ലാ അല്ലാ, നിനക്കു കാര്യം മനസ്സിലാകുന്നില്ല. നീ നിൻെറ സഹോദരനെ കൊല്ലാമെന്നു സമ്മതിക്കയാണു ചെയ്തിട്ടുള്ളതു്. കൊലപാതകത്തിനാണു കാപ്പുകെട്ടിയിരിക്കുന്നതു്.

ജോർജ്ജ്—എന്തു കൊലപാതകം—അങ്ങിനെയാണെങ്കിൽ ഈ ഗവർമ്മെൻറും മുതലാളികളും പ്രഭുക്കന്മാരും കൂടി നി

ത്ര്യവും നമ്മുടെ ദേഹത്തേയും ആത്മാവിനേയും കൊല്ലാതെ കൊല്ലുകയല്ലേ ചെയ്യുന്നതു്! യുവജനങ്ങളെ പട്ടിണിക്കുചിട്ടുംകൊടുത്തു മടിയന്മാരായി ജീവിച്ചു കൊള്ളുവാൻ വിടുന്നതല്ലേ ഭയങ്കരമായ കൊലപാതകം?

അമ്മ—അങ്ങിനെ ചെയ്യുന്നവർക്കു ദൈവം ശിക്ഷകൊടുക്കട്ടെ. ഇംഗ്ലണ്ടിലെ ധനം മുഴുവൻ കിട്ടിയാലും ആ ഐശ്വര്യം നമുക്കു വേണ്ട. വധിക്കുന്നതിനേക്കാൾ വധിക്കപ്പെടുന്നതാണുത്തമം.

(പെട്ടിതുറന്നു ഒരു എഴുത്തു് എടുത്തുവായിച്ചിട്ടു്) ജോർജ്ജേ അപരാധി ഞാനാണു്. ഞാൻ ഇതിനുമുമ്പുതന്നേ കാര്യങ്ങൾ നിന്നേ ഗ്രഹിപ്പിക്കേണ്ടതായിരുന്നു. പൈശാചിക പ്രവൃത്തികളേ ബാലനായ നിന്നേ ധരിപ്പിക്കത്തക്ക ധൈര്യം എനിക്കില്ലാതെപോയി. ഇനി അതു മറച്ചുവയ്ക്കാൻ പാടില്ലതന്നേ. ശ്രദ്ധിച്ചുകേൾക്കൂ (വായിക്കുന്നു) "എഡിത്ത്, നിനക്കോ മററുവല്ലവർക്കുമോ എന്നെ ഈ നരകത്തിൽ നിന്നു് രക്ഷിക്കുവാൻ കഴിവില്ലയോ എന്നു് എന്റെ ആത്മാവു് ചോദിക്കുന്നു" അദ്ദേഹത്തിന്റെ അവസാനകത്തുകളെല്ലാം ഈവിധമായിരുന്നു. (വീണ്ടുംവായിക്കുന്നു) "ഞങ്ങൾ ചെയ്യാൻ നിർബന്ധിതരായിട്ടുള്ള പൈശാചിക പ്രവൃത്തികൾകൊണ്ടു ഞങ്ങളുടെ മനുഷ്യത്വംതന്നേ നശിച്ചുപോയിരിക്കുന്നു. ഞങ്ങളുടെ ദാരുണമായ മുറവിളികൾ കേൾക്കുവാൻ ആരു്? ശ്രദ്ധിക്കുവാൻ ആരു്? ആത്മാവും ഹൃദയവും നശിച്ചു് ശുദ്ധ രാക്ഷസരായിചമഞ്ഞിരിക്കുന്നു. ഞങ്ങൾ വെറുംകൊലപാതകികൾ, നരകപിശാചുക്കൾ ആണു്. മഹാപാതകങ്ങൾ ചെയ്യാൻ മേലാധികാരികൾ ദിവസംതോറും ഞങ്ങളെ ഉന്തി തള്ളി വിടുന്നു. ഞങ്ങളുടെ ജഡംതന്നെ ഇതു് ഇനി അധികനാൾ സഹിച്ചുകൊണ്ടിരിക്കുമെന്നു തോന്നുന്നില്ലാ. ഞാൻ മരിച്ചു പോകയേ ഉള്ളൂ. ഞാനെങ്ങനെ തിരിച്ചുവരും! ആത്മനാശം വന്ന എന്നെ നീ തിരിച്ചറിയുകകൂടിയില്ലാ. എനിക്കു് ഭരപേ

ക്ഷയേയുള്ളൂ. യുദ്ധമെന്താണെന്നും അതിന്റെ അൎത്ഥമെന്താണെന്നും നീ ജഡ്ജിനു് മനസ്സിലാക്കി കൊടുക്കയും അങ്ങനേ അവന്റെ മനുഷ്യത്വത്തെ പരിപാലിച്ചു കൊള്ളുകയും ചെയ്യണം. അവന്റെ ജീവിതം അവന്റെ സഹോദരന്മാൎക്കുവേണ്ടിയോ, ഒരു മഹൽകാൎയ്യത്തിനുവേണ്ടിയോ ബലികഴിക്കുന്നതു എനിക്കു വളരേ സന്തോഷമാണു്. പുരുഷോചിതമായും, അത്മശുദ്ധിയോടും ആ കൃത്യം നിൎവ്വഹിക്കുവാൻ അവനു ശക്തിയുണ്ടാകട്ടെ! ഈ യുദ്ധത്തിന്റെ അടിസ്ഥാനംതന്നേ തിന്മയാണു് എന്തെന്നാൽ നാം ഏതൊന്നിനെ മനഃപൂൎവ്വം സംരക്ഷിക്കണമോ അതിനെ ത്യജിക്കുവാനാണു് യുദ്ധം ആവശ്യപ്പെടുന്നതു്. ഈ നരകത്തിൽനിന്നു ജാൎജ്ജിനെ രക്ഷിക്കുക, എങ്കിൽ നിന്റെ വൃദ്ധനായ പിതാവിന്റെ നിത്യകൃതജ്ഞതയ്ക്കു് നീ അൎഹയായിത്തീരും—" ദൈവമേ ഞാനെന്തുചെയ്യട്ടേ (കരയുന്നു. ഹെൎഡാ ചെന്നു കഴുത്തിൽ കെട്ടിപ്പിടിക്കുന്നു.)

ഹെൎഡാ—അമ്മേ കരയരുതു് ചേട്ടൻ പോകുന്നില്ല. പോകാൻ ഞാൻ സമ്മതിക്കുകയുമില്ല. (ഓടിച്ചെന്നു സഹോദരനെ കെട്ടിപ്പിടിച്ചു് ഉമ്മകൊടുത്തിട്ടു്) ചേട്ടാ പോകരുതേ. അമ്മയേയും എന്നേയും ഉപേക്ഷിച്ചു പോകരുതേ.

## രണ്ടാം രംഗം.

(സർഹോറസ് ബ്ലങ്കിൻസിന്റെ ഭവനം പ്രധാനമുറിയിൽ ഒരു കത്തും കയ്യിൽപിടിച്ചുകൊണ്ടു് അദ്ദേഹം നില്ക്കുന്നു.)

സർ ഹോറസ്സ്:— (ആത്മഗതം) ഈ പുതിയ സൂത്രം എന്താണോ? ആ സ്ലിംഗ്സ്ബി വല്ലാത്ത ഒരു മനുഷ്യൻ തന്നെ. പക്ഷേ ക്ലേശിച്ചിട്ടെന്തു ഫലം! സ്ലിംഗ്സ്ബി കാൎയ്യങ്ങൾ കുഴപ്പത്തിലാക്കുന്നവനല്ല. എങ്കിലും എല്ലാം അറിഞ്ഞിരിക്കുന്നതു നന്നുതന്നെ. കമ്പനിപ്രവൎത്തകന്മാരെന്നൊരു വൎഗ്ഗമുണ്ടല്ലോ, അവർ വല്ലാത്തവർതന്നേ. അവർ വൃഥാ സന്ദർ

ശങ്ങൾക്കൊന്നും അപശ്ര്യപ്പെട്ടുകയില്ല. എന്റെ ധന സ്ഥിതി അത്ര മോശമല്ലാത്തതിനാൽ നമ്മേയുംകൂടി പിടികൂട്ട വാനായിരിക്കും ഭാവം. പിശാചായാലും നല്ലതുചെയ്താൽ പറയണമല്ലോ. ആ സ്ലിംഗ്സ്ബി ഈയിടെ ചില സംഗതി കളിലൊക്കെ എനിക്കു നല്ല ആദായമുണ്ടാക്കിത്തന്നിട്ടുണ്ട്. അതേ അവസരത്തിൽതന്നേ ചില രഹസ്യസംഗതികൾ പുറ ത്താവുകയും ചില കുഴപ്പങ്ങളുണ്ടാകയും ചെയ്യാതിരുന്നില്ലാ. സൂക്ഷിച്ചിരിക്കേണ്ട കാലമാണ്. ഒരൊററത്തെററു തെററി യാൽമതി പിന്നെ ജന്മം തുലഞ്ഞു. സ്ലിംഗ്സ്ബി ഒരു മഹാ വിപത്തിൽനിന്ന് എന്നെ രക്ഷിച്ചു. പക്ഷെ ആ സ്ഥാനത്തു വേറൊന്നു വന്നുവെന്നാലോ! ഏതായാലും അയാളിപ്പോൾ വരും. പുതിയ കമ്പനിയെപ്പററി പുരെർറ അഭിപ്രായമറിയാ നാണു വരവു്. എനിക്കൊന്നും അറിഞ്ഞുകൂടെന്നുതന്നേ പറ യാം. കടലാസിൽ മററൊരു സൌധം ചിത്രീകരിച്ചു് കാണിക്ക വാൻ ഇപ്പോഴത്തെ കമ്പനിപ്രവർത്തകന്മാർക്കു് പൂന്തു മിടുക്കെ ന്നോ! അയാളോ വരുന്നുണ്ടു്

(വേലക്കാരൻ പ്രവേശിക്കുന്നു.)

വേല- മിസ്ററർ.—സ്ലിംഗ്സ്ബി — സാർ

സർ-ഹോ:—വരാൻപറയൂ—ഓ വന്നുകഴിഞ്ഞോ! സൗ ഖ്യംതന്നെയല്ലേ?

(സ്ലിംഗ്സ്ബി പ്രവേശിക്കുന്നു)

സ്ലിംഗ്:—ദൈവാനുകൂലത്താൽ അതേ. അങ്ങയ്ക്കോ?

സർ-ഹോ:—അസുഖമൊന്നുമില്ലാ.

സ്ലിംഗ്:—കഴിഞ്ഞവാരത്തിൽ—കമ്പനി ലാഭം വിതി ച്ചതു് വളരെ ഭംഗിയായല്ലോ.

സർ ഹോ:— വളരേ ഭംഗിയായി. അതിനെന്താ സം ശയം!

സ്ലിംഗ്:—ഒന്നുമില്ലാ അതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടു. അഞ്ചുറിപ്പോറായ്ക്കു പൊയ്ക്കളയുമോ എന്നു ഞാൻ ഭയപ്പെട്ടു. പക്ഷേ മറ്റെക്കാര്യം ഇതിലും ലാഭപ്രദമാണു്.

സർ-ഹോ,—ഹാ—ഹാ വീണ്ടും ആ പഴങ്കഥതന്നേ.

സ്ലിംഗ്:—വേണ്ട—വേണ്ട, കളി നിറുത്തണം, ഞാൻ ഇതിനിടെ പല കാര്യങ്ങളിലും ഏറ്റുത്തു ചാടിയിട്ടുണ്ടു്. എന്നാൽ ഇത്ര വിശ്വസിച്ചു ഒരു ലാഭ—

സർ.ഹോ:—വാസ്തവമോ?

സ്ലിംഗ്:—എന്തു സംശയം— ഞാൻ കാര്യമായി പറയുകയാണു്—അതു ശരിപ്പെട്ടാൽ അക്ഷയമായ ഒരു സ്വർണ്ണഖനിയാണെന്നുവിചാരിച്ചുകൊള്ളണം.

സർ-ഹോ:—ശരിപ്പെട്ടാൽ എന്നു പറയുന്നതെന്തുകൊണ്ടു്?

സ്ലിംഗ്:—അവിടെ മറ്റൊന്നു ധാരാളമുണ്ടു്, ലോകത്തിലൊരിടത്തും ഇത്രനല്ല ഒരു ഖനി കണ്ടുകിട്ടുമെന്നു തോന്നുന്നില്ലാ. എന്നാൽ അവിടെ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായിസ്ഥലം കൈവശപ്പെടുത്തുകയാണുവേണ്ടതു്.

സർ-ഹോ:—അതിന്റെ ആവശ്യമുണ്ടോ? നാട്ടുകാരുമായി യോജിച്ചുകളയരുതേ?

സ്ലിംഗ്:—ഈ സംഗതിയിൽ ഒരിക്കലും പാടില്ലാ—നാം അതു കൈവശപ്പെടുത്തുകയാണു് അത്യന്തം ആവശ്യമായിട്ടുള്ളതു്. നാട്ടുകാരുമായി യോജിക്ക എന്നുവച്ചാൽ ഫലത്തിന്റെ സിംഹഭാഗം ഉപേക്ഷിക്കയെന്നാണർത്ഥം.

സർ-ഹോ:—ഇതസാദ്ധ്യമായ സംഗതിയാണു്, ഈ കാര്യസാദ്ധ്യത്തിനു് കൈവശക്കാര്യം കൂടാതെ രാഷ്ട്രീയമായ എന്തെല്ലാം വൈഷമ്യങ്ങൾ നീക്കുവാനുണ്ടു്.

സ്ലിംഗ്:— ആ വിഷമങ്ങളെല്ലാം മിക്കവാറും തീൎന്നിരിക്കയാണു്.

സർ-ഫോ:—വാസ്തവമോ?

(സ്ലിംഗ്സ്ബി തലകുലുക്കുന്നു)

സർ-ഫോ:—നിങ്ങൾ അതെങ്ങിനെ സാധിച്ചു? നിങ്ങളുടെ സൂത്രധാരൻ ആരു്?

സ്ലിംഗ്:— ഈ അവസരത്തിൽ അളിന്റെ പേർ പുറത്തുപറയുവാൻ നിവൃത്തിയില്ലാ.

സർ-ഫോ: —ഇനി എന്താ പിന്നെ കാത്തിരിക്കുന്നതു്? അടുത്തതായി എന്തു ചെയ്യാനാണ് തീൎച്ചപ്പെടുത്തിയിരിക്കുന്നതു്?

സ്ലിംഗ്:—നിങ്ങളേയും ഒന്നുരണ്ടുപേരേയുംകൂടി കാത്തിരിക്കയാണ്—വീൺവാക്കുകൾ പറഞ്ഞിട്ടുപ്രയോജനമില്ലല്ലോ. നിങ്ങൾകൂടി ചേൎന്നാലേ കാൎയ്യം നടക്കൂ. അതു സമ്മതിക്കു. ഒരു അൻപതിനായിരമോ മറേറാ അങ്ങു വലിച്ചെറിയുക. ഏഴുകൊല്ലത്തിനകം നിങ്ങൾ ഒരു കോടീശ്വരനായിരിക്കുമെന്നു് ഞാനിതാ ശപഥം ചെയ്യുന്നു.

സർ-ഫോ:— വേണ്ടാ വേണ്ടാ വ്യാമോഹങ്ങൾക്കുംഒരതിരുണ്ടു്.

സ്ലിംഗ്:—ഞാൻ പറയുന്നതു് അവാസ്തവമാണെന്നു് ചിലൎക്കു തോന്നിയേക്കും. എന്നാൽ അതു പച്ചപ്പരമാൎത്ഥം മാത്രമാണു്. രണ്ടും രണ്ടും കൂടിയാൽ നാലാണെങ്കിൽ ഞാൻ പറയുന്നതും സത്യമാണു്

സർ-ഫോ:—നിങ്ങൾ ആ നാട്ടുകാരേപ്പററി എന്താ ഒന്നും മിണ്ടാത്തതു്. അവൎക്കും ന്യായമായ ചില അവകാശങ്ങൾ ഇല്ലേ?

സ്ലിംഗ്:—ഉണ്ട്. സ്ഥലം നമ്മുടെ കൈവശത്തിലാകുമ്പോൾ നാം അവരെ വേണ്ടപോലെ നോക്കുമെന്നുള്ളതുതന്നെ അവൎക്കു വലിയ അനുഗ്രഹമാണല്ലോ. എണ്ണകൊണ്ട് അവൎക്കെന്താണു് പ്രയോജനം?

സർ-ഫോ:—നമ്മേപ്പോലെ അവൎക്കും അതു വിററുകൂടെ?

സ്ലിംഗ്:—അവൎക്ക് എണ്ണ എടുക്കുന്നതിനോ ശുദ്ധീകരിക്കുന്നതിനോ കയററി അയയ്ക്കുന്നതിനോ ഒന്നും അറിഞ്ഞുകൂടെന്നുള്ളതോ പോകട്ടേ; അതിൻെറ വിലയെന്തെന്നുകൂടി അവൎക്കു നിശ്ചയമില്ലല്ലോ.

സർ-ഫോ—ഇതൊക്കെ ചുരുങ്ങിയകാലംകൊണ്ടു മനസ്സിലാക്കാവുന്നതല്ലേ? എണ്ണ അവരുടെ വകയാണെന്നു നിങ്ങൾക്കും സമ്മതിക്കാതെ തരമില്ല—മാത്രമല്ല—നാം അപരിഷ്കൃതരെന്നു് ഗണിക്കുന്നവരെല്ലാം ദിനംതോറും അഭിവൃദ്ധിപ്പെട്ടുവരികയാണെന്നും ഓൎക്കണം.

സ്ലിംഗ്:—ശരി—ആ സ്ഥലത്തെ സ്ഥിതി ആ നിലയിൽ ആകുന്നതിനുമുൻപുതന്നെ കാൎയ്യം ശരിപ്പെടുത്താനാണു് നമ്മുടെ ശ്രമം.

സർ-ഫോ—എത്ര സ്ഥലം കൈവശപ്പെടുത്താനാണാലോചന?

സ്ലിംഗ—മേരീഗോൾഡ്ലാൻഡ് എന്ന ആ രാജ്യത്തിൻെറ മിക്ക ഭാഗങ്ങളിലും ധാരാളം എണ്ണയുണ്ട്. എത്രത്തോളവും കൈക്കലാക്കണമെന്നുള്ളതു് നിങ്ങളുംകൂടി ചേൎന്നു നിശ്ചയിക്കേണ്ടതാണു്.

സർ-ഫോ—എനിക്കറിഞ്ഞുകൂടാ. ഈ കാൎയ്യത്തിൽ എനിക്കു യാതൊരു സന്തോഷവും തോന്നുന്നതുമില്ല. മി; സ്ലിംഗ്സ്ബി! പത്തോ ഇരുപതോ കൊല്ലങ്ങൾക്കുമുമ്പുള്ള

അവസ്ഥയല്ല ഇപ്പോഴത്തേത്. ഇപ്പോൾ നമ്മുടെ ആളുകൾ തന്നെ ഈ മാതിരി സംഗതികളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അന്നായിരുന്നെങ്കിൽ ഇതെല്ലാം നിഷ്പ്രയാസം നടക്കുമായിരുന്നു.

സ്ലിംഗ്:—സർ—ഹോറസ്സ്! അവിടുന്നു പ്രായോഗികതയെ വിസ്മരിച്ച് ആദർശലോകത്തേക്കാണു കടന്നിരിക്കുന്നത്. ബ്രിട്ടീഷ് ജനാവലിയെപ്പററി നമുക്കറിഞ്ഞുകൂടെ? ശുദ്ധമണ്ടന്മാർ അങ്ങനെ നിന്നിരിക്കുമ്പോൾ ഒന്നൊന്ന് ചുററുപാടും നോക്കും. പിന്നെ കുറേക്കാലത്തേയ്ക്ക്, അവിയുമില്ലാ അനക്കവുമില്ലാ സുഖമായ നിദ്രതന്നെ.

സർ—ഹോ:—അതിനെയല്ലാ. ലോകമഹായുദ്ധം അവരുടെ നേത്രങ്ങളെ ഉന്മീലനം ചെയ്യിപ്പിക്കുവാൻ പര്യാപ്തമായിത്തീർന്നിട്ടുണ്ട്.

സ്ലിംഗ്:—അവിടെയാണ് അവിടുത്തേയ്ക്കു തെററിപ്പോയത്. യുദ്ധം അവരുടെ ആലോചനാശക്തിയേ കുറേക്കൂടി നശിപ്പിച്ചിരിക്കുന്നു. സംഭവഗതികളെ സശ്രദ്ധം വീക്ഷിച്ചിട്ടു പറയൂ. അതെങ്കിലും ഏതെങ്കിലും ഒരു സംഗതിയിൽ ബഹളമുണ്ടാക്കിയാൽ, ജനങ്ങൾ ക്ഷീണബുദ്ധികളായി അതിൽ പങ്കുകൊള്ളാതെ പിന്മാറുകയല്ലേ ഇയ്യിടെ ചെയ്തുവരുന്നത്? കഴിഞ്ഞ യുദ്ധം അവരുടെ സർവ്വനാഡികളേയും തളത്തി ദുർബ്ബലങ്ങളാക്കിതീർക്കയാണ് ചെയ്തിട്ടുള്ളത്

സർ—ഹോ:—നിങ്ങൾ പറയുന്നത് വാസ്തവമായിരുന്നാൽതന്നെ അത് പ്രോത്സാഹനാർഹമായൊരവസ്ഥയാണോ? ജനങ്ങളുടെ സ്തുതിയേയോ, സമ്മതിയേയോ, ആശ്രയിച്ചല്ലല്ലോ ഒരു പ്രവൃത്തിയുടെ മഹത്വം കാണിക്കേണ്ടത്.

സ്ലിംഗ്:—(കുറച്ചുനേരം ആലോചിച്ചശേഷം) ഈ സംഗതിയിൽ മഹത്വവാദമൊന്നും പുറപ്പെടുവിക്കാതിരിക്കയാണ് നല്ലതെന്നെനിക്കുതോന്നുന്നു. തന്റെ സന്മാർഗ്ഗചാ

ഷിതയേയും പ്രാപ്തിവൈഭവത്തേയും പററി തന്നെത്താൻബോധമുള്ളവനാണു് ഇക്കാലത്തെ പരമമാട്ടക്കർ. അവിടത്തെ കപ്പലേല്പാടിൻെറ കാൎയ്യം തന്നെ ചിന്തിച്ചു നോക്കുക.

സർ—ഹോ:—(പരിക്ഷീണനായി) അതേ എനിക്കറിയാം, ഇതു വിഷമമേറിയ ഒരു വിഷയംതന്നെ.

സ്ലിംഗ്:—അതാണു ബുദ്ധിമാന്മാരുടെ ലക്ഷണം. അതുകൊണ്ടുകമ്പനിയിൽ ചേൻറ പുത്രൻമാരും മുടക്കാമോ അത്രയും മുടക്കുക. സംഖ്യ കൂടുന്നിടത്തോളം ആദായവും കൂടും

സർ—ഹോ:—വേറെ അതെല്ലാം കൂടിയിട്ടു ഞാനു അറിഞ്ഞാൽ വേണ്ടില്ലായിരുന്നു.

സ്ലിംഗ്:—(അദ്ദേഹത്തിൻെറ ചെവിയിൽ ചില പേരുകൾ പറയുന്നു)

സർ—ഹോ:—ആർ ഉണ്ടോ? എന്നാൽ ഭയപ്പെടാനില്ലാ. കാൎയ്യമെല്ലാം ഭംഗിയായി നടക്കും.

സ്ലിംഗ്:—കാൎയ്യങ്ങൾ എല്ലാം എത്ര ഭദ്രമായിരിക്കണമെന്നോ!

സർ—ഹോ:—അപ്പോൾ ഇതിൻെറ ചരടുപിടിത്തക്കാരാരെല്ലാം?

സ്ലിംഗ്:—അക്ഷോഭിയിൽ ഭൂരിഭാഗവും അവിടത്തെ വിനീതശിഷ്യനായ ഇവൻ തന്നെയാണു ഏററിരിക്കുന്നതു പ്ലാനെല്ലാം മുറാറി പ്രവൎത്തനമാർഗ്ഗങ്ങളും നിശ്ചയിച്ചു കഴിഞ്ഞു. വാസ്തവത്തിൽ അവസാന ഏൎപ്പാടുകളാണിപ്പോൾ ചെയ്യുന്നതു്.

സർഹോ:—വഴിയാബാറളമൊന്നും കൂടാതെതന്നെ സ്ഥലം കൈവശപ്പെടുത്തുവാൻ കഴിയുമോ?

സ്ലിംഗ്:—വല്ലതുമൊക്കെയുണ്ടായേക്കാം, എങ്കിലും ഭയപ്പെടത്തക്കവണ്ണം ഒന്നുമുണ്ടാകുമെന്നു തോന്നുന്നില്ലാ.

സർ—ഹോ:—കുറച്ചുവല്ലതും മതി. സകലതും വെള്ളത്തിലാക്കുവാൻ പൊതുജനങ്ങൾക്ക്—

സ്ലിംഗ്:—ഭരണമണ്ഡലത്തിൽ നിന്നുള്ള ഒരു പ്രസ്താവന—കാര്യമെല്ലാം സുമാർ—പിന്നെന്നുവേണം

സർ—ഹോ—മിസ്റ്റർ—സ്—സുഖംതന്നെയല്ലേ.

സ്ലിംഗ്—അതേ—അങ്ങു ചേരുമോ എന്നറിയുവാൻ അദ്ദേഹം അക്ഷമനായി കാത്തിരിക്കയാണ്. സർ, എനിക്കു പോകുവാൻ വൈകി. അവിടുന്നുകൂടി ചേരാമെന്നു സമ്മതിച്ചതിൽ എനിക്ക് അനിർവ്വാച്യമായ ആനന്ദമുണ്ട്. പ്രകടനപത്രികകളും പ്രമാണങ്ങളുമെല്ലാം തയാറായാലുടൻ അയക്കാം. ഈമാതിരി ജോലികൾ എനിക്കെത്ര രസകരമാണെന്നോ!—ഫലം പോകട്ടെ. വിഷമങ്ങളോടെതിരിട്ട് ജയം പ്രാപിക്കുന്നതു തന്നേ ഒരു മഹാസന്തോഷമാണ്. വിഷമങ്ങൾ നീക്കുക, വിരോധികളെ അമർത്തുക. ഭീരുക്കളെ ധീരന്മാരാക്കുക. ഇതിലൊക്കെ വളരെ രസമുണ്ടെന്ന് അനുഭവിച്ചെങ്കിലേ അറിയുവാൻ കഴിയൂ (വാതുക്കലേക്കു നീങ്ങുന്നു.)

സർ—ഹോ—വരട്ടെ. ആലോചന കൂടാതെ ഒന്നും ചെയ്യരുത്. കഴിയുമെങ്കിൽ യോജിക്കുക. അതായിരിക്കും ഉത്തമവും അവസാനത്തിൽ ആദായകരവും ആയ പദ്ധതി.

സ്ലിംഗ്:—ഭയപ്പെടേണ്ടാ. ഉത്തമമെന്നു തോന്നുന്നതു മാത്രമേ ചെയ്യുകയുള്ളൂ. ഞാൻ പോകട്ടേ. (പോകുന്നു)

(സർ ഹോറസ്സ് വാതലടച്ച് ആലോചനാമഗ്നനായി നടക്കുന്നു.)

സർ—ഹോ—(ആത്മഗതം) ആ റാസ്ക്കൽ, വല്ലാത്ത ആളുതന്നേ. അവനേ ഒന്നുകിൽ തിരസ്കരിക്കുക, അല്ലെങ്കിൽ സ്വീകരിക്കുക. ഇതു മാത്രമേ ഒരുവനു ചെയ്യുവാൻ കഴിയുകയുള്ളൂ. അവൻ സംഗതികൾ കൂട്ടിയിണക്കിപ്പറയുന്നതു

കേട്ടാൽആരും വിശ്വസിച്ചുപോകും. ഒരുവനേ പോക്കററി ലാക്കാനോ കുഴിയിൽ ചാടിക്കാനോ അവനു യാതൊരു വിഷമവുമില്ലാ—എന്തുഭയങ്കരം! ഇതിൻെറയൊക്കെ അവസാനം എന്തായിരിക്കും! എന്തുംചെയ്യാൻമടിക്കാത്തവനാണു് സ്ലിംഗ്സ്ബി. യുദ്ധം ചെയ്യോ പറഞ്ഞു വശീകരിച്ചോ സ്വാതന്ത്ര്യമന്ത്രമോതിയോ എങ്ങനെയെങ്കിലും അവൻ കാര്യം കാണാതിരിക്കയില്ലാ. അതിനുള്ള ത്രാണി അവനുണ്ടു്— ഞാൻ ഉത്തമാധമവാദം പുറപ്പെടുവിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി കേട്ടില്ലേ? മനുഷ്യനു് അവനവനേ തന്നേ അറിഞ്ഞുകൂടാത്ത കാലമാണിതു്. കരടിതെററിയാൽ മതി പിന്നീട്ടു പിശാചിൻെറ ജൂബിലികൊണ്ടാടാം ഇതാണത്രേ വിജയപര്യവസായിയായ ആധുനിക വ്യവസായം!!!

## മൂന്നാം രംഗം.

(ചില വാരങ്ങൾ കഴിഞ്ഞിട്ടു്. ഒരു തെരുവു്. പത്രവില്പനക്കാരനായ ഒരു പയ്യൻ പ്രവേശിന്നു)

പ- വി- പ:—പത്രം പത്രം- ഇന്നത്തേപത്രം—രസകരമായ്'$^{13}$' വർത്തമാനങ്ങൾ. ബ്രണ്ടൻവുഡ്‌സ്ഡിലേ കൊലപാതകരഹസ്യങ്ങൾ. മേരീ ഗോൾഡ് ലാൻഡിൽ ബ്രിട്ടനു ലഭിച്ച വിജയം. ശത്രുക്കളുടെ പരാജയം. മരിച്ചവർ നാട്ടുകാർ ഏഴുപതു്—ബ്രിട്ടീഷുകാർ ഏഴു്—പത്രം പത്രം. (ഒരു പാതിരി പ്രവേശിക്കുന്നു.)

പാതിരി—മേരീഗോൾഡ്ലാണ്ടിനേപ്പററി എന്താ പറഞ്ഞതു്? (ഒരു പത്രം വാങ്ങുന്നു)

പ-വി-പ —ബ്രിട്ടൻ ജയിച്ചു. ഏഴുപതു നാട്ടുകാർകൊല്ലപ്പെട്ടു.

പാതിരി—ഹാഹോ—ബ്രിട്ടീഷുകാരിൽ എത്ര പേർ മരിച്ചു?

പ-വി-പ—ഏഴു മാത്രം.

പാതിരി—ആ അവിശ്വാസികളുടെ ഭള്ള്. അവരെല്ലാം വിശ്വാസികളായി തീരുന്നതുവരെ ലോകത്തിൽ സമാധാനമേ ഉണ്ടാകയില്ലാ.

(ഒരപരിചിതൻ പ്രവേശിക്കുന്നു.)

അപരി—ലഹളയോ—ഏന്തു ലഹള (ഒരു പത്രം വാങ്ങുന്നു.)

പ-വി-പ—അവിശ്വാസികളാണു ലഹളക്കാർ

അപരി—അവിശ്വാസികളാണോ? ആരാണതു്?

പ-വിപ—അതെനിക്കറിഞ്ഞുകൂടാ. പാതിരി അച്ഛനോടു ചോദിക്കണം.

പാതിരി—കുട്ടീ നീ പള്ളിയിൽ പോകാറില്ലെന്നാണു തോന്നുന്നതു്. ദൈവത്തിൽ വിശ്വസിക്കാത്തവരാണവിശ്വാസികൾ എന്നു വിശുദ്ധ പുരോഹിതന്മാർ പറഞ്ഞുകേട്ടിട്ടില്ലേ?

അപരി—അവൻ "ഉവ്വ്" എന്നു പറഞ്ഞേക്കും. എന്നാൽ സമസൃഷ്ടികളിൽ വിശ്വസിക്കാത്തവൻ എന്നുള്ള വിവക്ഷയല്ലേ കുറച്ചുകൂടി അനുയോജ്യമായിരിക്കുക? ഏതായാലും അവിശ്വാസികളെന്നും കൃഷ്ണവർണ്ണരെന്നും നിങ്ങൾ വിളിക്കുന്ന ആളുകളുണ്ടല്ലോ അവർ വിഗ്രഹാരാധകരെങ്കിലും ദൈവത്തിൽ അത്യധികം വിശ്വാസമുള്ളവരാണു് എന്നാൽ വെള്ളക്കാരായ നാമോ? ഇക്കാലത്തു ദൈവത്തെപ്പററി ഒരു നേരമെങ്കിലും സ്മരിക്കുന്നില്ലാ. ധനവും ശക്തിയും അല്ലേ വെള്ളക്കാരൻെറ ദൈവങ്ങൾ. കൃഷ്ണവർണ്ണർ ഈ ദൈവങ്ങളെ സ്വീകരിച്ചാൽ ലോകത്തിൽ സമാധാനം സംസ്ഥാപിതമാകുമത്രേ. എങ്ങിനേയാണെന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. (കുട്ടിയോടു) ബാലാ! ലഹള എവിടെയാണു്?

പ-വി-പ—മേരീഗോൾഡ്ലാൻഡിൽ.

അപരി—മേരീഗാൾഡ്ലാൻഡ് എന്നുപേരു്? വളരെ ജോറായിരിക്കുന്നു. (പാതിരിയോടു) നാം പഴയ ചിട്ടയനുസരിച്ചു് അവിടുത്തെ നാട്ടുകാരെ രക്ഷിക്കയായിരുന്നു! പരിഷ്കാരത്തിന്റെ പ്രഥമപാഠങ്ങൾ അവക്കു മനസ്സിലാക്കിക്കൊടുക്കയായിരുന്നു അല്ലേ? വളരെ കേമമായി. ഈ സാത്താൻ ജയം എവിടെച്ചെന്നു് നിൽക്കുമെന്നാണു് അറിയേണ്ടതു്.—ഏതായാലും ആ സാധുക്കൾക്കും കൊല്ലാനറിയാമെന്നു തോന്നുന്നു.

പാതിരി—(കുട്ടിയോടു) കുട്ടീ കലഹകാരണമെന്തെന്നു നിനക്കറിയാമോ?

പ-വി-പ—എനിക്കറിഞ്ഞുകൂടാ—ഞാൻ പത്രങ്ങൾ വായിക്കുകയല്ലാ വില്ക്കയാണു ചെയ്യുന്നതു്.

അപരി—നീ ബുദ്ധിമാൻ. നിന്റെ ആത്മാവിനെങ്കിലും ഗതികിട്ടുവാൻ മാർഗ്ഗമുണ്ടു്. (പണംകൊടുത്തിട്ടു്) വീണ്ടും വിളിച്ചു പറയുമ്പോൾ എഴുപതു നാട്ടുകാരെ അവിശ്വാസികൾ ഹനിച്ചു എന്നുവേണം പറയുവാൻ, കേട്ടോ.

പ-വി-പ—അങ്ങിനെതന്നേ സാർ.

(അപരിചിതൻ പോകുന്നു.)

പാതിരി (കുറച്ചുദൂരം പോയിട്ടു മടങ്ങിവന്നു കുട്ടിയോടു) ആ മനുഷ്യനേ നീ അറിയുമോ?

പ-വി-പ—ഇല്ലാ ആരാണതു്?

പാതിരി (ഗൌരവത്തിൽ) അവൻ ദ്രോഹചിന്തക്കാരനാണു്.

പ-വി-പ (അപരിചിതൻ കൊടുത്തപണം നോക്കിക്കൊണ്ടു്) അദ്ദേഹം നല്ലയാളാണെന്നു തോന്നുന്നു.

പാതിരി—കുട്ടീ! നീ വിഡ്ഢിയാണ്. അവൻ നരകത്തിലേക്കാണു ചീട്ടു വാങ്ങിയിരിക്കുന്നതു്.

പ-വി-പ—കഷ്ടം തന്നെ. അമ്മാവൻ പറയുന്നതു് ഞാനും നരകത്തിൽ പോകുമെന്നാണു്.

പാതിരി—(ഒരു പെനികൊടുത്തിട്ടു്) മിണ്ടരുല്ല, അവൻ പറഞ്ഞതൊന്നും നീ കാര്യമായിധരിക്കരുതു്. സൂക്ഷിച്ചോ. (പോകുന്നു.)

പ-വി-പ (ഉറക്കെ) പത്രം. ഇന്നത്തെ പത്രം. ബ്രണ്ടൻവൂഡ്ഡിലേ കൊലപാതകം. അതിരസകരമായ രഹസ്യങ്ങൾ. മേരിഗോൾഡ് ലാണ്ടിലെ ബ്രിട്ടീഷ് വിജയം. ഏഴുപത്തുനാകാരെ അവിശ്വാസികൾ കൊന്നിരിക്കുന്നു. വാങ്ങുവിൻ,വായിപ്പിൻ, രസിപ്പിൻ (പോകുന്നു.)

## നാലാം രംഗം.

(മിസ്സസ്സ് സെൽഡൻെറ കുടിൽ. മിസ്സസ്സ് സെൽഡൻ ഏകാകിനിയായി കരഞ്ഞുകൊണ്ടിരിക്കുന്നു. ഒരാൾ വാതുക്കൽ മുട്ടുന്നു.)

മിസ്സസ്സ് സെൽ:—അകത്തു വരണം. (പാതിരി മിസ്റ്റർ മീലോപ്പ് പ്രവേശിക്കുന്നു.)

മിലോപ്പ്—മിസ്സസ്സ് സെൽഡൻ! ആ വത്തമാനം വാസ്തവമാണോ?

മി—സെ—(തലകുലുക്കി വീണ്ടും കരഞ്ഞുകൊണ്ടു് മേശപ്പുറത്തു കിടന്നപത്രങ്ങളെ കാണിച്ചു്) വായിച്ചുനോക്കൂ—വിവരങ്ങൾ ആ പത്രങ്ങളിൽ ഉണ്ടു്.

മിലോ—നിങ്ങൾക്കു വന്നുചേൎന്ന ഈ അത്യാഹിതത്തിൽ ഞാൻ അത്യധികം വ്യസനിക്കുന്നു. ധൎമ്മപന്ഥാവു് മുള്ളും കല്ലും കൊണ്ടു നിറഞ്ഞതും ദൈവനിശ്ചയം അലംഘനീയവുമാണല്ലോ.

മി—സെ—ജാർജ്ജ അന്യരേ കൊല്ലുവാൻ പോയതു അവൻെറ ധർമ്മമാണെന്നു് ഞാൻ ഒരിക്കലും വിശ്വസിക്കയില്ല. അവൻ ഒരു ഭടനായി ജീവിക്കണമെന്നുള്ളതു് ദൈവനിശ്ചയമാണെന്നു് വല്ലവരും പറയുന്നെങ്കിൽ അതു് ശുദ്ധഅസംബന്ധവുമായിരിക്കും.

മിലോ—നിങ്ങളുടെ അഭിപ്രായം ആദ്യം മുതൽ തന്നേ ഇതായിരുന്നല്ലോ. ഇങ്ങനെ കൂടക്കൂടെ യുദ്ധമുണ്ടാകുന്നതു തന്നേ എന്തു കഷ്ടം! എന്നാൽ അപൂർണ്ണമായ ഈ ലോകത്തിൽ അതും ആവശ്യം തന്നേ.

മി-സെ:—തീർച്ചയായും അല്ല. എൻെറ അഭിപ്രായം നേരേമറിച്ചാണു്. ജനങ്ങൾക്ക ആയുധം കിട്ടിയാൽ അവർ അതുപയോഗിക്കാതിരിക്കയില്ല. ഏതു കക്ഷിക്കു് ആയുധശക്തി കൂടുതലുണ്ടോ ആ കക്ഷി ജയിക്കും. അതിനോടു കൂടി അവൎക്കു് അഹങ്കാരവും ഉണ്ടാകും. ഇരുകക്ഷിക്കും ആയുധമില്ലെന്നിരിക്കട്ടെ; സമാധാനത്തിനുള്ള ഏകമാൎഗ്ഗം ന്യായമായി പ്രവൎത്തിക്കയാണെന്നു് ഇക്കൂട്ടരും മനസ്സിലാക്കാതിരിക്കയില്ല. മേരീഗോൾഡ്ലാണ്ടിലുള്ള നാട്ടുകാരേപ്പററി യാതൊന്നും തന്നേ അറിഞ്ഞുകൂടാത്ത ജോർജ്ജിനെപ്പോലെയുള്ള ചെറുപ്പക്കാർ, ദോക്കും ഏന്തി അവിടെ എന്തിനുപോയി? അവർ അവിടെ എന്താണു് ചെയ്തതു്!

മിലോ:—അവർ ബ്രിട്ടീഷ് വസ്തുവകകളേ സംരക്ഷിക്കയായിരുന്നു. അവിടെ വിശേഷപ്പെട്ട എണ്ണ ഖനികളുണ്ടു്.

മി-സെ:—അവിടെ നല്ല എണ്ണഖനികളുള്ളതു കൊണ്ടു് ആ രാജ്യം നമ്മുടെതാണെന്നാണോ നിങ്ങൾ പറയുന്നതു്.

മിലോ:—അല്ലാ, ആ സ്ഥലത്തിനു നമുക്കേതോ അവകാശങ്ങൾ ഉണ്ടെന്നാണു ഞാൻകേട്ടതു്.

മി-സെ:—നാം അവരെ ചതിച്ചു കൈവശപ്പെടുത്തുകയാണ് ചെയ്യുന്നതെന്നു പറഞ്ഞാൽ ശരിയായിരിക്കും. മിസ്റ്റർ ബോബ്‌ലിയേ അറിയുകയില്ലേ. അദ്ദേഹം അതു തെളിയിച്ചു തരാമെന്നും പറഞ്ഞു. പത്രങ്ങളിൽ നിന്നു വെട്ടിയെടുത്തിട്ടുള്ള ചില ഭാഗങ്ങളും കൊണ്ടു് അദ്ദേഹം ഇന്നിവിടെ വരും. ഈ മാതിരി കാര്യങ്ങളെപ്പററി പര്യാലോചിക്കുന്ന ചില സമിതികളിലെ അംഗമാണത്രെ അദ്ദേഹം.

മിലോ:—ബോബ് പറയുന്ന കാര്യങ്ങൾ വിശ്വസിക്കുന്നതു് നല്ലവണ്ണം ആലോചിച്ചതിൻെറ ശേഷം വേണമെന്നാണ് എൻെറ അഭിപ്രായം.

മി-സെ—ഞാൻ അഭിപ്രായമൊന്നും പറയുന്നില്ല. മിസ്റ്റർ ബോബ് ചില സംഗതികൾ പറഞ്ഞിട്ടുള്ളതു് യഥാർത്ഥമാണെന്നു് എനിക്കറിയാം. കഴിഞ്ഞ മഹായുദ്ധത്തേപ്പററി മിസ്റ്റർ ബോബ് എതിരഭിപ്രായമാണ് പുറപ്പെടുവിച്ചതു്. അതിൽ എൻെറ ഭർത്താവും അദ്ദേഹവുമായി ചില വാദപ്രതിവാദങ്ങളും നടക്കാതിരുന്നില്ല. ഒടുവിൽ ബോബ് പറഞ്ഞതാണ് ശരിയെന്നു സമ്മതിച്ചു് എൻെറ ഭർത്താവു് യുദ്ധരംഗത്തിൽ നിന്നയച്ചുകൊടുത്ത ഒരു കത്തു് അയാൾ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടു്. അന്യരുടെ വക കൈവശപ്പെടുത്തുവാൻ നമുക്കു് എന്തധികാരം?

മിലോ:—കൃഷ്ണവർണ്ണന്മാർ ക്രൂരന്മാരും പ്രതികാരേച്ഛുക്കളും ആണു്.

മി—സെ:—നമ്മുടെ ഫലപുഷ്ടിയേറിയ സ്ഥലങ്ങൾ വല്ലവരും കൈവശപ്പെടുത്തുവാൻ വന്നാൽ നമുക്കും ആ സ്വഭാവമുണ്ടാകയില്ലേ? ജോർജ്ജിനെ വധിച്ച നാട്ടുകാരെ ഞാൻ യാതൊരു വിധത്തിലും കുററപ്പെടുത്തുന്നില്ല. അവനെ അവിടെ തള്ളി അയച്ചവരാണ് അപരാധികൾ. അവൻെറ മരണത്തിനു അവർ ദൈവത്തിൻെറ മുമ്പാകെ സമാധാനം പറയേണ്ടിവരും.

മിലോ:—ഇവയെല്ലാം വളരെപ്രാധാന്യവും വൈഷമ്യവുമുള്ള സംഗതികളാണ്. നിങ്ങൾക്കും എനിക്കും നമ്മെപ്പോലെയുള്ള സാധാരണക്കാൎക്കും ഇവയേപ്പററി വല്ലതും അറിയാമൊ?

മി-സെ:—നാം അജ്ഞരാണെന്നുവച്ച് നമ്മുടെ യുവസന്തതികളെ ആവശ്യപ്പെട്ടുമ്പോൾ യാതൊരു തടസ്സവും പറയാതെ പീരങ്കിയുടെ വായിൽക്കൊണ്ടിട്ടു കൊടുക്കണോ? ഗവൎമ്മേൻറു ഏതുകാൎയ്യത്തിനുവേണ്ടി നമ്മുടെപുത്രന്മാരുടെ ജീവൻ ബലികഴിക്കുന്നുവെന്നു ചോദിക്കുവാൻ നമുക്ക് അവകാശമില്ലയൊ? നമുക്ക് യാതൊന്നും ചോദിക്കുവാൻ പാടില്ലാത്ത ഒരു പുതിയ ദൈവമാണോ ഗവൎമ്മേണ്ടു്? എൻെറ കുട്ടിയെ വധിച്ചിരിക്കുന്നു. ആരാണതു ചെയ്തതെന്നു ഞാൻ അന്വേഷിച്ചറിയുകതന്നെ ചെയ്യും. ഗവൎമ്മേണ്ടു നിഷ്ക്കരുണം ചെയ്യുന്ന കൊലപാതകങ്ങളെ തടയുവാനായി ഞാൻ എൻെറ ജീവനെത്തന്നെയും ബലികഴിക്കുവാൻ നിശ്ചയിച്ചിരിക്കയാണ്. മോഷ്ടിക്കപ്പെട്ട വസ്തു വിട്ടുപോകാതിരിക്കുവാൻ വേണ്ടി എൻെറ മകനെ ഗവൎമ്മേണ്ടു് മൃഗീയമാംവിധം ബലികഴിച്ചിരിക്കുന്നു. അതിൻെറ ഇപ്പോഴത്തെ ഉടമസ്ഥന്മാർ ആരു്?

മിലോ:—സത്യമായിട്ടെനിക്കറിഞ്ഞുകൂട. ഇതിൻെറ വിവരങ്ങളെപ്പററി ഞാൻ തീരെ അജ്ഞനാണ്.

മി-സെ:—ഗവൎമ്മേൻറാണൊ അതു് കൈവശം വച്ചുകൊണ്ടിരിക്കുന്നതു്? തീൎച്ചയായും അല്ല. പിന്നെയോ? ശപിക്കപ്പെട്ടവരോ, അനുഗ്രഹീതരോ ആയ ഒരു പ്രത്യേക കൂട്ടർ. സ്ഥാനമാനങ്ങളും ധനവും വലിയ സ്നേഹിതന്മാരും ബന്ധുക്കളും ഉള്ള ഒരു വൎഗ്ഗക്കാർ ഈ രാജ്യത്തുണ്ടല്ലൊ. അവർ—കൂടുതൽവിവരങ്ങൾ ഞാൻ അറിഞ്ഞുകൊള്ളാം. എൻെറ കുഞ്ഞിനെക്കൊന്നവരെ ഞാൻ കണ്ടുപിടിക്കതന്നെ ചെയ്യും.

മിലോ;—മിസ്സ് സെൽഡൻ! സമാധാനപ്പെടു. അല്ലെങ്കിൽ പ്രതികാരേഛ ഭവതിയ്ക്കു് അപത്തുണ്ടാക്കിയേക്കും.

മി-സെ:—പ്രതികാരേഛയോ! അതുകൊണ്ടു് എനിക്കു യാതൊരു ഐശ്വൎയ്യവും ഉണ്ടാവാനില്ല. ആ ദ്രോഹബുദ്ധി കൊണ്ടു ഞാൻ ആത്മാൎത്ഥമായി സ്നേഹിച്ചിരുന്ന എൻെറ ഭൎത്താവിനും പുത്രനും അപമാനം വരുത്തിവയ്ക്കുവാൻ ഒരുമ്പെടുകയുമില്ല. എനിക്കു അവരോടുള്ള സ്നേഹത്തിൻെറ സ്മാരകമായി ഈ ഘോരകൊലപാതകങ്ങളെ സമുദായമദ്ധ്യത്തിൽനിന്നു പാടെ ഉച്ചാടനം ചെയ്വാൻ ഞാൻ ശ്രമിക്കുന്നതാണു്. എൻെറ ഭൎത്താവിനെ കഴിഞ്ഞ മഹായുദ്ധത്തിൽ ഈ ഗവൎമ്മേൻറു കൊന്നു. അതിൻെറ ഗുണം ശക്തിമാന്മാരായ പ്രഭുക്കന്മാരും മുതലാളികളുമല്ലെ അനുഭവിക്കുന്നതു്? ഇതാ എൻെറ ശേഷിച്ച ഓമനമകനേയും ഗവൎമ്മേണ്ടു വധിച്ചിരിക്കുന്നു. അതുകൊണ്ടുള്ള പ്രയോജനം ആൎക്കു്? എണ്ണകൊണ്ടു് ആദായം വൎദ്ധിപ്പിക്കുവാൻ ഒരുങ്ങിയിരിക്കുന്ന ചില ധനവാന്മാൎക്കു്. എന്നാൽ ഈ പിതാവും പുത്രനും സൈന്യത്തിൽ ചേരണമെന്നു ആഗ്രഹിച്ചിരുന്നവരാണോ? അതൊട്ടല്ലതാനും. അവർ അതിനു, ഒരാൾ ഗവൎമ്മേൻറിൻെറ നിയമകാഠിന്യംമൂലവും, മറെറയാൾ തൊഴിലില്ലായ്മ മൂലവും നിൎബന്ധിതരായിത്തീൎന്നു. എൻെറ കുഞ്ഞിൻെറ മരണത്തിനു കാരണക്കാരി ഞാനാണു്. ഈ ഒരു വിപത്തിൽനിന്നു ജോൎജ്ജിനെ രക്ഷിക്കണമെന്നായിരുന്നു എൻെറ ഭൎത്താവിൻെറ അന്ത്യശാസനം. ഞാൻ അതിനെ അത്ര ശ്രദ്ധിച്ചില്ല. അവൻ ഈ സാഹസത്തിനു വശംവദനായിത്തീരുമെന്നും ഞാൻ ഊഹിച്ചില്ല. എന്തുചെയ്യാം; അവസാനം ഈ വിധമായിപ്പോയി. ആ ഉത്തമബാലൻ ഭടവൃത്തിയെ മനഃപൂൎവ്വം വെറുത്തിരുന്നു. മടിയനായി പരാശ്രയിയായി ജീവിക്കുന്നതിനുള്ള വൈമനസ്യം മാത്രമാണു് അവനെ സൈന്യത്തിൽ ചേരാൻ പ്രേരിപ്പിച്ചതു്. രാജ്യത്തിനുവേണ്ടിയുള്ള അച്ഛൻെറ മഹാത്യാഗത്തിൻെറ പ്രതിഫലം മകൻെറ തൊഴിലില്ലായ്മയും ജീവനാശവും; അതേസമയം ധനവാന്മാർ അവരുടെ സ്വത്തു വൎദ്ധിപ്പിച്ചു സുഖലോലുപരായി അന്യചിന്ത കൂടാതെ കഴിഞ്ഞുകൂട്ടുകയും ചെയ്യുന്നു.

(എഡ്ഡാ പ്രവേശിക്കുന്നു.)

എഡ്ഡാ:—അമ്മാ! ചേട്ടൻ—(പാതിരിയെ കണ്ടു് ഒന്നു സംശയിച്ചിട്ടു) ചേട്ടൻ മരിച്ചുപോയെന്നു അവരൊക്കെ പറയുന്നു. സത്യമാണോ?

മിസ്സസ്സ സെൽഡൻ:—(കുട്ടിയെ കെട്ടിപ്പിടിച്ചു ചുംബിച്ചിട്ടു) സത്യമാണു കുഞ്ഞേ.

എഡ്ഡാ:—എവിടെവച്ചു്, ആരുകൊന്നു?

മിലോ:—ഒരു യുദ്ധമുണ്ടായി, അതിൽ ജാർജ്ജ് മരിക്കുന്നതിനിടയായി.

മി-സെ:—അല്ലാ കുഞ്ഞേ—നിന്റെ ചേട്ടനെ—ഇംഗ്ലണ്ടു് കൊന്നു—ക്രൂര ഇംഗ്ലണ്ടു്!

എഡ്ഡാ:—ഇംഗ്ലണ്ടോ?

മി-സെ:—അതേ—ഞാൻ ഒരു ദിവസം അതു പറഞ്ഞു തരാം. എന്തെന്നാൽ പരിശുദ്ധവും ഉത്തമവുമായ ആദർശങ്ങളോടുകൂടിയ ഒരു ഇംഗ്ലണ്ടിനുവേണ്ടി, പ്രാബല്യത്തിനും ധനത്തിനും ആത്മാവിനെ വിററുകളയാത്ത ഒരു ഇംഗ്ലണ്ടിനുവേണ്ടി, നശ്വരമായ ധനമോഹത്തിൽ സ്വപുത്രരെ ബലികഴിക്കാത്ത ഒരു ഇംഗ്ലണ്ടിനുവേണ്ടിയാണു നീ ജീവിക്കേണ്ടതു്. അങ്ങനെയുള്ള ഒരു സുവർണ്ണകാലം ഉണ്ടാകാതെയിരിക്കയില്ല.

മി-ലോ:—ദൈവം നിങ്ങളുടെ ഉദ്യമത്തെ വിജയപൂർണ്ണമാക്കിത്തീർക്കട്ടെ. നമുക്കു് ഇനിയും പലതും പഠിക്കുവാനുണ്ടു്.

മി-സെ.—സത്യം അറിയാൻ ആഗ്രഹിക്കയും, വെറും മനുഷ്യവിദ്വേഷബുദ്ധി ത്യജിക്കയും ചെയ്താൽ പഠിക്കുന്നതിനു അധികനാൾ വേണ്ടിവരികയില്ല.

മി-ലോ—നിങ്ങൾ പറഞ്ഞതിൽ വളരെ വാസ്തവമുണ്ടു്. അതിരിക്കട്ടെ ആ അപേക്ഷാപത്രിക പൂരിപ്പിച്ചുവോ?

മി-സെ—വന്ദനം, അതുചെയ്യാൻ എനിക്കു വളരെ മടിയുണ്ടു്. എന്റെ മകന്റെ, അകാലമരണത്തിനു പെൻഷ്യൻ വാങ്ങുന്നതു വഞ്ചനയ്ക്കും കൊലപാതകത്തിനും മുൻകൂറു തുകപററുന്നതുപോലെ തോന്നുന്നു.

(മിചോൾപ്പപത്രിക പൂരിപ്പിക്കുന്നു)

ഹെഡ്ഡാ—അമ്മേ!—ചേട്ടൻ തിരിച്ചുവരികയില്ലെ.
മി-സെ:—ഇല്ല കുഞ്ഞേ (കരയുന്നു)

## അഞ്ചാം രംഗം.

(സർ ഫോറസ്റ്റു ബ്ളങ്കിൻസിന്റെ ഭവനം. സർഫോറസ്റ്റും മി; സ്ലിംഗ്സ്ബിയും സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു.)

സ്ലിംഗ്:—ആത്മപ്രശംസയല്ല, കാൎയ്യങ്ങൾ എത്രഭംഗിയായി നടന്നുവെന്നുനോക്കുക.

സർ-ഫോ—നിങ്ങളുടെ സാമൎത്ഥ്യത്തെപ്പററി എനിക്കു ലവലേശം സംശയമില്ലല്ലോ.

സ്ലിംഗ്—അതല്ല, അവിട്ടത്തേയ്ക്കു ആദ്യംമുതൽ ഇക്കാൎയ്യത്തിൽ പലസംശയങ്ങളും ഉണ്ടായിരുന്നല്ലോ. അവിട്ടത്തെ ഇതിൽ വലിച്ചിടാൻ ഞാൻ എന്തു പണിപ്പെടേണ്ടിവന്നു.

സർ-ഫോ—അതു വാസ്തവം തന്നെ. എനിക്കു ആരംഭത്തിൽതന്നെ പല ആശങ്കകളും ഉണ്ടായിരുന്നു. ഇപ്പോഴും അവയെല്ലാം തീൎന്നിട്ടുണ്ടോ എന്നു സംശയമാണു്.

സ്ലിംഗ്—അതെന്താ! കാൎയ്യമെല്ലാം ശരിപ്പെട്ടില്ലെ. കുറച്ചുദിവസം മുമ്പു അസഹ്യാസ്ഥ്യത്തിനു വകയുണ്ടായിരുന്നു. എന്തെല്ലാം നടന്നു. ഒരന്വേഷണമെങ്കിലും ഉണ്ടായൊ. നാം എത്ര കരുതലോടുകൂടിയാണു ആൾ തെരഞ്ഞെടുത്തതു്! ഇനി

ഫലമൊ, ഇന്നത്തെ പ്രഭാതപത്രങ്ങൾ വായിച്ചില്ലെ. ഓഹരികൾക്കവേണ്ടി ആളുകൾ ഓടിനടക്കുന്നു. ഒരു പവൻെറ ഓഹരിക്ക അഞ്ചുപവൻ പത്തുഷില്ലിംഗുവരെ വിലയായിരിക്കുന്നു. അതായതു് അവിടുത്തേയ്ക്കു ഇരുപത്തഞ്ചുലക്ഷംപവൻ പാക്കററിലെന്നത്ഥം. എന്താ സന്തോഷിക്കരുതേ?

സർ-ഹോ:—നിങ്ങളുടെ സഹായത്തെ ഞാൻ വിലവയ്ക്കുന്നില്ലെന്നു വിചാരിക്കരുതു്. ഞാൻ നിങ്ങൾക്കു് എന്നെന്നേയ്ക്കുമായി കടപ്പെട്ടുപോയിരിക്കുന്നു. മാത്രമല്ല നിങ്ങളുടെ ബുദ്ധിശക്തിയേയും കാൎയ്യശേഷിയേയും ഞാൻ മനസാ ബഹുമാനിക്കയും ചെയ്യുന്നുണ്ടു്.

സ്ലിംഗ്:—വളരെവന്ദനം—ഞാൻ മുമ്പുപറഞ്ഞമാതിരി ഈ കാൎയ്യങ്ങൾ എനിക്ക വളരെ രസമാണു്. രഹസ്യാലോചനകൾ, ഉദ്യോഗസ്ഥപ്പട്ടികളെപ്പററിക്കൽ, വലിയ കാൎയ്യങ്ങൾ സൂത്രംകൊണ്ടു സാധിക്കുക ഇവയെല്ലാമാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. കായികശക്തി വ്യവസായത്തിനെന്നപോലെ പണം രാഷ്ട്രീയകാൎയ്യങ്ങൾക്കു് അത്യാവശ്യമാണെന്നു എനിക്ക ചിലപ്പോൾ തോന്നാറുണ്ടു്. എന്താ വലിയ ഭാഗ്യം വന്നിട്ടും അങ്ങു് ഒന്നു ചിരിക്കപോലും ചെയ്യുന്നില്ലല്ലൊ. ഇനി സന്തോഷിക്കയല്ലേവേണ്ടതു്?

സർ-ഹോ:—എൻെറകാൎയ്യത്തിൽ നിങ്ങൾ എന്തിനു വിഷമിക്കുന്നു? എൻെറ അസ്വാസ്ഥ്യം ഇനിയും നീങ്ങിയിട്ടില്ല. വല്ലവിധത്തിലും രഹസ്യം പുറത്തായിപ്പോയാലോ?

സ്ലിംഗ്:—വല്ല അമാനുഷശക്തിയും കൊണ്ടല്ലാതെ അങ്ങിനെ സംഭവിക്കയില്ല.

സർ-ഹോ:—ചിലപ്പോൾ അത്ഭുതസംഭവങ്ങളും ഉണ്ടാകാറുണ്ടല്ലോ. അങ്ങിനെ വല്ലതുമുണ്ടായാൽപിന്നെ നമ്മുടെ അവസ്ഥ എന്തായിരിക്കും.

സ്ലിംഗ്:—ഈ ചാഞ്ചല്യത്തിനു കാരണമെന്തു്?

സർ-ഫോ:—നാം കൊടുത്ത വില!!!

സ്ലിംഗ്:—വിലയോ—പത്തോ പതിനായിരമോ ചിലവു ചെയ്യാതെ കാര്യം നടക്കുമോ?

സർ-ഫോ:—പണത്തെപ്പററിക്കളയണം. വിലയേറിയ എത്രജീവൻ നാം നശിപ്പിച്ചു!

സ്ലിംഗ്:—ആ എഴുപതു് നിസ്സാരമൃഗങ്ങളെയല്ലേ?

സർ-ഫോ:—മൃഗങ്ങളോ—അല്ലാ നിങ്ങളേയും എന്നേയുംപോലുള്ള മനുഷ്യജീവികളെ—കുറേ ഇംഗ്ലീഷ്കാരേയും.

സ്ലിംഗ്:—ഏഴല്ലേയുള്ളു!

സർ-ഫോ:—ഏഴുപേർതന്നെ, അവരും നമ്മേപ്പോലെ ജീവിതാശയുണ്ടായിരുന്നവരല്ലേ?

സ്ലിംഗ്:—ഓരോകാര്യത്തിനും വലിപ്പച്ചെറുപ്പമനുസരിച്ചുള്ള വൈഷമ്യങ്ങൾ ഉണ്ടായിരിക്കും. നമ്മുടെ ലാഭംനോക്കുകയാണെങ്കിൽ ഈ നഷ്ടം എത്ര നിസ്സാരം! പോരെങ്കിൽ അവർ സ്വന്തമനസ്സാലെ സൈന്യത്തിൽ ചേർന്നവരല്ലേ?

സർ-ഫോ:—ആയിരിക്കാം. നമുക്കു കുറേവസ്തു സമ്പാദിച്ചു തരാമെന്നു് വിചാരിച്ചായിരിക്കയില്ലല്ലോ. നാമെന്താണു ചെയ്തതു്! നമ്മുടെ ഉദ്ദേശം ലാഭമൊന്നുമാത്രമായിരുന്നില്ലേ? എണ്ണഖനികൾ മാത്രമാണു് നാം ആശിച്ചിരുന്നതെങ്കിൽ അതു നാട്ടുകാരുമായി സഹകരിച്ചു സാധിക്കാമായിരുന്നുവല്ലോ.

സ്ലിംഗ്:—കാര്യംകഴിഞ്ഞശേഷം ഇതെല്ലാം പറഞ്ഞിട്ടെന്തുഫലം?

സർ-ഫോ:—എന്തോ എനിക്കു നല്ലസുഖമില്ല. ചില സംഭവങ്ങൾ എന്നെ വല്ലാതെ അസ്വാസ്ഥ്യപ്പെടുത്തുന്നു. പലതും.........

(വേലക്കാരൻ പ്രവേശിക്കുന്നു)

വേലക്കാരൻ:—ഒരു അപേക്ഷാഫാറം ഒപ്പിട്ടുവിക്കുവാൻ ഒരു സ്ത്രീവന്നുനില്ക്കുന്നു.

സർ-ഹോ:—അത്രേയുള്ളോ, അകത്തുവരാൻപറയൂ.

(മിസ്സിസ്സ് സെൽഡൻപ്രവേശിക്കുന്നു)

മി-സെ:—എൻെറപക്കലുള്ള ഈ അപേക്ഷാപത്രം ഒരു അണററിമജിസ്ട്രേട്ട് സാക്ഷിപ്പെടുത്തേണ്ടതാണ്. ദയവുണ്ടായി ഒന്നു സാക്ഷിപ്പെടുത്തിത്തന്നാൽ കൊള്ളാം.

സർ-ഹോ:—അതിനെന്താവിരോധം! ഇരിക്കണം (പത്രികവായിക്കുന്നു) ഓ—നിങ്ങളുടെപുത്രൻ സൈന്യത്തിൽ ചേന്നിരുന്നോ? അയാൾക്കെന്തുപററി? മരിച്ചുപോയോ? വളരേകഷ്ടം!

മി-സെ:—ഇല്ല; ഭയങ്കരന്മാരായ കൊലപാതകികളുടെ ഖഡ്ഗത്തിന്നിരയായി.

സർ-ഹോ:—കൊലപാതകമോ? ഏയ്! അതുകള്ളം. അല്ലാ എങ്ങിനെ സംഭവിച്ചു? (തുടന്നുവായിക്കുന്നു) മേരിഗോൾഡ്ലാൻഡു—അയാൾ അവിടെ പോയിരുന്നോ? അവിടെവച്ചാണോ അയാൾ വധിക്കപ്പെട്ടതു്?

മി-സെ:—അതേ.

(സ്ലിംഗ്സ്ബി തലചൊറിയുന്നു)

സർ-ഹോ:—അ നാട്ടുകാരാണോ കൊന്നതു്?

മി-സെ:—അല്ലാ. ബ്രിട്ടൻ. ഒരു എണ്ണക്കമ്പെനിക്കവേണ്ടിസ്ഥലംമോഷ്ടിക്കാൻ ചില മോഷ്ടാക്കൾകൂടി ഉദ്യമിച്ചതിൽഅവൻ ഒരു സഹായിയായിരുന്നു. അ കമ്പനിക്കാരും അവരുടെ പാശ്ചാത്തികളുംകൂടി അവനെവധിച്ചു. അവന് സൈന്യത്തിൽചേരാൻ മോഹമില്ലായിരുന്നു. തൊഴിലില്ലായ്മ അവൻെറ മററുതുറകളിലേക്കുള്ള പ്രവേശനത്തെനിരോധിച്ചു.

എൻെറ ഭത്താവിനെ കമ്പനിക്കാരായ മുതലാളികളും അവരുടെ പാശ്വവത്തിയായ ഗവമ്മേൻറുംകൂടി മഹായുദ്ധകാലത്തു നിർബന്ധിച്ചു പട്ടാളത്തിൽചേത്തു. പിന്നെ ഇങ്ങോട്ടുവരുവാനുള്ള നിർഭാഗ്യമോ അഥവാ ഭാഗ്യമോ അദ്ദേഹത്തിനുണ്ടായില്ല. ഇപ്പോൾ അവർ എൻെറപുത്രനേയും അപഹരിച്ചിരിക്കുന്നു. ഇതിൻെറയൊക്കെ പയ്യവസാനമോ? നാഥനില്ലാത്തഗൃഹം, തകന്നഹൃദയം, നിരാശ, ദാരിദ്ര്യം, ഏകാന്തത. ധനവാന്മാരുടേയും പ്രഭുക്കന്മാരുടേയും സുഖൈശ്വര്യങ്ങൾക്കവേണ്ടി സാധുക്കളെ കഴുമരത്തിൽ തറച്ചുനിറുത്തുന്നതിനുള്ള കുരിശുകളാണ് ആധുനികയുദ്ധങ്ങൾ. (സ്ലിംഗ്സ്ബി എഴുന്നേററു അടുത്തമുറിയിൽ പോകുന്നു)

സർ ഹോ:—നിങ്ങൾപറയുന്നതു ശരിയാണ്. യുദ്ധം മമ്മദാരുണമായ ഒരു കൃത്യംതന്നെ. എന്നാൽ എന്തോ അതുകൂടാതെ കഴിച്ചുകൂട്ടുക വിഷമമായിരിക്കുന്നു. യുദ്ധം നിശ്ശേഷം നിറുത്തുവാൻ എന്തെങ്കിലും ഒരുമാഗ്ഗം കണ്ടുപിടിക്കേണ്ടതാവശ്യംതന്നെ.

മി-സെ:—ഫലപ്രദമായ ഒരു മാഗ്ഗത്തിലേക്കു ജനങ്ങളുടെ ശ്രദ്ധ പതിഞ്ഞുതുടങ്ങിയിട്ടുണ്ട്.

സർ-ഹോ:—ഓഹോ എന്താണ് ആ മാർഗ്ഗം?

മി-സെ:—നിസ്സഹകരണം. യുദ്ധംചെയ്യണമെന്നാവശ്യപ്പെട്ടാൽ ചെയ്യാതിരിക്കുക. ആ ഒരൊററമാർഗ്ഗമേയുള്ളു.

സർ-ഹോ:—യുദ്ധംചെയ്യുന്നതിനു നാം വിസമ്മതിക്കയാണെങ്കിൽ നമ്മുടെസ്ഥിതി പരുങ്ങലിലാകയില്ലേ?

മി-സെ:—എൻെറയും എന്നെപ്പോലെയുള്ളവരുടേയും സ്ഥിതി വളരെപ്പരുങ്ങലിലല്ലെന്ന്—ദയനീയമല്ലെന്ന്—ആണോ അങ്ങു വിചാരിക്കുന്നത്? മേരിഗോൾഡുവാൻഡിലേക്ക് ഭടന്മാരേ അയച്ചതുകൊണ്ടു നാം യുദ്ധത്തിനു കൂട്ടാൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കണമോ സൌകര്യം ഇല്ലാതാക്കി

ത്തിക്കയോ ചെയ്തിട്ടുള്ളതു്? സമാധാനകാലത്തും യുദ്ധകാലത്തും എന്നുവേണ്ട എല്ലാക്കാലത്തും എല്ലാരാജ്യങ്ങളിലുമുള്ള സാമാന്യജനങ്ങൾ ഒന്നുപോലെ കഷ്ടതയനുഭവിക്കയാണു് ചെയ്യുന്നതു്. ഞാൻ ആരോടാണു് സഹതപിക്കേണ്ടതു്? മൃതരായ, മൂന്നീയമാംവണ്ണം വധിക്കപ്പെട്ട, ആ എഴുപതു നാട്ടുകാരുടെ വിധവകളോടും മാതാക്കളോടുമോ? അതോ, എണ്ണഖനികൾ കൈവശപ്പെടുത്തണമെന്ന ഏക ഉദ്ദേശത്തോടുകൂടി ഒരു നിഷ്ഠുരകർമ്മം അനുഷ്ഠിച്ചു് ചാരിതാർത്ഥ്യമടയുന്ന എണ്ണക്കമ്പനിക്കാർ രാക്ഷസന്മാരോടോ? ഒടുവിൽപറഞ്ഞകൂട്ടർ ധനംസമ്പാദിച്ചു ലോകസുഖങ്ങൾ അനുഭവിക്കാനുള്ളവർ. ആദ്യംപറഞ്ഞവരുടെ അവസ്ഥയെന്തു്? വൈധവ്യദുഃഖം, പുത്രദുഃഖം, ദാരിദ്ര്യദുഃഖം, നിരാശ, ലോകജീവിതത്തിൽ വെറുപ്പു്.

(സ്ലിംഗ്സ്ബി സൂക്ഷിച്ചുനോക്കി)

സർ-ഹോ:—ദാരുണം, ദയനീയം, പൈശാചികം നാം ചെയ്യുന്നതെന്താണെന്നു നാം അറിയുന്നില്ല (ഒപ്പിടുന്നു)

മി-സെ:—(സമാധാനചിത്തയായി അത്മഗതമെന്ന നിലയിൽ) ഒരു സാധുമനുഷ്യൻ ക്ഷുൽപിപാസകളെ അടക്കവാൻ വഴികാണാതെ മോഷ്ടിക്കുന്നു. ഗവമ്മേൻറു അവനെ പിടിച്ചു ജയിലിലടയ്ക്കുന്നു. ഒരു സാധു ധനതൃഷ്ണയാൽ ഒരു ധനികനേ വധിക്കുന്നു. അതിനു ശിക്ഷയായി ആ സാധുവിനേ ഗവമ്മേൻറു കഴുവിലേററുന്നു. നേരെ മറിച്ചു് ഒരു ധനവാൻ മോഷ്ടിക്കട്ടെ, ഗവമ്മേൻറും മററുള്ളവരും അവനെ ബുദ്ധിമാനെന്നു വാഴ്ത്തും. അവൻ കൊലപാതകത്തിനു— ദൈവത്തിനും മനുഷ്യനും നിരക്കാത്തവിധമുള്ള കൊലപാതകത്തിന്—സന്നദ്ധനായി വേണ്ടതു സജ്ജീകരിച്ചാൽ ഗവമ്മേൻറിൻെറയും ഭരണധുരന്ധരന്മാരുടേയും ദൃഷ്ടിയിൽ അവൻ ദേശഭക്തനായിത്തീരും. കൊലപാതകഫലമായി കിട്ടുന്ന ധനംകൊണ്ടു അവൻ പ്രഭുവാകും. സ്ഥാനമാനിയായും

ഭവിക്കും. മനുഷ്യസ്നേഹികളുടേയും ദൈവഭക്തന്മാരുടേയും മാതൃസ്ഥാനത്തെ വഹിച്ചിരുന്ന ഇംഗ്ലണ്ടേ! നീ എത്ര അഗാധമായ അപൽഗർത്തത്തിലാണു് അധപതിച്ചുപോയിരിക്കുന്നതു്! (കുറച്ചുനേരത്തേ നിശ്ശബ്ദതയ്ക്കുശേഷം സ്വപ്നത്തിലെന്നപോലെ) എന്നാൽ ഇതിൽനിന്നും തുലോം വിഭിന്നമായ ഒരു കാലം—ഒരു നവ്യഇംഗ്ലണ്ടു് രൂപീകൃതമാകുന്നതിനു് ഇനി അധികനാൾ വേണ്ടിവരുമെന്നു തോന്നുന്നില്ല. അത്മാവിനെ ഇനിയും ബലികഴിച്ചിട്ടില്ലാത്ത സാധുക്കളുടെ ദാരിദ്ര്യസംപൂർണ്ണമെങ്കിലും പരിശുദ്ധമായ കുടിലുകളിൽനിന്നു നിശാകാലനിർമ്മിതമായ നഗരംകണക്കേ ആ സുവർണ്ണകാലം ഉൽഭൂതമാകും. സത്യമായിരിക്കും ആ കാലത്തിൻെറ ആദർശം. ഉത്തമപ്രവൃത്തികളാൽ അതു് സർവജനപൂജിതമായി തീരും. പ്രേമം, സേവനം ഇവ അതിൻെറ മഹിമയെ സർവത്ര വ്യാപിപ്പിക്കും. ഇപ്പോഴത്തെ നശിച്ച പരിഷ്കാരം—ധനതൃഷ്ണാപൈശാചികമായ സമരവാഞ്ഛ മൃഗീയമായ കൊലപാതകം ഇവകളാൽ ദൂഷിപ്പിക്കപ്പെട്ട ഈ പരിഷ്കാരം—ഈ നാട്ടിൽ നാമാവശേഷമായി തീരട്ടെ! സാധുക്കൾക്കു് ഈ സ്വാതന്ത്ര്യഭരണകാലത്തിൽ ആശ്രയം ഇല്ലാതായി. പൊതുജനാഭിപ്രായം അനുസരിച്ചു മാത്രം ഭരണംനടത്തുന്ന ഈ അതിപരിഷ്കൃതകാലം നിർദ്ദോഷികളുടെ ഹനനമാർഗ്ഗമായി തീർന്നിരിക്കുന്നു. പൊതുജനാഭിപ്രായം എന്നതു് പ്രഭുക്കന്മാരായ പത്രപ്രവർത്തകന്മാരുടെ ചാഞ്ചല്യങ്ങളായി ചമഞ്ഞിരിക്കുന്നു. നശിച്ച ഇംഗ്ലണ്ടേ! നിൻെറ ജാതകഫലം പരമദയനീയം! ലോകാത്ഭുതത്തിനു പാത്രമായിരുന്ന നിൻെറ പൂർവ്വമഹനീയമാഹാത്മ്യമെവിടെ? നിൻെറ സ്വാതന്ത്ര്യമെവിടെ? നിന്നെപ്പോലെ അടിമത്തം ആരെങ്കിലും ഈ ഭൂമുഖത്തിൽ ഇന്നനുഭവിക്കുന്നുണ്ടോ? നീ നിന്നെത്തന്നെനോക്കി തലതാഴ്ത്തുന്നില്ലേ? സർഹോറസ്സ്! നിങ്ങൾ പ്രമാദിക്കേണ്ടാ. വിജയലഹരിയിൽ നിങ്ങൾ മത്തനാവുകയും വേണ്ടാ. മനുഷ്യശരീരങ്ങൾകൊണ്ടു ചിറകെട്ടി നിങ്ങൾ വിഷമസമുദ്രങ്ങൾ കടന്നു

രത്നാന്തരീപങ്ങളിൽ എത്തി ദിവ്യസുഖങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു എന്ന് അഹംകരിക്കേണ്ടാ. ധനം എന്ന സാത്താൻ നിങ്ങളെ നരകഗർത്തങ്ങളിലേക്ക് വലിച്ചു വീഴ്ത്തിയിരിക്കുന്നു. നിങ്ങൾക്കിനി വാഴ്വില്ലാ. മൃഗബലിക്ക് അലംകരിച്ചൊരുക്കി നിറുത്തിയിരിക്കുന്ന മൃഗങ്ങളാണ് നിങ്ങൾ. ലോകസമാധാനത്തിന്റെ — സുവർണ്ണകോമളമായ ആ ദിവ്യപ്രകാശത്തിന്റെ — സർവസ്വാതന്ത്ര്യപരമായ ആ മഹനീയഘട്ടത്തിന്റെ നിഷ്കളങ്കതയും ഭൂതദയാപ്രകർഷവും പ്രേമവായ്പും വിലസുന്ന ആ ആനന്ദതുന്ദിലകാലത്തിന്റെ അരുണോദയം പൂർവദിശിയിൽ കണ്ടുതുടങ്ങിയിരിക്കുന്നു. സൂര്യൻ കിഴക്കുനിന്നും പടിഞ്ഞാറോട്ടാണു വളർന്നു ഗമിക്കുന്നതു്. ആ ശാന്തിഭാസുരമായ കാന്തിയുടെ ആദ്യശിഖകൾ മനോഹരവർണ്ണങ്ങളിൽ ആകാശവിതാനത്തിൽ വീശിക്കഴിഞ്ഞിരിക്കുന്നു. സർവശക്താ! ആ ദിവ്യയുഗം വേഗം പരിപൂർണ്ണഭാസ്സോടേ ഉദിപ്പിക്കണമേ!! (മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.)

---

## മാർഗ്ഗമദ്ധ്യേ.

---

കുമരഞ്ചിറയ്ക്കു പോകുവാൻ തക്ക സമയം ശേഷിച്ചിട്ടില്ലെന്നു പല സ്നേഹിതന്മാരും എന്നെ തടുത്തു. തിരുവനന്തപുരത്തു വളരെ തിടുക്കത്തിൽ തിരിച്ചുപോകേണ്ടതായിരുന്നതുകൊണ്ടു ഞാൻ യാതൊരു നിർബന്ധത്തേയും വകവയ്ക്കാതെ നടന്നു. പോരെങ്കിൽ കരിമ്പോലുഴയുള്ള വല്ല ബ്രാഹ്മണാലയങ്ങളിലും കയറി അത്താഴം ഊണുംകഴിഞ്ഞു ഉറങ്ങി പിറേറദ്ദിവസം പുറപ്പെടരുതേ? അപ്രകാരമുള്ള അജ്ഞാതസഞ്ചാരങ്ങളിൽ എനിക്കതിയായ കൌതുകവും ഉണ്ടു്. നടക്കുകതന്നെയെന്നു നിശ്ചയിച്ചു. നേരം സായാഹ്നമായിരിക്കുന്നു.

പുത്തൂർകൂടിയുള്ള രാജപാത ഒട്ടുമുക്കാലും വിജനമായിത്തന്നെ കാണുക പതിവാണു്. നദീതടങ്ങളിൽ കന്നുകാലിമേച്ചു പാട്ടും പാടി ഉന്മേഷസംപൂൎണ്ണരായി കാലിക്കൂട്ടങ്ങളേയുംകൊണ്ടു സ്വഗൃഹങ്ങളിലേക്കു തിരിയുന്ന കർഷകബാലന്മാരും, വേലാക്കടിയിൽനിന്നു കലങ്ങൾ കയററിമന്ദഗമനം ചെയ്യുന്നകാള വണ്ടികളും, അപൂർവം ചില ഭാണ്ഡക്കാരായ വഴിപോക്കരും അല്ലാതെ ആരുംതന്നെ എന്റെ ദൃഷ്ടിയിൽ പെട്ടില്ല. ആൎക്കും പരിചയമില്ലാത്ത ഞാൻ എന്റെ സ്ഥിതിവിശേഷത്തിൽ പ്രമുദിതചിത്തനോടേ കുപ്പായവും, നേര്യതും, ജോഡും ചെറിയ ഒരു തുകൽപ്പെട്ടിയും ആയി നടന്നിരുന്ന ആ പരിഷ്കൃതവേഷം ചിലരെ ഒന്നു നിലപ്പിക്കാതെയും ഇരുന്നില്ല. റയിൽവെ സൎവ്വയർ അച്ചുകുഞ്ഞുപിള്ള എന്നിങ്ങനെ ചില ഉദ്യോഗങ്ങളും ചിലർ എനിക്കു നൽകുന്നുണ്ടു്. ചുററും കണ്ടതായ മൃദുലപ്രകൃതിവൈശിഷ്ട്യവും, പടിഞ്ഞാറുനിന്നു വീശിയ നദീവാതവും, കുട്ടികളുടെ ദീർഘഗാനങ്ങളും എന്നെ നന്നേ രസിപ്പിച്ചു.

ആററുകരയിൽ എത്തി. കല്ലടയാറു സൈകതാലംകൃതയായി, ശുഭ്രജലവാഹിനിയായി ഒഴുകുന്ന ആ സ്ഥലത്തു് ഞാൻ അല്പം താമസിച്ചു. കുറെക്കഴിഞ്ഞപ്പോൾ അക്കര നിന്നു് ഒരു വള്ളം രണ്ടുമൂന്നാളുകളുമായി ഞാൻ നിന്നിരുന്ന സ്ഥലത്തടുത്തു. ഒരു മദ്ധ്യവയസ്കൻ അതിൽനിന്നിറങ്ങി എന്റെ അടുത്തെത്തി വിനയസമന്വിതം "എവിടെനിന്നാണു വരുന്നതു്?" എന്നു ചോദിച്ചു. "തിരുവനന്തപുരത്തുനിന്നു്" എന്നുത്തരം പറഞ്ഞു. "കൂടെ ആരും ഇല്ലേ?" എന്നു രണ്ടുമൂന്നു വിശേഷങ്ങൾ അന്വേഷിച്ചിട്ടു്, "വള്ളത്തിൽക്കയറാം" എന്നു ഭക്തിപുരസ്സരം ക്ഷണിച്ചു. "ഓഹോ! നിങ്ങൾ അക്കരെക്കുതന്നെയോ തിരിച്ചു്?" എന്നുള്ളതിനു് ഒന്നു ചിരിക്കുക മാത്രം ചെയ്തു. കഥയൊന്നും മനസ്സിലാകാതിരുന്ന ഞാൻ ഏതായാലും അക്കര പററുന്നതിനുള്ള അവശ്യത്താൽ വള്ളത്തിൽ കയറി.

ഞങ്ങൾ അക്കരയിറങ്ങി. തുടൎന്നു കണ്ടതായ രാജപാതവഴി ഞാൻ നടന്നു. എന്റെ കൂടെ വന്നവരും ഏതോ ഒക്കെ മന്ത്രിച്ചും ആലോചിച്ചും എന്നെ അനുഗമിച്ചു. നേരവും സന്ധ്യയായി. അപ്പോൾ എന്റെ വഞ്ചിസ്നേഹിതരിൽ പ്രമാണി, "ഇതാ, ഇതാണ് വീട്" എന്നു ഒരു ചാവടിമാളികയെ ചൂണ്ടി എന്നോടു പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടു. "ഏതു വീട്? എനിക്ക് ഇന്നെവിടെയെങ്കിലും രാത്രി കഴിച്ചിട്ടു നാളെ കുമരഞ്ചിറയ്ക്കു പോയാൽ കൊള്ളാമെന്നുണ്ട്. നിങ്ങളുടെ ഒക്കെ വീടു ഇവിടെത്തന്നെയോ?" എന്നു ചോദിച്ചു.

അയാൾ പിന്നീടും പുഞ്ചിരിക്കൊണ്ടു:—"അതേ, ഇവിടെക്കയറിയാൽ യാതൊരു അസ്വാധീനവും ഇല്ല. സുഖമായിത്താമസിച്ചു കാലത്തേ പോകാം."

ഞാൻ ഏതോ ഉദ്യോഗസ്ഥനാണെന്നു തെറ്റിദ്ധരിച്ചു സൽക്കരിക്കുകയാണ്. ശരി! വിടണ്ടാ. നല്ല ഊണും ഉറങ്ങുവാൻ സ്ഥലവും നിസ്തൎക്കം. "ഓഹോ" എന്നു പറഞ്ഞതപ്പോഴേയ്ക്കു രണ്ടു മൂന്നു പേർ മുന്നോട്ടോടി വീട്ടിനുള്ളിൽ മറഞ്ഞു. ഏതോ ചില കലാപങ്ങളൊക്കെ നടന്നു. ചുരുക്കത്തിൽ, ഞാൻ ചാവടിപ്പടിയിൽ എത്തിയപ്പോഴേക്കു ഗൃഹനാഥനായ ഒരു പ്രാംശുകായനും രണ്ടു നാലു യുവാക്കന്മാരും എനിക്കു സ്വാഗതം അരുളുവാൻ തയ്യാറായെത്തി.

പിന്നത്തെ സല്ക്കാരങ്ങൾ—കാൽ തേച്ചുകഴുകിയ്ക്കുവാൻ ഒരാൾ, വീശുവാൻ ഒരാൾ, കാൎയ്യമില്ലാത്ത രാജ്യകാൎയ്യം പറയുവാൻ ഒരാൾ, കാപ്പി കൊണ്ടുവരുവാൻ പറയുവാൻ ഒരാൾ, "എന്തോ" എന്നു വിളികേൾക്കുവാൻ മാത്രം മൂന്നുപേർ. ലഹള, ലഹളതന്നെ! തിരുമനസ്സിലേക്കും ഇത്ര വലിയ ഭാഗ്യം ഇല്ല, നിശ്ചയം. കാപ്പികുടി കഴിഞ്ഞു. ക്ഷേത്രങ്ങളിലെ പ്രസാദപ്പായസങ്ങളും കദളിപ്പഴങ്ങളും കഴിച്ച്, പാലുകുടിച്ചു

വീത്ത്, നാല്പാമരക്കഷായത്തിൽ നീരാടി, കാപ്പിവെള്ളത്തിൽ മുഖം കഴുകി ചതുർവ്വിധവിഭവങ്ങളോടുകൂടിയ ഇലയുടെ മുമ്പിൽ ഇരുന്നു. വേണ്ടാത്തൂണും കഴിഞ്ഞു മധുപാവും സേവിച്ച് ചാരുകസാലയിൽ വലിഞ്ഞു കിടന്നപ്പോൾ വിശ്രുവാൻ ഒരു സൈന്യം. വേണ്ടെന്നു പറഞ്ഞു തിരിഞ്ഞുകിടന്നപ്പോഴേക്കു വെററിലത്തട്ടും. ചുരുക്കത്തിൽ ഈ ഉപദ്രവങ്ങൾ ഒഴിഞ്ഞു ഉറങ്ങണമെന്നു നടിച്ചപ്പോൾ ഹാർമ്മോണിയം പ്രവേശിച്ചു. അതിനിടയിൽ അങ്ങേ വശത്ത് ഒരു ചെറുസദ്യ നടന്നു. ഞാൻ എഴുന്നേററു ഉലാത്തിത്തുടങ്ങി. ഒരു ഭിത്തിയുടെ ജാലകങ്ങളിൽക്കൂടെ യാദൃശ്ചികമായി കണ്ണുകൊണ്ടു ഒന്നു അന്വേഷിച്ചു. ഒരു മേശവിളക്കിൻെറ മുമ്പിൽ ഒരു പെൺകുട്ടി ഇരുന്നു വായിക്കുന്നു. വയസ്സ് പതിനഞ്ചോടടുത്തിരിക്കും. അല്ലാ! ഇവിടെ—അതേ, ഈശ്വരാ! വിചാരങ്ങൾക്കു ശക്തിയുണ്ടെന്നുള്ളതു ഭോഷ്കാ—ഇതല്ലേ അന്നു ബാലികാപാഠശാലയിൽ നിന്നും നാലുമണിക്കിറങ്ങുമ്പോൾ—അതേ, അതുതന്നെ അനുരാഗാന്ധൻ എന്നൊക്കെ എൻെറ സ്നേഹിതന്മാർ എത്രതവണ എന്നെ കളിയാക്കീട്ടുണ്ട്! ശരി, ശരി, അന്ന് അമ്മാവൻെറ കൂടെത്താമസിക്കുകയായിരുന്നു, ഇതു് അച്ഛൻെറ വീട്. എത്ര രാത്രി ഞാൻ ഈ കോമളധാമത്തെപ്പററി ചിന്തിച്ചു നിദ്രാരഹിതനായിപ്പോക്കിയിട്ടുണ്ട്! എൻെറ ദൃഷ്ടിചക്രത്തിൽനിന്നു പെട്ടെന്നു തിരോധാനം ചെയ്ത ഈ പ്രഭാകണിക പിന്നേയും ഹൃദയക്ഷതത്തിനായി എത്തുന്നുവോ? ഞാൻ തിരിഞ്ഞുനോക്കി. പരിചാരകസംഘം വെററിലത്തട്ടും തട്ടി അപ്പുറത്തു കടന്നിരിക്കുന്നു. ശരി. ഈ സൌന്ദര്യസുധ യഥേഷ്ടം പാനംചെയ്യുകതന്നെ.

ഉടനെ ഒരാൾ ആ കന്യകയുടെ മുറിയിൽക്കടന്നു. അതു് എന്നെ സല്ക്കരിച്ച ഗൃഹാധിപൻ തന്നെയാണ്. അദ്ദേഹം പറയുന്നു:—

“തങ്കം! എൻെറ പൊന്നുകുഞ്ഞേ! അച്ഛൻ വളരെ

കഷ്ടപ്പെട്ടിട്ടു കൊണ്ടുവന്നിട്ടുള്ള ഒരു കിട്ടാക്കനകക്കുടമാണു്. ഈ കരച്ചിലും പിഴിച്ചിലും കളഞ്ഞു് ഒന്നു പാടൂ. വേണമെങ്കിൽ ഞാൻ ഹാർമ്മോണിയം ഇങ്ങു കൊടുത്തയയ്ക്കാം."

അവൾ എഴുന്നേററു. നിന്നേടത്തുനിന്നു സ്വല്പം മാറിയപ്പോൾ മുഖം എനിക്കു നന്നായിക്കാണാമായിരുന്നു. കോപാരുണിതവദനയായി അവൾ മറുപടി പറഞ്ഞു:—"അച്ഛൻ എന്നെ അധികം വാത്സല്യിക്കുന്നുണ്ടെങ്കിലും, എന്റെ ഹൃദയസ്ഥൈര്യത്തിൽ തീരെ വിശ്വസിക്കുന്നില്ല. കഷ്ടം! അതുമാത്രം എനിക്കു പരമസങ്കടം. വന്നിരിക്കുന്ന ആളിന്റെ യോഗ്യതകൾ ഞാൻ ഒട്ടൊക്കെ മനസ്സിലാക്കി. അയാളെ പ്രശംസിച്ചു പറഞ്ഞവരുടെ വാക്കുകൾ തന്നെയാണെനിക്കൊരു തെളിവു്. കൂടാതെ, എനിക്കു് ഇനിയും കുറെക്കാലത്തേക്കുകൂടി ഇങ്ങനെതന്നെയിരിക്കേണമെന്നുണ്ടു്. ദിവസവും ഞാൻ അച്ഛന്റെ നാമസങ്കീർത്തനം പാടി കേൾപ്പിക്കുന്നതും, അച്ഛനു ചോറുവിളമ്പിത്തന്നു് ആ ഇലയിൽ കൂടെയിരിക്കുന്നതും ആണു് എനിക്കു് ആനന്ദം."

"മകളേ! ഓമനക്കുടമേ! നിന്റെ അച്ഛൻ എന്നും ഇങ്ങനെ ഇരിക്കുമോ?"

"അങ്ങനെയുള്ള കാലത്തു് എന്നെ സ്നേഹിക്കുന്നവരും വന്നുചേരും. അച്ഛാ! വിവാഹം ഈശ്വരകല്പിതമാണു്. അതിനായി നാം അത്ര പാടുപെടണമെന്നില്ല. കാലവും കർമ്മവും ഒക്കുമ്പോൾ തനിയേ വന്നുകൊള്ളും."

ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ കൊണ്ടു. ഞാൻ പിന്തിരിഞ്ഞപ്പോൾ കണ്ടതു് ഓടിക്കിതച്ചു വരുന്ന ഒരാളിനെയാണു്. അയാൾ:—"അ—ഹങ്ങുന്നു വരുന്നു. ഉ—ഹൂത്തരവായി."

"ആരെടോ?"

"വാസുദേവൻപിള്ളയുണ്ടന്നു്"

"ഏതോ ഞാൻ അറിയില്ല. അപ്പുറത്തു ചെന്നു പറയൂ."

ശരി! ഈ യുവതിയെ വിവാഹം ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഏതോ ഒരുത്തനാണെത്തുന്നതു്. ഞാം അതാണെന്നു സാധുജനം തെററിദ്ധരിച്ചു സല്ക്കരിച്ചു. ഹാ! ഇനി ഈ വീട്ടിൽ നിന്നു ഏതുവിധം എങ്കിലും പുറത്തു കടക്കണം. അപ്പോഴെക്കു നാലുകെട്ടിനകത്തു ലഹളയായി.

"അയ്യോ!" "കുറച്ചിൽ", "അപമാനം", "ഈശ്വരാ! ചതിച്ചു" എന്നിങ്ങനെ ചില കോപഭത്സനാരവങ്ങളും കേട്ടു. കാര്യം കണക്കായെല്ലന്നുകരുതി ഞാൻ ചാവടിക്കതകിനു വെളിയിൽ ഇറങ്ങി മുററത്തെത്തി ഒരു വൃക്ഷച്ഛായയിൽ മാറി. അപ്പോഴേക്കു് ഒരു ഘോഷയാത്ര പടികടന്നു ചാവടിത്തിണ്ണയിൽ പ്രവേശിച്ചു. കഥാനായകനെ ഒരു നോക്കു കണ്ടു. എന്റെ കണ്ണു പുകഞ്ഞു. ദേഷ്യാഗ്നികണങ്ങൾ പ്രവഹിച്ചു എന്നു തോന്നി. തെമ്മാടി, പോക്കിരി! ഇവൻ ഇവിടെയും ചതിക്കുവാൻ എത്തിയിരിക്കുന്നുവോ? ശരി ശരി, ഈ കുടുംബത്തിന്റെ സുകൃതത്താൽ ഞാൻ ഇവിടെ വന്നുചേൎന്നു. രസം, ബഹുരസംതന്നെ!

അ സംഘം അകത്തു കടന്നു. സദ്യവട്ടങ്ങൾ എല്ലാം തീൎന്നുപോയതിനാൽ ഗൃഹാധിപൻ അമ്പരന്നു, തലയിൽ കൈവച്ചു് ഓടിത്തുടങ്ങി. വടക്കേവശത്തു ചെന്നു ഭാൎയ്യയെ ലഹളകൂട്ടുകയോ, പടിഞ്ഞാറേവശത്തുചെന്നു വാല്യക്കാരെ കൂട്ടത്തോടെ അടിക്കുകയോ, തിരിഞ്ഞു തെക്കുവശത്തെത്തി നാട്ടുകാരെ ചീത്ത പറയുകയോ, ചാവടിമുറിയിൽക്കടന്നു ക്ഷമായാചനം നടിച്ചു കൈ തിരുമ്മുകയോ എന്നുവേണ്ടാ ആ സാധു പ്രാണൻ വെടിയുന്നു. സ്വല്പം കഴിഞ്ഞപ്പോഴേക്കു "ആരാണാതെമ്മാടി! കൊണ്ടുവരട്ടെ, അവനെ ഇവിടെ!

ത്തരായ്! ഈ സ്ഥലത്തെ പോലീസ് ഇൻസ്പെക്ടർ ഉറക്കം തുങ്ങുന്നോ? നാളെ ലട്ടർ എഴുതിക്കളയാം. ആ ശവത്തിന്റെ ജോലി തുലയട്ടെ." എന്നു വാസുദേവൻപിള്ള ശൃംഗാരശിഞ്ജിതസ്വരത്തിനു ഭംഗംവരാതെ ഗർജ്ജിച്ചു. ഒരു പത്തുപന്ത്രണ്ടു് ആൾ മുററത്തും, തട്ടിലും, പത്തായപ്പുറത്തും, കിണററിലും, വൃക്ഷമറവുകളിലും തേടി എന്നെപ്പിടിച്ചു് ആ ഉഗ്രപ്രതാപവാന്റെ മുമ്പിൽ അഞ്ജലിബദ്ധനായി ഹാജരാക്കി.

വാസുപിള്ള ചാരുകസാലയിൽ നിവന്നിരുന്നു വായിൽനിന്നെടുത്ത ചുരുട്ടു് എന്റെ നേരെ നീട്ടി, "എടാ, പോക്കിരി! നീ ഏതു കല്ലറയിൽ കന്നംകോലു വയ്ക്കാൻ ഇവിടെ വന്നു? അരവിടെ ഒരു കാൺസ്റ്റബ്ളിനെ വിളിക്കട്ടെ. ഏ, കാരണവരേ! നമുക്കു സല്ക്കാരമൊക്കെ ഇതു കഴിഞ്ഞിട്ടു്. വിളിക്കട്ടെ, എല്ലാവരേയും. അകത്തും പുറത്തും ഉള്ളവർ എല്ലാം ഈ ശിക്ഷ കാണട്ടെ."

ഗൃഹനാഥന്റെ രണ്ടുമൂന്നു് അലച്ച് എല്ലാവരേയും അവിടെ എത്തിച്ചു. ഞാൻ മുൻകണ്ട ജാലകത്തിൽ കൂടി നോക്കിയപ്പോൾ, ആരോ വിവരം പറഞ്ഞറിഞ്ഞിരിക്കുന്ന യുവതീയും ഇതിനൊരു കാഴ്ചക്കാരിയാണെന്നു മനസ്സിലാക്കി. പക്ഷേ എന്റെ മുഖം അവളുടെ ദൃഷ്ടിയിൽപ്പെടാതെ ഞാൻ സൂക്ഷിച്ചു. വളരെ താഴ്മയോടുകൂടി:—

"പൊന്നങ്ങുന്നേ! ഞാൻ കള്ളനല്ല. വിശപ്പുകൊണ്ടു ഇവിടെക്കയറി. ഈ അമ്മാവൻ ചോറു തന്നു."

"ച്ഛീ! തെമ്മാടി! മാനമര്യാദയുള്ള ഗൃഹസ്ഥന്മാർ നിന്റെ അമ്മാവനോ? ആരെയെല്ലാം നീ അമ്മാവനെന്നു വിളിച്ചു ചോറും തട്ടി രാത്രിയിൽ മോഷ്ടിച്ചുംകൊണ്ടു പമ്പ കടന്നിട്ടുണ്ടു്? വാസ്തവം പറയുന്നോ?"

ഞാൻ—"ഞാൻ, പെരുമന്തിട്ട കഴിഞ്ഞയാണ്ടിൽ ഒരു വീട്ടിൽപ്പോയി അവിടെവച്ചു് എന്നെ പോലീസുകാർ പിടിച്ചു. മൂന്നുദിവസം സ്റ്റേഷനിൽക്കിടന്നു."

വാസുപിള്ളയുടെ മുഖം ചെമ്പിൻതണ്ടുപോലെ കറുത്തു. അത ചുരുട്ടു താഴെവീണു് അയാളുടെ ശുഭ്രവസ്ത്രത്തിൽ സുഷിരത്തെ ഉണ്ടാക്കി. ആരോ ഒരാൾ ഓടിച്ചെന്നു് അതെടുത്തു കയ്യിൽക്കൊടുത്തു. അയാൾ വിട്ടില്ല.

"പോടാ! നീ ഭ്രാന്തൻ. ആരവിടെ? ഇവനെ പിടിച്ചു റോഡിൽക്കൊണ്ടു തള്ളട്ടെ."

ഞാൻ:—"അയ്യോ പൊന്നങ്ങുന്ന, അങ്ങിനെ ചെയ്താൽ ഇവിടെനിന്നു പന്തളത്തു കടപ്പുള്ളവീട്ടിൽ പോകുവാൻ കുറേ ദൂരം നടക്കണം. അവിടെച്ചെന്നാൽ കുറെ അടികൊണ്ടാലും അത്ര്യം പത്തുദിവസത്തേക്കു സുഖം ആണു്."

വാസുപിള്ള എഴുന്നേററു. വിയർപ്പെന്നുള്ള നാട്യത്തിൽ മുററത്തേക്കിറങ്ങുവാൻ ഭാവിച്ചു. ഞാൻ മുന്നോട്ടു കടന്നു അയാളുടെ കയ്യിൽ പിടിച്ചു. എല്ലാവരും അമ്പരന്നു നില്ക്കേ ഞാൻ അനന്തര അതിഥിപ്രധാനനെ തിരിച്ചു കൊണ്ടുവന്നു് ആ മുറിയിൽ മുമ്പാറഞ്ഞ ജാലകത്തോടടുത്തുതന്നെ നിന്നിരുന്ന ഒരു തൂണിൽ അടുപ്പിച്ചു. അയാളുടെ കാൽ തുടയ്ക്കുവാൻ വച്ചിരുന്നതായ കച്ചത്തോർത്തെടുത്തു ആ കൈകൾ തൂണിനോടു ചേർത്തു കെട്ടി. "എന്തു്?", "അക്രമം", "ആരവിടെ?", "അടിയടാ അവനെ", "അങ്ങത്തെ അവമാനിച്ചു" എന്നുള്ള ശബ്ദങ്ങൾ പുറപ്പെട്ടുതുടങ്ങി. ഞാൻ ഒരു കസേര വലിച്ചു് അവന്റെ അടുത്തിട്ടിട്ടു് അതിൽ ഇരുന്നു ചോദ്യം തുടങ്ങി:—

"എടാ, നീ ഇപ്പോൾ എവിടെനിന്നു വരുന്നു?"

"പൊന്നങ്ങുന്നേ! എന്നെ വിടണം. ഇനി ഞാൻ ഈ പ്രവൃത്തി ചെയ്യുകയില്ല. അങ്ങുന്നെല്ലാം അറിഞ്ഞിരിക്കുന്നു

സകല വീട്ടുപേരും. അങ്ങടത്തെ പാദത്താണെ ഇനി ഞാൻഈ വിധം നടക്കുകയില്ല.”

“ഇല്ല, നിന്നെ ഈവിധം വിടുവാൻ നിവൃത്തിയില്ല്. ആരാണതു്? ഏയ്, അമ്മാവാ! പോലീസുസ്റ്റേഷനിലേക്കു ഒരാളെ അയയ്ക്കുക. ആരാണിൻസ്പെക്ററർ?”

“രാമകൃഷ്ണപിള്ള എന്നാണു പേരു്” എന്നു് ആരോ പറഞ്ഞു. എനിക്കു വളരെ സന്തോഷമായി. ഞങ്ങൾ വളരെ ചെറുപ്പംമുതലേ ഒരുമിച്ചു പഠിച്ചുവന്നവരാണു്. ഒരു എഴുത്തെഴുതി ആൾ അയച്ചു. അതിന്റെശേഷം അവിടെ നിന്നവരൊക്കെ പോകുവാൻ പറഞ്ഞിട്ടു് ഞാൻ ഈസിച്ചെയറിൽ കിടന്നു എന്റെ പക്കൽ ഉണ്ടായിരുന്ന ഒരു നോവൽ വായിക്കുവാൻ തുടങ്ങി. ഇതിനിടയിൽ വാസുപിള്ള കരയുകയും പ്രാർത്ഥിക്കുകയും ഒക്കെചെയ്തു.

കുറേകഴിഞ്ഞപ്പോൾ, ഗൃഹനായകൻ എന്റെ അടുത്തെത്തി:—“അയ്യോ, മനസ്സിലായില്ല. ക്ഷമിക്കണം! അവിടുന്നു വന്നുചേന്നതു് ഞങ്ങളുടെ—എന്റെ കുട്ടിയുടെ—ഭാഗ്യകാലം. കാര്യം മുഴുവൻ അവൾ പറഞ്ഞറിഞ്ഞു. അവളും അവിടെ പഠിച്ചുകൊണ്ടിരിക്കുക ആയിരുന്നു.”

ഞാൻ:—“ഏയ്! അമ്മാവനെ ഈശ്വരൻ ചതിക്കില്ല്. അത്ര നല്ല മനസ്സാണു്.” എന്നു പറഞ്ഞതല്ലാതെ മക്കളുടെ കാര്യത്തെപ്പററി ഒന്നും ചോദിച്ചില്ല.

ഇൻസ്പെക്ടർ എന്നെ സൌഹാർദ്ദപുരസ്സരം ആലിംഗനംചെയ്തു. ഞങ്ങൾ തമ്മിൽ കണ്ടിട്ടു് അധികകാലമായിരുന്നു. ഒടുവിൽ കഥകൾകേട്ടു് അദ്ദേഹം ഒട്ടധികം ചിരിച്ചു:—“അതേ, അങ്ങനെ ചീത്ത കേൾക്കണം. ഒരു കാർഡു് അയച്ചിരുന്നെങ്കിൽ യൂണിഫാറവും ആയി ആററുകടവിൽ എത്തി ഞാൻ മിലിട്ടറി സല്യൂട്ടുചെയ്തു് എന്റെ അനുജനെ കൊണ്ടുവരില്ലായിരുന്നൊ? ഏയ്, പണിക്കരുചേട്ടാ, (ഗൃഹാധിപ

നോട്ട്") ഇതു ചില്ലറപ്പുള്ളിയൊന്നും അല്ലാ. ഒരുകാലത്തു് നമ്മുടെ സംസ്ഥാനത്തെ മന്ത്രിയാവാൻ കാപ്പുകെട്ടിയിരിക്കുകയാണു്. ഓമനക്കുട്ടൻ. ഇപ്പോൾ വലിയ ലോകപരിചയക്കാരൻ ആയില്ലേയെന്നാണു് ഭാവം."

പിന്നത്തെക്കഥ ചുരുക്കത്തിൽ കഴിഞ്ഞു. മലയാളത്തിലെ പല വലിയ കുടുംബങ്ങളുടെയും പേർ പറഞ്ഞു് വിവാഹാന്വേഷകനായി നടന്നിരുന്ന ആ പെരുങ്കള്ളനെ ഉടനേ തന്നെ വിലങ്ങിട്ടു സ്റ്റേഷനിൽ അയച്ചു.

ഇൻസ്പെക്ടർ മുഖാന്തരം ഉണ്ടായ ആലോചനയുടെ ഫലമായി ഞാൻ ഇപ്പോൾ വെൺകോട്ട നാരായണപ്പണിക്കരുടെ പ്രിയപുത്രിയും സർവാംഗസുന്ദരിയും ആയ ഭവാനിക്കുട്ടിയുടെ പ്രാണപ്രിയൻ ആയി, "മൂന്നാമതാകും പുരുഷാൎത്ഥപീയൂഷത്തിൽ" ആമഗ്നനായി പരമേശ്വരപദത്തോടു് ഏററവും അടുത്തുള്ള പരിശുദ്ധപരമാനന്ദത്തെ പ്രാപിച്ചിരിക്കുന്നു. പരസ്പരം അറിയിക്കപ്പെട്ടിട്ടില്ലാത്ത പ്രേമപ്രകൎഷം ഞങ്ങളുടെ ഹൃദയങ്ങളിൽ തിങ്ങിനിറഞ്ഞിരുന്നു എന്നുള്ള വാസ്തവം പിന്നീടാണു് തമ്മിൽ തമ്മിൽ അറിയുവാൻ ഇടയായതു്.

---

## വേലുത്തമ്പി.

---

ഇരണിയൽ തലക്കുളത്താണല്ലോ വേലുത്തമ്പിയുടെ ഭവനം. ഇദ്ദേഹം രാജസേവകനായിത്തീൎന്നതു് അഥവാ ഉദ്യോഗത്തിൽ പ്രവേശിച്ചതേതുവിധമെന്നുള്ളതിനു് ഒരു കഥയുണ്ടു്. കാൎത്തികതിരുനാൾ തിരുമനസ്സുകൊണ്ടു് തെക്കൻ തിരുവിതാംകൂറിൽ എഴുന്നള്ളിയിരുന്നു. അവിടുത്തെ തിരുവാഴി അവിടെവെച്ചു മോഷണംപോയി. പലവിധത്തിലുള്ള

അന്വേഷണങ്ങൾ നടത്തിയിട്ടും ഫലമുണ്ടായില്ല. തലക്കുള
ത്തുകാരൻ വേലുത്തമ്പി എന്നൊരു പയ്യൻ അതിപരാക്രമിയും
ജനസ്വാധീനത്തിൽ അദ്വിതീയനും ആണെന്നും അതുകൊ
ണ്ടു അയാൾ വിചാരിച്ചാൽ തിരുവാഴി തിരിയെ ലഭിക്കു
മെന്നും മഹാരാജാവിനെ ആരൊ ഉണർത്തിച്ചു. തൽക്ഷണം
തന്നെ വേലുത്തമ്പിയെ വരുത്തി മോഷണം തെളിയിക്കാമോ
എന്നു ചോദിച്ചു. കല്പനയുണ്ടെങ്കിൽ മൂന്നുദിവസത്തിനകം
തിരുവാഴി തൃപ്പാദങ്ങളിൽ കാഴ്ചവയ്ക്കാമെന്നു് ആ യുവാവു്
മറുപടിപറഞ്ഞു. അതുപോലെതന്നെ മൂന്നാംദിവസത്തിനു
മുമ്പു് തിരുമനസ്സിലേക്കു് തിരുവാഴി തിരിയെ കിട്ടി. ഇതുക
ണ്ടു് സന്തോഷിച്ചു മഹാരാജാവു് ആ സമർത്ഥനെ ഒരു കാര്യ
ക്കാർ (തഹശീൽദാർ) ആയി നിയമിച്ചു. ചിറയിൻകീഴ് താ
ലൂക്കിലാണു് ആദ്യം നിയമിച്ചതെന്നു കേൾക്കുന്നു. അന്നു്
വേലുത്തമ്പിക്കു പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കായി
രുന്നു പ്രായം. ആൾ അതിസുന്ദരനോ, അത്യന്തഗംഭീരനൊ
ആയിരുന്നു. നാരങ്ങാപ്പഴത്തിന്റെ നിറവും കറുത്ത രോമാ
വലിയും അദ്ദേഹത്തിന്റെ പ്രധാനലക്ഷണങ്ങൾ ആയിരുന്നു.
അനന്തരകാലത്തിൽ വേലുത്തമ്പിദളവാ കുററങ്ങൾ തെളിച്ചു
വന്നതിനെപ്പററി പല കഥകളുമുണ്ടല്ലൊ. ഒരു ദിക്കിൽ
സർക്കീട്ടായിച്ചെന്നാൽ ആ പ്രദേശത്തുള്ള സകല ക്രിമിനൽ
കേസുകളും ദളവായുടെ സർക്കീട്ടുകച്ചേരിയിലേക്കു് കൊണ്ടു
വരണമെന്നാണേർപ്പാടു്. സംശയിക്കപ്പെട്ട കുററക്കാരേയും
അവിടെ കൊണ്ടുചെല്ലേണ്ടതാണു്. ദളവായുടെ ഒരുനേരത്തെ
ഊണിനു് ഒരു പവൻ ആണുപോലും ചിലവു്! ഊണുകഴി
ഞ്ഞിട്ടു് ഒരു മുറിയിൽ കയറി മേൽമീശയ്ക്കു പശയിടുന്നു.
പശയിട്ടുകഴിഞ്ഞിട്ടു് ഒരു കൈലേസെടുത്തു് മീശയ്ക്കുമുകളിൽ
മൂടിക്കെട്ടുന്നു. കട്ടിമുണ്ടും കവണിയും സ്വർണ്ണപ്പിച്ചാങ്കത്തിയും
നാരായവും മററും അണിഞ്ഞു് തയ്യാർ ആകുന്നതോടുകൂടി ആ
മുറിയുടെകതകു തുറക്കുകയും മീശയുടെ കെട്ടഴിക്കുകയും ഒരു
മിച്ചുകഴിയുന്നു. ശ്രീകോവിൽ ദീപാരാധനസമയത്തു തുറന്നു

ദേവൻ തന്നെ വെളിയിലേക്കു പുറപ്പെടുന്ന മട്ടാണു് അപ്പോൾ അതിന്നിടക്കു് സങ്കടക്കാർ, കുററക്കാർ മുതലായവർ രണ്ടുവരിയായി നെടുനീളത്തിൽ നില്ക്കുന്നുണ്ടു്. ഈ അമാനുഷനെ കാണുമ്പോഴേക്കു കൊലക്കുററക്കാർ അതേററുപറയുന്നു. കള്ളസ്സങ്കടക്കാർ ഓടിക്കളയുന്നു. കയ്ക്കൂലിക്കാർ കാല്ക്കൽ വീഴുന്നു. ഇങ്ങനെ ഒട്ടുമുക്കാലും കേസുകൾ തീർച്ചചെയ്യുകഴിയും.

ദളവായുടെ സ്വഭാവദാർഢ്യത്തെക്കുറിച്ചു് പലകേൾവികളും ഉണ്ടു്. സ്ത്രീകളോടു യാതൊരു അർദ്ദവികാരവും അദ്ദേഹത്തിനില്ലായിരുന്നു എന്ന കാര്യം മറന്നു ചില ചരിത്ര നോവലെഴുത്തുകാർ അദ്ദേഹത്തെ കാമലേഖനവാഹിയായി സങ്കല്പിച്ചിരിക്കുന്നതിൽ വ്യസനിക്കുന്നു. റസിഡണ്ടു് മക്കാളയുമായുണ്ടായ വഴിപിണക്കക്കാലത്തു ധാരയുടെ സേവകനായ ഒരു മുതലിയാരെ ദ്രോഹിക്കണമെന്നു ദളവാ നിശ്ചയിച്ചു. മുതലിയാക്കു് ഈ കഥ മനസ്സിലായി. യാതൊരു രക്ഷാകേന്ദ്രവും അയാൾ കണ്ടില്ലാ. തിരുമനസ്സുകൊണ്ടു അയാളെ രക്ഷിക്കുവാൻ ശക്തനല്ലാ. ഒടുവിൽ ഒരു തന്ത്രംതന്നെ പ്രയോഗിക്കാമെന്നു നിശ്ചയിച്ചു്, ധാരയിൽ നിന്നു പരമസുന്ദരിയായ ഒരു ദേവദാസിയെവരുത്തി. ദളവാ കൊല്ലത്തു താമസിക്കുകയായിരുന്നു. അന്നാണു് മുതലിയാരുടെ ശിക്ഷ തീർച്ചപ്പെടുത്തുവാൻ വച്ചിരുന്നദിവസം. ഇതരകാര്യവ്യാപൃതനായിരുന്നതു കൊണ്ടു അ കേസു എടുക്കാതെ ദളവാ നേരത്തെ ഉറക്കറയിൽ കയറി. മുതലിയാർ സാമന്യനല്ലായിരുന്നു. പണത്തിന്റെ മിടുക്കുകൊണ്ടു കാവല്ക്കാരെ മയക്കി തന്റെ ശൃംഗാരിക്കാരിയെ മുറിയ്ക്കുള്ളിലേക്കയച്ചു. ദളവാ അല്പനിദ്രയിൽ ആയിരുന്നതുകൊണ്ടു, കാല്പെരുമാററശബ്ദം കേട്ടുണർന്നു നോക്കി. ഗ്ലോബുവിളക്കിന്റെ മങ്ങിയപ്രകാശത്തിൽ ഒരു ഉർവശിയേത്തന്നെയാണു് മന്ത്രി വീക്ഷിച്ചതു്. പിൻകിമുഖത്തും കുലുക്കമില്ലാത്ത ആ വീരകേസരി വല്ലാതൊന്നു ഞെട്ടി. കണ്ണുകൾ തിരുമ്മി രണ്ടാമതും നോക്കി. താൻ ഏതു ഭദ്രനെയാണു് മോഹപാശത്തിൽ

പെടുത്തുവാൻ നിയുക്തയായിരിക്കുന്നതെന്നു് ശരിയായി മനസ്സിലാക്കിയിട്ടില്ലാതിരുന്ന ആ ജഗന്മോഹിനിയല്പം ഒന്നു മന്ദഹസിച്ചു് മുന്നോട്ടേക്കുനീങ്ങി. ഒരു ഘോരശത്രുവിൻെറ പുരോഗമനത്തിൽ എന്നപോലെ വേലുത്തമ്പി എഴുന്നേററു മഞ്ചത്തിൽനിന്നിറങ്ങി "ആരതു്?" എന്നുദ്ഘോഷിച്ചു. "മുതലിയാർ" എന്നുള്ള മധുരസ്വരം അദ്ദേഹത്തിൻെറ കൎണ്ണങ്ങളിൽ പതിച്ചു. അനന്തരമായുണ്ടായ മനഃപ്രശാന്തതയോടുകൂടി കാൎയ്യങ്ങൾ മുഴുവൻ ചോദിച്ചുമനസ്സിലാക്കി. ആ സാധുസ്ത്രീയെ ഉടൻതന്നെ വെളിയിൽക്കടത്തി വേണ്ടസമ്മാനങ്ങളോടുകൂടി യാത്രയുമാക്കി. പക്ഷെ അനന്തരകൎമ്മങ്ങൾ ഈ സമ്മാനദാനത്തിൽ അവസാനിച്ചില്ല. ഉറക്കറകാവൽക്കാരെയും മന്ത്രിനിലയനരക്ഷികളേയും ജോലിയിൽ നിന്നു നീക്കി കാരാഗൃഹത്തിലേക്കു അയച്ചു. മുതലിയാർ എവിടെയോ പോയി രക്ഷപ്പെട്ടു. പിന്നെ ആ മനുഷ്യൻ തിരുവിതാംകൂറിൽ കടന്നതു് ലജ്ജാകരമായ കണ്ണന്മൂലദീരതപം കഴിഞ്ഞിട്ടായിരുന്നു.

വേലുത്തമ്പിയുടെ കാലത്തു പണപ്പെട്ടി വഴിയരികിൽ വച്ചിട്ടു് സാധുക്കളായ യാത്രക്കാൎക്കു് രാജപാതയിൽ കിടന്നുറങ്ങാമെന്നായിരുന്നു വിശ്വാസം. മോഷണം കവൎച്ച മുതലായ കുററങ്ങൾ അന്നു സംസ്ഥാനത്തിൽ ഒരിടത്തും ഇല്ലായിരുന്നു എന്നു് മിസ്റ്റർ നാഗമയ്യായുടെ സ്റേററുമാനുവലിൽ കാണുന്നു. കുററക്കാരെ ഉടനടിപിടിച്ചു വിസ്താരവും വിധിയും കഴിച്ചു് അടുത്തുള്ള വൃക്ഷത്തിൽ തൂക്കിട്ടുമാത്രമേ ദളവാ മറെറാരു കാൎയ്യത്തിൽ പ്രവേശിക്കുക പതിവുണ്ടായിരുന്നുള്ളു. ഒരുസ്ഥലത്തും രണ്ടുനാഴിക നേരത്തേക്കുപോലും സുഖം എടുക്കുവാൻ ഉദ്യമിക്കാതെ എപ്പോഴും നീതിനടത്തിപ്പിനായി ഗ്രാമങ്ങൾതോറും അദ്ദേഹം സഞ്ചരിച്ചുവന്നു. അദ്ദേഹത്തിൻെറ ന്യായനടത്തിപ്പിനെ വിവരപ്പെടുത്തുന്നതായി സ്റ്റേറ്റുമാനുവലിൽ കാണുന്ന ഒരു കഥ ഇങ്ങനെയാണു്. ഒരു മുറജപകാലത്തു് കുറെ നമ്പൂതിരിമാർ വടക്കുനിന്നു തിരുവനന്തപുരത്തേക്കു് വരുകയായി

രുന്നു. അവരിൽ ഒരാളുടെ ഒരു വെള്ളിച്ചെല്ലം ഇടവാ എന്ന സ്ഥലത്തുവെച്ചു മോഷണംപോയി. അമ്പത്താറുദിവസം മിഷ്ടാന്നഭുക്തിയും സർവ്വാണി സ്വീകരണവും സഹിതം വഞ്ചീശ്വരന്റെ ക്ഷേമാപ്തിക്കായി പ്രാർത്ഥിക്കുന്നതിന് ഔദാര്യപുരസ്സരം എത്തിയ തങ്ങളുടെനേരേ കുലശേഖരപ്പെരുമാളുടെ പ്രജകൾ അനുഷ്ഠിച്ചമഹാകൃതഘ്നതയേയും ധൈഷ്ട്യത്തേയും പററിയോർത്തു ചെല്ലംപോയബ്രാഹ്മണസത്തമന് അതിയായകോപമുണ്ടായി. വൃദ്ധനായിരുന്നതു കൊണ്ടു് കോപം അടക്കുവാൻ തെല്ലും ശക്തിയില്ലായിരുന്നു. തിരുവനന്തപുരത്തെത്തിയ ഉടനേ സല്ക്കാരം അരുളുവാൻ നിയുക്തരായി കാത്തുനിന്നിരുന്ന ഉദ്യോഗസ്ഥപ്രഭുക്കളുടെനേരെ അരുണിതനേത്രനായി നോക്കിയിട്ടുനമ്പൂതിരി നേരേ മന്ത്രിമന്ദിരത്തിലേക്കുതിരിച്ചു. തന്റെ ചെല്ലം മോഷണംപോയതു ടിപ്പു രാജ്യം അതിക്രമിക്കുവാൻ വരുന്നു എന്നുള്ളതിനേക്കാൾ കൂടുതൽ ക്ഷോഭം മന്ത്രിയുടെ മനസ്സിൽ ഉളവാക്കുമെന്ന് വഞ്ചീശ്വരന്മാരുടെ ബ്രാഹ്മണപൂജയെപ്പററി അനുഭവിച്ചറിഞ്ഞിരുന്ന ആ പത്താംമുറജപഭക്ഷകന് ഉറപ്പുണ്ടായിരുന്നു. ദളവായാകട്ടെ അന്നത്തെ ബഹുവിധരാജ്യകാര്യങ്ങൾ എല്ലാം അന്വേഷിപ്പിച്ച് മുറജപസന്നാഹങ്ങൾ മുഴുവൻ പരിശോധിച്ചു; പല തന്ത്രിമാരെയും വാദ്ധ്യാന്മാരേയും വിനീതവചസ്സുകളാൽ പ്രീണിപ്പിച്ച്, അമ്പതുതവണയിൽ കുറയാതെ കല്പനപ്രകാരം മുഖംകാണിച്ചു വിവരത്തു് രാജ്യസ്ഥിതികളെപ്പററി റെസിഡണ്ടുവഴി എഴുതിച്ചോദിച്ച അനവധി ചോദ്യങ്ങൾക്കു മറുലേഖനം തയാറാക്കി അയച്ച് തീരെ ക്ഷീണിച്ചുതളർന്നു പുകയുന്ന ശിരസ്സിന് അല്പം തണുപ്പു നൽകുവാൻ കുറെ എണ്ണയെടുത്തു തേച്ചിട്ടു് ഒന്നു കുളിക്കുവാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണു നമ്മുടെ ചെല്ലക്കാരൻബ്രാഹ്മണന്റെ വരവ്. മുറജപക്കാർക്ക് പ്രത്യേകം അനുവദിച്ചിരുന്ന സൌകര്യം ഓർത്തു കാവൽക്കാർ നമ്മുടെ ദുർവ്വാസാവിനു വഴിമാറിക്കൊടുത്തു. ചെന്നയുടനെ നമ്പൂതിരി "നല്ലശിക്ഷയായി ഇവ്വിധമോഭരണം! ആട്ടെ, അങ്ങു കൊട്ടാരത്തിൽതന്നെ

ധരിപ്പിച്ചേക്കാം. ബ്രാഹ്മണനു് ജീവൻ ഭയന്നു വഴിയേ നടക്കാൻ വയ്യെന്നും വരുത്തിക്കൂട്ടിയില്ലേ ദളവായുടെ ഭരണം?" ദളവാ വല്ലാതെയായി.

"എന്തു തിരുമേനി! അടിയനു വിവരം മനസ്സിലാകുന്നില്ല"

"ഒന്നുമില്ല, ഭരണത്തിന്റെ വിശേഷമാണു്. രാവണന്റെ ഭരണം ഇതിൽ എത്ര നന്നു്! വേണ്ട, അങ്ങു കുലശേഖരപ്പെരുമാളെ ധരിപ്പിച്ചേക്കാം."

ദളവാ.—"അടിയനാൽ കഴിവുള്ള കാര്യമാണെങ്കിൽ പൊന്നുതിരുമേനിയെ ഉപദ്രവിക്കാതിരിക്കണമെന്നാണു് അപേക്ഷ. അടിയൻ വിചാരിച്ചാൽ സാധിക്കാത്തതായി അധികമൊന്നും ഉണ്ടെന്നു തോന്നുന്നില്ല."

നമ്പൂതിരി:—"എന്നാൽ കേട്ടോളു; നമ്മുടെ ചെല്ലമേ, അവൻ പ്രത്യേകം പറഞ്ഞു; ആ കാര്യസ്ഥൻ ഗോവിന്ദനില്ലേ. അവനെ ഒരു നൂറുനട അമ്മച്ചി വരുത്തിയതാണു്. കണ്ടാൽ കണ്ണടിതോൽക്കും.. അതിനുള്ള ഐശ്വര്യം- എന്താ ദളവാ കണ്ടിട്ടില്ലെന്നുണ്ടോ?"

ദളവാ:—(അക്ഷമനായി) "ഏതുവിധത്തിലുള്ള ചെല്ലമെങ്കിലും ആകട്ടെ. എന്തുവേണ്ടതായി എന്നുപറയണം."

നമ്പൂതിരി:—"അതേ, അവിടാണല്ലോ കഥതുടങ്ങുക. നാം നമ്മുടെമുല്ലശ്ശേരി, താഴ്ചടൻ, പിന്നെയാരാ—ഓർമ്മയില്ല"

ദളവാ:—"തിരുമേനി ക്ഷമിക്കണം. അടിയനിന്നു് അധികം ജോലിയുണ്ടു്. വല്ലസങ്കടവും പറയാനുണ്ടെങ്കിൽ പറയണം."

സാക്ഷാൽ വേലുത്തമ്പിയുടെ സ്വഭാവം അന്നു് താൻ കേൾക്കാനതെന്നും, ബ്രാഹ്മണഭക്തികൊണ്ടു് ഇതുവരെ ദാസനായിനിന്ന സിംഹത്തോടു് ഇനിമേൽ പരുഷവാക്കുകൾ

പറയരുതെന്നും മനസ്സിലായ ബ്രാഹ്മണൻ കണ്ഠം ഇടറി തന്റെ ചെല്ലമോഷണത്തെപ്പററി സങ്കടനിവേദനം ചെയ്തു. ദളവായുടെ കണ്ണുകൾ വികസിച്ചു. അഗ്നിസ്ഫുലിംഗങ്ങൾ തന്നെ ആ ദൃഷ്ടിവൃത്തങ്ങളിൽനിന്നു ചിതറി. എന്നാൽ ദളവായുടെ മറുപടി, ഇങ്ങനെയായിരുന്നു:—"തിരുമേനി! അടിയൻ കുററക്കാരൻതന്നെ. എത്രയുംവേഗത്തിൽ അവിടെ എത്തിക്കൊള്ളുക. ചെല്ലം ഉടൻതന്നെ കിട്ടുന്നതാണ്." നമ്പൂരി മന്ത്രിനിലയനത്തിൽനിന്ന് തിരിയേ പോകുന്നതിനുമുമ്പുതന്നെ, തലയിലെ എണ്ണതുടച്ചിട്ട് വേലുത്തമ്പിദളവാ കുതിരപ്പുറത്തുകയറി രാജപാതയിൽ അപ്രത്യക്ഷനായി.

ഇടവായിൽ വള്ളം അടുക്കുന്നസ്ഥലത്തു രണ്ടു പരിയായി അക്കാലത്തു മഹമ്മദന്മാർ താമസിച്ചിരുന്നു. ദളവാ ആ തെരുവിന്റെ ഒരു അററത്തുചെന്ന് എല്ലാവരേയും വരുത്തി, ചെല്ലമോഷണത്തെപ്പററി അറിവുണ്ടോ എന്ന് ഓരാളിനോടു ചോദിച്ചു. "ഇല്ലാ" എന്നയാൾ ബോധിപ്പിച്ചു. ആ നിർഭാഗ്യനെ അടുത്തുള്ള വൃക്ഷത്തിൽ തറച്ചു. രണ്ടാമനേയും അതുപോലെ ചെയ്തു. മൂന്നാമനും അതുതന്നെയായിരുന്നുഗതി. നാലാമനും മററവരെ അനുഗമിച്ചു. അപ്പോഴേക്കു നമ്പൂരിയുടെ വെള്ളിച്ചെല്ലവുമായി മോഷ്ടാവ് ഹാജരായി. അന്നുമുതൽ ഇടവാമഹമ്മദീയർ വളരെ മര്യാദക്കാരായി.

അടൂർ പെരുങ്ങനാട്ടു തട്ടാനപ്പള്ളിൽ എന്നൊരു നായർ ഭവനം ഇന്നും ഉണ്ട്. ഇതു പുരാതനകാലത്ത് ഒരു പ്രഭുകുടുംബമായിരുന്നെന്നുള്ളതിന് ഇന്നും പല ലക്ഷ്യങ്ങളും ശേഷിക്കുന്നു. ഈ ഭവനത്തിന്റെ സ്ഥാപകൻ തട്ടാനപ്പള്ളിൽ ചന്ത്രക്കാരൻ എന്ന പ്രസിദ്ധനായിരുന്നു. ചന്ത്രക്കാരൻ വേലുത്തമ്പിയുടെ അന്തേവാസികളിൽ ഒരാൾ ആയിരുന്നു. ആ ഓർമ്മയ്ക്കായി ഈ തറവാട്ടിലേക്കു കരമൊഴിവായി നല്കിയ കുറേ നിലം ഇന്നും അവർ അനുഭവിക്കുന്നു. വെററില മുറുക്കാനുള്ള ചെലവിനാണപ്പോൾ ഇതു കൊടുത്തിരുന്നത്.

ചന്ത്രക്കാരൻ ചെറുപ്പത്തിൽ പലവഴിനടന്നു് കൊല്ലത്തുവച്ചു
ദളവായേ യാദൃശ്ചികമായി കാണുവാൻ സംഗതിവന്നു. ആളി
ൻെറ ധാടിയും ഗൌരവവദനവും ശരീരപുഷ്ടിയും കണ്ടു്
ദളവാ അയാളെ തൻെറ അനുചരവർഗ്ഗത്തിൽ ചേർത്തു്
ഒടുവിൽ ചന്ത്രക്കാരൻ എന്ന സ്ഥാനവും നല്കി. അക്കാ
ലത്തു വളരെ പ്രബലമായി നടന്നുവന്ന വ്യാജപ്പുകയില
വ്യാപാരം അമൎച്ചവരുത്തുന്നതിൽ ആയിരുന്നു ചന്ത്രക്കാരൻ
തൻെറ സാമൎത്ഥ്യംകാണിച്ചതു്. കടത്തിനാൽപാപ്പി എന്നൊ
രു ക്രിസ്ത്യപ്രഭു വ്യാജപ്പുകയിലക്കച്ചവടംകൊണ്ടു വലിയ കുബേ
രനായിത്തീൎന്നിരുന്നു. പാപ്പിയുടെ കള്ളങ്ങൾ കണ്ടുപിടിക്കു
ന്നതിനു് സാധാരണന്മാൎക്കു നിവൃത്തിയില്ലായിരുന്നു. തൻെറ
കൊല്ലംതാമസത്തിനിടയിൽ കടത്തിനാൽപാപ്പിയുടെ അക്ര
മങ്ങൾ നിറുത്തണമെന്നു ദളവാ നിശ്ചയിച്ചു. അക്കാൎയ്യത്തിനു
നിയുക്തനായതു് തട്ടാനപ്പുള്ളിൽ ചന്ത്രക്കാരനായിരുന്നു.
കുളത്തൂപ്പുഴമലകളിൽ പലസങ്കേതങ്ങളും പാപ്പിക്കുണ്ടായി
രുന്നു. വ്യാജപ്പുകയില കണ്ടുപിടിക്കുവാൻ പോയ പല ശേവു
കക്കാരും കുളത്തൂപ്പുഴ കാട്ടുകളിൽവച്ചു് അകാലമരണം
പ്രാപിക്കുകയാണു് ചെയ്തുവന്നതു്. ചന്ത്രക്കാരൻെറ വൈദ
ഗ്ദ്ധ്യംകൊണ്ടു് പാപ്പിയെ പിടിച്ചുകെട്ടി കൊല്ലംകച്ചേ
രിയിൽ ദളവായുടെ മുമ്പിൽ ആ മനുഷ്യൻ ഹാജരാക്കി.
അതിൽ സന്തോഷിച്ചാണു് മുൻപറഞ്ഞ ലഘുസമ്മാനം ദളവ
സ്വസേവകനു നൽകിയതു്. തൻെറ സേവകൊണ്ടു് ചന്ത്ര
ക്കാരൻ വല്ല ദുരധികാരവും സ്വന്തനാട്ടിൽ പ്രയോഗിക്കു
ന്നുവോ എന്നറിയണമെന്നു് ദളവായ്ക്കു ആഗ്രഹം ജനിച്ചു.
ചന്ത്രക്കാരൻെറ വാല്യക്കാരനായിനിന്ന ഒരു് ആളിനെ ദളവാ
കോയിക്കൽപിള്ളയായി നിയമിച്ചു. തട്ടാനപ്പുള്ളിവക കരക്കു
ടിശിക ഈടാക്കുവാൻ ഈ പിള്ളയേ അയച്ചു. ദളവായുടെ
പ്രത്യേക ആജ്ഞപ്രകാരം നമ്മുടെ ഉദ്യോഗസ്ഥൻ, വെറും
ഉദ്യോഗമട്ടിൽതന്നെയായിരുന്നു ചന്ത്രക്കാരൻെറ വീട്ടിൽ
ചെന്നതു്. കോയിക്കൽപിള്ള കരക്കുടിശിക പിരിക്കുവാൻ

വന്നിരിക്കുന്നതായറിഞ്ഞു ചന്ത്രക്കാരൻ അതിവിനീതനായി അദ്ദേഹത്തെ സല്ക്കരിച്ചു. പിള്ളയ്ക്കു് ഇരിപ്പുറച്ചില്ല. ചന്ത്രക്കാരൻെറ കൈവശം പണം ഇല്ലായിരുന്നു. എന്നാലും ന്യായപ്രകാരം വസ്തുക്കൾ ചിലതു ലേലത്തിൽ പോയി. ചന്ത്രക്കാരൻ യാതൊരുവിധത്തിലുള്ള അസന്തുഷ്ടിയും പ്രദർശിപ്പിച്ചില്ല. ഇക്കഥയെപ്പററി ദളവായോടു് ഒന്നും പറഞ്ഞുമില്ല.

—*—

## സൂപ്രണ്ടിൻെറ കൈക്കൂലി.

---

പോലീസു സൂപ്രണ്ടു മിസ്ററർ റോഡ്രീഗ്സിൻെറ കഥ വളരെ കഷ്ടം തന്നെ. അദ്ദേഹത്തിനില്ലാത്ത ദോഷങ്ങൾ യാതൊന്നും പിന്നൽക്കോട്ടും കണ്ടിട്ടില്ല. സ്നേഹിതന്മാർ, ബന്ധുക്കൾ, മാതാപിതാക്കന്മാർ എന്നു വേണ്ടാ വെറും പരിചയക്കാരായ ഞങ്ങൾപോലും ഈ ദോഷസമ്പത്തിൽ കുറേശ്ശെ ഒന്നം കൈവശത്തിൽ നിന്നു കളയണമെന്നു ഗുണദോഷിച്ചിട്ടുണ്ടു്. ശരിയായ യാതൊരു വിദ്യാഭ്യാസശാഖയോടും ബന്ധം ഇല്ലാതിരുന്ന ഈ വിദ്വാൻ താണജോലിയിൽ എങ്ങാണ്ടോകയറി സർവീസിൻെറ കൂടുതൽകൊണ്ടു് ഇപ്പോൾ ഒരു സൂപ്രണ്ടായിത്തീൎന്നിരിക്കുകയാണു്. ഇതിനിടയിൽ കണക്കിലധികം സമ്പാദിച്ചിട്ടും ഉണ്ടെന്നാണു കേൾവി. ഏതായാലും ഇദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു പ്രധാനസംഭവം ഉണ്ടായി. അതു അത്ര അധികം പ്രസിദ്ധമായിട്ടില്ലാത്തതുകൊണ്ടു് ഇവിടെ വിവരിച്ചുകളയാം.

---

സൂപ്രണ്ടിൻെറ പണംവാങ്ങൽവിദ്യ സാധാരണമായി ഇങ്ങനെയാണു്:—വല്ലകുടിയാനവനും പണക്കാരൻ ആണെന്നുകണ്ടാൽ തൻെറ സിൽബന്തികളെ അയച്ചു് ആ ധന

വാൻെറ ഒരു അയൽക്കാരനെ പിടികൂടി ഒരുഹർജി വാങ്ങുക. ആ ഹർജി വിചാരണയ്ക്കായി കക്ഷികൾക്കു നോട്ടീസു കൊടുക്കുക. തട്ടിക്കയററം, സിൽബന്തികളുടെ മാദ്ധ്യസ്ഥം, ലേലം, തുക സ്ഥിരപ്പെടുത്തൽ ഇങ്ങനെ പലദശകളും കഴിയുമ്പോൾ ഹർ ജി അട്ടപ്പിറകത്തും ഒരു വൻപിച്ചതുക സൂപ്രണ്ടിൻെറ പെട്ടി യിലും ആകും. അഥവാ വല്ല മനമുള്ള കക്ഷിയുടെയും പേ രിൽ തൻെറ കീഴിൽ ഉള്ള വല്ല ഇൻസ്പെക്ടർമാൎക്കും വല്ലഹർ ജികളും കിട്ടിയിട്ടുണ്ടെന്നോ, വല്ല പണക്കാരനും കേസിൽകു ടുങ്ങി വല്ല സ്റ്റേഷനിലും കിടപ്പുണ്ടെന്നോ നമ്മുടെ വിദ്വാനു് അറിവു കിട്ടിയെന്നിരിക്കട്ടെ. ആ വിചാരണക്കാൎയ്യം തനി ക്കയച്ചുകൊൾവാൻ ഉടൻ ഉത്തരവുകൊടുത്തുകഴിഞ്ഞു. പിന്നെ യും സിൽബന്തിമാരുടെ മാദ്ധ്യസ്ഥം എന്ന പ്രഥമാങ്കം മുതൽ അഭിനയമായി.

ഇൻസ്പെക്ടർ ഷൺമുഖംചെട്ടിയാർ ആൾ കുറെ സര സനാണ്. എൻെറ ഒരു പ്രത്യേക സ്നേഹിതനും ആണ്. അദ്ദേഹത്തിനു ജോലി റോഡ്രീഗ്സ് സൂപ്രണ്ടിൻെറ കീഴിൽ ആണ്. ഒരു ദിവസം എൻെറ അഭിന്നമിത്രമായ ഒരു മാന്യനെ സൂപ്രണ്ടു വരുത്തി തട്ടിക്കയററവും കണ്ണുരുട്ടും ഒക്കെ കഴിഞ്ഞു് ഒരു നല്ല സംഖ്യയും രണ്ടുമൂന്നുതരം ശീമസ്സാമാന ങ്ങളും ആ സാധുവിൽനിന്നു തട്ടി. ഞാൻ ഈ വിവരം അറി ഞ്ഞു കാൎയ്യം എന്തെന്നു ചെട്ടിയാരോടു ചോദിച്ചു. അയാൾ കൈമലൎത്തി. മേലാപ്പീസറോടു പറഞ്ഞു. അവരൊക്കെ സര സമായി ചിരിച്ചു് സമാധാനംപറഞ്ഞു് എന്നെ അയച്ചു. പത്രങ്ങളിലേയ്ക്കു എഴുതി. അപകീൎത്തികരമാണെന്നും പറഞ്ഞു് പത്രാധിപന്മാർ അക്കത്തുകൾ ചവററുകുട്ടയിൽ തള്ളി. അ ങ്ങിനെ എൻെറ സങ്കടത്തിനു ഒരു പരിഹാരമാൎഗ്ഗവും കിട്ടാ തായി. സൂപ്രണ്ടുസിംഹം നിത്യം ഓരോരോ ആട്ടിൻകുട്ടിക്ക ക്ഷികളെ തൻെറ ഗുഹയ്ക്കകത്തു വരുത്തുന്ന പതിവു് തുടൎന്നു കൊണ്ടുതന്നെ ഇരുന്നു.

അങ്ങിനെ ഒന്നുരണ്ടുമാസങ്ങൾ കഴിഞ്ഞപ്പോൾ ചെട്ടിയാർ ഇൻസ്പെക്ടരുടെ സ്റ്റേഷനിൽ ഒരു ഹർജി ചെന്നു. ഞാൻ അതിൽ സങ്കടക്കാരന്റെ ദല്ലാലിയായി ഇൻസ്പെക്ടരെക്കണ്ടു് വേണ്ടതുപോലെ എല്ലാം പറഞ്ഞു. അദ്ദേഹം അത്യന്തം വലിയ വിസമ്മതം പറഞ്ഞെങ്കിലും ഒടുവിൽ എന്റെ ഭാഗം ചേർന്നു. പുള്ളി ലാക്കപ്പിനു അകത്തായി. ആൾ വലിയ പണക്കാരനായ ഒരു വൃദ്ധൻ ആയിരുന്നു. സൂപ്രണ്ടുകഴുകന്റെ ചാരദൃഷ്ടികൾ ഈ ഭക്ഷ്യത്തിൽ പതിഞ്ഞു. അതായതു സിൽബന്തികൾ എങ്ങിനെയോ വിവരം സൂപ്രണ്ടിനെ അറിയിച്ചു. ഹർജിവിചാരണ നിറുത്തിവച്ചു കടലാസുകൾ സൂപ്രണ്ടിന്നു് അയക്കണമെന്നുള്ള ഉത്തരവു് ഇൻസ്പെക്ടർക്കു ഉടൻ കിട്ടി.

ഇതിനിടയിൽ ഇൻസ്പെക്ടർ പുള്ളിയെ രഹസ്യമായിക്കണ്ടു. മീശ പിരിക്കലും കുറെ അഭാസവാക്കുകളും ഒക്കെയായപ്പോൾ മൂപ്പീന്നു് ഒരു കത്തെഴുതി ഇൻസ്പെക്ടരെ ഏല്പിച്ചു. അദ്ദേഹം അതു എന്റെ കൈവശം തന്നു. ഞാൻ അതു് വേണ്ട വിധത്തിൽ ഉപയോഗിക്കുവാനും തീർച്ചപ്പെടുത്തി.

ഞാൻ വളരെ നാളായി സൂപ്രണ്ടുധാരയെ ഒന്നു സന്ദർശിച്ചു. സാധാരണ എന്നെക്കാണുമ്പോൾ സന്തോഷസൂചകമായ പൊട്ടിച്ചിരിയോടുകൂടി ഭുജങ്ങളിൽ തലോടാറുള്ള ഉദ്യോഗസ്ഥൻ അന്നു് മ്ലാനവദനനായും ഭീഷണപ്രകൃതനായും കാണപ്പെട്ടു. ഞാൻ ചോദിച്ചു;—

"എന്തു സാർ ഇന്നു വല്ലാതെ ഇരിക്കുന്നതു്?"

സൂപ്രണ്ടു്:—"എന്തു പറയുന്നു മേനവൻ! ഈ മാതാപിതാക്കന്മാർ എന്നു പറയുന്ന ശവങ്ങൾ ഭൂമിയിൽ മനുഷ്യനു് ഒരു ഭാരം ആണു്. ഏതു കള്ളങ്ങൾ എങ്കിലും പറഞ്ഞു മററുള്ളവന്റെ നാലു കാശു തട്ടാൻ അവക്കു ബഹളമിട്ടുക്കാണു്."

ഞാൻ:—"എന്തു പററി?"

സൂപ്രണ്ട്:—(ഒരു കത്തെടുത്തു എൻെറ കൈയിൽ തന്നിട്ട്) "നോക്കണം. ഇരുന്നൂററമ്പതുരൂപാ ഉടൻ വേണമെന്ന ല്ലേ എഴുതിയിരിക്കുന്നതു്? ഇവിടെ ഈ യൂണിഫോറം പണം പ്രസവിക്കുമെന്നാണ് അവരുടെ വിചാരം. ഞാൻ പെടുന്ന പാട് നിങ്ങൾക്കു അറിയരുതേ. ആ ചെട്ടിയാർഇൻസ്പെക്ടറരാണെങ്കിൽ അയാൾക്ക് സാര മില്ല. ഒരു ദിവസം ആ ദുഷ്ടൻ വാങ്ങുന്ന കൈക്കൂലി യാണിതുക. ഞാൻ എവിടെപ്പോകുന്നു?"

ഞാൻ കത്തു വായിച്ചു. അദ്ദേഹത്തിൻെറ അച്ഛൻെറ കത്താണ്. ഒരു സമ്പർതാഴ്ത്തിനു ഇരുന്നൂററമ്പതുറുപ്പിക ഉടൻ കൊടുത്തയക്കണമെന്നും, അല്ലെങ്കിൽ വസ്തുക്കൾ മുഴു വൻ ലേലത്തിൽ പിറെറ അത്ഥ പോകുമെന്നും അതാണ് അതിൽ എഴുതിയിരിക്കുന്നതു്.

ഞാൻ:—"ഈ കടം എങ്ങിനെ ഉണ്ടായി?"

സൂപ്രണ്ട്:—"മകളെ കെട്ടിച്ചുകൊടുത്തതിലാണുപോലും! അ തിനു പാപ്പരാകേണ്ടതു ഞാൻ. അങ്ങും ഇങ്ങും കടംപ ററി പണംകൊടുക്കേണ്ടിവന്നു."

ഞാൻ:—"ഒരു കാര്യം പറയാം. നിങ്ങൾ ഇങ്ങിനെ വിശുദ്ധപുണ്യവാളൻ അയിരുന്നാൽ കാര്യം സാധിക്കില്ല. ആ ചെട്ടിയാക്കിതാ ഒരു നല്ല കക്ഷിയെ കിട്ടിയിരി ക്കുന്നു. ഇരുന്നൂററമ്പതു ചിലവായതിനുപകരം രണ്ടാ യിരത്തഞ്ഞൂറു ഈടാക്കാം."

സൂപ്രണ്ട്:—(ദേഷ്യഭാവത്തിൽ) "നിങ്ങൾ എൻെറ ആത്മ മിത്രമായതുകൊണ്ടു് ഞാൻ ഇതിനു മറുപടി പറയുന്നി ല്ല. കൈക്കൂലി ഞാൻ വാങ്ങുകയോ? അതിനെക്കാൾ നല്ലതു പിച്ചതെണ്ടുകയല്ലെ? ദാരിദ്ര്യം സമ്പാദിച്ചി ട്ട് മരിച്ചാലും കുഞ്ഞുങ്ങൾക്കു ഒരു നല്ലപേർ ശേഷി

പ്പിക്കണം. അതു മാത്രമേയുള്ളു എൻെറ സമ്പാദ്യം. റോഡ്രിഗ്സ് സൂപ്രണ്ടിൻെറ കുട്ടികൾക്ക ഒരു കാലത്തും പിതാവിൻെറ നാമധേയം കേൾക്കുമ്പോൾ ലജ്ജിക്കുവാൻ ഇടയുണ്ടാകരുതു്. എന്തു പറയുന്നു?"

ഞാൻ:—"അതു് ശരിതന്നെ. ഇന്നു് ഈ പ്രസിഡൻസിയിൽ അത്ര ശുഭ്രമായ ഒരു യശസ്സ് സന്താനങ്ങൾക്ക സമ്പാദിച്ചിട്ടുള്ളതു് സായിപ്പിനെപ്പോലെ അധികമില്ല. ചിലർ കൈക്കൂലിക്കാർ ആയിരിക്കും. മററു ചിലർ മദ്യപാനികൾ. പിന്നെച്ചിലർ സ്ത്രീഭ്രമക്കാർ. ഇതൊന്നും തീണ്ടാത്തതു് ഇന്നീ ലോകത്തിൽ ഈ ഒരാളിനെ മാത്രമേയുള്ളു."

ഞാൻ ഈ മൂന്നുകാര്യവും പറഞ്ഞതു് ഇവ മൂന്നും ഇത്ര ഘോരമായി അയാളെപ്പോലെ ആരെയും ബാധിച്ചിട്ടില്ലെന്നു് എനിക്കു ബോദ്ധ്യം ഉണ്ടായതു കൊണ്ടായിരുന്നു. ഞങ്ങൾ അന്നു് അങ്ങനെ പിരിഞ്ഞു.

സൂപ്രണ്ടിൻെറ സിൽബന്തികൾ ചെട്ടിയാരുടെ ലാക്കപ്പു് സന്ദർശിച്ചു തുടങ്ങി. എന്നാൽ അവരെ ആരേയും ഉള്ളിൽ കടത്തി വിടരുതെന്നു് ഇൻസ്പെക്ടർ നിഷ്കൃഷ്ടയായി ആജ്ഞാപിച്ചിരുന്നതുകൊണ്ടു് അവരുടെ പ്രവത്തനത്തിനു കുറച്ചും വിഘാതം നേരിട്ടു. ഞാൻ അവരിൽ തലവനായ ഒരു ഹെഡ്കാൺസ്റ്റബിളിനെ പിടികൂടി. ചെട്ടിയാരുടെ പുള്ളിയുടെ അളായിത്തീന്നിട്ടു് ആ പുള്ളിയെ സൂപ്രണ്ടിനെ കൊണ്ടു് വിട്ടുവിക്കാമോ എന്നുള്ള ആലോചന നടത്തി. കുറെ പേരി ഒരു മടിശ്ശീല സൂപ്രണ്ടിനെ ഏല്പിക്കുവാൻ ഞാൻ ഹേഡിൻെറ കയ്യിൽ കൊടുത്തു. പണം ഒട്ടും കുറയാതെ അങ്ങു ചെന്നുചേരുന്നതു കാണുവാൻ ഞാൻ രാത്രിയിൽ ഹേഡിനെ കടത്തി വിട്ടിട്ടു് വണ്ടിപ്പുരയിൽ പതുങ്ങി നിന്നു. ഞാൻ അപ്രകാരം ചെയ്യുമെന്നറിയാമായിരുന്നതുകൊണ്ടു് ഹേഡ് ചെന്നപാടെ മടിശ്ശീലയോടെ സൂപ്രണ്ടിൻെറ

മേശപ്പുറത്തു വച്ചു. "ആരുടെ വക?" എന്നുള്ള ചോദ്യത്തിനു "ചെട്ടിയാരുടെ പുതിയ പുള്ളിയുടെ" എന്ന ഉത്തരവും ഹേഡ് പറഞ്ഞു. അത്തക്ഷത്തിനു ഞാനും പ്രത്യക്ഷപ്പെട്ടു. സൂപ്രണ്ട് അല്പം ഒന്നു അന്ധാളിച്ചു. ഒരു ഘോരാട്ടഹാസത്തോടു കൂടി ഹേഡിനെ ദൂരെപ്പായിച്ച് എന്നോടിരിക്കുവാൻ പറഞ്ഞു. അതിനിടയിൽ അദ്ദേഹം എന്തോ എഴുതി ഹേഡിന്റെ കയ്യിലേക്കു ചാണ്ടി. ഹേഡ് അതും കൊണ്ട് മടങ്ങുകയും ചെയ്തു.

അദ്ദേഹം എന്നോടു നാട്ടുകാര്യങ്ങൾ ചോദിച്ചു തുടങ്ങി. കുറേ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെയും എന്റെയും കുറെ പൊതുസ്നേഹിതന്മാർ വന്നുകയറി. അല്പം കഴിഞ്ഞു ഇൻസ്പെക്ടർ ചെട്ടിയാരും വന്നു. അദ്ദേഹം വന്ന ഉടൻ ഞാൻ എന്റെ കാര്യം എടുത്തിട്ടു:—

"സൂപ്രണ്ടെജമാൻ കേൾക്കണം. ഇവർ എല്ലാവരും കേൾക്കട്ടെ. എന്റെ ഏററവും അടുത്ത ഒരു സ്നേഹിതനെ മൂന്നുനാലു ദിവസമായി ഇദ്ദേഹം യാതൊരു നടപടിയും നടത്താതെ സ്റ്റേഷനിൽ വച്ചിരിക്കുന്നു. അതിനെപ്പററി സങ്കടം പറയുവാൻ ആണ് ഞാൻ വന്നിരിക്കുന്നത്."

ചെട്ടിയാർ:—"നിങ്ങളുടെ പുള്ളി ഇതാ വരുന്നു. (പടിക്കലേക്കു നോക്കി) ഏതോ കാൺസ്റ്റബിൾ, യജമാനന്റെ ഉത്തരവനുസരിച്ചു കൊണ്ടുവന്നിട്ടുള്ള പുള്ളി എവിടെ?"

സൂപ്രണ്ടു പരുങ്ങി. അതിനിടയിൽ ഞാൻ തുടങ്ങി. "സാർ, ഈ മടിശ്ശീല നന്നായിരിക്കുന്നു. സാറിന്റെ പേർ എത്ര ഭംഗിയായി ഇതിൽ തുന്നിയിരിക്കുന്നു!" ഞാൻ മടിശ്ശീല കയ്യിൽ എടുത്തു. സൂപ്രണ്ടു കണ്ണുകൾ സമുദ്രങ്ങളോളം തുറന്നിട്ടു മടിശ്ശീലയിലേക്കു നോക്കി. "എന്റെ പേർ-എന്റെ പേർ" എന്നു പതറി. അപ്പോഴേക്കു കാൺസ്റ്റബിളിനാൽ

അനുഗതനായി വിലങ്ങുധാരിയായ ആ വൃദ്ധൻതടവുകാരനും വരാന്തയുടെ അടുത്തുവന്നു.

സൂപ്രണ്ട് "അയ്യോ!" എന്നു നിലവിളിച്ചു കസേരയോടുകൂടി താഴെ വീണു. ഞങ്ങൾ അദ്ദേഹത്തെ താങ്ങി സോഫായിൽ കിടത്തി. ഇതൊന്നും കാണ്മാൻ കഴികയില്ലെന്നും പറഞ്ഞ് ചെട്ടിയാർ അന്തർദ്ധാനം ചെയ്തു. കയ്ക്കൂലി ഏജൻറ് ഹേഡ് മുന്നോട്ടു ചാടി. അതിനിടയിൽ പുള്ളി വാവിട്ടു നിലവിളിച്ചു. സൂപ്രണ്ടു സോഫായിൽ എഴുന്നേററിരുന്നു "ചതി ചതി" എന്നു അലറി. യജമാൻ എന്തോ ഉത്തരവാകുന്നതു കേൾക്കുവാൻ വൃദ്ധൻപുള്ളിയുടെ നിലവിളി സമ്മതിക്കാത്തതുകൊണ്ടു സേവകപ്രധാനനായ ഹെഡ് കാൺസ്ററബിൾ ആ പുള്ളിയുടെ പിടലിക്കു പിടിച്ചൊരു തള്ളുകൊടുത്തു. "കിഴട്ടുശവം. യജമാനൻ എന്തോ ഉത്തരവാകുന്നതു കേൾക്കാൻ ഇവൻെറ മോങ്ങൽ സമ്മതിക്കുന്നില്ല" എന്നു പറഞ്ഞിട്ടു രണ്ടാമതും വൃദ്ധനെ ഒന്നുകൂടി ആ സൂപ്രണ്ടുഭക്തനായ സിൽബന്തി തള്ളി. ആ തള്ളു തടുക്കുന്നതിനു സൂപ്രണ്ടു മുന്നോട്ടു ചാടുന്നതിനു മുമ്പിൽ ഹേഡിൻെറ ഊററൻ കൈ വയസ്സൻെറ ക്ഷീണകണ്ഠത്തിൽ പതിക്കുകയാൽ അയാൾ മലന്നു മുററത്തു വീണു. സൂപ്രണ്ടു കൈനിവത്തി ഹെഡ്കാൺസ്ററബിളിൻെറ കരണത്തു കൊടുത്തു നാലഞ്ച്. അയാൾ ദൂരെ മാറി വീണു. റോഡിൽകൂടി പോകുന്നവർ കാണാതിരിക്കുവാനായി സൂപ്രണ്ടു ഓടിച്ചെന്നു വാതൽ അടച്ചു. പിന്നത്തെക്കഥകൾ * * *

സൂപ്രണ്ടിൻെറ കയ്ക്കൂലി നിറുത്തുന്നതിനു എടുത്ത വിദ്യ കുറേ കടന്നതാണ്. അദ്ദേഹത്തിൻെറ വൃദ്ധനായ പിതാവിനെ ചെട്ടിയാരുടെ സ്റേറഷനിൽ ആക്കി അയാളെക്കൊണ്ടു പുത്രനു ഒരെഴുത്തു വാങ്ങി ആ മടിശ്ശീലയും രൂപായും സൂപ്രണ്ടിൻെറ കൈയിൽനിന്നുതന്നെ കൊണ്ടുപോയെന്നും ഇതിൽ ഞാനും ഇൻസ്പെക്ടരും ആണ് ഈ അനാവശ്യങ്ങൾ

ങ്കൊക്കൊണ്ടിച്ചതെന്നും വായനക്കാർ ഇപ്പോൾ ധരിക്കുമല്ലോ. തന്റെ പുത്രന്റെ അധികാരസ്ഥലമാണ് അതെന്നു വൃദ്ധൻ അറിഞ്ഞിരുന്നുവെങ്കിലോ, വൃദ്ധന്റെ വാസ്തവം കാൺസ്റ്റ്റബിൾമാർ വല്ലവരും ധരിച്ചിരുന്നെങ്കിലോ ഈ വിദ്യ ഫലിക്കുകയില്ലായിരുന്നു. ഏതായാലും അന്നത്തേതിൽപിന്നീടു റോഡ്രീഗ് സൂസൂപ്രണ്ടു ഒരു അനീതിയും ചെയ്തിട്ടില്ല. ഇപ്പോൾ അദ്ദേഹം അടുത്തൂൺ വാങ്ങി സുഖമായി ബംഗ്ളൂരിൽ താമസിക്കുന്നു. പക്ഷെ പുത്രന്റെ മുമ്പിൽ വച്ചുള്ള ഹെഡ് കാൺസ്റ്റബിളിന്റെ തള്ളിനുശേഷം വയസ്സൻ അധികം ജീവിച്ചിരുന്നില്ല. സൂപ്രണ്ടിന്റെ അടികൾ ഹേഡിന്റെ മൂന്നു പല്ലുകളെമാത്രമേ ദൂരെതെറിപ്പിച്ചുള്ളൂ.

---

## ദാമ്പത്യാനന്ദം.

---

രാജഗോപാലൻനായർ പരമസാത്വികനായ ഒരു മനുഷ്യനാണ്. താരുണ്യം തീർന്നുപ്പോയിട്ടില്ല. കണ്ടാൽ സുന്ദരനല്ലെന്നു പറയുവാൻ എനിക്കു ധൈര്യവുമില്ല. കമലാക്ഷി അമ്മയുടെ കണ്ണിൽ മന്മഥൻ തന്നെയാണ്. അദ്ദേഹത്തിനു സാധാരണ ചെറുപ്പക്കാരിൽ നിന്നു വ്യത്യസ്ഥമായ ഒരു ഗുണവിശേഷമുള്ളതു് പരസ്ത്രീവൈമുഖ്യമാണ്. അന്യസ്ത്രീകളുടെ മുഖത്തു നോക്കിയിട്ടുപോലും ഇല്ലെന്നുള്ള പരമാർത്ഥം അദ്ദേഹത്തിൽ നിന്നു കമലാക്ഷിഅമ്മ പലപ്പോഴും ആവത്തിച്ചു കേട്ടിട്ടുണ്ടു്. ഇതു "ഏകസ്ത്രീവ്രത"ക്കാരനായ ഒരു പ്രാണനാഥനെ കിട്ടിയതിൽ അതു സാധ്വിക്കു തോന്നിയ ചാരിതാർത്ഥ്യം സീമാതീതമായിരുന്നു.

ഒരു ദിവസം രണ്ടുപേരുംകൂടി നേരമ്പോക്കു പറഞ്ഞുകൊണ്ടിരുന്നപ്പോൾ നായർ ഇങ്ങിനെ തന്റെ നിതാന്തസംഭാഷണവിഷയത്തിൽ പ്രവേശിച്ചു.

"കമലേ! നമുക്കു വല്ല മലകളിലും പോയിത്താമസിക്കണം. എനിക്കു ഇതൊക്കെക്കാണുമ്പോൾ ആത്മഹത്യ ചെയ്യുവാൻതന്നെ തോന്നിപ്പോകുന്നു. കഷ്ടം! പുരുഷന്മാർ എല്ലാം, എന്നാൽ ഒരു ഒററ വ്യത്യാസം ഇല്ലാതെ, ഇത്ര മഹാ പാപികൾ ആയിപ്പോകുന്നല്ലോ. ഇന്നു ഞാൻ ഇതേ ഈ റോഡുവഴി വരുകയായിരുന്നു. ആ ഡാക്ടർ കേളപ്പൻനായരില്ലേ; കണ്ണാടിയും വെച്ചു നടക്കുന്ന രസികൻ! അയാൾ സൈക്കിളിൽ പോകുന്നു. പെൺപള്ളിക്കൂടം വിട്ടിട്ടു ഒരു പെൺകിടാവു്—അതിന്റെ പുറകുവശം മാത്രമേ ഞാൻ കണ്ടുള്ളു—ഞാൻ നിന്റെ മുഖമല്ലാതെ വേറെ ഒരു സ്ത്രീയുടെ മുഖം കണ്ടിട്ടില്ലെന്നറിയാമല്ലോ. ഡാക്ടർ മര്യാദവിട്ടു തുറിച്ചുനോക്കുന്നു. പുഞ്ചിരി തൂകുന്നു. ഒടുവിൽ എന്തുപററി? സൈക്കിളിൽനിന്നും വീഴുവാൻ ഭാവിച്ചു."

കമലാക്ഷി:—"അത്രേ ഉള്ളോ? വീണില്ലേ?"

രാജു:—"ഇല്ല."

കമലാ:—"ഇതാണോ ഇത്ര വലിയ വിശേഷമായി കൊണ്ടുവന്നതു്! ആ പെൺകുട്ടി ഏതു്?"

രാജു:—"ശ്രാപ്പിന്റെ മകൾ ആണെന്നാണു പറഞ്ഞതു്. പതിനേഴു വയസ്സു പ്രായം വരുംപോലും".

കമലാ:—"ഏതു ക്ലാസിൽ പഠിക്കുന്നു?"

രാജു:—"ഇൻറർമീഡിയററിനു്. ക്ലാസിൽ വളരെ മിടുക്കിയാണുപോലും. അതന്വേഷിച്ചു ഈ കഥകൾ ഒക്കെ ഞാൻ പറഞ്ഞില്ലേ. ഈ പാപികൾ പുരുഷന്മാർ ഇങ്ങനെ പെണ്ണുങ്ങളെപ്പററി അരായാനും അവർ പോകുന്ന വഴിയിൽ ഒളിഞ്ഞുനോക്കാനും തുടങ്ങിയാലത്തെ കഥ—ലോകാവസാനമല്ലാതെ ഇതിനു വേറൊരു ശിക്ഷ എന്തൊന്നു? ഡാക്ടർ നോക്കിയ പെൺകുട്ടിയില്ലേ; ഞാനും ഡാക്ടരും തമ്മിൽ ഞാനല്ലേ കുറേക്കൂടെ ചെറുപ്പം. എന്നിട്ടു ആ പെണ്ണു ഏതാണെന്നോ

ഏതു ജാതിയാണെന്നോ വല്ലതും ഞാൻ അന്വേഷിക്കാൻ പോയോ? ഛേ! അതു അങ്ങുന്നു പറയുന്നതല്ല. താൻ വിവാഹംചെയ്ത സ്ത്രീയെ വഞ്ചിക്കുന്ന മഹാപാപിയുണ്ടല്ലോ അവൻ—ഞാൻ പറയുന്നതു് കൊലക്കുററംപോലും സാരമില്ലെന്നാണു്. ഒരു ദ്വേഷ്യം വന്നു; ഒന്നു വെട്ടി; അല്ലെങ്കിൽ ഒരു വെടിവച്ചു; അതിൽ പാപം ഇതുപോലെയില്ല. ഞാൻ വേറൊരു സ്ത്രീയുടെ പുറകേ പോയാൽ അതു കമലത്തിനോടു ചെയ്യുന്നതായ ഒന്നാമത്തെ പാപം അല്ലേ? അങ്ങിനെ തിണ്ടാടി നടക്കുന്ന അധമന്നു ദാമ്പത്യസുഖം എങ്ങിനെയുണ്ടാകും! പറയൂ വാസ്തവമല്ലേ എന്നു്?"

കമലാ:—(ചിരിച്ചിട്ടു്) "അപ്പോൾ ആ പെൺകുട്ടി ഏതാണെന്നു പോലും ഒന്നന്വേഷിക്കാഞ്ഞതെന്തു്? ഇനി ഡാക്ടരെക്കാണുമ്പോൾ കളിയാക്കാമായിരുന്നല്ലോ അവിടുത്തേക്കു്."

രാജു:—(കോപഭാവത്തിൽ) "എനിക്കു ദ്വേഷ്യം വരുമേ. കണ്ടപെണ്ണുങ്ങൾ ഏതു വീട്ടിലെന്നാണു്, തന്തയുടെ പേരെന്തു്, എന്തു പ്രായംവയസ്സ് എന്നൊക്കെ അന്വേഷിക്കുന്നവൻ ഞാനോ? ഈ പട്ടണത്തിൽ ഞാൻ കഴിച്ചു ശേഷം ഒരുവനില്ലിനിങ്ങിനെ അന്വേഷിക്കാതെയും പാപകർമ്മത്തിൽ ചാടാതെയും."

കമലാക്ഷി ഭർത്താവിന്റെ മറവിയും ബുദ്ധിശൂന്യതയും ഓർത്തു ലജ്ജിച്ചു. ഗ്രാപ്പിന്റെ മകളുടെ സകല കാര്യങ്ങളും കുറേ മുമ്പേയാണു് ദ്ദേഹം പറഞ്ഞതു്. എന്നിട്ടു ജാതിപോലും അന്വേഷിച്ചില്ലെന്നു അടുത്ത ശ്വാസത്തിൽ പറയുകയും! അവൾ പറഞ്ഞു:— "അതല്ലേ, ഞാൻ പരമഭാഗ്യവതി എന്നു എനിക്കു എപ്പോഴും അഹംകാരം ഉള്ളതു്. എന്റെ ഭർത്താവിന്റെ സ്വഭാവഗുണംതന്നെ എനിക്കിപരമാനന്ദം തരുന്നതു്."

രാജു:—"സംശയമുണ്ടോ? ദാരിദ്ര്യം സഹിക്കാം; മഹാ

രോഗം സാരമില്ല. ഒരു കഷ്ടതയും അത്രവലുതല്ല. ഭർത്താവു് സ്ത്രീലമ്പടൻ ആണെന്നുള്ള ബോധം മാത്രമാണു ഒരു സ്ത്രീയെ മഹാ ദുഃഖത്തിൽ പതിപ്പിക്കുന്നതു്. അങ്ങിനെയുള്ള ദുഃഖം ഒരു ഭാൎയ്യക്കുണ്ടാക്കുന്നവനാണു് ലോകത്തിലേക്കും വലിയ മഹാപാപി.”

കമലാക്ഷിഅമ്മ അവരുടെ ജോലിക്കുപോയി. രാജഗോപാലൻനായർ അദ്ദേഹത്തിന്റെ മുറിയിൽച്ചെന്നു് തല ചീകിവൃത്തിയാക്കി സായാഹ്നസവാരിക്കും ഇറങ്ങി.

## II

രാജഗോപാലൻനായർ നേരേ കടപ്പുറത്തുനിന്നു വരുന്ന വഴി, നേരം ഏകദേശം ഏഴുമണിയായപ്പോൾ, ഒരു പയ്യൻ അദ്ദേഹത്തിന്റെ മുമ്പിൽച്ചെന്നു. ആരെന്നുള്ള ചോദ്യത്തിനു ഉത്തരമായി ഒരു കത്തു് അദ്ദേഹത്തിന്റെകൈയിൽ കൊടുത്തിട്ടു അ ബാലൻ മറയുകയാണുണ്ടായതു്. നായർ ഉൽക്കണ്ഠയോടുകൂടി അടുത്തുള്ള ഷാപ്പിന്റെ മുൻവശത്തുചെന്നു അതു വായിച്ചു. അദ്ദേഹത്തിന്റെ ഹൃദയം ആനന്ദാമൃതത്തിൽ മുങ്ങിമുഴുകി. താൻ വളരെ നാളായി അനുഗ്രഹിച്ചുകൊണ്ടിരുന്ന ഒരുസംഗതിയാണിതു്. ഇങ്ങോട്ടു് സ്നേഹംതോന്നിയിട്ടുണ്ടെന്നു് ചിലപ്പോൾ താൻ സംശയിക്കാതിരുന്നില്ല. എന്നാൽ അതു വെറും മിഥ്യാവിഭ്രമം ആണെന്നായിരുന്നു പ്രമാദിച്ചുപോയതു്. ശരി! തന്റെ സൌന്ദൎയ്യം ഒരു നാരീഹൃദയത്തെക്കൂടി കീഴ്പെടുത്തിയിരിക്കുന്നു.

ആ കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം അടുത്ത ദിവസം ആ സമയംവരെ തള്ളിപ്പോക്കുന്നതിനു അദ്ദേഹത്തിനു നേരിട്ടതായ സങ്കടം ചില്ലറയല്ലായിരുന്നു. കത്തു കോട്ടിന്റെ അകത്തെപാക്കററിൽ ഭദ്രമായി നിക്ഷേപിച്ചിട്ടു് അദ്ദേഹം വീട്ടിൽ ചെന്നു. കമലാക്ഷിഅമ്മയ്ക്കു അന്നു ഒരു ചെറിയ പനി പിടിപെട്ടിരുന്നു. പ്രേമാതുരനായ ഭർത്താവു അവരെ വേണ്ടവിധത്തിൽ ശുശ്രൂഷിക്കുന്നതിൽ ബഹുശ്രദ്ധ

നായി രാത്രി കുറേ അധികം സമയം കഴിച്ചുകൂട്ടി. അതു കഴിഞ്ഞു തന്റെ മുറിയിൽപോയി അതിദീർഘവും സരസപദസമ്മിളിതവും ആയ ഒരു മറുപടി എഴുതി അതു രണ്ടുമൂന്നു തവണവായിച്ചു നോക്കിയിട്ടു കവറിലാക്കി തലയണയ്ക്കൂടിയിൽ വച്ചു. പിറേറദിവസം കടപ്പുറത്തെങ്ങും പോകാതെ അങ്ങിങ്ങു ചുററി നടന്നു് ആ മണിക്കൂർ തെററാതെ ആ പയ്യന്റെ കൈയിൽ മറുകത്തു കൊടുക്കുകയും ചെയ്തു.

ഈ പ്രണയലേഖനക്കാരി നായരുടെ പരിചയക്കാരനായ ഒരു പഴയ സഹപാഠിയുടെ ഭാര്യ ആയിരുന്നു. ആ വിദ്വാന്റെ പേർ കരുണാകരപ്പണിക്കർ എന്നാണു്. ഇതിനുശേഷം ദിനംപ്രതി എന്നപോലെ നായർ പണിക്കരുടെ വീട്ടിൽ പോയിരുന്നു. പണിക്കരെ തന്റെ ഭവനത്തിൽ ക്ഷണിച്ചു മിക്കപ്പോഴും അതികേമമായ വിരുന്നുകൾ നൽകിത്തുടങ്ങി. ഇതു ആവശ്യമില്ലെന്നു കമലാക്ഷിഅമ്മ തടുത്തു. സ്നേഹിതന്മാരെ സല്ക്കരിക്കേണ്ടവിധം തനിക്കേ അറിയാവൂ എന്നും അതിൽ സ്ത്രീകൾക്കു പ്രവേശിക്കേണ്ടതായ ആവശ്യം ഇല്ലെന്നും നായർ കോപിച്ചു. പണമില്ലായ്മയെപ്പററി രണ്ടു കൂട്ടരും നോക്കണ്ടേ എന്നു ചോദിച്ചപ്പോൾ, എത്ര കടംവാങ്ങിയാലും സല്ക്കാരപ്രിയത്വം കൈവിടുവാൻ മനസ്സില്ലെന്നു നായർ തീർത്തുതന്നെ മറുപടി പറഞ്ഞു.

ഇതിനിടയിൽക്കിട്ടിയ കത്തെഴുത്തിൽ ഒരു ചെറിയ സമ്മാനം കൂടി ചോദിച്ചിരുന്നു. അതായതു കുറെ രൂപാ തന്നെ. ആ പ്രണയവല്ലിയുടെ സാധുക്കളായ മാതാപിതാക്കന്മാൎക്കു് അത്യാവശ്യമായിരുന്നുപോൽ. രാജഗോപാലൻ നായർ കുഴങ്ങി. എങ്ങും കടംകിട്ടിയില്ല. നായർ മ്ലാനവദനനായി ഭാര്യയുടെ അടുത്തെത്തി. തന്റെ ഒരു പഴയ കടക്കാരൻ കേസുകൊടുത്തു ഡിക്രിയാക്കി വാറണ്ടിൽ പിടിക്കുവാൻ നിശ്ചയിച്ചിരിക്കുന്നെന്നും, തല്ക്കാലം പണത്തിനു നിവൃത്തിയില്ലാത്തതുകൊണ്ടു കമലാക്ഷിഅമ്മയുടെ കണ്ഠാഭരണം

പത്തുദിവസത്തേക്കു പണയം വയ്ക്കുവാൻ വേണമെന്നും പറഞ്ഞു. മരിച്ചുപോയ അമ്മ ചരമശയ്യയിൽവച്ചു തനിക്കു നൽകിയ ആ ആഭരണം കൈമാററുന്നതിൽ തനിക്കു ഏററവും വ്യസനം ഉണ്ടെന്നും എന്നാൽ ഭർത്താവിൻെറ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് ഒരു ഭാര്യ എത്രമേൽ കടപ്പെട്ടവളാണെന്നു തനിക്ക് അറിയാമെന്നും കമലാക്ഷി അമ്മ മറുപടി പറഞ്ഞു.

രാജ:—"അതേ കമലം, ഇങ്ങോട്ടു നോക്കു. എന്നെപ്പോലെയുള്ള ഒരു ഭർത്താവിനെ അന്യസ്ത്രീയുടെ മുഖത്തു് നോക്കിയിട്ടില്ലാത്ത ഒരു ഭർത്താവിനെ—"

കമ:—"അതല്ലേ ഞാൻ പറഞ്ഞതു്. അങ്ങിനെയുള്ള ഒരു ഭർത്താവായതുകൊണ്ടാണ് ഞാൻ ഈ ആഭരണം പണയം വയ്ക്കുന്നതിനു തരുന്നതു്. ആകട്ടെ, അങ്ങു പൊയ്ക്കൊള്ളണം. ഞാൻ പണയം വച്ചു രൂപാ വാങ്ങിത്തരാം."

അതുപോലെതന്നെ നായർ പണവും വാങ്ങി ആ പത്രൻ മുഖാന്തിരം എഴുത്തുകാരിക്കു കൊടുത്തു. കരുണാകരപ്പണിക്കർ ഒരു ദിവസം നായരുടെ വീട്ടിൽ നിന്നു വലിയ വിരുന്നും കഴിഞ്ഞു് ഇറങ്ങിയപ്പോൾ കമലാക്ഷി അമ്മ ഭർത്താവിനോടി പ്രകാരം പറഞ്ഞു:—

"ഞാൻ പറയുന്നതിൽ മറിച്ചു ശങ്കിക്കരുതു്. ഈ പണിക്കരുടെ ഭാര്യയെപ്പററി ചില അപവാദങ്ങൾ ഞാൻ കേട്ടു. അതുകൊണ്ടു അയാളുടെ കൂട്ടുകെട്ടും അവിടുന്ന് ആ വീട്ടിൽ പോകുന്നതും ഒന്നു കുറച്ചുവയ്ക്കുകയല്ലേ നന്ന്?"

രാജഗോപാലൻനായക്ക് വലുതായ കോപം ഉണ്ടായി. അയാൾ പറഞ്ഞു:—"ശരി. ഇതാണ് സ്ത്രീകളുടെ നന്ദി. എന്നെപ്പററി അപവാദം പറയുവാൻ ആക്കും ധൈര്യമുണ്ടാവില്ല. ഇതു് കമലാക്ഷിയുടെ വെറും കള്ളത്തരമാണ്. ഈ സ്നേഹിതൻ വല്ലപ്പോഴും വരുമ്പോൾ ഊണിനു ക്ഷണിക്കുന്നതു

കൊണ്ടു് അതിനിമേൽ അരുതെന്നു കരുതി നീ എടുക്കുന്ന വിദ്യയാണിതു്. കഷ്ടം! ഞാൻ കൊലപാതകം ചെയ്യുന്നോ മോഷ്ടിച്ചെന്നോ അപവാദം ഉണ്ടായെന്നു പറഞ്ഞാൽ എനിക്കു മനസ്താപമില്ല. ലോകത്തിലെ ഏററവും വലിയ മഹാപാതകം ഞാൻ ചെയ്യുന്നോ കമലം കേട്ട കേൾവി! അതേ, അതേ, മററുള്ള വങ്കന്മാരെപ്പോലെ ഞാൻ അങ്ങിനെ വല്ലതും വല്ലപ്പോഴും പ്രവർത്തിക്കേണ്ടതായിരുന്നു. കഷ്ടം! ഇതു തീരെ നന്നല്ല."

കമലം:—"അയ്യോ, അങ്ങിനെ കോപിക്കരുതേ. അവിടുത്തെപ്പററി ആ വിധം ശങ്കകൾ എനിക്കുണ്ടാകുമോ? പരസ്ത്രീകളെ പാപികൾ പോലെ എണ്ണുന്ന ഒരാളേ ഇന്നു ഭൂമിയിൽ ഉള്ളുവെന്നും അതു അവിടുന്നാണെന്നും അറിയാത്ത രാക്ഷസിയോ ഞാൻ? ക്ഷമിക്കണേ. പ്രാണനാഥാ മാപ്പു തരണേ."

നായർ:—(കോപം വിടാതെ) "ആകട്ടെ, ഇപ്പോൾ ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനിമേൽ ഇങ്ങനെ പാപം പറയരുതു്."

എഴുത്തുകാരിക്കു് വീണ്ടും പണത്തിന്റെ ആവശ്യം ഉണ്ടായി. നായർ അവളെ മിക്കപ്പോഴും ഒക്കെ കാണുകയും അപ്പോഴൊക്കെ അവളുടെ മനോഹരസ്മിതത്താൽ അയാൾ സൽകൃതനാവുകയും ചെയ്തിട്ടുണ്ടു്. കമലാക്ഷിയുടെ സകല ആഭരണങ്ങളും അവൾ പണയം വച്ചു പണംകൊടുത്തു. ഒരു ദിവസം നായർക്കു ഒരു കത്തുകിട്ടി. അന്നുരാത്രി പണിക്കർ വീട്ടിൽ ഇല്ലാത്തതുകൊണ്ടു് എഴുത്തുകാരി നായരുടെ വീട്ടിനടുത്തുള്ള ഒരു ക്ഷേത്രത്തിൽ പോകുന്നതാണെന്നും അവിടെ നിന്നു മടങ്ങുന്ന വഴിയിൽ ഒരു സങ്കേതസ്ഥലത്തുവെച്ചു് തമ്മിൽ കാണണമെന്നും ആയിരുന്നു കത്തു്. അന്നുച്ചയ്ക്കു തന്നെ കമലാക്ഷിക്കു് ഒരു തലവേദന തുടങ്ങി. അതു അഞ്ചു മണിയായപ്പോൾ വളരെ വർദ്ധിച്ചു. അവൾ ഭർത്താവിനെ

വിളിച്ച് ഇപ്രകാരംപറഞ്ഞു:—"പ്രാണനാഥാ! ഈ രാത്രി മുഴുവൻ കഴിയുമെന്നു തോന്നുന്നില്ല. എൻെറ പ്രാണൻ പറിയുന്നു. അത്ര വലിയ സുഖക്കേടാണ്. അവിടുന്നു ഇന്നു കടപ്പുറത്തു പോകരുതേ. അയ്യോ!"

ആ സ്ത്രീ വേദന സഹിക്കവഹിയാതെ നിലവിളിച്ചു. ഭാര്യയെ പ്രാണനിവിശേഷം സ്നേഹിക്കുന്ന നായർ പറഞ്ഞു:—"കമലം! ഭയപ്പെടേണ്ടാ. ഞാൻ നമ്മുടെ ഡാക്ടരെ വിളിച്ചുകൊണ്ടുവരാം."

കമലം:—"വേണ്ടാ, അതിനു ഒരു കത്തെഴുതി അയക്കണം. അങ്ങ് എൻെറ അടുത്തുനിന്നൊഴുന്നേല്ക്കരുത്. അങ്ങേക്കണ്ടുകൊണ്ടുവേണം എനിക്കു—അയ്യോ, ഓയ്യോ!"

നായർ കുഴങ്ങി. സങ്കേതസ്ഥാനത്തു എത്തിയില്ലെങ്കിൽ വളരെനാളം കൊണ്ടു അഗ്രഹിച്ചിരുന്ന ആ സന്ദർശനാനന്ദം നഷ്ടമാകും. അദ്ദേഹം പറഞ്ഞു:—

"കമലം, ഇതു അത്ര വലിയ സുഖക്കേടല്ല. ഞാൻ ഡാക്ടരെ വിളിച്ചുകൊണ്ടു വരാം. എഴുതയച്ചാൽ അദ്ദേഹം വരില്ല."

കമല:—"എന്നാൽ വേഗം വരുമോ?"

നായർ:—"ഇതാ പത്തുമിന്നിട്ടിനകം"

നായർ മുറിയിൽക്കയറി സുഗന്ധതൈലങ്ങൾ ലേപനം ചെയ്തു സർവ്വാംഗം അതകഷ്ടദർശനീയമാക്കി വെളിയിൽ കടന്നു. ഇരുട്ടാകുന്നതുവരെ അദ്ദേഹം അങ്ങിങ്ങു ചുററി നടന്നു. രാത്രി ഏഴരമണിക്കു അരം ഒഴിഞ്ഞതും ഇരുട്ടു അടഞ്ഞതുമായ സംകേതസ്ഥലത്തെത്തി. ഒന്നോ രണ്ടോ പേർ ആ വഴി കടന്നുപോയി. നായർ അക്ഷമനായി നിന്നു. ആരോ ഒരാളും ഒരു ചെറിയ സത്വവുമായി മന്ദമന്ദം വരുന്ന ഊഹംതോന്നി. ഒരു സ്ത്രീയും ഒരു പയ്യനുമാണെന്നു കണ്ടു. നായരുടെ പ്രേമാഗ്നി ജ്വലിച്ചു. വന്നയാൾ അവിടെ നിന്നു. നായർ

"പ്രിയെ! ആരു നീ തന്നെയോ?" എന്നു ചോദിച്ചു. വന്നയാൾ മുമ്പോട്ടു കടന്നു ആ യുവാവിനെ ആലിംഗനംചെയ്തു. ഇരുവരുംകൂടി നടന്നു മുൻനിശ്ചയംപോലെ നായർ തയ്യാറാക്കി നിറുത്തിയിരുന്ന ജഡ്കായിൽ കയറി കടപ്പുറത്തേക്കു പോയി.

ഒരു മൈൽ ദൂരം വണ്ടി ഓടി. ആരോ ഒരാൾ വണ്ടി നിറുത്തട്ടെ എന്നുച്ചത്തിൽ വിളിച്ചു പറഞ്ഞു. വണ്ടിക്കാരൻ വണ്ടി നിറുത്തി. "ആരതു വണ്ടിയിൽ?" എന്നു ആ അന്യൻ ചോദിച്ചു. നായക്കു വണ്ടിയുടെ വെളിച്ചത്തിൽ ആൾ കാണാമായിരുന്നു. അതു പണിക്കരെല്ലാതെ വേറെ ആരും ആയിരുന്നില്ല. നായർ പുലിയെപ്പോലെ വിറച്ചു തുടങ്ങി. "ആരതു്?" എന്നുള്ള ചോദ്യം ആവർത്തിച്ചു.

"ഞാൻ തന്നെ മിസ്റ്റർ പണിക്കർ"

"ഓഹോ! മിസ്റ്റർ നായരോ? എവിടേക്കു? കടപ്പുറത്തേക്കൊ? കൊള്ളാം. വണ്ടിയിൽ വേറെ ആരും ഇല്ലല്ലൊ?"

"ഉണ്ടു്; എന്റെ ഭാര്യ."

"ഏയ്, അതു കള്ളം. എന്നെക്കൂടെ ആ വണ്ടിയിൽ കൊണ്ടുപോകാതിരിക്കുവാനുള്ള വിദ്യയാണതു്. കമലാക്ഷി അമ്മയെ ഞാൻ ഇപ്പോൾ കണ്ടിട്ടു വരികയല്ലേ. തലവേദനയായി കിടന്നു മറിയുന്നു. അപ്പഴാണ് ഭർത്താവു കടപ്പുറം സവാരി. എടേ വണ്ടിക്കാരാ! നേരേ അദ്ദേഹത്തിന്റെ വീട്ടിലേക്കു തിരിച്ചുവിടുക്. ഭാര്യ മരിക്കുവാൻ കിടക്കുന്നു, ഭർത്താവു സായാഹ്നസവാരിയും"

അടുത്തു നിന്ന ഒരു ജഡ്ക്കായിൽ പണിക്കരും കയറി. പണിക്കരുടെ നിർബന്ധം കൊണ്ടും നായക്കു നാക്കു പൊങ്ങാത്തതിനാലും രണ്ടു വണ്ടികളും നായരുടെ വീട്ടിലേക്കു തന്നെ തിരിച്ചു. നായരുടെ മനസ്സ് തീക്കുഴിയായി. അദ്ദേഹത്തിന്റെ സഖി കാമുകന്റെ കൈകൾ പിടിച്ചു ഞെരിച്ചു.

വണ്ടികൾ നായരുടെ പടിക്കൽനിന്നു. നായർ വണ്ടിയിൽ നിന്നിറങ്ങുന്നില്ല. പണിക്കർ ആ വണ്ടിയുടെ കതകു തുറന്നു നായരെ പിടിച്ചിറക്കി. അകത്തേക്കു നോക്കിയിട്ടു, "വേറെ ആരോ ഇരിക്കുന്നല്ലോ" എന്നു പണിക്കർ തന്നത്താൻ പറഞ്ഞു വണ്ടിയുടെ വിളക്കെടുത്തു നോക്കി. നായൎക്കു ബോധമേ ഇല്ലാതായി. ഉടനെ പണിക്കർ:—

"അല്ലാ, മിസ്റ്റർ നായർ! രണ്ടുപേരും കൂടി ഒരു ശൃംഗാര യാത്ര ആയിരുന്നു അല്ലേ? ആകട്ടെ ഞാനും തനിച്ചല്ല."

നായരുടെ വണ്ടിയിൽ നിന്നു കമലാക്ഷിഅമ്മയും പണിക്കരുടെ വണ്ടിയിൽ നിന്നു അദ്ദേഹത്തിന്റെ ഭാൎയ്യയും ഇറങ്ങി. നായർ ഇതെന്തെന്നറിയാതെ അവിടെ നിന്നു. പണിക്കർ സ്നേഹിതനേയും വിളിച്ചു കൊണ്ടു വീട്ടിനകത്തേക്കു കടന്നു. സ്ത്രീകൾ രണ്ടുപേരും പുറകെ തിരിച്ചു.

അല്പം കഴിഞ്ഞു കമലാക്ഷിഅമ്മ നായരുടെ മുറിയിൽ ച്ചെന്നു. അദ്ദേഹം മുഖം പൊത്തി ഇരിക്കുന്നതു കണ്ടു. "ഡാക്ടർ എവിടെ" എന്നു ആ സ്ത്രീ ചോദിച്ചു. മറുപടി യില്ല. "വണ്ടിയിൽ കൂടെ വന്ന ആൾ എവിടെ" എന്നു വേറൊരു ചോദ്യമുണ്ടായി. മറുപടിയില്ല. "ഇതേ, എന്റെ വിരലുകൾ ഒന്നു നേരെയാക്കണം. പണിക്കരെ വഴിയിൽ കണ്ടപ്പോൾ വണ്ടിയിൽ വച്ചു എന്റെ വിരലുകൾ അമത്തി ത്തിരിച്ചതിന്റെ നൊമ്പലം ഇതുവരെ വിട്ടു പോയിട്ടില്ല. ഹാ! എന്തു പ്രണയമായിരുന്നു. വാസ്തവത്തിൽ ഇത്ര പ്രണയാകുലമായ ഒരു ഭാവം എന്റെ ഭൎത്താവിൽ നിന്നു അസ്വാദിച്ചനുഭവിക്കുവാൻ എനിക്കിടയായതു് ഇന്നു് ആ സങ്കേതസ്ഥലത്തു വച്ചു നാം തമ്മിൽ കണ്ടപ്പോൾ ആണു്. എന്തു സുഗന്ധം. എന്തു ഭ്രാന്തു്! എന്തു രസികത്വം!!"

നായരുടെ ലജ്ജാപാരവശ്യം മൂൎദ്ധന്യത്തിലായതു് പണിക്കർ അദ്ദേഹത്തെ ഉണ്ണുന്നതിനു വിളിച്ചപ്പോഴാണു്.

“വരണം സ്നേഹിതാ! നിങ്ങളുടെ വീട്ടിൽ ഞാൻ തന്നെ അകാം ക്ഷണിക്കുന്നതാണ്.”

അവർ രണ്ടുപേരും ഉണ്ണുവാൻ ഇരുന്നു. രണ്ടു സ്ത്രീകളും കൂടെ വിളമ്പുവാൻ തുടങ്ങി. പണിക്കരും കമലാക്ഷിയും സുഗന്ധ പൂരത്തെപ്പററി വിമർശനം ആരംഭിച്ചു. പണിക്കരുടെ ഭാര്യ പ്രേമലേഖനങ്ങളുടെ സ്വാരസ്യത്തെപ്പററി വർണ്ണിച്ചു. കമലാക്ഷി പറഞ്ഞു:—

“എനിക്കുള്ള പരമാനന്ദം എന്റെ ഭർത്താവു പരസ്ത്രീകളുടെ മുഖത്തു നോക്കിയിട്ടില്ലെന്നുള്ളതാണ്.”

നായരുടെ മുഖം ഇതുവരെ നിവന്നില്ല.

പണി:—“എനിക്കുള്ള പരമാനന്ദം എന്നും പൊടിപൊടിച്ച വിരുന്നു കിട്ടുമെന്നുള്ളതാണ്.”

പരസ്ത്രീവിമുഖനായ ഭർത്താവിനെ ഒന്നു പരീക്ഷിക്കുന്നതിനു കമലാക്ഷിയും അവളുടെ അബാല്യമിത്രമായ മിസ്സിസ് പണിക്കരും കൂടിച്ചേർന്നു നടത്തിയ സൂത്രങ്ങളായിരുന്നു ഇതു മുഴുവനും. പണിക്കരും ഭാര്യയുടെ നിർബന്ധംമൂലം ഇതിൽ ഭാഗഭാക്കായിത്തീർന്നു. പണവും വച്ച അഭരണമെല്ലാം കമലാക്ഷിയുടെ കൈയിൽത്തന്നെ ശേഷിച്ചിരുന്നു. നായർ പിന്നെ വളരെക്കാലത്തേക്കു വീട്ടു വിട്ടു പുറത്തിറങ്ങിയില്ല.

# പഴയബന്ധം.

---

ന്യായാധിപമണ്ഡലത്തിൽ നിഷ്പക്ഷപാതി എന്നുള്ള പദത്തിന് ഗോവിന്ദമാരാർ എന്ന ഒരു പര്യായശബ്ദം കൂടി ചേക്കുന്നതിനുമുമ്പ് ആ അമരസിംഹൻ പരമം അടഞ്ഞുപോയതു കഷ്ടം തന്നെ. ഇത്ര കണിശം ഉള്ളവനായി ആ പ്രായത്തിൽ യാതൊരു ഉദ്യോഗസ്ഥനും ഗോകർണ്ണത്തിനു തെക്കും കുമാരിക്കു വടക്കും ഉണ്ടായിരുന്നില്ല. ബീ. എൽ. പരീക്ഷയിൽ ജയിച്ചതിന്റെശേഷം കുറേക്കാലം ഒരു ബോർഡുംതാനുമായി മെയിൻറോഡിനോട്ടു മൌനസംഭാഷണം നടത്തിയിട്ടും നിത്യച്ചെലവിനുള്ള വക ഭാര്യക്കു അച്ഛൻ കൊടുത്തിട്ടുള്ളതായ ചില പണ്ടങ്ങൾതന്നെ സഹിക്കേണ്ടിവന്നിരുന്നു. അങ്ങിനെ, പന്തടിക്ലബ്ബിലെ ഒരു മെമ്പറായിമാത്രം ശേഷിച്ച മാരാരുടെ ജാതകത്തിലെ നല്ല കാല ചെങ്കോട്ട കടക്കുന്ന ഒരു രണ്ടായിരത്തെത്തൂറുകാരന്റെ കീശയിൽ അകപ്പെട്ടു തിളങ്ങുമെന്നു അന്ന് ആരും സ്വപ്നത്തിലും കണ്ടിരുന്നില്ല. ഈ ചുമ്മാവക്കീലിനു പ്രായം അധികം ചെല്ലുന്നതിനുമുമ്പെ വിദ്വാൻ വടക്കുള്ള ഒരു ജില്ലാക്കോർട്ടിലെ ഒന്നാം കസേരയിൽ ആരോഹിതനായി. മാരാരുടെ പക്ഷപാതരാഹിത്യത്തിന്റെ കൂടുതൽകൊണ്ട് കോടതിയിലെ നായകന്മാരായ വക്കീലന്മാർ നാലുകയ്യുട്ടപ്പും ലാറിപ്പോട്ടും ഞെരിക്കച്ചവടക്കാരെ പണയും ഏൾപ്പിച്ചിട്ട് പീരുമേട്ടും ദേവികുളവും തേട്ടമെന്നുള്ള നിലയിലായി. നാലുകാശിനു ഇംഗ്ലീഷും, അതിൽ പകുതിക്കു കടലാസും, ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിനു ആവശ്യമുള്ള മണ്ണു "സപ്ലൈ" ചെയ്യുവാൻ പെരുമയുള്ള തലയും കൂടിച്ചേരുന്ന ഇംഗ്ലീഷുപത്രാധിപലോകം മാരാരെ ബക്കിനോടും, ഗ്ലാഡ്സ്റ്റനോടും ഉപമിച്ചു. നാട്ടു മുഴുവനും മുടിയുന്നതിൽ രാപ്പകൽ ഖേദിച്ചു പട്ടിണികിടക്കുന്ന മണ്ടാഗ്രേസരപ്പത്രക്കാർ അയാൾ എന്തിനെയും പോകട്ടേ എന്നു

അടങ്ങുകയും ചെയ്തു. ഈ വിധത്തിൽ ഗോവിന്ദമാരാർ അത്ഭുതമാനായി ശോഭിച്ചുതുടങ്ങി.

ഒരു ദിവസം മാരാർ കോടതിയിലെ പ്രധാന വക്കീലന്മാർക്ക് ഒരു വിരുന്നുകൊടുത്തു. അബദ്ധത്തിൽ ആ കൂട്ടത്തിൽ ഒരു ഗോപാലൻനായരും ഉൾപ്പെട്ടിരുന്നു. ജസ്റ്റിസേവ എന്ന ഹവിസ്സിനെ അപഹരിക്കുവാൻ എത്തിയ അഭിഭാഷകകേസരികളുടെ കാപ്പികുടി കഴിഞ്ഞതിനുശേഷം അവിടെ ഒരു ചെറിയ സംഭാഷണം ആരംഭിച്ചു. പതിവുപോലെ ജഡ്ജി അന്തമപ്രശംസ തുടങ്ങി. അദ്ദേഹത്തിൻെറ വാക്കുകൾ, സദസ്യർക്ക് വേദസൂക്തികൾ ആയിരുന്നു. എങ്കിലും തിരുമണ്ടൻ വക്കീൽ ഗോപാലൻനായർ അനുചടം അദ്ദേഹത്തെ എതിർത്തു. ഒടുവിൽ മാരാർ കുഴങ്ങി. അധികം ഭിന്നാഭിപ്രായങ്ങൾക്കു ഇടവരാത്ത ഒരു വിഷയം തേടി.

മാരാർ:—നിങ്ങൾക്കാർക്കും പന്തുകളി വശമില്ലേന്നുണ്ടോ. എൻെറ ചെറുപ്പത്തിൽ ഞാൻ അതിൽ ഒന്നാമനായിരുന്നു. അന്നൊക്കെ എന്തുത്സാഹം എന്നോ. ഡംഭു പറയുക അല്ലാ. അന്നു എന്നെ ജയിക്കുവാൻ മദ്രാസ്സംസ്ഥാനത്തിൽ ആരും ഉണ്ടായിരുന്നില്ലാ.

ഗോപാ:—അങ്ങിനെയല്ലല്ലോ എൻെറ അറിവ്. നിങ്ങൾ ചിലപ്പോഴൊക്കെ കളിക്കാറുണ്ടായിരുന്നു എന്നല്ലാതെ വലിയ കൂട്ടത്തിലൊന്നും ആരും നിങ്ങളെ ചേർത്തിരുന്നില്ലെന്നാണ് എൻെറ ജ്യേഷ്ഠൻ എന്നോടു പറഞ്ഞിട്ടുള്ളത്. അദ്ദേഹം അന്നു ഒരു വിദ്യാർത്ഥി ആയിരുന്നു.

മാരാർ ഇതു കേട്ടതായി വകവച്ചില്ല. മററുള്ളവരുടെ മുഖത്തു നോക്കി തുടന്നു:—"അന്നു എൻെറ ദേഹം എങ്ങിനെ ഇരുന്നു എന്നോ! ആരുകണ്ടാലും കൊതിക്കും. കൊഴുത്തുരുണ്ടു ഒരു കുട്ടിഭീമനായിരുന്നു. ഇവിടെ എവിടയൊ അന്നത്തെ ഒരു പടം കാണും. (ഉറക്കെ) ആരെടോ അവിടെ നില്ക്കുന്നതു"?"

യജമാനനു് ഏതോ ആവശ്യം ഉണ്ടെന്നുകണ്ടു് രണ്ടു മൂന്നു വക്കീലന്മാർ എഴുന്നേററു. ചുവന്ന ചട്ടക്കൂട്ടിൽ ഇരിക്കുന്ന തന്റെ പടം കൊണ്ടുവരുവാൻ ജഡ്ജി ശിപായിയോടു ഉച്ചത്തിൽ ആജ്ഞാപിച്ചു. മുഴുവനും കേൾക്കുന്നതിനു മുമ്പു തന്നെ അവിടെനിന്നു ശിപായിയെ മുന്നിട്ടു പലരും ഓടി. ശിപായി പടം കൊണ്ടുവന്നു. ജഡ്ജി പടത്തെ സദസ്സിലേക്കു കൊടുത്തു. വളരെക്കഴിഞ്ഞു് ആരോ ഒരാൾ ഗോപാലൻ നായരുടെ കൈയിലും കൊടുത്തിട്ടു് അതിന്റെ മെച്ചത്തെ കീർത്തിച്ചുകൊണ്ടു് ആ വക്കീലിനോടു് അടുത്തുനിന്നു.

ഗോപാ:—ഇതു്, ഇദ്ദേഹത്തിന്റെ പടമല്ലേ? പിന്നെ നിങ്ങൾ അതുവളരെ വ്യാഖ്യാനിച്ചു് പറഞ്ഞുതരേണ്ട ആവശ്യം ഇല്ല. (നല്ലതുപോലെ നോക്കി പടം തിരിച്ചുകൊടുത്തിട്ടു്) അന്നു നിങ്ങളുടെ ദേഹം വളരെ നന്നായിരുന്നു.

ഗോപാലൻനായരുടെ മനസ്സിൽ ആ ഛായാപടം ചില ചിന്തകളെ ഉദിപ്പിച്ചു. പുഞ്ചിരിതൂകി കഴുത്തറുക്കുന്ന ഒരു യുവഘാതകന്റെ മുഖമാണു നായർ അതിൽ കണ്ടതു്. സേവയിലും പ്രശംസയിലും ഇളകിപ്പോകുന്ന ഒരു വിഡ്ഢി മാത്രമാണു മാരാരെന്നു താൻ അതുവരെ വിചാരിച്ചിരുന്നതു അത്ര ശരിയല്ലെന്നും നായർക്കു മനസ്സിലായി. തന്റെ ഒട്ടുനാളത്തെ ലോകപരിചയത്തിനിടയിൽ ഇത്ര ക്രൂരവും ദുഷ്ടവും ആയ ഒരു മുഖം താൻ കണ്ടിട്ടില്ലെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. അന്നത്തെ സദസ്സു പിരിഞ്ഞു, സ്വഭവനത്തിലേക്കു പോയപ്പോഴും നായരുടെ മനസ്സിൽ ആ മുഖം സുദൃഢം തെളിഞ്ഞു പ്രകാശിച്ചിരുന്നു.

## II

പിറേറദിവസം ഒരു വലുതായ കേസ്സു വിചാരണയ്ക്കു വച്ചിരുന്നു. അക്കേസിലെ പ്രതി ഒരു നായർയുവതി ആയിരുന്നു. പാലക്കാട്ടുകാരനായ ഒരു ബ്രാഹ്മണനെ വെടിവച്ചു

കൊന്നു എന്നാണു് കുററം. സർക്കാർവക്കീൽ ശൂപ്പുകുട്ടിഅയ്യരും പ്രതിഭാഗം വക്കീൽ ഗോപാലൻനായരും പ്രതിയും മരിച്ചആളിന്റെ ബന്ധുക്കളും മററു വക്കീലന്മാരും കാഴ്ചക്കാരായ പലരും ഇങ്ങിനെ ഒട്ടധികംപേർ കോടതിമുറിയിലും വരാന്തയിലുമായിക്കൂടി. പ്രതിയുടെ മുഖം ആൎക്കും അലിവു തോന്നത്തക്കവിധത്തിൽ അത്ര ദയനീയമായിരുന്നു. ആ ലോലഗാത്രി നിരപരാധിത്വത്തിന്റെ മൂൎത്തിയായി, എന്നാൽ യാതൊരു പരിഭ്രമവും കൂടാതെ, ജഡ്ജിയെനോക്കി ഇപ്രകാരം പറഞ്ഞു.

"അവിടുന്നു നീതിന്യായം നടത്തേണ്ട ആളാണു്. കീഴ്ക്കോടതിയിലും, പോലീസുകാരുടെ അടുത്തും കേട്ടിട്ടുള്ള മൊഴികളിൽ കൂടുതലായി ഒന്നും എനിക്കു പറയുവാൻ ഇല്ല. രണ്ടു ഭാഗത്തേയും വിസ്താരങ്ങൾ കഴിഞ്ഞിരിക്കുന്നസ്ഥിതിക്കു ഇപ്പോൾ അവിടുന്നു വിധിപറയുവാൻ ആലോചിക്കയായിരിക്കുമല്ലോ. അതുകൊണ്ടു ഞാൻ എന്റെ കാൎയ്യം ഒരിക്കൽകൂടി പറയാം. എന്റെ അച്ഛനമ്മമാരെ എനിക്കു ഓൎമ്മയില്ല. എന്നെ പ്രസവിക്കുന്നതിനു മുമ്പുതന്നെ അച്ഛൻ അമ്മയെ ഉപേക്ഷിച്ചിട്ടു എവിടെയോ പൊയ്ക്കളഞ്ഞു. അന്നു അമ്മ അവരുടെ അച്ഛന്റെ കൂടെയായിരുന്നു താമസം. ഭൎത്താവിന്റെ പെട്ടെന്നുള്ള വേർപാടിൽ പിന്നീടു തിരിച്ചു വരാതിരുന്നതിലുള്ള വല്ലായ്മകൊണ്ടു അമ്മ രോഗിണിയായിത്തീൎന്നു. ഇങ്ങിനെ ഇരിക്കെ ഒരു ദിവസം അപ്പൂപ്പൻ ഒരു അത്യാവശ്യകാൎയ്യത്തിനായി മധുരയിലേക്കു പോയി. അതിനിടയിൽ അമ്മയുടെ പ്രസവവും മരണവും കഴിഞ്ഞു. വിവരമറിഞ്ഞു വന്നെത്തിയ വല്യമ്മ എന്നെ ശുശ്രൂഷിച്ചു. കമ്പിമൂലം കാൎയ്യം എല്ലാം ധരിച്ചു അപ്പൂപ്പൻ വീട്ടിലേക്കു തിരിച്ചു വരുന്നതിനു പോലും ശക്തനല്ലാതെ എവിടെയോ പോയി എന്റെ പതിനാലാം വയസ്സുവരെ ഞാൻ വലിയമ്മയുടെ കൂടെ വളൎന്നു. അവരുടെ മരണശേഷം ഒരു ദുഷ്ടയായ അമ്മാവിയുടെ ഉപദ്രവം സഹിക്കവയ്യാതെ ഞാൻ വാല്യക്കാരന്റെ

സഹായത്തോടുകൂടി അപ്പൂപ്പനെഅന്വേഷിച്ചും, അച്ഛനെ കാണ്മാനാശിച്ചും ഇറങ്ങി. അങ്ങിനെ നടക്കുമ്പോൾ ഒരു ദിവസം കേസ്സിൽ പറഞ്ഞിട്ടുള്ള മഠത്തിൽ ചെന്നു. മരിച്ചുപോയ ബ്രാഹ്മണൻ ഞങ്ങളെ സല്ക്കരിച്ചു. തന്റെ വീടു പാലക്കാട്ടാണെന്നും താൻ കുറെ കടം പിരിക്കുവാനായി ആ ദേശത്തു വന്നിട്ടുള്ളതാണെന്നും തനിക്കു വല്ലപ്പോഴും, തന്റെ കാര്യസ്ഥനു എപ്പോഴും, താമസിക്കുവാനായി ആ കെട്ടിടം ഉണ്ടാക്കീട്ടുള്ളതാണെന്നും അവിടെ ഊണുകഴിച്ചു കിടന്നുറങ്ങുന്നതിനു വിസമ്മതം ഇല്ലെന്നും അയ്യാൾ ഞങ്ങളോടു പറഞ്ഞു. ആ മനുഷ്യനിൽ നന്ദിയോടുകൂടി ഞങ്ങൾ ആ സല്ക്കാരം സ്വീകരിച്ചു. രാത്രിയായപ്പോൾ ആരോ ഒരാൾ കതകിനു തട്ടി "സ്വാമി സ്വാമി" എന്നു വിളിച്ചു. വീട്ടുടമസ്ഥൻ വരാന്തയിലും, ഞാൻ അകത്തൊരു മുറിയിലും, എന്റെ വാല്യക്കാരൻ അതിനടുത്ത ഒരു മുറിയിലും ഇങ്ങിനെയായിരുന്നു ഉറങ്ങുവാൻ കിടന്നിരുന്നതു്. വാല്യക്കാരന്റെ വാതലിലാണു മുട്ടിയതു്. ആ മുറി കടന്നിട്ടേ എന്റെ മുറിയിലേക്കു കയറുവാൻ മാർഗ്ഗം ഉണ്ടായിരുന്നുള്ളൂ. വീട്ടുടമസ്ഥൻ അകത്തു കിടക്കുകയാണെന്നു വിചാരിച്ചു ആരോ ഏതോ കാര്യത്തിനായി വിളിക്കുന്നു എന്നു നിശ്ചയിച്ചിട്ടു വാല്യക്കാരൻ കതകു തുറന്നു. ഉടനെ ഒരു സത്വം അവന്റെ കൈക്കു പിടിച്ചിട്ടു "നിനക്കു എന്തുവേണമെങ്കിലും തരാം. കുട്ടി കിടക്കുന്ന മുറിയുടെ വാതൽ ഒന്നു തുറപ്പിച്ചു തരണം" എന്നു പറഞ്ഞു. അവൻ കൈവിടുവിച്ചു വിളക്കു കത്തിച്ചു. അപ്പോൾ കണ്ടതു് വീട്ടുടമസ്ഥനെത്തന്നെയായിരുന്നു. അവൻ എതിർത്തു. തമ്മിൽ പിടിയുമുണ്ടായി. നിരപ്പലകയിന്മേൽ ഊക്കോടെ എന്തോ തട്ടുന്ന ശബ്ദംകേട്ടു. ഞാൻ കുറേനേരം വെറുതെ കിടന്നു. എന്നാൽ ചില കരച്ചിലുകളും മറ്റും പിന്നീടും കേട്ടുകൊണ്ടിരുന്നു. ഞാൻ കതകു തുറന്നു. അപ്പോൾ ബ്രാഹ്മണൻ എന്റെ വാല്യക്കാരനെ തള്ളി നിലത്തിട്ടു കഴുത്തിനു ഇറുക്കിപ്പിടിച്ചു ശ്വാസം മുട്ടിച്ചു കൊല്ലു

വാൻ ശ്രമിക്കുകയായിരുന്നു, അവന്റെ ദൃഷ്ടികൾ മേലേപ്പോളയിലേക്കു മറയുന്നുണ്ടായിരുന്നു. ഞാൻ പതുക്കെ പാതകന്റെ പുറകിൽ ചെന്നതും എന്റെ ഭൃത്യന്റെ കാൽ പൊങ്ങി അവൻ തറയിൽ വീണതും ആ ബ്രാഹ്മണന്റെ പിടിയിൽ നിന്നു ഒരു വെടിയുടെ ശബ്ദം കേട്ടതും അയാൾ മലന്നു വീണതും ഒരുമിച്ചു കഴിഞ്ഞു. ഞാൻ വാല്യക്കാരനെ പിടിച്ചു എഴുനേല്പിച്ചു. അവനും ഞാനും കൂടി അവന്റെ ദേഹം തടവി ശരിയാക്കി. അപ്പോഴേക്ക് അടുത്തുള്ള ക്ഷേത്രത്തിൽ നിന്നും ചൂട്ടുവെളിച്ചവും മററും കാണുകയും ആളുകൾ ഓടിവരുന്ന ശബ്ദം കേൾക്കുകയും ചെയ്തു. "നിർഭാഗ്യയായ ഞാൻ ഇവിടെ നില്ക്കട്ടെ. നീ വല്ലടിക്കിലും ഓടി ഒളിച്ചോ" എന്നു ഞാൻ അവനോടു പറഞ്ഞു. അവൻ ആദ്യം സമ്മതിച്ചില്ലെങ്കിലും ഒടുവിൽ എന്റെ നിർബ്ബന്ധം അനുസരിച്ചു പുറകിലത്തെ വാതിലിൽ കൂടി അടുത്തുള്ള വയലിൽ ഇറങ്ങി എവിടെയോ പോയി. ഞാൻ കേസ്സിലും പെട്ടു. ഇത്രയുമാണു പരമാർത്ഥം. മരിച്ചയാൾ മഹാ ദുഷ്ടനും മഹാപാപിയുമാണ്. അയാളുടെ കൈയിൽ നിന്നു തന്നെയാണ് അയാൾക്കു മരണം കിട്ടിയതു്. എന്റെ നാടും വീടും ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു ആദ്യം പ്രസ്താവിച്ച സംഗതികൾ വാസ്തവമാണോ എന്നു അവിടത്തേക്കു അന്വേഷിച്ചാൽ അറിയാവുന്നതാണ്. എനിക്കു നില്ക്കുവാൻ വഹിയാ. ഞാൻ അല്പം ഇരുന്നു കൊള്ളട്ടേ".

അന്നത്തെ വിസ്താരവും അവസാനിച്ചു. ഹീയറിങ്ങിനായി കേസ്സ് അവധിമാററി വയ്ക്കുകയും ചെയ്തു.

## III

വൃദ്ധൻ വീണ്ടും കരഞ്ഞുതുടങ്ങി. അടുത്തിരുന്ന ഗോപാലൻനായർ അദ്ദേഹത്തെ സമാശ്വസിപ്പിച്ചു.

"എല്ലാം കേട്ടു അമ്മാവാ! ഇനി ഒരു കാര്യമേ അറിയുവാനുള്ളു. ആളിനെക്കണ്ടാൽ അറിയുമോ?"

"അവനെ ഏതു നരകത്തിൽവച്ചു കണ്ടാലും അറിയും അനുജാ. ആ മഹാപാപി, അനു ബി. ഏ. യ്ക്കു പണം വേണമെന്നു പറഞ്ഞു അവിടെ വന്നിട്ടു ഞാൻ അവനെ വിശ്വസിച്ചു് അവധിക്കു മുഴുവൻ അവിടെ താമസിപ്പിച്ചു. ഒടുവിൽ എന്റെ കുഞ്ഞിന്റെ മാനവും ജീവനും നശിപ്പിച്ചു അവളുടെ ആഭരണങ്ങളും മോഷ്ടിച്ചുകൊണ്ടല്ലേ കടന്നതു്. മഹാ ഘാതകൻ! ഒക്കെ അവൻ കൊണ്ടുപോകട്ടെ. പതിനായിരം പോയെങ്കിൽ അതിൽ പത്തിരട്ടി ഉണ്ടാക്കിക്കൊടുക്കാൻ എനിക്കു കഴിയും. എന്നാൽ എന്റെ അനുജാ......" വൃദ്ധൻ ഗോപാലൻനായരുടെ ഭുജത്തിൽ ചാഞ്ഞു. "ആകട്ടെ അതൊക്കെ ഈശ്വരവിധിയല്ലേ? പിന്നീടിതുവരെ അമ്മാവൻ പോയിട്ടില്ലേ?"

"ഞാൻ മധുരയിൽ നിന്നും നേരിട്ടീദേശത്തേക്കു വന്നു. വഴിയിൽ കിടന്നു ചാവേണ്ടതായ എന്നെ ആരോ ഇവിടെ കൊണ്ടുവന്നാക്കി."

ഗോപാലൻനായർ വൃദ്ധനോടു കുറേക്കൂടെ അടുത്തിരുന്നു.

"എനിക്കു ബലമായ ഒരു സംശയം. എന്റെ കൈയിൽ ഒരു പടം ഉണ്ടു്. ഇതാ നോക്കണം."

വൃദ്ധൻ അതു വാങ്ങി മറവില്ലാതെ വെളിച്ചം വരുന്നതായ സ്ഥലത്തേക്കുമാറി. അങ്ങോട്ടുനോക്കി. അതിശാന്തനായ ആ മനുഷ്യൻ, ഭ്രാന്തനെപ്പോലെ ചാടിയെണീററു.

"പോക്കിരി. തെമ്മാടി. ഇവനെ—"

ഗോപാലൻനായർ അദ്ദേഹത്തെ പിടിച്ചിരുത്തുവാൻ ശ്രമിച്ചു. "ഇരിക്കണം, എനിക്കു ഈശ്വരാനുഗ്രഹംപോലെ തോന്നിയതാണു്. ആ നീചന്റെ കഷ്ടകാലമെന്നും വല്ലൂന്നം."

* * *

കറുത്തശരായും, കറുത്ത ഉടുപ്പും, കറുത്ത മുഖവും

അയാണു് അന്നു മാരാർ കോടതിയിലേക്കു വന്നിരിക്കുന്നതു്. അദ്ദേഹത്തെ കണ്ടവരെല്ലാം ഭീതരായിത്തീൎന്നു. വക്കീൽ ഗോപാലൻനായർ ഇതുവരെ വന്നില്ല. ഒടുവിൽ ജഡ്ജിമെൻറ് വായനയ്ക്കു് ആരംഭമായി. അപ്പോഴേക്കു ഗോപാലൻനായരും വൃദ്ധനുമായി കോടതിത്തിണ്ണയിൽ എത്തി. ആളുകൾ വഴിമാറിക്കൊടുക്കുന്നതിനിടയിൽ, ജനാലയിൽക്കൂടി ജഡ്ജിയെക്കണ്ട വൃദ്ധൻ അത്യത്ഭുതകരമായ ശരീരലാഘവത്തോടെ ഒററക്കുതിപ്പിനു ആ ന്യായാധിപൻെറ മുമ്പിൽ എത്തി. രണ്ടാമത്തെ കുതിപ്പിനു ജഡ്ജിയുടെ കണ്ഠതലം കൈയിൽ അമൎത്തി. മാരാർ പരിഭ്രമിച്ചു് എഴുന്നേററു. കോടതിയിൽ ഒരു ഭൂകമ്പമായി. ഈശ്വരചൈതന്യത്താൽ അമിതബലം സംഭരിച്ചിരുന്ന വൃദ്ധഹസ്തങ്ങൾ പിടിവിട്ടില്ല. ആ കിഴവൻ ഇങ്ങനെ പറഞ്ഞു:—“നിങ്ങൾ ആരും ഇളകേണ്ട. ഇവൻ മഹാപാപിയാണു്. എഫ്. ഏ. യ്ക്കു ജയിച്ചിട്ടു പഠിക്കുവാൻ പണമില്ലാതെ എൻെറ ധൎമ്മത്തിനായി ഇവൻ ഞാൻ താമസിക്കുന്ന സ്ഥലത്തു വന്നു. ഈ കള്ളബ്രട്ടുവായുടെ വിനയവും മററും കണ്ടു് ഞാൻ വേണ്ടതുപോലെ സഹായിക്കാമെന്നു പറഞ്ഞു. അതിനിടയ്ക്കു എൻെറ മകൾക്കു ഇവനിൽ വലിയ സ്നേഹവും ഉണ്ടായി. അവൾ ഒട്ടും മടിക്കുടാതെ അഭിലാഷത്തെ എന്നോടു പറഞ്ഞു. ഞാൻ ഇവനോടു ചോദിച്ചു ഇവൻ കൃതജ്ഞതാപൂൎവ്വത്തോടെ ആ ബന്ധം നൽകുന്നതിൽ എന്നെ അടിതൊഴുതു. പിന്നീടുണ്ടായതു പറയണ്ടാ. ഗൎഭിണിയായ അവളെ ഉപേക്ഷിച്ചിട്ടു ഇവൻ പതിനായിരം ഉറുപ്പികയുടെ പണ്ടങ്ങളും മോഷ്ടിച്ചു അടിക്കിൽനിന്നും കടന്നു. എൻെറ കുഞ്ഞു മരിച്ചുപോയി. അവൾക്കു ഇവനിലുണ്ടായ മകൾ......”

“അതുതന്നെ ഇന്നത്തെ പ്രതി” എന്നു ആ സംഘത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായി. വൃദ്ധൻ മോഹാലസ്യത്തോടെ നിലം പതിച്ചു.

വളരെക്കാലം കഴിഞ്ഞു. ഗോവിന്ദമാരാരെപ്പററി ഒരറിവും ഇല്ല. മിസ്സസ്സ് മാരാക്കു ഇന്നും ആ ഘാതകൻെറ പേർ കേട്ടേ കൂടാ.

---

## ആ പഴയശത്രു.

---

ഞാൻ ഈ നഗരത്തിൽ അപ്രസിദ്ധനായി കഴിയണമെന്നായിരുന്നു ആദ്യം വിചാരിച്ചിരുന്നതു്. ഇപ്പോഴും വലിയ പ്രസിദ്ധിയുണ്ടെന്നു പറയുന്നില്ല. അരുമനായകംപിള്ളയുടെ സംഗതിയാലാണു് ഇപ്പോൾ എന്നെ എല്ലാവരും അറിയുന്നതു്.

ഞാൻ മിസ്റ്റർ അരുമനായകംപിള്ളയെ പരിചയമായതു കടപ്പുറത്തുവച്ചാണു്. ദക്ഷിണഭാഗത്തിലെങ്ങും കീർത്തി പൊങ്ങിയ ഒരു ധനവാനായി അദ്ദേഹത്തെ ഞാൻ അതിനു മുമ്പു കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. ഞാൻ നിരുത്സാഹനായി കടപ്പുറമണലിൽക്കൂടെ നടക്കുമ്പോൾ എൻെറ ഏററവും അടുത്തു് ഈ മദ്ധ്യവയസ്ഥൻ ഇരിക്കുകയായിരുന്നു. മൂന്നാമതൊരാളിൻെറ സഹായംകൂടാതെ ഞങ്ങൾ തമ്മിൽ ഏതുവിധമാണു സംഭാഷണത്തിലേർപ്പെട്ടതെന്നെനിക്കോർമ്മയില്ല. അരമണിക്കൂർ നേരത്തെ സംഭാഷണത്തിനുശേഷം അദ്ദേഹം സ്വന്തം കഥ പറയുവാൻ തുടങ്ങി:—

“നിങ്ങൾ കുറേമുമ്പേ പറഞ്ഞതല്ലോ ഞാൻ പരമഭാഗ്യവാനാണെന്നു്. അതെന്തു മിഥ്യ. എന്നെപ്പോലെ അകംനീറി നിമിഷംപ്രതി നരകദർശനം ചെയ്യുന്നവർ വേറേയില്ല. ഇപ്പോൾ എനിക്കുണ്ടെന്നുപറയുന്ന ഈ സ്വത്തുക്കൾ എൻെറ സ്വന്ത പ്രയത്നംകൊണ്ടുണ്ടായിട്ടുള്ളതാണു്. ഞാനും നമശിവായവുംകൂടിയാണു് ബാല്യത്തിൽ നിന്നു മുതിന്നതു്.

ഞങ്ങൾ ഒരു കുഴിയിൽ ചാവാനിരുന്നവരായിരുന്നു. പക്ഷേ സ്വഭാവത്തിന്ന് ഒത്ത പൊരുത്തം കണ്ടില്ല. ഞങ്ങൾ രണ്ടാളും കൂടി ഒരു പങ്കുവ്യാപാരം തുടങ്ങി. പരമാൎത്ഥം പറയാമല്ലോ. അതിന്റെ പണം നമശിവായത്തിന്റെ കൈയിൽനിന്നായിരുന്നു. അവൻ എന്നെ സകലത്തും വിശ്വസിച്ചു. ഞാൻ— ഇതാ നിങ്ങളുടെ മുഖത്തുനോക്കിപ്പറയുന്നു— ഈ അണയാൻ പോകുന്ന ആദിത്യദേവൻ സാക്ഷി— ഞാൻ ഒരു അവിശ്വാസവും കാണിച്ചില്ല. എങ്ങിനെയോ ആ കച്ചവടം അങ്ങു നശിച്ചു. ഞങ്ങൾ പിച്ചക്കാരായി. എന്നിട്ട് നമശിവായം എന്നോട്ട് വല്ലതും പരുഷം പറഞ്ഞോ? ഛേ! സാധു, അവൻ എന്തുചെയ്തെന്നറിയാമോ? എന്റെ ആ പ്രിയ സഹോദരൻ നാട്ടു വിട്ടുകളഞ്ഞു. ഞാൻ എങ്ങിനെയോ പിടിച്ചുകയറി. ഈശ്വരൻ പ്രസാദിച്ചു. ഈ ചുരുങ്ങിയ കാലത്തിനിടയിൽ ഇത്ര അധികം പണം സമ്പാദിക്കുകയും ചെയ്തു. എന്നാൽ ഇത്രയും കാലത്തിനിടയ്ക്കു ഒരൊററ രാത്രിയെങ്കിലും അവനെ ഓൎമ്മിക്കാതെ ഞാൻ ഉറങ്ങാൻ ആരംഭിച്ചിട്ടില്ല. അങ്ങിനെയിരിക്കെ ഇന്നാളിൽ എനിക്കൊരു കത്തുകിട്ടി. അതു ഇതാ (അരമനനായകംപിള്ള കീശതപ്പി, ഒടുവിൽ കത്തു കാണാഞ്ഞിട്ട്) അത് വേറേവല്ല കോട്ടിലും ആയിരിക്കും. അതിന്റെ ചുരുക്കം ഞാൻ പറഞ്ഞേക്കാം. അവൻ കിടന്നു ബുദ്ധിമുട്ടുന്നു. വല്ലതും ധനസഹായം ചെയ്യുന്നമെന്നു രാമനാഥപുരത്തുനിന്നയച്ച കത്താണ്. എന്നാൽ പററിയ പററ് എങ്ങനെയെന്നോ? അതിൽ അവന്റെ മേൽവിലാസമില്ല. ഉണ്ടായിരുന്നെങ്കിൽ ഞാൻ എത്രായിരം രൂപാ വേണമെങ്കിലും അയച്ചുകൊടുക്കാമായിരുന്നു. ഉടനേതന്നെ ഞാൻ എന്റെ മധുരയിലെ ഏജൻറിന്നു വിവരമായ ഒരു കത്തയച്ചു. രാമനാഥപുരത്തുചെന്ന് നമശ്ശിവായത്തിനെപ്പററി അന്വേഷിക്കണമെന്നായിരുന്നു എന്റെ ഉത്തരവ്. കഴിഞ്ഞ വ്യാഴാഴ്ച എന്റെ ഏജൻറിന്റെ മറുപടി കിട്ടി. നമശിവായം പെട്ടെന്നു അപ്രത്യക്ഷ

നായെന്നായിരുന്നു അതിൽ വിചാരിച്ചിരുന്നതു. നിങ്ങൾ എന്തുപറയുന്നു?"

ഞാൻ:—"തുടരണം. ഇത്രയും കേട്ടതിൽനിന്നു എന്തു പറയുവാനാണു്? മുഴുവനാകട്ടെ കഥ."

അദ്ദേ:—"ച്ഛേ! നിങ്ങളോട്ട് ഇത്രയും പറഞ്ഞതുതന്നെ വിഡ്ഢിത്തം. നമശിവായം എങ്ങോട്ടുപോയെന്നു ഒന്നൂഹിക്കുവാൻതക്ക ശക്തിയില്ലാത്ത നിങ്ങൾ—"

ഞാൻ:—"എന്നാൽ ശേഷം പറയണ്ട. നമുക്ക പിരിയാം. വന്ദനം."

ഞാൻ എഴുന്നേററു. അരുമനായകംപിള്ള തുടന്നു. "എൻെറ ചീഫ്മാനേജർ വടിവേലുപ്പിള്ളയാണു്; മഹാ സമത്ഥൻ. എത്ര കണക്കിനു അയാൾ പറഞ്ഞു. നമശിവായം എൻെറ, പുറകേ ഉണ്ടെന്നാണു അത മിട്ടമിട്ടക്കാൻ പറഞ്ഞതു്. അതു കണക്കിനുപാറി. പിറേറദ്ദിവസം അതറിയുകയും ചെയ്തു."

ഞാൻ—"എല്ലാവരുടേയും ബുദ്ധി ഒരുപോലെ വികസിക്കുകയില്ലല്ലോ. പിന്നീടെന്തുണ്ടായി?"

അരുമ—"പിറേറദിവസം എനിക്ക തപാലിൽ ഒരു കത്തു് നമശിവായം എഴുതിയിരിക്കുന്നു. കാണുന്നമോ (അദ്ദേഹം കീശയിൽനിന്നു് ഒരു കത്തെടുത്തു എന്നേക്കാണിച്ചു.

മഹാപാതകാ,

നീ എൻെറ സവ്വസ്വവും മുടിച്ചു. എൻെറ അസ്ഥികൾ എടുത്തു നീ കൊട്ടാരംകെട്ടി. എന്നിട്ടു എനിക്ക ഒരു പൈസപോലും, താണുവീണപേക്ഷിച്ചിട്ടും, തന്നമില്ല. നിന്നെ ഞാൻ ഇതാ കൊല്ലുവാൻ തീച്ചയാക്കിയിരിക്കുന്നു. ഞാൻ നിൻെറകൂടെ എപ്പോഴും ഉണ്ടെന്നോത്തുകൊള്ളണം. എന്നെ മറച്ചു യാതൊരുകാൎയ്യവും ചെയ്യുവാൻ നിന്നെക്കൊണ്ടു സാധിക്കില്ല. ഊണിലും ഉറക്കത്തിലും എല്ലാം ഞാൻ

നിൻെറ പുറകേ ഉണ്ടു്. കരുതിക്കോ, എൻെറ റിവോൾവർ വേഗം ഒഴിയുന്നതാണു്.

നിൻെറ പരമശത്രു നമശിവായം.

"ഇതാണു സാർ കത്തു്. അന്നത്തേതിൽ പിന്നെ ദിവസവും ഈ മാതിരി ഓരോ കത്തു് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നു. അതതു ദിവസം ഞാൻ ഇവനിൽ നിന്നു രക്ഷപെടാൻ എന്തെല്ലാം ചെയ്തിട്ടുണ്ടോ, ആ കാര്യത്തേപ്പററി ആരോടെല്ലാം ആലോചിച്ചിട്ടുണ്ടോ, അതെല്ലാം പിറേറന്നു കിട്ടുന്ന കത്തിൽ കാണുക നിശ്ചയമാണു്—"

ഞാൻ:—"നിങ്ങളുടെ ചീഫ് മാനേജരുമായുള്ള സംഭാഷണമോ?"

അരുമ:—"ഈ കാര്യത്തെപ്പററി ആരോടെല്ലാം പറയുന്നു, അതൊക്കെ പിറേറദിവസത്തെ കത്തിൽ ഒരക്ഷരം വിടാതെ കാണാം."

ഞാൻ:—"ഇക്കാര്യം പോലീസിൽ അറിയിച്ചോ?"

അരുമ:—"ശിവ! ശിവ! സി. ഐ. ഡി. ക്കാർ ഇതാ ഇന്നും എന്നെ വട്ടമിട്ടു നോക്കുകയാണു്."

ഞാൻ:—"തപാലാഫീസ് മുദ്രയോ?"

അരുമ:—"ഞാൻ എവിടെയാണോ ആ സ്ഥലത്തെ മുദ്ര. അങ്ങിനെയല്ലാതെ വരുവാൻ തരമില്ലല്ലോ. ഞാൻ പോകുന്ന സ്ഥലത്തെല്ലാം അവനും കൂടിയുണ്ടു്. ആരും അറിയാതെ അർദ്ധരാത്രി കാറിൽക്കയറി. എൻെറ തിരുനൽവേലി ശാഖയിൽപ്പോയി, അന്നുരാത്രി അവിടെയുള്ള എൻെറ ആഫീസുമുറിയിൽ കിടന്നുറങ്ങി. പിറേറദിവസത്തെ കത്തുകളുടെ കൂട്ടത്തിൽ അവൻെറ പതിവെഴുത്തുണ്ടു്. അതിൽ എന്തു പറഞ്ഞിരിക്കുന്നു. ഞാനവനിൽനിന്നു രക്ഷപ്പെടാൻ അർദ്ധരാത്രിക്കു കാറിൽ തിരുനൽവേലിക്കു് ഓടിക്കളഞ്ഞതെന്തെന്നു് പരി

ഹാസ്യമായും എന്നാൽ ഭീഷണിപ്പെടുത്തിയും ചോദിച്ചിരിക്കുന്നു. സകല തപാൽമാസ്റ്റർമാരേയും ശട്ടംകെട്ടി. തപാൽപ്പെട്ടികളിൽ എഴുത്തുകൾ കൊണ്ടിടുന്നവരെ സൂക്ഷിച്ചു. നമ്മ ശ്ശിവായത്തിനെ കാണ്മാനില്ല. പട്ടണം മുഴുവൻ പോലീസു ചുററുന്നുണ്ടു്. അവനെ കാണുവാനില്ല. 'എന്നെ അങ്ങിനെയൊന്നും അന്വേഷിച്ചു ബുദ്ധിമുട്ടേണ്ട. ഞാൻ നിന്നെ വേഗം കൊല്ലും' എന്നാണു പിന്നുള്ള അറിയിപ്പു്."

ഞാൻ:—"ആകട്ടെ, നാളെ തമ്മിൽ കണ്ടുകൊള്ളാം വല്ലതും തുമ്പുകിട്ടുമോ എന്നു ഞാൻ നോക്കട്ടെ."

അരുമനായകംപിള്ളക്കു് എന്നോടെന്തോ അകാരണമായ ബഹുമാനം തോന്നി. "എൻെറ ജീവൻ രക്ഷിക്കണമേ" എന്നു പല ഉരു പ്രാർത്ഥിച്ചതിനു ശേഷമാണു് അദ്ദേഹം എന്നെ അനുയച്ചതു്.

ഞാൻ രണ്ടുമൂന്നു ദിവസം അരുമനായകത്തിൻെറ ദൃഷ്ടിയിൽപ്പെടാതെ ചീഫ് മാനേജരുടേയും മററുപല കീഴ്ജീവനക്കാരുടേയും അരുമനായകംപിള്ളയുടെ തന്നേയും വസതികളിൽ പതുങ്ങിനടന്നു. എൻെറ ശ്രമത്തിനു യാതൊരുഫലവും കിട്ടിയില്ല. ഒരു ദിവസം നേരേ അരുമനായകംപിള്ളയുടെ ബംഗളാവിൽ ച്ചെന്നു കയറി. എന്നേ കണ്ട ഉടൻ തന്നെ ക്ലാന്തവദനനായി ആ കുബേരൻ "സർ, നിങ്ങളെ ഞാൻ കണ്ടു സംസാരിച്ച ദിവസം നാം തമ്മിൽ എന്തെല്ലാം പറഞ്ഞെന്നു് വേണമെങ്കിൽ ഈ കത്തു നോക്കി മനസ്സിലാക്കാം." എന്നു പറഞ്ഞു. ഞാൻ അത്ഭുതാധീനനായി ആ കത്തു വാങ്ങി വായിച്ചു. അപ്പോഴേക്കു് സീ. ഐ. സി. ഇൻസ്പെക്ററർ വേണുഗോപാലനായിഡുവും വന്നെത്തി. ഞങ്ങൾ തമ്മിൽ ഇതിനേപ്പററി കുറേ അധികനേരം സംസാരിച്ചു. മിസ്ററർ അരുമനായകംപിള്ളയുടെ ചീഫ് മാനേജർ വടിവേലുപ്പിള്ളയേയായിരുന്നു ഇൻസ്പെക്ററക്കു സംശയം.

അദ്ദേഹം പറഞ്ഞതിലും അർത്ഥം ഇല്ലാതില്ല. നമശിവായം ഉടനേ കൊല്ലുവാൻ എത്തുമെന്നു മുന്നറിവു കൊടുത്തതു് ഈ ജീവനക്കാരനാണു്. അന്നന്നു നടക്കുന്ന സംഭവങ്ങൾ മിസ്റ്റർ അരുമനായകംപിള്ള മാനേജരോടു പറയുക പതിവുമാണു്. വേറേ ചില വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ നമശിവായംതന്നെയാണു് ഈ കലാപങ്ങൾ വരുത്തിക്കൂട്ടുന്നതെന്നായിരുന്നു.

അന്നുരാത്രി ഞാൻ അരുമനായകത്തിന്റെ ബംഗ്ലാവിൽ താമസിച്ചു. അദ്ദേഹം ഉറങ്ങുന്ന മുറിയിൽ എന്നേക്കൂടെ ശയിക്കുവാൻ അനുവദിക്കണമെന്നു് ഞാൻ അപേക്ഷിച്ചു. അദ്ദേഹം അതു് സമ്മതിച്ചു. കുബേരൻ രാത്രി പന്ത്രണ്ടരമണിയോടുകൂടി ഉറങ്ങി. വിളക്കു നിറുത്തി. ഞാൻ ഉറങ്ങാതെ കിടന്നു. രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ, ആ മുറിയിൽ ഒരു പ്രകാശംകണ്ടു നോക്കി. അരുമനായകം തന്റെ വൈദ്യുതദീപം തെളിക്കുകയാണു്. ഞാൻ ശ്വാസം അടക്കിക്കിടന്നു. അദ്ദേഹം തന്റെ എഴുത്തുമേശയുടെ അടുത്തു ചെന്നു് ലറററ് പേപ്പർ എടുത്തു് ഒരു കത്തെഴുതുന്നു. ഞാൻ നോക്കിക്കൊണ്ടു കിടന്നു. ലക്കോട്ടിലിട്ടു ഭദ്രമാക്കി വിദ്വാൻ നേരേ മുറിയിൽ നിന്നിറങ്ങി. ഞാൻ ശബ്ദം കേൾപ്പിക്കാതെ പുറകേ ചെന്നു. ആ വ്യാപാരശാലയിലേക്കായി നിക്ഷേപിച്ചിട്ടുള്ള തപാൽക്കുററിയിൽ അരുമനായകം എഴുത്തുകൊണ്ടു തള്ളി. നേരേവന്നു കിടന്നു് നിശ്ചലനാവുകയും ചെയ്തു.

ഞാൻ പിറേറദ്ദിവസം തപാൽക്കുററി തുറപ്പിച്ചു് അദ്ദേഹത്തിന്റെ മേൽവിലാസത്തിലുള്ള കത്തെടുത്തു. അന്നു വൈകുന്നേരം എനിക്കാൾവന്നു. അന്നത്തേ തപാലിൽ കത്തു കിട്ടിയില്ല എന്നു്, ഞാൻ അവിടെ ചെന്നപ്പോൾ സസന്തോഷം അരുമനായകംപിള്ള ഉൽഘോഷിച്ചു. പിറേറദ്ദിവസവും കിട്ടുകയില്ല എന്നു ഞാൻ ദീർഘദർശനം ചെയ്തു. അന്നും ഞാൻ തപാൽപ്പെട്ടിയിൽ നിന്നു കത്തെടുത്തുമാററി.

പിന്നീടൊരിക്കലും നമശിവായത്തിന്റെ കത്തു് അരുമനായകംപിള്ളയ്ക്കു കിട്ടിയില്ല.

സ്വപ്നാടനം എന്ന രോഗത്തിന്റെ കളിയായിരുന്നു ഇതു്. നമശിവായം കാണാതെ പോയെന്നറിഞ്ഞപ്പോൾ അരുമനായകത്തിനു വല്ലായ്മയായി. താൻ ആ അത്യന്തമിത്രത്തോടേതോ അപരാധം പ്രവൎത്തിച്ചിട്ടുണ്ടെന്നു് അന്തൎല്ലീനമായ ഒരു താപം അദ്ദേഹത്തെ, അദ്ദേഹം അറിയാതെ, വിവശനാക്കിയിരുന്നു. ചീഫ്മാനേജരുടെ അഭിപ്രായം ശങ്കകളെ സ്ഥിരപ്പെടുത്തി. അതിന്റെ ഫലമായുണ്ടായ വികാരവിഭ്രമത്തിൽ സംഭവിച്ച സ്വപ്നകൃത്യങ്ങളാണു് ഈ കുഴപ്പങ്ങൾ എല്ലാം ഉണ്ടാക്കിയതു്. കാൎയ്യം എല്ലാം അറിയുകയും ഊട്ടിയിൽ രണ്ടുമാസം താമസിക്കുകയും ചെയ്തതോടുകൂടി ഈ രോഗം ആ കുബേരനെ വിട്ടൊഴിഞ്ഞു. എനിക്കു് ഈ നഗരത്തിൽ അനല്പമായ പ്രസിദ്ധിയുമുണ്ടായി.

Мь

B 99

17 DEC 1942